
# വളപട്ടണം പെരുമ



പ്രസാധനം
SYS വളപട്ടണം യൂണിറ്റ്

Design
your dream



UKKASH
CURTAINS


Al-Akhsa Complex, Puthiyatheru, P.O.Chirakkal, KANNUR-11


E-mail: ukkashcurtains@gmail.com
Ph: (Off) 0497 2774398


PLEATED CURTAINS | EYELET CURTAINS | LOOP CURTAINS | EXTERIOR BAMBOO
WOVEN BLEND | WOODEN VENE | BLIND | VERTICAL BLIND | ROMAN BLIND
ROLLER BLIND | CELLULAR SHADES | PVC BLIND

വളപട്ടണത്തെ പ്രഥമ മുസ്‌ലിം കേന്ദ്രമായ
കുന്നത്ത്പള്ളിയിലും, കക്കുളങ്കര മഖാം പരിസരങ്ങളിലും മറ്റും
അന്ത്യവിശ്രമംകൊള്ളുന്ന തേജസ്വികളായ
സൂഫി ഗുരുക്കളുടെ
ദീപ്ത സ്മരണകൾക്ക് മുന്നിൽ...!!









കേരളത്തിലെ മുസ്‌ലിം ചരിത്രത്തിൽ പ്രധാന ഇടമുള്ള പ്രദേശമാണ് കണ്ണൂർ ജില്ലയിലെ വളപട്ടണം. 1520കളിൽ വളപട്ടണത്ത് എത്തിയ·അറബ് വംശജനായ സയ്യിദ് അഹ്മദ് ജലാലുദ്ദീൻ ബുഖാരി തങ്ങളെപ്പോലുള്ളവരാണ് വളപട്ടണത്തിന്റെ ആത്മീയതയെയും മത സൗഹൃദ പാരമ്പര്യത്തെയും സമ്പന്നമാക്കിയത്. ഇന്നും ഇസ്ലാമിക സംസ്കാരത്തിന്റെ ഈടുറ്റ ശേഷിപ്പുകൾ വളപട്ടണത്തിന്റെ മുക്കിലും മൂലയിലും കാണാം. അനേകം പൗരാണിക പള്ളികളുടെ നാട് കൂടിയാണ് ഈ സ്ഥലം. ഇവിടുത്തെ ചരിത്രം ആഴത്തിൽ അന്വേഷിച്ചു കണ്ടെത്തി അവ രേഖപ്പെടുത്തി വെക്കാനുള്ള ശ്രമം എന്തുകൊണ്ടും പ്രശംസനീയമാണ്. ചരിത്രത്തിൽ നിന്നാണ് വർത്തമാന തലമുറയും ഭാവി സമൂഹവും പാഠം ഉൾക്കൊള്ളുക. അതിനാൽ വളപട്ടണത്തിന്റെ ചരിത്രം ഒരു പുസ്തക രൂപത്തിൽ രേഖപ്പെടുത്തി പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള ഈ ഉദ്യമത്തിന് എല്ലാവിധ നന്മകളും നേരുന്നു. അല്ലാഹു ശ്രേഷ്ഠകരമായ ഒരു കർമമായി ഇത് സ്വീകരിക്കട്ടെ.

**കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ**
ജനറൽസെക്രട്ടറി, അഖിലേന്ത്യ ജംഇയത്തുൽ ഉലമ



## ഗുരുസ്മരണ

മായാത്ത ഓർമ്മകൾക്ക്
മുന്നിൽ



ആശിർവാദങ്ങൾ



ഖാസി സയ്യിദ്
ജലാലുദ്ദീൻ തങ്ങൾ



കെ.പി അബുബക്കർ
മുസ്‌ലിയാർ പട്ടുവം
സംസ്ഥാന വൈസ് പ്രസിഡണ്ട്
കേരള മുസ് ലിം ജമാഅത്ത്



സയ്യിദ് മശ്ഹൂർ
ഉമ്പിച്ചി തങ്ങൾ സാനി



സയ്യിദ് ഹാമിദ്
കോയമ്മ തങ്ങൾ
പ്രസിഡണ്ട്, കേരള മുസ് ലിം
ജമാഅത്ത്, കണ്ണൂർ ജില്ല



അബ്ദുൾ റശീദ്
നരിക്കോട്
ജനറൽ സെക്രട്ടറി
SSF കേരള



സയ്യിദ്
സഅദുദ്ദീൻ തങ്ങൾ
പ്രസിഡണ്ട്, കേരള മുസ് ലിം
ജമാഅത്ത്, വളപട്ടണം



സയ്യിദ് മുഹമ്മദ്
ശാഫി ബാഅലവി



ആർ.പി. ഹുസൈൻ
മാസ്റ്റർ
ജനറൽ സെക്രട്ടറി SYS
കണ്ണൂർ ജില്ല



ഉസ്താദുനാ
മുഹമ്മദുൽ ബാഖവി
മുദരിസ് വളപട്ടണം
ജുമാ മസ്ജിദ്




സയ്യിദ് മശ്ഹൂർ
ശിഹാബ് തങ്ങൾ



സിദ്ദീഖ് സഖാഫി
വായാട്
പ്രസിഡണ്ട് SSF കണ്ണൂർ ജില്ല

# അകത്ത്.......



16 **സഞ്ചാരികൾ വർണിച്ച വളപട്ടണം**

"പ്രാചീന കാലഘട്ടത്തിൽ കേരളത്തിലേക്കുള്ള അറബികളുടെ സഞ്ചാരം വെറും വ്യാവസായ താൽപര്യത്തിൽ മാത്രം അധിഷ്ഠിതമായിരുന്നില്ല. അവർ ഇവിടുത്തെ ഭൂമിശാസ്ത്രവും സാംസ്കാരികവും സാമൂഹികവുമായ പരിസ്ഥിതികളെയും രേഖപ്പെടുത്തിവെക്കുന്നതിൽ അതീവ തൽപരരായിരുന്നു.



32 **കുന്നത്ത്പള്ളി: വളപട്ടണത്തെ പ്രഥമ മുസ്‌ലിം കേന്ദ്രം**

വളപട്ടണത്തെ ആദ്യ ഖാസിയായി ഖാസി മുഹമ്മദ് (റ) സ്ഥാനമേറ്റു. 21-ാം ഖാസിയായ ഖാസി സീതി ഇബ്രാഹിം (റ) ന്റെ കാലത്ത് റഷ്യയിൽ നിന്ന് സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ (റ) വളപട്ടണത്ത് വരുന്നത് വരെ ഇവിടെ ഖാസിമാരായി ഉണ്ടായിരുന്നത് ഈ സിദ്ധീഖി പരമ്പരയാണ്.



71 **ഉറൂസുകൾ സൃഷ്ടിച്ച നവോത്ഥാന മുന്നേറ്റങ്ങൾ**

നേർച്ചകളും ഉറൂസുകളും സാമ്രാജ്യത്തിനെതിരെ പൊതുബോധം ഉണർത്താനും സംഘടിക്കാനും അങ്ങേയറ്റം പ്രചോദനം നൽകിയിട്ടുണ്ടെന്നതിന് സയ്യിദ് ഫസൽ തങ്ങളെ നാടുകടത്താൻ ഉന്നയിച്ച ബ്രിട്ടീഷ് ചാർജ്ഷീറ്റ് തന്നെ തെളിവാണ്. "പോരാളികൾക്ക് ധൈര്യം പകരുന്ന ഏലസ് (ഉറുക്ക്) നൽകി" എന്നതാണ് പരാമർശം. മലബാർ കലക്ടർ വില്യം ലോഗൻ വൈസ്രോയിക്കയച്ച കത്തിൽ ഇത് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.



112 **വളപട്ടണത്തെ സുന്നിപ്രസ്ഥാന ചലനങ്ങൾ നാൾവഴികൾ**

നിരവധി സംഘടനാ സർക്കുലർ പദ്ധതികൾക്ക് പുറമെ വളപട്ടണത്ത് ധാർമികാന്തരീക്ഷം നിലനിർത്താനും ജനങ്ങളെ മതബോധമുള്ളവരായി വളർത്താനും ഉതകുന്ന നിരവധി ആത്മീയ-ഭൗതിക-ജീവകാരുണ്യ പദ്ധതികൾ സുന്നി പ്രസ്ഥാനം കൃത്യമായി നടത്തിപ്പോരുന്നുണ്ട്.


5 വളപട്ടണം ഒറ്റനോട്ടത്തിൽ
7 സ്ഥലനാമ ചരിത്രത്തിലെ മഹിതമായ പൈതൃകം
10 വളപട്ടണം പുഴ
11 വളപട്ടണം കോട്ട: സാംസ്കാരിക പെരുമയുടെ ശക്തിദുർഗം
14 ടിപ്പുവും വളപട്ടണം കോട്ടയും
19 ഇബ്നു ബത്തൂത്തയുടെ വളപട്ടണം
25 മുസ്‌ലിം സമൂഹം: ഉൽഭവം വികാസം
31 പള്ളികളും ജന്മവും
38 കക്കുളങ്കരപ്പള്ളി: അദ്ധ്യാത്മികതയുടെ സംഗമഭൂമിക
43 വളപട്ടണത്തെ ശിലാരേഖകൾ
44 പാണക്കാട്ടെ പരമ്പര
46 പുരാതന അറബികാവ്യം
48 പൊക്കിലകത്ത് പള്ളി & മറ്റുപള്ളികൾ
63 തെക്യാവുകൾ & മറ്റു മഖ്ബറകൾ
74 മതസാഹോദര്യത്തിന്റെ ഉദാത്തമാതൃക
77 സഹജീവി സ്നേഹത്തിന്റെ മായാത്തമുദ്രകൾ
79 വളപട്ടണത്തെ വിദ്യാഭ്യാസ ചരിത്രത്തിനൊരാമുഖം
84 വളപട്ടണവും ദേശീയ പ്രസ്ഥാനങ്ങളും
88 മഹത്തായ മശ്ഹൂർ പാരമ്പര്യം
92 വളപട്ടണത്ത് ജനിച്ച മഹാന്മാർ
109 കേരള മുസ്‌ലിം പൈതൃകത്തിന്റെ നേർഅവകാശികൾ






ചീഫ് എഡിറ്റർ
കെ.സി.കെ. നൂറാനി

മെമ്പേഴ്സ്
ഫഹദ് എം
ഐ പി ജലാലുദ്ദീൻ
കെ സി കെ അബ്ദുറഹ് മാൻ
സഫ് വാൻ കെ പി
മുഹമ്മദ് റംശീദ് കെ
സനീർ കെ പി
മുഹമ്മദലി പി വി
(ചരിത്ര സഹായം)

ഫോട്ടോ
അബു മീയാൻ നൂറാനി

ലേഔട്ട് & പ്രിന്റിഗ്
മലബാർ ഗ്രാഫിക്സ്
കണ്ണൂർ 7560 998880

പ്രസാധനം
SYS വളപട്ടണം യൂണിറ്റ്
സുന്നിസെന്റർ വളപട്ടണം
670010



# മുഖമൊഴി

ഇന്നലെകളിലെ ഓർമകളിൽ ദീപ്തമായ നിരവധി ചരിത്രസ്മരണകൾ കൊണ്ട് ധന്യമാണ് വളപട്ടണം പൈതൃകഭൂമിക. നാടുവാഴികളുടെ ഉത്ഥാന - പതനങ്ങൾക്കും മലബാർ തീരമണിഞ്ഞ അദ്ധ്യാത്മിക സൂഫി ഗുരുക്കളുടെ സമൃതി പഥങ്ങൾക്കും ലോക സഞ്ചാരികളുടെ ദേശാടന പര്യടനങ്ങൾക്കും സാക്ഷിയാണ് ഈ മണ്ണ്. വൈദേശിക - സാമ്രാജ്യത്വ ശക്തികൾക്കെതിരെ വിപ്ലവം തീർത്ത സമരവീര്യമുണ്ടിവിടെ. പ്രാദേശികതയുടെ അതിർവരമ്പുകൾ കടന്ന വ്യാപാരവണിക്കുകളുടെ നഗരവൽക്കരണം ഈ നാടിനെ സമ്പുഷ്ടമാക്കിയിട്ടുണ്ട്. ദേശാഭിമാനം ഉയർത്തിപ്പിടിച്ച സ്വാതന്ത്ര്യ സമരനിരകളും അതിന്റെ പരിണിതികളും നിരവധിയാണ്. അതിനാൽ വളപട്ടണം ദേശത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ദേശീയ, അന്തർദേശീയ പരിവേശം ലഭിച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്ന ശിലാരേഖകളും, പ്രാചീന അറബി കാവ്യവും, ചരിത്ര സ്മാരകങ്ങളും അദ്ധ്യാത്മിക പാദമുദ്രകളും ഇവിടുത്തെ മത-സാമൂഹ്യ സാംസ്കാരിക രംഗത്തെ പാരമ്പര്യ തനിമയുടെ ഉദാത്ത മാതൃകകളാണ്. ഒപ്പം ദേശം സഞ്ചരിച്ച പരിണാമങ്ങളും പരിണിതികളും ഏറെയാണ്.

വളപട്ടണത്തിന്റെ ചരിത്രം അങ്ങിങ്ങ് ഒറ്റപ്പെട്ട് കിടക്കുകയും ചരിത്രസ്മൃതികൾ അരണ്ടവെളിച്ചത്തിൽ ഉറങ്ങിക്കിടക്കുകയും വരും തലമുറക്ക് ചരിത്രാവബോധം അന്യം നിന്ന് പോകുകയും ചെയ്തേക്കാവുന്ന ഘട്ടത്തിലാണ് 2008ൽ SYS വളപട്ടണം മഹല്ല് സമ്മേളനത്തോടനുബന്ധിച്ച് നാടിന്റെ സമ്പൂർണ ചരിത്രം ഉൾക്കൊള്ളിച്ച് 'സംസ്കൃതി' പുറത്തിറക്കുന്നത്. അതിന് ശേഷം വളപട്ടണം ദേശ ചരിത്രരചനാ രംഗത്ത് ചില ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും വിഭവ സമൃദ്ധിയുടെ കുറവും അവലംബങ്ങളുടെ അഭാവവും അവയുടെ ശോഭ കുറച്ചിട്ടുണ്ട്. കേരളത്തിലെ മിക്കചരിത്രകാരന്മാർക്കും 'സംസ്കൃതി'യുടെ കോപ്പികൾ അയച്ചുകൊടുത്തിരുന്നു.

വർഷങ്ങൾ നീണ്ട ചരിത്രപഠന-ഗവേഷണങ്ങളാണ് വളപട്ടണം പെരുമയുടെ ഉള്ളടക്കം. മത-സാമൂഹ്യ-രാഷ്ട്രീയ-വ്യാപാര-വിദ്യാഭ്യാസ-സാംസ്കാരിക പരിസരങ്ങളിലെ വളപട്ടണം പെരുമയുടെ മഹിമ അനുവാചക വൃന്ദത്തെ ചരിത്രാവബോധമുള്ളവരാക്കുമെന്ന് തീർച്ചയാണ്. ഇനിയും എഴുതപ്പെടാത്ത ചരിത്ര സാക്ഷ്യങ്ങളെ കുറിച്ചുള്ള ചർച്ചകൾക്കും ആരോഗ്യകരമായ സംവാദങ്ങൾക്കും ഇതൊരു കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈയൊരു അക്ഷരസാക്ഷ്യം ഇവിടെ സാഫല്യമാകുമ്പോഴും മലബാർ മുസ്ലീം പൈതൃക ചരിത്രത്തിൽ വളപട്ടണം നൽകിയ സംഭാവനകൾ ഇനിയുമേറെയുണ്ടെന്ന തിരിച്ചറിവാണ് ചരിത്രത്തോട് കൂട്ട്കൂടിയ ദിനങ്ങൾ ഞങ്ങളെ ബോധ്യപ്പെടുത്തിയത്.

ഒരുപാട് പേരുടെ നിസ്സീമമായ സഹായസഹകരണത്തിന്റെ ഫലമാണ് ഈ കൃതി. സമ്പൂർണ്ണമെന്ന അവകാശവാദമില്ല. തെറ്റുകൾ ഉണ്ടാവാം. എങ്കിലും കഴിവിന്റെ പരമാവധി ചരിത്രത്തോട് നീതി പുലർത്താൻ ശ്രമിച്ചിട്ടുണ്ട്. ഈയൊരു ഉപഹാരത്തോട് അനുവാചകരുടെ പ്രതികരണമാണ് നമുക്ക് ഊർജം നൽകുക. സഹൃദയരുടെ സർവ പ്രതികരണവും ആശിർവാദവും പ്രതീക്ഷിച്ചുകൊണ്ട്.

ചീഫ് എഡിറ്റർ
**കെ.സി.കെ. നൂറാനി**

# വളപട്ടണം ഒറ്റനോട്ടത്തിൽ

**ആരുഢം**

കണ്ണൂർ നഗരത്തിൽ നിന്ന് 8 കിലോമീറ്റർ വടക്ക് മാറി പുഴയോരത്ത് സ്ഥിതി ചെയ്യുന്ന വളപട്ടണം, വിസ്തൃതിയിൽ കേരളത്തിൽ ഏറ്റവും ചെറിയ പഞ്ചായത്താണ്. ഏറ്റവും ഒടുവിലായി സർക്കാർ നടത്തിയ ഗ്രഡേഷൻ അനുസരിച്ച് വളപട്ടണം ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്ത് കൂടിയാണ്.

**കാലാവസ്ഥ**

കണ്ണൂർ ജില്ലയിലെ സമീപ പ്രദേശങ്ങളിലെ പോലെ മഴക്കാലത്ത് ശക്തമായ കാലവർഷവും വേനൽക്കാലത്ത് ശക്തമായ വരൾച്ചയും അനുഭവപ്പെടുന്നു. വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥാ പ്രദേശമാണിവിടം.

**വിസ്തീർണ്ണം**

2.04 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് പ്രദേശം 492.40 ഏക്കറിൽ ഒതുങ്ങി നിൽക്കുന്നു. 172.79 ഏക്കർ വിസ്തൃതിയുള്ള പുറംമ്പോക്ക് ഭൂമി കഴിച്ചാൽ ബാക്കി പ്രദേശം 1451 പേരുടെ ഉടമസ്ഥതയിലായി വിഭജിച്ച് കിടക്കുന്നു. ആദ്യം എട്ടും പിന്നീട് പത്തും ഇപ്പോൾ പതിമൂന്നും വാർഡുകൾ ഉൾക്കൊള്ളുന്നതാണ് പഞ്ചായത്ത്.

**ഗ്രാമാതിർത്തി**

വളപട്ടണത്തിന്റെ വടക്ക് ഭാഗത്ത് പടിഞ്ഞാറോട്ട് ഒഴുകി അറബി കടലിൽ ചെന്ന് പതിക്കുന്ന വളപട്ടണം പുഴയും കിഴക്ക്, തെക്ക്, പടിഞ്ഞാറ് ഭാഗങ്ങൾ ചിറക്കൽ, അഴീക്കോട് പഞ്ചായത്തുകളും ഈ പ്രദേശത്തിന് അതിരിടുന്നു. വടക്ക് കിഴക്ക് വളപട്ടണം പുഴയോട് ചേർന്ന പ്രദേശം കൈപ്പാട് പ്രദേശമാണ്. ഇതിന്റെ ഓരം ചേർന്ന് ഇടതൂർന്ന് വളരുന്ന കണ്ടൽക്കാടുകൾ, അവിടെ ചേക്കേറുന്ന പക്ഷികൾ, ഇവയെ താലോലിച്ച് പുഴയിൽ നിന്ന് വീശുന്ന ഇളം കാറ്റ് തുടങ്ങിയവ ഈ പ്രദേശത്തിന്റെ മനോഹാരിതക്ക് മാറ്റ് കൂട്ടുന്നു.

**ഭൂവിഭാഗം**

വളപട്ടണം പുഴയോട് ചേർന്ന കൈപ്പാട് പ്രദേശം, പശിമരാശി കലർന്ന മണൽ തരികളുള്ള കീരിയാട് പ്രദേശം, കോട്ടപ്പടി കുന്നിൻ ചെരിവ് ഉൾപ്പെടെയുള്ള കരിയിൽ താഴ്വര, കോട്ടപ്പടിക്കുന്ന് എന്ന പേരിലുള്ള ഉയർന്ന പ്രദേശം

പാർപ്പിട സൗകര്യം തേടിയുള്ള കുടിയൊഴിഞ്ഞ് പോകൽ, മെച്ചപ്പെട്ട സൗകര്യം തേടി പുറമേക്കുള്ള കുടിയേറ്റം ഇവയാണ് ജനസംഖ്യ കുറയാനുള്ള പ്രധാന കാരണം

(സമുദ്രത്തിൽ നിന്ന് 60 മീറ്റർ) മാങ്കിയിൽ എന്നപേരിലുള്ള സമതല പ്രദേശം, കളരിവാതുക്കൽ ക്ഷേത്രത്തോട് ചേർന്ന ഉയർന്ന പ്രദേശം (സമുദ്രത്തിൽ നിന്ന് 20 മീറ്റർ) മന്നക്കുന്ന് എന്ന പേരിലുള്ള ഉയർന്ന പ്രദേശത്തിന്റെ ഒരു ഭാഗം (സമുദ്രത്തിൽ നിന്ന് 20 മീറ്റർ) മായിച്ചാങ്കുന്ന് (സമുദ്രത്തിൽ നിന്ന് 40 മീറ്റർ) അതിന്റെ താഴ്വാരമായ പാലോട്ട് വയൽ പ്രദേശം, പള്ളിക്കുന്നുമ്പ്രം കുന്നിന്റെ കിഴക്കെ ചെരിവും (സമുദ്രത്തിൽ നിന്ന് 30 മീറ്റർ) വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സ് ഉൾപ്പെടെയുള്ള വ്യവസായ കേന്ദ്രങ്ങൾ, മുറുക്കണ്ടിക്കൽ, തങ്ങൾ വയൽ എന്നീ പാർപ്പിട പ്രദേശമായി മാറിയ വയൽ പ്രദേശം എന്നിവയാണ് വളപട്ടണത്തിന്റെ പ്രധാന ഭൂവിഭാഗങ്ങൾ.

**ജനസംഖ്യ**


2001-ലെ സെൻസസ് പ്രകാരം പഞ്ചായത്തിന്റെ മൊത്തം ജന സംഖ്യ 8920 ആണ്. ഇതിൽ 4340 പുരുഷന്മാരും 4580 സ്ത്രീകളുമാണ് 1354 കുട്ടികളും 1404 വീടുകളുമുണ്ട്. (പുതിയ അനൗദ്യോഗിക കണക്ക് പ്രകാരം എട്ടായിരത്തി മുന്നൂറ്റി ചില്ലറ ജനങ്ങൾ മാത്രമെ പഞ്ചായത്തിലുള്ളൂ. പാർപ്പിട സൗകര്യം തേടിയുള്ള കുടിയൊഴിഞ്ഞ് പോകൽ, മെച്ചപ്പെട്ട സൗകര്യം തേടി പുറമേക്കുള്ള കുടിയേറ്റം ഇവയാണ് ജനസംഖ്യ കുറയാനുള്ള പ്രധാന കാരണം) ഇവിടെ രണ്ട് കാര്യങ്ങൾ പ്രധാനമായും ശ്രദ്ധിക്കപ്പെടുന്നു.

1. സംസ്ഥാനം, ജില്ല, സമീപത്തുള്ള ഇതര പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണത്തിലുള്ള കുറവ് (2) കേരളത്തിൽ സ്ത്രീ പുരുഷ അനുപാതം 1000 പുരുഷന് 1036 സ്ത്രീകളെന്നാണ്. എന്നാൽ ഇതിനപവാദമാണ് ഈ പഞ്ചായത്ത്. കേരള സംസ്ഥാനത്ത് 52% സ്ത്രീകളായിരിക്കുമ്പോൾ ഇവിടെ 48.5% മാത്രമാണ് സ്ത്രീകൾ. 3.5% കുറവ്. ഈ അന്തരം കേരളത്തിലോ കണ്ണൂർ ജില്ലയുടെ ഇതര ഭാഗങ്ങളിലോ കാണപ്പെടുന്നില്ല. വ്യാപകമായ തോതിൽ കുടുംബാസൂത്രണമോ ഗർഭഛിദ്രമോ നടക്കാതിരുന്നിട്ട് പോലും മേൽ പ്രതിപാദിച്ച പ്രതിഭാസം പഠനാർഹമാണ്.

**മതവിശ്വാസം**

ജനസംഖ്യയിൽ 85% മുസ്ലിം മതസ്ഥരും അവശേഷിക്കുന്ന ജനങ്ങളിൽ ഭൂരിഭാഗം ഹിന്ദു മത വിശ്വാസികളുമാണ്. ഇതിൽ വലിയൊരു വിഭാഗം കളരിവാതുക്കൽ ക്ഷേത്രവുമായി ബന്ധപ്പെട്ട 'പിടാറർ' എന്ന വിഭാഗത്തിൽ പെടുന്നവരാണ്. ക്രിസ്ത്യാനികളോ മറ്റ് മതസ്ഥരോ ഇല്ല.

**അവലംബം:**
വളപട്ടണം പഞ്ചായത്ത് സമഗ്ര വികസനരേഖ-1996





# സമ്പന്നമ ചരിത്രത്തിലെ മഹിതമായ പൈതൃകം

ധാരാളം വിദേശീയർ സന്ദർശിച്ചിരുന്ന പട്ടണം എന്ന ബഹുമതി വളപട്ടണത്തിനുണ്ടായിരുന്നത്കൊണ്ട് തന്നെ ഈ നാടിന് പേരിൽ രൂപഭേദങ്ങൾ പലതുമുണ്ടായി. അറബികളുടെ ആഗമനത്തോടെ അറബി ഗ്രന്ഥങ്ങളിൽ 'ബലാഫത്തൻ' എന്നും തുഹ്ഫത്തുൽ മുജാഹിദീനിൽ 'ബതഖത്തൻ' എന്നും ഇബ്നു ബത്തൂത്തയുടെ സഞ്ചാര കഥയിൽ 'ബദ്ഫത്തൻ' എന്നും കാണാം. ദൈവ സാമീപ്യം നേടിയ മുസ്ലിം മിഷനറിമാരുടെ പ്രവാഹത്തോടെ ആത്മീയ നഗരമായി മാറിയ ഇവിടം ഔലിയാഫത്തൻ (വലിയ്യ് പട്ടണം) എന്ന പേരിലും അറിയപ്പെട്ടു.

വാളിന്റെ ശക്തി അധികാരം നിർണ്ണയിച്ചിരുന്ന കാലത്ത് 'വാളോർ പട്ടണ'മെന്നും അധികാരം വാഴുന്നവരുടെ കാലത്ത് 'വാഴുന്നോർ പട്ടണ'മെന്നും ഇതറിയപ്പെട്ടിരുന്നു. നെയ്നിറയാറിൻകര, നെയ്യാറ്റിൻകരയങ്ങാടി എന്നീ മലയാള പേരുകൾക്ക് പുറമെ വളഭപത്തനം, വളവേർ പട്ടണം, വളുവർ പട്ടണം, വാളോർ പട്ടണം, വല്ലഭപത്തനം, ബാലയാർ പട്ടണം, വളപ പട്ടണം എന്നിങ്ങനെയും, സംസ്കൃതത്തിൽ ബലദേവ പട്ടണം, ഘൃതതടിനിപുരം, വൃദ്ധിപുരം (അഭിവൃദ്ധിയുടെ നാട്) എന്നും നാടൻ ഭാഷയിൽ വളോടം, വളോടത്തങ്ങാടി എന്നുമൊക്കെ വളപട്ടണത്തെ വിളിച്ചുപോന്നിട്ടുണ്ട്.

ക്രിസ്താബ്ദം 5-ാം ശതകത്തിൽ തന്നെ വളപട്ടണം ഉത്തരേന്ത്യയിലും അറിയപ്പെട്ടിരുന്നു എന്നതിലേക്ക് വെളിച്ചം വീശുന്ന പ്രബലമായ തെളിവുണ്ട്. വരാഹമിഹിരാചാര്യൻ (ക്രി. 500) വിശ്വോത്തര ജ്യോതിഷ ഗ്രന്ഥമായ ബൃഹത് സംഹിതയിൽ കേരളത്തിലെ രണ്ട് നഗരങ്ങളെ അവ ഭൂരേഖകളെ കൃത്യമായി കാണിക്കുന്ന അടയാളമായി സ്വീകരിക്കാമെന്ന നിലക്ക് നിർദ്ദേശിച്ച് കാണുന്നു. 'മരീചിപത്തന'വും 'ബലദേവപത്തന'വുമാണ് ആ നഗരങ്ങൾ. ഇതിൽ മരീചി പത്തനം യവനന്മാർ (ഗ്രീക്കുകാർ) മുച്ചിരി, മുസ്രിസ് എന്നൊക്കെ വിളിച്ചിരുന്ന തിരുവഞ്ചിക്കുളത്തെ കടലെടുത്തുപോയ പട്ടണഭാഗവും, ബലദേവ പത്തനം വളപട്ടണവുമാണ് എന്നതത്രെ പണ്ഡിതന്മാർ ഐക്യകണ്ഠേന അംഗീകരിച്ചിട്ടുള്ളത്. ഈ ബലദേവ പത്തനമാണ് ബാലയാർ പട്ടണമെന്ന മലയാള പേരായി വന്നതെന്ന് മനസ്സിലാക്കാമല്ലോ.

(മേൽ പറഞ്ഞ പ്രകാരം ഭൂരേഖകളെ കൃത്യമായി കാണിക്കുന്നതിലാണോ വളപട്ടണത്തെ പുരാതന പള്ളികൾ വടക്ക് പടിഞ്ഞാർ ദിശ നിർണ്ണയിക്കാതെ നേരെ പടിഞ്ഞാറേക്ക് നിർണ്ണയിക്കപ്പെട്ടത് എന്നത് പഠന വിധേയമാക്കേണ്ടതാണ്)

വല്ലഭൻ കോലത്തിരിയുടെ അനുജനായ ശ്രീകണ്ഠന്റെ സദസ്സിനെ അലങ്കരിച്ച അതുലന്റെ മൂഷിക വംശ കാവ്യത്തിലെ പരാമർശ പ്രകാരം ഈ പട്ടണം സ്ഥാപിച്ചത് കൊല്ലവർഷം മുന്നൂറാം

ആണ്ടിനടുത്ത് കോലത്തുനാട് വാണിരുന്ന രാജാക്കന്മാരിൽ പതിനൊന്നാമനായ വല്ലഭൻ കോലത്തിരിയാണ്. അതോടെ ഇത് വല്ലഭപട്ടണം എന്നറിയപ്പെട്ടു. (മൂഷിക വംശ കാവ്യം XIV 67). കൂടാതെ വളഭദുർഗം എന്ന പേരിലും ഈ പട്ടണം അറിയപ്പെട്ടിരുന്നു. ഉണ്ണിയച്ചീ ചരിതകാലത്താണ് വലഭപട്ടിനം, വളയ പട്ടിനമായി അറിയപ്പെടാൻ തുടങ്ങിയത് (ഇളംകുളം). ചമ്പുക്കളുടെ കാലത്ത് (എ.ഡി. 1300) വലയപട്ടണമെന്ന പേരായി. (വലയപട്ടണമരക്കലത്തോറ്റമെല്ലാം... TAS 1 പുറം 265). പയ്യന്നൂർ പാട്ടിൽ (എ.ഡി. 12നും 14നും ഇടയിൽ) ബളെർപട്ടിണം എന്നും വടക്കൻപാട്ടിന്റെ ശീലുകളിൽ വളർക്കോട്ടത്തങ്ങാടി (ഉണ്ണിയാർച്ച) വളപട്ടം (കടത്തുനാട്ടുമാക്കം) എന്നിങ്ങനെയും രൂപഭേദമുണ്ടായി.

സഞ്ചാരികൾ അവരുടെ സഞ്ചാരക്കുറിപ്പുകളിൽ ബാഡ്ഫറ്റാൻ, ബാഡ്ഫാറ്റൻ, ജാർഫറ്റൻ, ജാർകന്നൻ, ഡാസ്കന്നൻ എന്നീ പല പേരുകളും എഴുതിക്കാണുന്നു. അറബി സഞ്ചാരികളായ ഇബ്നു ഖുർദ്ദാബെ ബാബത്തൻ എന്നും ഇബ്നു ഹൗഖൽ ബനീബതൻ എന്നും ദിമിശ്കി, ഇബ്നു ബത്തൂത എന്നിവർ ബദ്ഫത്തൻ എന്നും വിളിച്ചു. യൂറോപ്യൻ സഞ്ചാരികളും വ്യത്യസ്ഥ പേരുകളിൽ ഈ നാടിനെ രേഖപ്പെടുത്തിയിട്ടുണ്ട്. സാമുവൽ ലീ തന്റെ പരിഭാഷയിൽ ദദ്കണ്ണം എന്നും ഫ്രയർ ജൊർണാഡസ്, ഫാരിയ ഇസൂസ എന്നിവർ'ബൊലിയപടാം' എന്നും ജോൺവാൻഹൂം ഫാലഫറ്റൻ എന്നും നമ്മുടെ നാടിനെ രേഖപ്പെടുത്തിയതായി കാണാം.

ഇതെല്ലാം തെളിയിക്കുന്നത് പ്രാചീനമായി ഇത്രയധികം പേർ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ള സ്ഥലം വളപട്ടണത്തെപ്പോലെ വേറെയില്ല എന്നാണ്.

> "അറബികളുടെ ആഗമനത്തോടെ അറബി ഗ്രന്ഥങ്ങളിൽ 'ബലാഫത്തൻ' എന്നും തുഹ്ഫത്തുൽ മജാഹിദീനിൽ 'ബതഖത്തൻ' എന്നും ഇബ്നു ബത്തൂത്തയുടെ സഞ്ചാര കഥയിൽ 'ബദ്ഫത്തൻ' എന്നും കാണാം."

# പേരിലെ പൊരുൾ

മൂഷിക രാജാവായ വല്ലഭൻ രണ്ടാമൻ കിള്ളാ നദീതീരത്ത് മരാഹി അഥവാ മാടായി എന്ന നഗരം സ്ഥാപിക്കുകയും വളപട്ടണം നവീകരിക്കുകയും ചെയ്തുവെന്ന് 'അതുലൻ' മൂഷിക വംശ കാവ്യത്തിൽ വിവരിക്കുന്നു. വല്ലഭൻ പുതുക്കിപണിതതു കൊണ്ട് വല്ലഭപട്ടണവും പിന്നീട് വളപട്ടണവുമായി എന്നാണ് ചരിത്രകാരന്മാർ പറഞ്ഞു പോരുന്നത്. എന്നാൽ വല്ലഭൻ രണ്ടാമൻ എ ഡി പന്ത്രണ്ടാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നിരിക്കാൻ സാധ്യത (കോലംപിറന്ന നാട്) എന്നതിനാലും അതിനും മൂന്ന് നൂറ്റാണ്ട് മുമ്പ് തന്നെ 'വളപട്ടണം' അതേ പേരിൽ ചരിത്രത്തിൽ രേഖപ്പെടുത്തിക്കഴിഞ്ഞിരുന്നതിനാലും ഈ വാദം തെറ്റാണ്.

വളപട്ടണത്ത് പ്രധാനപ്പെട്ട വാണിജ്യ തുറമുഖമുണ്ടായിരുന്നുവെന്നു ഒമ്പതാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എ ഡി 884-85ൽ സഞ്ചാരിയായ ഇബ്നു ഖുർദ്ദാബെ രചിച്ച 'കിതാബുൽ മസാലിക് വൽ മമാലിക് ' എന്ന യാത്രാ വിവരണ ഗ്രന്ഥത്തിൽ സർജാനിൽ നിന്നും (മഹാരാഷ്ട്രയിലെ താണക്കടുത്ത്) അഞ്ചു ദിവസത്തെ യാത്രകൊണ്ട് മിലിയിൽ (മലബാർ) എത്താമെന്നും മിലിയിലെ പ്രധാന തുറമുഖമാണ് 'ബാബതൻ'എന്നും പറയുന്നു. ഇവിടെ നിന്നും സിലോണിലേക്ക് അരി ധാരാളമായി കയറ്റി അയക്കുന്നതായും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ഒന്നാം വല്ലഭൻ വളപട്ടണം നഗരമുണ്ടാക്കിയതായി മൂഷിക വംശത്തിൽ പ്രതിപാദിക്കുന്നുമില്ല. വല്ലഭനിൽ നിന്നാണ് വളപട്ടണമുണ്ടായതെങ്കിൽ ആദി വല്ലഭനായിരിക്കണം കഥാപാത്രം.

അപ്പോൾ പേരു വരാനുള്ള സാധ്യതയിതാണ്. വളപട്ടണം വല്ലഭപട്ടണമാകാനിടയില്ല. 'വളർപടം' ആകാനിട. മുമ്പു പരക്കെ 'ബളോടം' 'ബളോടത്തങ്ങാടി' എന്നാണ് വളപട്ടണത്തെ വിളിക്കാറ്. ഇപ്പോഴും ചില ഗ്രാമീണർ 'ബളോടം' എന്നു തന്നെ പറയുന്നു. മറ്റു ചില സാഹചര്യത്തെളിവുകൾ മറ്റൊരു ദിശയിലേക്ക് വിരൽ




ചൂണ്ടുന്നു.

കണ്ണൂരിലെ വലിയ കപ്പലിന്റെ പഴയ പേര് 'നൗരി' എന്നായിരുന്നു. ഏഴിമല കഴിഞ്ഞാൽ കണ്ണൂരിലെ (കണ്ണൂർ അന്നില്ല. സൗകര്യത്തിനായി പറയുന്നുവെന്നുമാത്രം) പ്രധാന തുറമുഖം 'നൗരി' ആയിരുന്നു. ഇപ്പോൾ കാട്ടാമ്പള്ളി പുഴയുടെ അക്കരെ കാണുന്ന അതിവിശാലമായ ചതുപ്പും പാടങ്ങളും അതാണ് നൗരി അഥവാ നാറാത്ത് എന്ന് അടുത്ത കാലത്ത് വ്യക്തമാക്കപ്പെട്ടത്.

വലിയ തോണി, നങ്കൂരമിടുന്ന സ്ഥലം ആയിരുന്നു നാറാത്ത്. നാറാത്തിന്റെ ഇപ്പുറത്തെ കര, അഥവാ തൊട്ടടുത്ത സ്ഥലം വളർപട്ടണവും, വളർ എന്ന വാക്കിനു ചെറിയ വഞ്ചി, ചെറിയ കപ്പൽ എന്നത്രെ അർത്ഥം. പടം, പടക്, പടവ് തുടങ്ങിയ വാക്കുകളും പരിശോധിക്കാവുന്നതാണ്. 'കടൽകൊള്ളക്കാർ' ഉപയോഗിച്ചിരുന്ന ചെറിയ കപ്പലിന്റെ പേരാണ് പടക്. 'വളർപടം' എന്ന പേര് ചെറിയ കപ്പൽ അടുത്തിരുന്ന തുറമുഖം എന്ന അർത്ഥത്തിലാവണം ഉപയോഗിച്ചത്. ചെറിയ കപ്പലുകൾ അടുപ്പിക്കാൻ പ്രത്യേക സ്ഥലം വളർപടം, വലിയ കപ്പൽ അടുപ്പിക്കാൻ തൊട്ടടുത്ത് തന്നെ വിശാലമായ സ്ഥലം നൗരി (നാറാത്ത്), വളർപടം ബളോടമായും വളർപട്ടണം വളപട്ടണവുമായി മാറുന്നു. പടക്, പടവ് എന്നു പറയുന്നത് ജെട്ടി പോലെ ഉയർന്നു നിൽക്കുന്ന സ്ഥലമാണ്. കുപ്പം പടവ്, ചപ്പാരപ്പടവ്, തളിപ്പടവ്, പടവേങ്ങാട് (പടപ്പേങ്ങാട്) എന്നിങ്ങനെ. വളർപടവിൽ നിന്ന് വളപട്ടണമുണ്ടാകുന്നതിന്റെ സാംഗത്യം സൂചിപ്പിക്കാനാണിതു പറഞ്ഞത്.

കേരളത്തിലെ പ്രധാനഗതാഗത മാർഗം ജലവും വാഹനം വഞ്ചിയുമായിരുന്നു. ഇവിടുത്തെ സംസ്കാരം പുഴയും സമുദ്രവും അതിന്റെ തീരങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു. അതുകൊണ്ട് തന്നെ പുതിയ നാമങ്ങളിലും വംശനാമങ്ങളിലുമെല്ലാം ഇതിന്റെ സൂചനകളും കാണാം. ചക്രവർത്തിമാരുടെ തലസ്ഥാനം വഞ്ചി. തെക്കൻനാട് വഞ്ചിനാടും വടക്ക് കോലത്തുനാടും. കോലമെന്നാൽ വഞ്ചിയെന്നു തന്നെ അർത്ഥം. കോലത്തിരിമാരുടെ തലസ്ഥാനമായ വളർപട്ടണത്തിലെ വളവും വഞ്ചി തന്നെ. ഓട നാട്ടിലെ ഓടവും കൂപകത്തിലെ കൂപവും ചെമ്പകശ്ശേരിയിലെ ചെമ്പകവും കോഴിക്കോട്ടെ കോട്ടവും വഞ്ചിയെ തന്നെ ദ്യോധിപ്പിക്കുന്നുവെന്ന് 'കേരളീയരുടെ സമുദ്ര പാരമ്പര്യം' എന്ന കൃതിയിൽ പ്രൊഫ. കെ.കെ. പിഷാരടി എടുത്തുകാട്ടുന്നുണ്ട്.



വളർപട്ടണത്തിന്റെ വളറിന് അർത്ഥം വഞ്ചി, വള്ളം, പൊങ്ങുതടി എന്നൊക്കെയാണ് വളർപട്ടണം എന്നു പേരു വരാൻ കാരണം. പൊങ്ങുതടി പോലെ വെള്ളത്തിൽ പൊങ്ങി നിൽക്കുന്ന ചങ്ങാടം, വഞ്ചി, വള്ളം എന്നിവ അടുക്കുന്ന നദിക്കര എന്ന നിലയിലാണെന്ന് ചരിത്രകാരനായ വേലായുധൻ പണിക്കശ്ശേരി അദ്ദേഹത്തിന്റെ 'കേരള ചരിത്ര പാഠങ്ങൾ' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. അതു പോലെ സമുദ്രയാത്രയ്ക്ക് ഉപയോഗിക്കുന്ന ഉരുക്കുകളുടെ പേരുകളിൽ 'വളർ' (വളർപട്ടണത്തുകാരുടെ കപ്പൽ) എന്ന പേരും ഉൾപ്പെടുന്നുവെന്നും ശ്രീ പണിക്കശ്ശേരി രേഖപ്പെടുത്തിവെച്ചിട്ടുള്ളതായി കാണാം.

വളപട്ടണത്തെ ഓടം (ഓടം, വഞ്ചി, തോണി) അടുക്കുന്ന പുഴക്കരയായതിനാവണം ഒരു പക്ഷെ നാടൻ ഭാഷയിൽ വള്ളോടം, വളോടം എന്നൊക്കെ വളപട്ടണത്തിനു പേരുവരാൻ കാരണമെന്നും അനുമാനിക്കാവുന്നതാണ്. നൗറയിൽ നിന്ന് നാറാത്ത് വരാൻ സാധ്യതയില്ലെന്ന് ചരിത്രകാരന്മാർ വ്യക്തമാക്കിയിട്ടുണ്ട്. നൗറ വളപട്ടണമാണെന്നും നെയ്യാറിൽ നിന്നാണ് നൗറ വന്നതെന്നും ക്രിസ്താംബ്ദം 550-ലെ ബൃഹത് സംഹിതയിൽ പറഞ്ഞ ബലദേവപട്ടണത്തിൽ നിന്നാണ് വളപട്ടണമുണ്ടായതെന്നും വ്യക്തം.

# വളപട്ടണം പുഴ

*‘പര്യാകുലേ വിലസതി പ്രഥനാപഗായ, ഛായാഗതം പയസി ഗോപുര മുന്നതാഗ്രം’* എന്നു മൂഷിക വംശകാവ്യത്തിൽ വർണ്ണിച്ച ‘പ്രഥനാനദി’ യെന്നാണ് വളപട്ടണം പുഴയുടെ പ്രഥമനാമം. കേരളത്തിലെ ഏറ്റവും നീളം കൂടിയ പുഴകളിൽ ഒന്നാണിത്. ഈ നദി കർണ്ണാടകയിലെ കുടക് (കൂർഗ്) ജില്ലയിൽ ബ്രഹ്മഗിരി വനങ്ങളിൽ നിന്നുത്ഭവിക്കുന്നു. പടിഞ്ഞാറോട്ട് ഒഴുകി കുപ്പം നദിയോട് സന്ധിച്ച ശേഷം വളപട്ടണം പുഴ അറബി കടലിൽ ചേരുന്നു. ഏകദേശം 19 കിലോമീറ്റർ ദൂരം കർണ്ണാടകയിലെ വന പ്രദേശങ്ങളിലൂടെയാണ് നദി ഒഴുകുന്നത്.


കേരളത്തിൽ പ്രവേശിച്ച ശേഷം നദി കടന്നു പോകുന്ന സ്ഥലങ്ങൾ ഇരിട്ടി, പെരുന്ന, ഇരിക്കൂർ, കല്ല്യാശ്ശേരി, വളപട്ടണം എന്നിവയാണ്. ശ്രീകണ്ഠാപുരം പുഴ, വലിയപുഴ, ബാരാപുഴ, വേണിപുഴ, ആറളം പുഴ എന്നിവ വളപട്ടണം പുഴയുടെ പ്രധാന പോഷക നദികളാണ്. 110 കിലോമീറ്റർ നീളമുള്ള ഈ നദിയുടെ നീർവാഴ്ച പ്രദേശത്തിന് 1867 ച:കി.മി. വിസ്തൃതിയുണ്ട്. ഇതിൽ 1321 ച:കി.മി. കേരളത്തിന്റെയും 546 ച:കി.മി. കർണ്ണാടകയുടെയും ഭാഗമാണ്. 44.8 കി.മി. ദൂരം നദി ഗതാഗത യോഗ്യമാണ്.

നെയ്യാർ, കൂട്ടുപുഴ, ശ്രീകണ്ഠാപുരംപുഴ, ബാരാപ്പുഴ എന്നൊക്കെ നാട്ടുഭാഷയിൽ അറിയപ്പെടുന്ന നല്ല വീതിയും ആഴവുമുള്ള പുഴ യുടെ പേര് ഇപ്പോൾ വളപട്ടണംപുഴ എന്നു സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. ഈ പുഴയുടെ യഥാർത്ഥ നാമം ‘നെയ്യാർ’ എന്ന് ഗുണ്ടർട്ടാണ് വെളിപ്പെടുത്തിയത്. ഇത് മുൻനിർത്തി ‘നെയ്തറ’ എന്നും നെയ്തുറപുഴ എന്നും പേരുമാറ്റം വരികയുണ്ടായി.

‘നെയ്യാറ്’, ‘നെയ്നിറയാറ്’ (മാക്കപ്പോതിത്തോറ്റം കാണുക) എന്നിവ സംസ്കൃതീകരിച്ച് പ്രഥനാ പ്രതന ഘൃതതടിനി ആജ്യനദി എന്നും പേരു വന്നു. നിലേശ്വരം രാജകുടുംബത്തിന്റെ ‘പ്രാർത്ഥനാ’ ചരിതമെന്ന നിലയിൽ പ്രചരിച്ചിരുന്ന ‘അള്ളെടുത്ത്സ്വരൂപം വരിയോല’യിൽ വളപട്ടണം അഴിമുഖത്തിന്റെയും നെയ്തുറ പുഴയുടെയും സ്ഥിതി സ്പഷ്ടമാകുന്നുണ്ട്.

ആണ്ട് തോറും വൈശാഖ മാസത്തിൽ നടന്നു വരാറുള്ള കൊട്ടിയൂരുത്സവത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന ‘ഘൃതാഭിഷേകം’ (നെയ്യാട്ടം) കാരണമായി ഒലിച്ചുവരുന്ന നെയ്യ് വളപട്ടണം പുഴയിൽ ഉടനീളം പ്രവഹിച്ചതിനാലാണത്രെ പുഴക്ക് ഘൃതതടിനി (നെയ്യാർ) എന്ന പേര് വന്നതെന്ന് പറയപ്പെടുന്നു.

അതുകൊണ്ട് തന്നെ വളപട്ടണം നഗരത്തിന് നെയ്യാറ്റിൻകര അങ്ങാടി എന്ന പേരും സിദ്ധിച്ചു. നിരവധി ചരിത്ര സംഭവങ്ങൾക്ക് മൂക സാക്ഷിയാണ് ഈ പുഴ. അറക്കൽ രാജവംശത്തിന്റെ പിറവി, കടത്തനാട്, നീലേശ്വരം രാജകുടുംബത്തിന്റെ പിറവി, വാരണക്കോട്ടില്ലത്തെ നമ്പൂതിരിയുടെ ദുരന്തം, കൂടൻ ഗുരുക്കൾ, മന്ദപ്പൻ-കതിവന്നൂർ വീരൻ, വയനാട്ട് കുലവൻ, കോറോത്ത് കുഞ്ഞിക്കണ്ണൻ മണർക്കാടൻ ഗുരുക്കൾ എന്നിവരുടെ ധീര സംഭവങ്ങൾക്കും ഈ പുഴ സാക്ഷ്യം വഹിച്ചിട്ടുണ്ട്.



# വളപട്ടണം കോട്ട: സാംസ്കാരിക പെരുമയുടെ ശക്തി ദുർഗം

വളപട്ടണം കോട്ട നിർമ്മിച്ചത് രണ്ടാം വല്ലഭനാണെന്ന് മൂഷികവംശ കാവ്യത്തിൽ പരാമർശിക്കുന്നു.

*"ഭൂപശ്ചകാര പൃഥു ഗോപുരഭിന്നതുംഗ-*
*പ്രാകരചിത്ര വിഹിതാതുല ഗുപ്തിശോഭം-*
*വർദ്ധിഷ്ണു ഖാതസലിലംപൃഥുഭിസ്തരംഗൈ-*
*ബിഭ്രത്സഭാ വളഭത്തന വൃദ്ധി മുച്ചൈ:"*

കാട്ടാമ്പള്ളി പുഴയിൽ പ്രതിബിംബിക്കുന്ന ഉന്നത ഗോപുരങ്ങളോട് കൂടിയ വളപട്ടണം കോട്ട എന്ന പരാമർശത്തിലൂടെ കോട്ടയെ വർണ്ണിക്കുന്നുണ്ട്.

ഈ കോട്ട ഒടുവിൽ കോലത്തിരിമാരുടെ ഭരണകേന്ദ്രവും വാസസ്ഥലവുമായി മാറിയതോടെ 14-ാം നൂറ്റാണ്ടിലെ കേരളത്തിലെ സാംസ്കാരിക തലസ്ഥാനം വളപട്ടണമായി മാറി. അക്കാലത്ത് വളപട്ടണം കോട്ടയിൽ വെച്ചാണ് രാഘവാനന്ദൻ ഭാഗവത പുരാണത്തിനു "കൃഷ്ണപ്പദി" എന്ന പേരിൽ വ്യാഖ്യാനമെഴുതിയത്. ചെറുശ്ശേരി 'കൃഷ്ണഗാഥ' എഴുതുന്നതും ഇതേകാലത്തു തന്നെ. ഇതേ കോട്ടയിൽ വെച്ചു തന്നെയാണ് മണർക്കാടൻ ഗുരുക്കൾ മുപ്പത്തെവർ പരദേവതകൾക്ക് (39 അടിസ്ഥാന തെയ്യങ്ങൾ) കോല രൂപം (തെയ്യവേഷം) നൽകി കെട്ടിയാടിയത്. വടക്കേ മലബാറിന്റെ എക്കാലത്തേയും സുവർണ്ണ കലയെന്നു വിശേഷിപ്പിക്കാവുന്ന തെയ്യങ്ങളുടെ വിവിധ രൂപങ്ങൾ പിറന്നു വീണതും വളപട്ടണത്താണ്. "കോലാധിമന്നനെന്നും വളപട്ടണം കോട്ടമന്നനെന്നും" കോലത്തിരിമാരെ മിക്കവാറും എല്ലാ തോറ്റം പാട്ടുകളിലും

കോലത്തുനാടിന്റെ ഈ സാംസ്കാരികപ്പെരുമയുടെ ഉപോൽപ്പന്നമെന്ന നിലയിലാണ് ഇതേ നൂറ്റാണ്ടിൽ സാമൂതിരിയുടെ തട്ടകത്ത് 'രേവതീ പട്ടത്താനം' എന്ന വിദ്വൽ സദസ്സ് ആരംഭിക്കുന്നതും പുനം നമ്പൂതിരിയെ പോലുള്ള പ്രതിഭകൾ അംഗീകരിക്കപ്പെടുന്നതും. 12-13 നൂറ്റാണ്ടുകളിൽ വളപട്ടണം കോട്ട കേന്ദ്രമാക്കി അതി സുശക്തമായ നായർ സേനയും നാവികപ്പടയും കോലത്തിരി മാർക്കുണ്ടായിരുന്നു.

വിശേഷിപ്പിക്കുന്നുണ്ട്.

കോലത്തുനാടിന്റെ ഈ സാംസ്കാരികപ്പെരുമയുടെ ഉപോൽപ്പന്നമെന്ന നിലയിലാണ് ഇതേ നൂറ്റാണ്ടിൽ സാമൂതിരിയുടെ തട്ടകത്ത് 'രേവതീ പട്ടത്താനം' എന്ന വിദ്വൽ സദസ്സ് ആരംഭിക്കുന്നതും പുനം നമ്പൂതിരിയെ പോലുള്ള പ്രതിഭകൾ അംഗീകരിക്കപ്പെടുന്നതും. 12-13 നൂറ്റാണ്ടുകളിൽ വളപട്ടണം കോട്ട കേന്ദ്രമാക്കി അതി സുശക്തമായ നായർ സേനയും നാവികപ്പടയും കോലത്തിരിമാർക്കുണ്ടായിരുന്നു. ഇങ്ങനെ വളപട്ടണം കോട്ട കേന്ദ്രീകരിച്ച് കോലത്തിരിമാരുടെ ഭരണം 18-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതി വരെ ഉണ്ടായിരുന്നുവെന്നതാണ് സൂചന. 1875-ൽ വില്ല്യം ലോഗൻ മലബാർ മാന്വൽ എഴുതികൊണ്ടിരുന്ന കാലത്തും വളപട്ടണം കോട്ടയെ പരാമർശിക്കുകയുണ്ടായി. 1983-ൽ ദേശീയ പാതക്കുവേണ്ടി കോട്ടയെ രണ്ടായി പകുത്തിമാറ്റിയതോടുകൂടെ ഈ ചരിത്ര സ്മാരകവും നാശത്തിന്റെ പടുകുഴിയിലേക്കു മൂക്കുകുത്തി വീണു.

നിരവധി സംഭവങ്ങൾക്കു കൂടി സാക്ഷിയാണ് കോട്ട. ഒരു റിപ്പോർട്ട് പ്രകാരം മക്ക യാത്രയ്ക്ക് പുറപ്പെട്ട ചേരമാൻ പെരുമാൾ, വളപട്ടണം കോട്ടയിൽ താമസിക്കുകയും തന്റെ പിൻഗാമികളെ നിശ്ചയിച്ചു യാത്ര പുറപ്പെടുകയും ചെയ്തതായി കാണാം. കലി സ്വർഗ സഭേന പ്രാവ്യം (ക്രൃസ്താബ്ദം 428 ൽ) പെരുമാൾ വളപട്ടണത്ത് കോട്ടയും മറ്റും പോയി നോക്കി തിരുവഞ്ചിക്കുളം ക്ഷേത്രം തീർത്തു. (കേരളോൽപത്തി) വളഭട്ടത്ത് കോട്ട സത്യ ഭൂമിയെന്ന് കൽപിച്ച് രാജാംശം അവിടെ ഏറെ കാണുക കൊണ്ട് ചേരമാൻ കോട്ടയും മറ്റും തീർത്തു എന്ന് കോലത്ത് വഴക്കത്തിലും കാണാം' കേരള മാഹാത്മ്യത്തിൽ 'വളഭ പത്തനം രാജധാനിയിൽ വളഭൻ എന്ന രാജാവ് സിംഹാസനസ്ഥനായി കേരളത്തിന്റെ മധ്യ ഖണ്ഡം ധർമ്മ പ്രകാരം ഭരിച്ചു' എന്ന പരാമർശവും കാണാം.

ടിപ്പു സുൽത്താന്റെ മലബാർ ആക്രമണ കാലത്ത് കോട്ട പിടിച്ചടക്കുകയും സുൽത്താന്റെ മകൻ അബ്ദുൽ ഖാലികിനെ കൊണ്ട് അറക്കൽ രാജാവിന്റെ മകളുമായി വിവാഹം നടത്തിക്കുകയും സുൽത്താന്റെ പുത്രൻ പുതിയാപ്പിളയായി അണിഞ്ഞൊരുങ്ങിയത് ഈ കോട്ടയിൽ നിന്നാണെന്നും ചരിത്രം പറയുന്നു. (ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ)

കോലത്തിരി രാജാക്കന്മാർ വടക്കെ എളംകൂർ, തെക്കെ എളംകൂറുമായി വേർപിരിഞ്ഞ കാലത്ത് കോലത്തിരിയെ ആക്രമിച്ച വടക്കേ എളംകൂറിനെ പിടിച്ചുകെട്ടി വളപട്ടണം കോട്ടയെ രക്ഷിച്ച വെള്ളുവക്കമ്മു എന്ന സൈന്യാധിപന്റെ ധിഷണാവൈഭവവും ഈ കോട്ടയുടെ ചരിത്ര ഭാഗമാണ്. മുഹമ്മദ് അയാസ്ഖാൻ എന്ന പേരിൽ ഇസ്ലാം മതം സ്വീകരിച്ചുവെങ്കിലും മരണം വരെ ടിപ്പുവിനെതിരെ കോലത്തിരിയോട് കൂറുപുലർത്തിയ വെള്ളുവക്കമ്മുവിന്റെ രാജസ്നേഹത്തിന്റെ കഥയും ഈ കോട്ട പറഞ്ഞു തരുന്നു.

പോർച്ചുഗീസുകാരുടെ ഉപദ്രവം സഹിക്കാൻ കഴിയാതായപ്പോൾ 1564-ൽ സാമൂതിരിയുടെ സഹായത്തോടെ കോലത്തിരിയുടെ പടയാളികൾ കണ്ണൂർകോട്ട ആക്രമിക്കുകയും തുറമുഖത്തുണ്ടായിരുന്ന പോർച്ചുഗീസ് കപ്പലുകൾ നശിപ്പിക്കുകയും ചെയ്തു. ആ വിഷമ ഘട്ടത്തിൽ പോർച്ചുഗീസുകാരുമായി യുദ്ധം ചെയ്യാൻ വളപട്ടണത്തെ മുസ്ലിംകളും പുറ

പ്പെട്ട ചരിത്രം ശൈഖ് സൈനുദ്ധീൻ മഖ്ദൂം മഅ്ബരി (റ) തന്റെ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്.

1663 മാർച്ച് 20ന് ഡച്ചുകാർ വളപട്ടണം കോട്ടയിൽ വെച്ച് ഉടമ്പടി ഒപ്പു വെച്ചു. ആ ഉടമ്പടി പ്രകാരമാണ് കണ്ണൂർ പട്ടണം ഡച്ചുകാർക്ക് സ്വന്തമായത്. 1732-ൽ കോലത്തിരിയുടെ നാടുകൾ ആക്രമിച്ച് ബെഡ്നോർ സൈന്യം വളപട്ടണം പുഴയും കടന്ന് മുന്നോട്ട് വന്നു. ഇംഗ്ലീഷുകാരുടെ സഹായത്തോടെ കോലത്തിരിയുടെ സൈന്യം നായിക്കൻമാരെ തുരത്തി കോട്ട സംരക്ഷിച്ചു. 1761-ൽ ഹൈദറലി മൈസൂറിന്റെ ഭരണം ഏറ്റെടുത്തപ്പോൾ ഉത്തര കേരളം ആക്രമിക്കാൻ തീരുമാനിക്കുകയും 1766-ൽ ഹൈദറലി ഉത്തരകേരളത്തിൽ പ്രവേശിച്ച് കോലത്തിരിയുടെ വളപട്ടണം കോട്ടയും, ചിറക്കൽ കൊട്ടാരവും പിടിച്ചെടുക്കുകയും ചെയ്തു.

മലബാറിൽ പിടിച്ചെടുത്ത രാജ്യങ്ങളുടെ പരമാധികാരം കണ്ണൂർ ആലി രാജാവിനു വിട്ടുകൊടുക്കുന്നതിനു പകരം അദ്ദേഹത്തെ വെറും സാമന്ത രാജാവായി അംഗീകരിച്ചുകൊണ്ട് രാജ്യങ്ങളുടെ ഗവർണ്ണറായി മദ്ദണ്ണയെന്ന ബ്രാഹ്മണനെ നിയമിക്കുകയും ചെയ്തു. 1782 ഡിസംബറിൽ ഹൈദരലി അന്തരിച്ചതിനാൽ ടിപ്പു സുൽത്താൻ സ്ഥാനാരോഹണം നടത്തുകയും 1789-ൽ താമരശ്ശേരി ചുരം വഴി മലബാറിൽ പ്രവേശിച്ച ടിപ്പുസുൽത്താൻ വളപട്ടണം കോട്ടയടക്കമുള്ള മലബാറിലെ മിക്ക പ്രദേശങ്ങളും അധീനപ്പെടുത്തുകയും ചെയ്തു.

**1761–ൽ ഹൈദറലി മൈസൂറിന്റെ ഭരണം ഏറ്റെടുത്തപ്പോൾ ഉത്തര കേരളം ആക്രമിക്കാൻ തീരുമാനിക്കുകയും 1766–ൽ ഹൈദറലി ഉത്തരകേരളത്തിൽ പ്രവേശിച്ച് കോലത്തിരിയുടെ വളപട്ടണം കോട്ടയും, ചിറക്കൽ കൊട്ടാരവും പിടിച്ചെടുക്കുകയും ചെയ്തു.**

30 കോൽ നീളവും 20 കോൽ വീതിയുമുണ്ടായിരുന്ന ദർബാർ ഹാളും സ്വർണ്ണവും രത്നവും പതിച്ച സ്വർണ്ണക്കമ്പളം കൊണ്ടുള്ള മേൽക്കെട്ടോടുകൂടിയ സിംഹാസനവും നിലനിന്നിരുന്ന കോലത്തിരിയുടെ കോട്ടയിൽ ഇന്ന വശേഷിക്കുന്നത് നാലുകാൽ തൂണോടുകൂടിയ ഒരു മണ്ഡപവും കരിങ്കല്ല് കൊണ്ടുള്ള ഒരു കട്ടിലയും മാത്രമാണ്.

ലിറ്റൺ പ്രഭുവിന്റെ കാലത്ത് നശിപ്പിക്കപ്പെട്ട കോട്ട 1983ൽ ദേശീയ പാതക്കുവേണ്ടി ഇടനെഞ്ചു കീറി നെടുകെ പിളർന്നു പൂർണ്ണമായും നശിപ്പിക്കപ്പെട്ടു.

കേരളത്തിലെ മഹാനായ മാപ്പിളകവി മോയിൻകുട്ടി വൈദ്യർ തന്റെ മലപ്പുറം കാവ്യത്തിലും വടക്കൻ പാട്ടുകളിലെ ശീലുകൾക്കിടയിൽ ഉണ്ണിയാർച്ചയുടെ ധീരതയെ വാഴ്ത്തുന്നിടത്തും കടത്തുനാട്ടുമാക്കത്തിൽ വളപട്ടണം 'മൂസക്കുട്ടി'യുടെ ധീരതയെ വാഴിത്തുന്നിടത്തും ഈ കോട്ട പരാമർശ വിധേയമായിട്ടുണ്ട്. കൂടൻ ഗുരുക്കൾ, കതിവന്നൂർ വീരൻ, കോറോത്ത് കുഞ്ഞിക്കണ്ണൻ എന്നീ വീരന്മാർ പുഴ നീന്തിക്കടന്നു വരുന്നത് കോലത്തിരി തന്റെ കോട്ടയിലെ മട്ടുപ്പാവിലിരുന്നു കണ്ടുരസിച്ചതും കോലത്തുനാടിന്റെ ഐതിഹ്യ കഥയാണ്.

30 കോൽ നീളവും 20 കോൽ വീതിയുമുണ്ടായിരുന്ന ദർബാർ ഹാളും സ്വർണ്ണവും രത്നവും പതിച്ച സ്വർണ്ണക്കമ്പളം കൊണ്ടുള്ള മേൽക്കെട്ടോടുകൂടിയ സിംഹാസനവും നിലനിന്നിരുന്ന കോലത്തിരിയുടെ കോട്ടയിൽ ഇന്നവശേഷിക്കുന്നത് നാലുകാൽ തൂണോടുകൂടിയ ഒരു മണ്ഡപവും കരിങ്കല്ല് കൊണ്ടുള്ള ഒരു കട്ടിലയും മാത്രമാണ്.

# ടിപ്പുവും വളപട്ടണം കോട്ടയും:

**കോ**ലത്തിരി രാജാക്കന്മാരിൽ പതിനൊന്നാമനായ വല്ലഭൻ കോലത്തിരിയാണ് വളപട്ടണത്തെ പുരാതന കോട്ട പണിതതെന്ന് നാം വായിച്ചുവല്ലോ? പ്രഥനാനദിയെയും പ്രതിബിംബിച്ച അതിന്റെ ശോഭയെയും കുറിച്ച് അതുലൻ മൂഷിക കാവ്യത്തിൽ വാഴ്ത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോട്ട ഇന്നെവിടെയാണ്?

1766 മുതൽ 1792 വരെ കോലത്ത് നാടാക്രമിച്ച ടിപ്പു സുൽത്താനാണ് കോട്ട നശിപ്പിച്ചതെന്ന ഒരു ദുരാരോപണം ചിലർ ഉന്നയിക്കാറുണ്ട്. ചരിത്രത്തോട് ഒട്ടും നീതി പുലർത്താതെയുള്ള ഒരു ആരോപണമത്രെ ഇത്.

1875ൽ മലബാർ മാന്വൽ എന്ന തന്റെ വിഖ്യാത ഗ്രന്ഥം രചിക്കുമ്പോൾ ഗ്രന്ഥകർത്താവായ വില്യം ലോഗൻ വളപട്ടണം കോട്ടയെ കുറിച്ച് പരാമർശിക്കുന്നത് കാണുക. ''വളപട്ടണം വില്ലേജിൽ ഒരു കുന്നിൻപുറത്ത് നന്നായി സംരക്ഷിക്കപ്പെട്ട ഒരു പഴയ കോട്ടയുണ്ട്. (മലബാർ മാന്വൽ പേജ് -6) ഈ പ്രസ്താവനയിൽ നിന്ന് ഏതൊരാൾക്കും മനസിലാക്കാവുന്നത് 1792നു ശേഷം 1875 വരെയുള്ള കാലഘട്ടത്തിലും കോട്ട യാതൊരു കോട്ടവും കൂടാതെ നിലനിന്നുവെന്നും നന്നായി സംരക്ഷിക്കപ്പെടുന്നുവെന്നുമാണ്. ടിപ്പുവിനെ വെറുതെവിടാം.

പിന്നെങ്ങനെയാണ് കോട്ട നശിപ്പിക്കപ്പെട്ടത്? അക്കഥ ചരിത്രകാരനായ ചിറക്കൽ ടി ബാലകൃഷ്ണൻ നായർ തന്റെ 'തെരെഞ്ഞെടുത്ത പ്രബന്ധങ്ങളിൽ' വിശദീകരിക്കുന്നത് കാണുക. 1878ൽ വൈസ്രോയി ലിറ്റൺ പ്രഭു സംസ്ഥാന ഗവർണർമാർക്ക് ഒരു ഉത്തരവ് നൽകി. പഴയ പ്രഭുക്കന്മാരുടെ കോട്ടകളും ചുറ്റുപാടുമുള്ള സ്ഥലങ്ങളും സർക്കാറിന്റെ അധീനതയിലാക്കണമെന്ന്. ഗവർണറുടെ കാര്യാലയത്തിലെ ഒരു ഉദ്യോഗസ്ഥൻ (പടന്നക്കോട്ട് നമ്പ്യാർ) ഈ ഉത്തരവിന്റെ കാര്യം രാജാവിനെ രഹസ്യമായി അറിയിച്ചു. ടിപ്പു സുൽത്താന്റെ പടയോട്ടത്തിനിടയിൽ അൽപ്പ സ്വൽപ്പം കേടുപറ്റിയ കോട്ട ഇപ്പോൾ പൂർണ്ണമായും തങ്ങൾക്ക് നഷ്ടപ്പെടാൻ പോകുന്നുവെന്നതറിഞ്ഞതോടെ രാജാവിനു ഇരിക്കപ്പൊറുതിയില്ലാതെയായി. കോട്ടയുടെ അവശേഷിക്കുന്ന ഭഗങ്ങൾ പൊളിച്ച് കല്ലുകളും മറ്റും എടുത്തു കൊണ്ടുപോകാൻ രാജാവ് പ്രജകൾക്ക് അനുമതി നൽകി. അങ്ങിനെയാണ് കരിങ്കൽ പടവും കരിങ്കൽ കട്ടിലയുമൊഴിച്ചെല്ലാം അപ്രത്യക്ഷമായതെന്നു കേൾവി. (ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ)

മേലുദ്ധരണിയിൽ നിന്ന് മനസ്സിലാക്കാനാവുന്നത് ടിപ്പുവിന്റെ പടയോട്ടകാലത്ത് സാധാരണ യുദ്ധത്തിൽ സംഭവിക്കാവുന്നത് പോലെ വളപട്ടണം കോട്ടക്ക് അൽപ്പസ്വൽപ്പം കേടുപാട് സംഭവിച്ചിരുന്നുവെന്നും കോട്ട കൈവശപ്പെടുത്തിയ ടിപ്പു തന്നെ ആ കേടുപാടുകൾ തീർത്ത് ലോഗന്റെ കാലം വരെ കോട്ട നന്നായി സംരക്ഷിക്കപ്പെട്ടുവെന്നുമാണ്. ലിറ്റൺ പ്രഭുവിന്റെ കാലത്താണ് കോട്ട പരിപൂർണ്ണമായി നശിപ്പിക്കുന്നുവെന്നർത്ഥം. ചരിത്രത്തിന്റെ നിക്ഷ്പക്ഷ വായന അതാണ് നമ്മെ തര്യപ്പെടുത്തുന്നത്.



# പാണ്ടികശാല: നിർമ്മാണവും പ്രതാപവും



വളപട്ടണത്തെ പാണ്ടികശാലയെ പരാമർശിക്കുന്ന അഭിനവ ചരിത്രകാരന്മാർ മുഴുവൻ ഈ പാണ്ടികശാലയുടെ കുത്തക പോർച്ചുഗീസുകാർക്ക് തീറെഴുതാറാണ് പതിവ്. വില്യം ലോഗനെ അന്ധമായി അനുകരിച്ചത് കൊണ്ട് വന്ന അബദ്ധമാണിത്. ലോഗനാണ് ആദ്യമായി വളപട്ടണത്തെത്തി പാണ്ടികശാല പോർച്ചുഗീസ് പണിതതായി വ്യാഖ്യാനിക്കുന്നത്.

ഇതിനെ ഖണ്ഡിക്കുന്ന ചിലചോദ്യങ്ങൾ താഴെ കൊടുക്കുകയാണ്.


1) പോർച്ചുഗീസ് അധിനിവേശത്തെ പറ്റി ആധികാരിക ചരിത്രമെഴുതിയ ശൈഖ് സൈനുദ്ധീൻ മഖ്ദൂം (റ) തന്റെ തുഹ്ഫത്തുൽ മുജാഹിദിനിൽ വളപട്ടണത്തെ പോർച്ചുഗീസ് അധിനിവേശത്തെ കുറിച്ചോ വളപട്ടണം കോട്ടയിലെ പോർച്ചുഗീസ് ആധിപത്യത്തെക്കുറിച്ചോ ഒന്നും പറയുന്നില്ല. കണ്ണൂർ കോട്ടയിലെ പോർച്ചുഗീസ് അധിനിവേശത്തെ പറ്റി പരാമർശിച്ച ചരിത്രകാരൻ എന്തുകൊണ്ട് ഈ വിഷയത്തിൽ മാത്രം മൗനിയായി.

2) കണ്ണൂർ കോട്ട കീഴടക്കാനും പോർച്ചുഗീസ് സേനക്കെതിരെ പോരാടാനും വളപട്ടണത്തെ മുസ്‌ലിംകൾ തയ്യാറായതും സംഘടിച്ച് നീങ്ങിയതും മേൽഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. വളപട്ടണത്ത് പോർച്ചുഗീസ് അധിനിവേശം ഉണ്ടായിരുന്നുവെങ്കിൽ ഇതിനെതിരെ പോരാടാതെ എങ്ങിനെയാണ് വളപട്ടണത്തുകാർ കണ്ണൂരിലേക്ക് യുദ്ധത്തിനു പോകുക?

3) പോർച്ചുഗീസുകാർ കച്ചവടത്തിൽ കുത്തക സ്ഥാപിക്കുന്നതോടൊപ്പം പ്രാമുഖ്യം നൽകിയത് 'മത പരിവർത്തന'ത്തിനും കൂടിയായിരുന്നല്ലോ. ഗാമ തികഞ്ഞൊരു മതഭ്രാന്തനായിരുന്നുവെന്നതിന് ചരിത്ര സംഭവങ്ങൾ സാക്ഷിയാണ്. വളപട്ടണം പാണ്ടികശാല ഇവരുടെ കൈവശമായിരുന്നുവെങ്കിൽ തീർച്ചയായും ഇതിനു ചുറ്റുഭാഗവും നിർബന്ധിത മത പരിവർത്തനം നടക്കുമെന്നുറപ്പാണ്. പക്ഷെ ഇതിനു ചുറ്റുപാടെന്നല്ല, വളപട്ടണത്ത് എവിടെയും ഒരു കൃസ്ത്യാനി പോലും അന്നും ഇന്നും ഇല്ല. പരിവർത്തന ശ്രമമോ അതിനെതിരായുള്ള സംഘടനയോ ചരിത്രത്തിലെവിടെയും രേഖപ്പെടുത്തിയിട്ടുമില്ല. എന്തുകൊണ്ടാണ് ഇങ്ങിനെ സംഭവിച്ചത്.

സ്വാഭാവികമായും ഉണ്ടാകുന്ന ഒരു ചോദ്യം. പിന്നെങ്ങനെയാണ് വളപട്ടണത്ത് പാണ്ടികശാല ഉണ്ടായത് എന്നതാണ്. ലളിതമായൊരു മറുപടി പൗരാണിക കാലം മുതൽ വാണിജ്യകേന്ദ്രമായി അറിയപ്പെട്ട വളപട്ടണത്ത് പുഴ വഴി കടന്നെത്തുന്ന മലഞ്ചരക്കുകൾ സൂക്ഷിക്കാൻ പുഴയോരത്ത് തന്നെ അന്നത്തെ വണിക്കുകൾ പാണ്ടികശാല പണിയാറുണ്ട്. ബ്രിട്ടീഷുകാരുടെ ആഗമനകാലത്ത് അവർ അധീനപ്പെടുത്തിയ കോട്ടകളും പാണ്ടികശാലകളും ഭൂരിഭാഗവും പോർച്ചുഗീസുകാരുടേതായിരുന്നു. അതുകൊണ്ട് തന്നെ ചരിത്രത്തിന്റെ ഉള്ളറകളിലേക്ക് കടന്നുചെല്ലാതിരുന്ന ലോഗൻ, വളപട്ടണത്തെ പാണ്ടികശാലയും പോർച്ചുഗീസുകാരുടേതെന്നു എഴുതിവിട്ടു. ഇതിനെ അന്ധമായി അനുകരിച്ച വളപട്ടണം ചരിത്രകാരന്മാരും ഈ ഭീമാബദ്ധം പിന്തുടർന്നു.

1928-ൽ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പേരിൽ പുഴയരികത്ത് പള്ളിക്ക് സമീപമുള്ള എളയടത്ത് പാണ്ടികശാലയിൽ ബാവക്കാന്റവിടെ ഹുസ്സൻ കുട്ടിയെന്നയാൾ പ്രത്യേകം മലയാളം സ്കൂൾ നടത്തിയിരുന്നെന്ന പരാമർശം പാണ്ട്യാലയുടെ പൂർവ്വകാല ചരിത്ര ഉള്ളറകളിലേക്ക് വെളിച്ചം വീശുന്നുണ്ട്.



# സഞ്ചാരികൾ വർണിച്ച വളപട്ടണം

വളരെ പ്രാചീന കാലം തൊട്ട് തന്നെ അറബികൾക്കും റോമക്കാർക്കും പേർഷ്യക്കാർക്കുമിടയിൽ ബിലാദുൽ ഫുൽഫുൽ (കുരുമുളകിന്റെ നാട്) എന്ന പേരിലാണ് കേരളവും വിശിഷ്യാ മലബാറും അറിയപ്പെട്ടിരുന്നത്. ജാഹിലിയ്യാ കാലഘട്ടത്തിലെ (മുഹമ്മദ് നബിക്ക് മുമ്പ്) കവികൾ കേരളത്തെ കുറിച്ചും കുരുമുളകിനെ കുറിച്ചും കവിതകൾ രചിച്ചിട്ടുണ്ട്. അവരുടെ സഞ്ചാരക്കുറിപ്പിൽ ഈ പ്രദേശത്തെ ഔന്നിത്യത്തിന്റെ മേഖലകളിലേക്ക് ഉയർത്തിക്കാണിച്ചിട്ടുണ്ട്. അറബികളും മറ്റും കേരളത്തിലേക്ക് കച്ചവടാവശ്യാർത്ഥം വന്ന് ഇവിടെ നിന്ന് കുരുമുളക്, ഏലം, ചുക്ക്, തേങ്ങ, അടയ്ക്ക എന്നിവ കയറ്റിക്കൊണ്ട് പോവുകയും ചെയ്തിരുന്നു. കൊല്ലം, ചാലിയം, കൊടുങ്ങല്ലൂർ, ധർമ്മടം, വളപട്ടണം, ഏഴിമല തുടങ്ങിയ സ്ഥലങ്ങൾ അക്കാലത്തു തന്നെ വാണിജ്യ കേന്ദ്രങ്ങളായി പ്രസിദ്ധിയാർജ്ജിച്ചിരുന്നുവല്ലോ?

പ്രാചീന കാലഘട്ടത്തിൽ കേരളത്തിലേക്കുള്ള അറബികളുടെ സഞ്ചാരം വെറും വ്യാവസായ താൽപര്യത്തിൽ മാത്രം അധിഷ്ഠിതമായിരുന്നില്ല. അവർ ഇവിടുത്തെ ഭൂമിശാസ്ത്രവും സാംസ്കാരികവും സാമൂഹികവുമായ പരിസ്ഥിതികളെയും രേഖപ്പെടുത്തിവെക്കുന്നതിൽ അതീവ തൽപരരായിരുന്നു.

എ.ഡി. 1498 മെയ് 11ന് (ഹിജ്റ 903 റംസാൻ 23) കോഴിക്കോട് വന്നെത്തിയ പറങ്കിത്തലവനായ വാസ്കോ-ഡ-ഗാമക്കും കൂട്ടർക്കും ''സുപ്രതീക്ഷ മുനമ്പ്'' (Cape of good hope) മുതൽ മലബാർ തീരം വരെ വഴി കാണിച്ച് കൊടുത്തത് സുപ്രസിദ്ധ ഭൂമിശാസ്ത്രജ്ഞനായ ഇബ്നു മാജിദ് എന്ന അറബ്യൻ വംശജന്റെ ''മുഅല്ലിമുൽ അറബ്'' എന്ന അറബ് കൃതിയാണ്.

ഇങ്ങനെ പൗരാണിക അറബി ചരിത്രകാരന്മാർ കേരളത്തിലെ ഓരോ പ്രദേശത്തെക്കുറിച്ചും

''പ്രാചീന കാലഘട്ടത്തിൽ കേരളത്തിലേക്കുള്ള അറബികളുടെ സഞ്ചാരം വെറും വ്യാവസായ താൽപര്യത്തിൽ മാത്രം അധിഷ്ഠിതമായിരുന്നില്ല. അവർ ഇവിടുത്തെ ഭൂമിശാസ്ത്രവും സാംസ്കാരികവും സാമൂഹികവുമായ പരിസ്ഥിതികളെയും രേഖപ്പെടുത്തിവെക്കുന്നതിൽ അതീവ തൽപരരായിരുന്നു.

സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഈ പ്രദേശവുമായി അവർക്കുണ്ടായിരുന്ന ബന്ധവും വസ്തുനിഷ്ഠമായ അറിവുമായിരിക്കണം ഇതിന്നു കാരണം. പ്രാചീന കേരളത്തിന്റെ ചരിത്രം സസൂക്ഷ്മം ഗ്രഹിക്കുവാൻ നമ്മുടെ ഭാഷയിലെ ഗ്രന്ഥങ്ങളെക്കാൾ അറബി ഗ്രന്ഥങ്ങളാണ് ഉപകരിക്കുക.

എ.ഡി. 550-ൽ ഇന്ത്യയിലേക്ക് വന്ന കാസ്മോസ് എന്ന ബൈസാന്റിയൻ സഞ്ചാരിയും വളപട്ടണത്തെ പരാമർശിക്കുന്നുണ്ട്. ഭാരതത്തിലെ ആറ് മഹാ വിപണികളിൽ ഒന്നാണ് മലൈ(കേരളം). ഭാരതത്തിലെ പ്രശസ്തമായ മഹാ വിപണികൾ സിന്ധ്, സൗരാഷ്ട്ര (ഗുജറാത്ത്) കല്ല്യാൺ, ഡിംബോർ (ചൗർ), മലൈ (കേരളം) എന്നിവയാണ്. പർത്തി, മംഗരുക്ക് (മംഗലാപുരം) നാലോപട്ടണം (ധർമ്മപട്ടണം) സാലോപട്ടണം (വളർപട്ടണം), പുതുപട്ടണം എന്നീ അഞ്ചു കേന്ദ്രങ്ങൾ വഴിയാണ് പശ്ചിമ തീരങ്ങളിൽ നിന്ന് കുരുമുളക് കയറ്റി അയക്കുന്നത്.

ക്രിസ്താബ്ദം 9-ാം നൂറ്റാണ്ടിലെ ചരിത്ര ഗവേഷകനായ ഇബ്നു ഖുർദ് ദാബെ 884-885 കാലഘട്ടത്തിൽ രചിച്ച 'കിതാബുൽ മസാലികി വൽമമാലിക്' എന്ന ഗ്രന്ഥത്തിൽ പ്രമുഖ വാണിജ്യ കേന്ദ്രങ്ങളായിരുന്ന കൊല്ലം, കൊടുങ്ങല്ലൂർ, ഏഴിമല, വളപട്ടണം, പന്തലായിനി തുടങ്ങിയ സ്ഥലങ്ങളെപറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ മലബാർ തീരത്തെക്കുറിച്ചും ബാബത്തനിൽ നിന്ന് സരൻ ദ്വീപി (സിലോൺ) ലേക്ക് അരി കയറ്റുമതി ചെയ്തിരുന്നതിനെ കുറിച്ചും പരാമർശിക്കുന്നുണ്ട്. വെള്ളത്താൽ ചുറ്റപ്പെട്ടതും ഒരു ഭാഗം ഉയർന്നു നിൽക്കുന്നതുമായ ഒരു തിരക്ക് പിടിച്ച വാണിജ്യ കേന്ദ്രമാണ് എന്ന പരാമർശം ഇതിന് ബലമേകുന്നു.

പത്താം നൂറ്റാണ്ടിന്റെ പൂർവ്വ

എ.ഡി. 1498 മെയ് 11ന് (ഹിജ്റ 903 റംസാൻ 23) കോഴിക്കോട് വന്നെത്തിയ പറങ്കിത്തലവനായ വാസ്കോ-ഡ-ഗാമക്കും കൂട്ടർക്കും ''സുപ്രതീക്ഷ മുനമ്പ്'' മുതൽ മലബാർ തീരം വരെ വഴി കാണിച്ച് കൊടുത്തത് സുപ്രസിദ്ധ ഭൂമിശാസ്ത്രജ്ഞനായ ഇബ്നു മാജിദ് എന്ന അറബ്യൻ വംശജന്റെ ''മുഅല്ലിമുൽ അറബ്'' എന്ന അറബ് കൃതിയാണ്.

കാലത്തിൽ ജീവിച്ച ഒരു പ്രമുഖ ഭൂമി ശാസ്ത്രജ്ഞനാണ് ഇബ്നുൽ ഫഖീഹ്. അദ്ദേഹം തന്റെ 'മുഖ്ത്തസറു കിതാബുൽ ബുൽദാൻ' എന്ന ഗ്രന്ഥത്തിൽ വളപട്ടണത്തെ വാണിജ്യപരവും സാമൂഹ്യവുമായ പരിതസ്ഥിതികൾ വിവരിക്കുന്നുണ്ട്.

''മസ്ക്കറ്റിൽ നിന്നും ഇന്ത്യയിലേക്ക് പുറപ്പെടുന്ന കപ്പലുകൾ ആദ്യം ഈ സ്ഥലത്താണ് (കൊല്ലം) വരുന്നത്. മസ്കത്തിൽ നിന്ന് ദഹ്ഫത്തനി (ധർമ്മടം) ലേക്ക് 35 ദിവസത്തെ വഴിദൂരവും ബദ്ഫത്തനി (വളപട്ടണം) ലേക്ക് 39 ദിവസത്തെ വഴിദൂരവുമുണ്ട്.''

പത്താം നൂറ്റാണ്ടിലെ മറ്റൊരു ചരിത്രകാരനായ ഇബ്നു ഹൗഖൽ തന്റെ കൃതിയിൽ വളപട്ടണം, ഏഴിമല, ധർമ്മടം തുടങ്ങിയ സ്ഥലങ്ങളുടെ വാണിജ്യ രംഗത്തെ പുരോഗതി വിവരിക്കുന്നുണ്ട്.

പന്ത്രണ്ടാം നൂറ്റാണ്ടിലെ അമൂല്യമായ സംഭാവനയാണ് പ്രസിദ്ധ ചരിത്രകാരനായ ഇദ്രീസിയുടെ 'കിതാബു നുസ്ഹത്തിൽ മുശ്താഖ്' എന്ന ഗ്രന്ഥം. ഇവിടങ്ങളിലെ കയറ്റുമതിയിൽ അറബി വ്യാപാരികളുടെ ആരോഗ്യപരമായ മത്സരവും വളപട്ടണം, ധർമ്മടം, ചാലിയം, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ ഭൂമി ശാസ്ത്രപരമായ പരിസ്ഥിതികളും വിവരിക്കുന്നുണ്ട്.

പതിമൂന്നാം നൂറ്റാണ്ടിലെ ഉൽകൃഷ്ടകൃതികളിലൊന്നായ 'മുഅ്ജമുൽ ബുൽദാൻ' എന്ന കൃതിയിൽ അതിന്റെ കർത്താവും പ്രസിദ്ധ അറബി ചരിത്രകാരനുമായിരുന്ന 'യാഖൂത്തുൽ ഹമവി' ഇപ്രകാരം രേഖപ്പെടുത്തുന്നു. 'നിരവധി നഗരങ്ങളടങ്ങിയ വിസ്തൃതമായ ഒരു രാജ്യമാണ് മലബാർ. ഇവിടെ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുരുമുളക് കയറ്റി അയക്കുന്നു. കോഴിക്കോട്, കൊടുങ്ങല്ലൂർ, ചാലിയം, വളപട്ടണം, ഏഴിമല തുടങ്ങിയവ ഇവിടുത്തെ പ്രധാന തുറമുഖങ്ങളാണ്.

പതിമൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ജീവിച്ച ഖസ്വീനി അജാഇബുൽ ബുൽദാനിൽ മലബാറിനെ കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തുന്നു. ''കുരുമുളക് വ്യാപാരംകൊണ്ട് ഇവിടെ പലരും അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. പറങ്കികൾ വിദൂര പശ്ചാത്യ നാടുകളിലേക്ക് ഇവിടെനിന്ന് കുരുമുളക് കയറ്റിക്കൊണ്ടുപോകുന്നു.

മറ്റൊരു ചരിത്രകാരനായ 14-ാം നൂറ്റാണ്ടിലെ അബുൽഫിദ 'തഖ്വീദുൽ ബുൽദാൻ' എന്ന തന്റെ കൃതിയിൽ ചാലിയം, കൊടുങ്ങല്ലൂർ, എന്നിവിടങ്ങളിൽ താമസിക്കുന്നത് ജൂതന്മാരാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വളപട്ടണത്തെ ജനങ്ങളിലധികവും ബ്രാഹ്മണരാണെന്നും പ്രസ്താവിക്കുന്നു. 14-ാം നൂറ്റാണ്ടിലെ പ്രസിദ്ധമായ ഗ്രന്ഥമാണ് 'തഖ്വീദുൽബുൽദാൻ'

പതിനാലാം നൂറ്റാണ്ടിലെ തന്നെ

മറ്റൊരു ചരിത്രകാരനായ ദിമിശ്ഖി രചിച്ച 'നുഖ്ബത്തു ദുർറ്' എന്ന ഗ്രന്ഥത്തിൽ മലബാർ, കുരുമുളകിന്റെ നാടാണെന്നും കൊല്ലം, കോഴിക്കോട്, ചാലിയം, വളപട്ടണം, കൊടുങ്ങല്ലൂർ, ധർമ്മടം എന്നീ സ്ഥലങ്ങൾ വാണിജ്യ കേന്ദ്രങ്ങളാണെന്നും രേഖപ്പെടുത്തുന്നുണ്ട്.

പതിനാലാം നൂറ്റാണ്ടിലെ പണ്ഡിതനും 1342 ഡിസംബർ 30ന് വളപട്ടണത്ത് എത്തിയ പ്രസിദ്ധ ലോക സഞ്ചാരിയുമായ അബൂഅബ്ദില്ല മുഹമ്മദ് എന്ന ഇബ്നുബത്തൂത്ത തന്റെ വിഖ്യാതമായ 'കിതാബുൽ റിഹ്‌ല'യിൽ വളപട്ടണത്തെ പറ്റി ഇപ്രകാരം രേഖപ്പെടുത്തുന്നു.

ദഹ്ഫത്തനിൽ (ധർമ്മടം) നിന്നു ഞങ്ങൾ ബദ്ഫത്തനി (വളപട്ടണം) ലേക്ക് വന്നു. വളരെ പ്രസിദ്ധിയാർജ്ജിച്ച ഒരു തുറമുഖമാണ് ബദ്ഫത്തൻ. തുറമുഖത്ത് നിന്ന് കുറേ ദൂരത്തായി സമുദ്ര തീരത്ത് മനോഹരമായൊരു പള്ളിയുണ്ട്. തുറമുഖ പരിസരങ്ങളിൽ മുസ്‌ലിംകളുടെ വീടില്ലാത്തതിനാൽ വിദേശികളായ മുസ്‌ലിംകൾ ബദ്ഫത്തനിൽ കപ്പലിറങ്ങിയാൽ ഈ പള്ളിയിലാണ് താമസിക്കുക. പലതുകൊണ്ടും സൗകര്യപ്രദമായ തുറമുഖമാണിത്. അശേഷം അഴുക്കില്ലാത്ത വെള്ളം ഇവിടെ സുലഭമാണ്. ഇന്ത്യയിൽ മറ്റു ഭാഗങ്ങളിലേക്കും ചൈനയിലേക്കും വളരെയധികം അടക്ക ഇവിടെനിന്നും കയറ്റി അയക്കുന്നു. ഇവിടുത്തെ നിവാസികളിൽ ഭൂരിഭാഗവും ബ്രാഹ്മണരാണ്. മറ്റു ഹിന്ദുക്കൾ ഇവരെ ബഹുമാനിക്കുകയും മുസ്‌ലിംകൾ വെറുക്കുകയും ചെയ്യുന്നു. ബ്രാഹ്മണർക്ക് മുസ്‌ലിംകളോടുള്ള മനോഭാവവും ഇതിൽ നിന്നൊട്ടും ഭിന്നമല്ല. അതുകൊണ്ടാണ് മുസ്‌ലിംകൾ ഇവിടെ വിരളമായത്.


ബ്രാഹ്മണ മേധാവിത്വമാണി

> ഹീലി(ഏഴിമല)ക്കും ഫന്ദരീന (പന്തലായിനി)ക്കും ഇടയ്ക്ക് ജർഫത്തൻ, ദഹ്ഫത്തൻ, ബദ്ഫത്തൻ എന്നീ മൂന്നു തുറമുഖങ്ങളെപ്പറ്റി ഇബ്നുബത്തൂത്ത പറയുന്നു. ബദ്ഫത്തൻ (വളപട്ടണം) വളരെ പ്രാധാന്യമായ വലിയ തുറമുഖമാണെന്നും കൂടി പ്രസ്താവിക്കുന്നു.

വിടെ നടമാടിയിരുന്നതെങ്കിലും പള്ളി പൊളിച്ചു കളയുവാൻ അവർ ധൈര്യപ്പെട്ടിരുന്നില്ല. അതിന്നൊരു കാരണവുമുണ്ട്. ഒരിക്കൽ ഒരു ബ്രാഹ്മണൻ തന്റെ പുര പുതുക്കിപ്പണിയുവാൻ പള്ളിയുടെ തട്ട് പൊളിച്ച് കല്ലെടുക്കുവാൻ ശ്രമിച്ചപ്പോൾ യാദൃശ്ചികമായി അയാളുടെ വീട് അഗ്നിക്കിരയാവുകയും അയാളും ഭാര്യയും കുട്ടികളും കത്തി നശിക്കുകയും ചെയ്തു. ഇതറിഞ്ഞ് പരിഭ്രാന്തരായ ജനങ്ങൾ പൊളിച്ച പള്ളി പുതുക്കി പണിയിച്ചു. ഈ സംഭവത്തിന് ശേഷം പള്ളിയിൽ വരുന്ന മുസ്‌ലിം യാത്രക്കാർക്ക് വേണ്ടതായ സൗകര്യങ്ങളെല്ലാം ചെയ്തു കൊടുക്കാൻ തുടങ്ങി. ഇതിനു പുറമെ പള്ളിയിൽ പക്ഷികൾ കടക്കാതിരിക്കാൻ വാതിലിന്റെ മുൻവശത്ത് വലകൊണ്ട് കെട്ടിയിട്ടുണ്ട്. ഇവിടുത്തുകാരനൊരാൾ പറഞ്ഞു കേട്ടതാണീ സംഭവം. (ഇബ്നുബത്തൂത്ത കണ്ട ഇന്ത്യ)

ഹീലി(ഏഴിമല)ക്കും ഫന്ദരീന (പന്തലായിനി)ക്കും ഇടയ്ക്ക് ജർഫത്തൻ, ദഹ്ഫത്തൻ, ബദ്ഫത്തൻ എന്നീ മൂന്നു തുറമുഖങ്ങളെപ്പറ്റി ഇബ്നുബത്തൂത്ത പറയുന്നു. ഏഴിമലയിൽ നിന്നും കപ്പൽ വഴി പത്തുനാഴിക ദൂരത്തുള്ള ജർഫത്തൻ കോലത്തുനാടിന്റെ തലസ്ഥാനമാണെന്നും അതിനു തെക്കുള്ള ദഹ്ഫത്തൻ (ധർമ്മടം) സാമാന്യം നല്ലൊരു തുറമുഖമാണെന്നും ബദ്ഫത്തൻ (വളപട്ടണം) വളരെ പ്രാധാന്യമായ വലിയ തുറമുഖമാണെന്നും കൂടി പ്രസ്താവിക്കുന്നു.

സുലൈമാൻ (എ.ഡി.851), അൽബറൂനി (എ.ഡി. 1051), നിക്കോളോകോണ്ടി (എ.ഡി. 1144), അൽ ഇദ്‌രീസി (എ.ഡി. 1151), ബെഞ്ചമിൻ (എ.ഡി.1165), അൽകസൂനി (എ.ഡി. 1270), അബുൽഫിദ (എ.ഡി.1275) മോണ്ടി കോർവിനൊ (എ.ഡി. 1291), മാർക്കോപോളോ (എ.ഡി. 1293), റശീദുദ്ദീൻ (എ.ഡി. 1300), ജോർണാഡസ് (എ.ഡി. 1320), ഇബിനുബത്തൂത്ത (എ.ഡി. 1342), മാഹ്വൻ (എ.ഡി. 1405), അബ്ദുൽ റസാഖ് (എ.ഡി. 1442), ഫ്രീയാർ ഒഡൊറിക് (1286 –1330) തുടങ്ങിയവരെല്ലാം വളപട്ടണത്തെ പരാമർശിച്ചുണ്ട്. 1526-ൽ ശൈഖ് സൈനുദ്ധീൻ മഖ്ദൂം അൽ മഅ്ബരി (റ) ബദഖതൻ എന്ന പേരിലും വളപട്ടണത്തെ പരാമർശിക്കുന്നു. കൂടാതെ 12-ാം ശതകത്തിന്റെ ആരംഭം മുതൽ 14-ാം നൂറ്റാണ്ട്‌വരെയുള്ള മൂഷികവംശ കാവ്യത്തിലും വളപട്ടണം പരാമർശ വിധേയമാണ്. തുടർന്ന് 1875-ൽ വില്ല്യംലോഗൺ മലബാർ മാന്യുവല്ലിലും വളപട്ടണത്തെ പരാമർശിക്കുന്നുണ്ട്.



# ഇബ്നു ബത്തൂത്തയുടെ വളപട്ടണവും ശഹാദത്ത് മരവും

ചരിത്രകാരന്മാർക്കിടയിൽ ഒട്ടേറെ ചർച്ച ചെയ്യപ്പെട്ട വിവാദമായൊരു വിഷയമാണിത്. 'ജർഫത്തൻ' 'ദഹ്ഫത്തൻ' 'ബദ്ഫത്തൻ' എന്നീ പേരുകൂടി മലയാളീകരിക്കുന്നതിൽ ലോഗനും തുടർ ചരിത്രകാരന്മാരും വ്യത്യസ്ഥ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. 'വളപട്ടണത്ത് ഒരൊറ്റ മുസ്ലിമിനെയും ഞാൻ കണ്ടില്ല. ഭൂരിപക്ഷം ബ്രാഹ്മണരാണ്'. എന്ന ഇബ്നുബത്തൂത്തയുടെ പരാമർശമാണ് ഏറെ വിവാദമായിട്ടുള്ളത്. ഇബ്നുബത്തൂത്തയുടെ കാലത്ത് തന്നെ വളപട്ടണത്ത് മുസ്ലിംകൾ ഉണ്ടായിരുന്നുവെന്നും ഇല്ലായിരുന്നുവെന്നും സ്ഥാപിക്കാനുള്ള ശ്രമങ്ങൾക്ക് പിന്നാലെയായി ചരിത്രകാരന്മാരുടെ പിന്നീടുള്ള ചർച്ചകൾ. ചില മുസ്ലീം ചരിത്രകാരന്മാർ പോലും വളപട്ടണത്തിന്റെ ദുരവസ്ഥ എന്ന പേരിൽ അദ്ധ്യായം നൽകി കൊണ്ട് 'രിഹ്ല' യുടെ ഈ ഭാഗം പരിഭാഷപ്പെടുത്തി. മറ്റു ചിലരാവട്ടെ ലോഗനെ അന്ധമായി അനുകരിച്ചതിനാൽ ദഹ്ഫത്തൻ, ബദ്ഫത്തൻ എന്നിവക്ക് ഗവേഷണം കൂടാതെ ലോഗൻ നൽകിയ അർത്ഥത്തെ സ്വീകരിക്കുകയും ചെയ്തു.

ചരിത്രകാരനായ 'ഇളംകുളം' പ്രസ്താവിച്ചത് ബത്തൂത്തയുടെ മേൽ പ്രസ്താവന ധർമ്മടത്തെ കുറിച്ചാണെന്നാണ്. പണിക്കശ്ശേരി ഇതിനെ ഖണ്ഡിക്കുന്നു. ഹൈദരാബാദിലെ ചരിത്ര പണ്ഡിതനായ ശംസുല്ല ഖാദിരിയാവട്ടെ ബത്തൂത്ത ധർമ്മടത്ത് നിന്ന് തെക്കോട്ട് കപ്പലോടിച്ച് വളപട്ടണത്തെത്തി എന്ന് വിശ്വസിക്കുന്നു. ഇതിനെയും ഖണ്ഡിക്കുന്ന പണിക്കശ്ശേരിയുടെ നിലപാട് കോലത്ത് നാട്ടിലെ ഏറ്റവും വലിയ നദികളായ തളിപ്പറമ്പ് പുഴ, വളപട്ടണം പുഴ, ധർമ്മടം പുഴ എന്നിവയുടെ അഴിമുഖങ്ങളെയാവാം ദഹ്ഫത്തൻ കൊണ്ടുദ്ദേശിക്കുന്നത് എന്ന് അഭിപ്രായപ്പെടുത്തുന്നു. ബത്തൂത്ത ഏഴിമലയിൽ നിന്ന് ഒരു ദിവസം യാത്ര ചെയ്ത് ജർഫത്തൻ എന്ന ശ്രീകണ്ഠപുരത്തെത്തിയെന്നും തുടർന്ന് ബദ്ഫത്തൻ എന്ന വളപട്ടണത്തും ഇവിടെ നിന്ന് ദഹ്ഫത്തർ എന്ന ധർമ്മ

ഹിജ്റ നൂറ്റിച്ചില്ലറ മുതൽ വളപട്ടണത്ത് മുസ്ലിം ആധിപത്യവും ഖാസിമാരും പഴയ ജുമുഅത്ത് പള്ളിയും നിലവിലുണ്ടായിട്ടും ഇവയൊന്നും കാണാതെ വളപട്ടണത്ത് മുസ്ലീംകളില്ല, ബ്രാഹ്മണർ മാത്രമേയുള്ളൂവെന്നും ബത്തൂത്ത പ്രസ്താവിക്കാൻ കാരണമെന്ത്?



ടത്തും എത്തിയതായി ലോഗൻ പരിഭാഷപ്പെടുത്തുന്നു. ഇതിനെ ഖണ്ഡിക്കുന്ന എം.പി കുമാരനാവട്ടെ ലോഗന് തെറ്റുപറ്റിയതായി സമർത്ഥിക്കുന്നതോടൊപ്പം ശ്രീകണ്ഠപുരത്ത് ബത്തൂത്ത പോയിട്ടില്ലെന്നും വളപട്ടണമായി പലരും തെറ്റിദ്ധരിക്കുന്ന ബദ്ഫത്തൻ യഥാർത്ഥത്തിൽ വളക്കരക്കടുത്തുള്ള പുതുപട്ടണം -അഥവാ പുതുപ്പണമാണെന്നും ദഹ്ഫത്തൻ എന്നത് സമർപട്ടണമെന്നും വ്യാഖ്യാനിക്കുന്നു. മറ്റു ചിലരാവട്ടെ ജർഫത്തനെ വളപട്ടണമായി വ്യാഖ്യാനിച്ച് ബത്തൂത്തയുടെ യാത്രാവിവരണത്തിലെ അപാകത പരിഹരിക്കാൻ ശ്രമം നടത്തുകയും ചെയ്യുന്നു.

മേൽവിഷയങ്ങളെല്ലാം പഠനവിധേയമാക്കി നവീന വീക്ഷണങ്ങളാണ് വളപട്ടണം ചരിത്രമെഴുതാൻ ഇറങ്ങി തിരിച്ചവർ മുന്നോട്ടുവെച്ചത്. നിഗമനങ്ങൾക്കൊടുവിൽ ഇബ്നു ബത്തൂത്ത വളപട്ടണത്ത് വന്നിട്ടേയില്ലെന്നും ഇവിടെ ശഹാദത്ത് മരത്തെ പ്രതിഷ്ഠിക്കാൻ ചിലർ ശ്രമിക്കുന്നതിൽ അവർ ധാർമ്മികരോഷം കൊള്ളുകയും ചെയ്യുന്നു.

പഴമക്കാരിൽ ചിലരുടെ അഭിപ്രായമനുസരിച്ച് മുമ്പ് വളപട്ടണം മുഴുവൻ പുഴയായിരുന്നുവെന്നും കുന്നത്ത്പള്ളിയുടെ ഉയർന്ന പ്രദേശം മാത്രമാണ് കരഭാഗമെന്നും അതുകൊണ്ടുതന്നെ നദിക്കരയിൽ ബത്തൂത്ത കണ്ട പള്ളി കുന്നത്ത്പള്ളിയാണെന്നും പറയുമ്പോൾ മറ്റു ചിലർ പുഴയരികത്ത് പള്ളിയാണെന്ന് സ്ഥാപിക്കാൻ പെടാപാട് പെടുന്നു. വേറെ ചിലരാവട്ടെ വളപട്ടണത്തിന്റെ പുരാതന തുറമുഖം അഴീക്കലാണെന്നും സമുദ്ര സഞ്ചാരിയായ ബത്തൂത്ത അഴീക്കൽ തുറമുഖത്ത് എത്തിയെന്നും തുറമുഖത്ത് കാണുന്ന പള്ളിയാണ് കണ്ടതെന്നും വളപട്ടണം നഗരത്തിൽ പ്രവേശിക്കാതിരുന്നതിനാലാണ് മുസ്ലീംകളെ കാണാതിരുന്നതെന്നും അഭിപ്രായപ്പെടുന്നു.

ഇവയ്ക്കെല്ലാം മറുപടി കണ്ടെത്തുന്നതിനു മുമ്പ് ചില കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ട്. ഹിജ്റ നൂറ്റിച്ചില്ലറ മുതൽ വളപട്ടണത്ത് മുസ്ലിം ആധിപത്യവും ഖാസിമാരും പഴയ ജുമുഅത്ത് പള്ളിയും നിലവിലുണ്ടായിട്ടും ഇവയൊന്നും കാണാതെ വളപട്ടണത്ത് മുസ്ലീംകളില്ല, ബ്രാഹ്മണർ മാത്രമേയുള്ളൂവെന്നും ബത്തൂത്ത പ്രസ്താവിക്കാൻ കാരണമെന്ത്? നൂറ്റാണ്ടുകൾ നിലനിന്ന ഖാസി പരമ്പരയും മുസ്ലീംകളും എവിടെയാണ് അപ്രത്യക്ഷമായത്? ഹിജ്റ 742 (എ.ഡി. 1342 ഡിസംബർ 30) ൽ ബത്തൂത്ത വളപട്ടണത്തെത്തുമ്പോൾ ഇവിടെയില്ലായിരുന്ന മുസ്ലിംകളും ഖാസിമാരും ഹിജ്റ 827-ൽ ജലാലുദ്ദീൻ ബുഖാരി (റ) ന്റെ ആഗമന കാലത്ത് എവിടെ നിന്നാണ് പുനരവതരിപ്പിച്ചത്? അതല്ല നൂറ് കൊല്ലത്തിനിടയിൽ ഉണ്ടായ മുസ്ലിം അധിനിവേശം കൊണ്ടുണ്ടായതാണോ? ഇതിനു മറുപടി കണ്ടെത്തുന്നതിനു മുമ്പ് മറ്റാരുടെയും പിന്നാലെ പോകാതെ രിഹ്ലയിലെ പരാമർശ ഭാഗങ്ങൾ ഒറിജിനൽ അറബി ഗ്രന്ഥത്തിൽ നിന്ന് നമുക്കൊന്ന് പരിഭാഷപ്പെടുത്തിനോക്കാം.

**'രിഹ്ല' അറബി മൂലകൃതിയിൽ നിന്ന്:**

'ഏഴിമലയിൽ നിന്ന് പിന്നീട് ഞങ്ങൾ ജർഫത്തനിലേക്ക് വന്നു. ഏഴിമലയുടെയും ജർഫത്തനിന്റെയും ഇടയ്ക്ക് മൂന്ന് ഫർസഖ വഴിദൂരമുണ്ട്. ബാഗ്ദാദുകാരനായ ഒരു പണ്ഡിതനെ അവിടെ വെച്ചു കണ്ടുമുട്ടി. വലിയ സ്ഥാനമുള്ള അദ്ദേഹം സർസരക്കാരനാണ്. ബാഗ്ദാദിൽ നിന്നും കൂഫയിലേക്ക് പോകുന്ന വഴി മധ്യേ 10 മൈൽ അകലെയുള്ള നാടാണ് സർസര. മൊറോക്കയിലെ സർസര എന്ന പേരു പോലെ തന്നെയാണ് ഈ സർസരയും. സമ്പന്നനായ ഇദ്ദേഹത്തിന്റെ സഹോദരനും കുട്ടികളും ഇവിടെ തന്നെയാണ് താമസം. തന്റെ മരണ ശേഷം സമ്പത്തും സന്താനങ്ങളെയും നാട്ടിലേക്ക് എത്തിച്ചുകൊടുക്കാൻ വസിയത്ത് ചെയ്തിട്ടുണ്ടദ്ദേഹം. ഇന്ത്യക്കാരുടെ പതിവ് സുഡാൻകാരുടെ പതിവ് പോലെ തന്നെയാണ്. മയ്യിത്തിന്റെ ധനം കൊള്ളേ നോക്കില്ല. ധനം പതിനായിരക്കണക്കിന് ആയാലും ശരി. മരണശേഷം ഈ ധനം മുസ്ലിംകളുടെ വലിയ നേതാവിന്റെ കയ്യിൽ ഏൽപിക്കും. അവകാശികൾ മത



നിയമപ്രകാരം അത് കൈവശപ്പെടുത്തുന്നത് വരെ.

ഇവിടുത്തെ നാടുവാഴിയുടെ പേര് കോയൽ എന്നാണ്. മലബാറിലെ ഒരു ശക്തനായ രാജാവാണ് അദ്ദേഹം. ഈ രാജാവിന് ഒമാൻ, പേർഷ്യ, യമൻ എന്നിവിടങ്ങളിലേക്ക് പോകുന്ന കപ്പലുണ്ട്. ജർഫത്തനിൽ നിന്ന് ഞങ്ങൾ ദഹ്ഫത്തനിലേക്ക് യാത്രയായി. നദീതീരത്തിൽ സ്ഥിതി ചെയ്യുന്ന വലിയ പട്ടണമാണിത്. വലിയ തോട്ടങ്ങൾ ഇവിടെ ധാരാളമുണ്ട്.

ഇവിടെ തേങ്ങയും അടക്കയും കുരുമുളകും വെറ്റിലയും ധാരാളമായി ലഭിക്കുന്നു. കപ്പയുടെ കാര്യം പറയുകയും വേണ്ട. ഇറച്ചിയും കപ്പയും കൊണ്ടുള്ള വിശേഷപ്പെട്ട കറിയും ഇവർ ഉണ്ടാക്കിയിരുന്നു. വാഴപ്പഴം ഇത്രയുമധികം ഞാൻ ഒരു നാട്ടിലും കണ്ടിട്ടില്ല. ആദായ വിലയ്ക്ക് ഇഷ്ടംപോലെ അത് കിട്ടുകയും ചെയ്യും.

ഇവിടത്തെ പ്രസിദ്ധമായ കുളത്തിനു അഞ്ഞൂറടി നീളവും മുന്നൂറടി വീതിയുമുണ്ട്. ചെത്തി മിനുസപ്പെടുത്തിയ ചെങ്കല്ലു കൊണ്ട് അതിന്റെ ചുറ്റു ഭാഗവും പടുത്തിരിക്കുന്നു. അതിന്റെ നാലുഭാഗത്തുമായി ഇരുപത്തിയെട്ട് കൽമണ്ഡപങ്ങളുമുണ്ട്. ഓരോ മണ്ഡപത്തിലും നാലു ശിലകൊണ്ടുള്ള ബെഞ്ചുകളും മണ്ഡപത്തിലേക്ക് പടവുകളും നിർമ്മിച്ചിരിക്കുന്നു. വുളു എടുക്കാനും കുളിക്കാനും ആളുകൾ ഈ പടുവിലൂടെ ഇറങ്ങാറുണ്ട്. ഈ പള്ളിയും കുളവും നിർമ്മിച്ചത് കോയൽ രാജാവിന്റെ ഇസ്ലാം മതം സ്വീകരിച്ച ഒരു മുൻഗാമിയായിരുന്നുവെന്ന് മതപണ്ഡിതനായ ഹുസൈൻ എന്നോട് പറഞ്ഞു. അയാളുടെ ഇസ്ലാം സ്വീകരണത്തിനു പിന്നിൽ അത്ഭുതകരമായ ഒരു കഥയുണ്ട്.


ഈ പള്ളിയുടെ സമീപം കാണുന്ന നിത്യ ഹരിത വൃക്ഷത്തിന്റെ ഇലയ്ക്ക് അത്തിമര വൃക്ഷത്തിന്റെ ഇലയോട് സാദൃശ്യമുണ്ട്. പക്ഷെ, അതിനെക്കാൾ മൃദുലമാണ് ഇതിന്റെ ഇലകൾ. ഇതിനു ചുറ്റും കെട്ടിപ്പൊക്കിയ ആൽത്തറയിൽ ഒരു നിസ്ക്കാര മണ്ഡപമുണ്ട്. ഞാനവിടെ രണ്ട് റക്അത്ത് നിസ്കരിച്ചു.

> പ്രസിദ്ധമായ കുളത്തിനു നാലുഭാഗത്തുമായി ഇരുപത്തിയെട്ട് കൽമണ്ഡപങ്ങളുമുണ്ട്. ഓരോ മണ്ഡപത്തിലും നാലു ശിലകൊണ്ടുള്ള ബെഞ്ചുകളും മണ്ഡപത്തിലേക്ക് പടവുകളും നിർമ്മിച്ചിരിക്കുന്നു.

വേനൽക്കാലത്ത് ഇതിലെ ഒരു ഇലയുടെ നിറം ആദ്യം മഞ്ഞയും പിന്നെ ചുകപ്പുമായി തീരുകയും അതിനു ശേഷം അതു കൊഴിഞ്ഞു വീഴുകയും ചെയ്യുന്നു. അതിനു മേൽ ദൈവ ശക്തിയുടെ തൂലിക കൊണ്ട് ''ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹി'' എന്നു കുറിച്ചിട്ടുണ്ടായിരിക്കും. മത പണ്ഡിതനായ ഹുസൈനും വിശ്വസിക്കാവുന്ന കുറേ പേരും എന്നോട് പറഞ്ഞു. ഇവർ ഈ ഇല കണ്ടിട്ടുണ്ടെന്നും അതിനുമേലുള്ള എഴുത്ത് വായിച്ചിട്ടുണ്ടെന്നും. ഇല വീഴാറാവുന്ന കാലമായാൽ ഇതിനു താഴെ ഹിന്ദുക്കളും മുസ്ലീംകളും അതു വീഴുന്നതും കാത്തു നിൽക്കും. വീണാൽ ഇലയുടെ ഒരു പകുതി മുസ്ലീംകൾക്കും മറ്റേ പകുതി രാജാവിന്റെ ഭണ്ഡാരത്തിലേക്കുമുള്ളതാണ്. ഈ പുണ്യ ഇല രോഗശാന്തിക്ക് നാട്ടുകാർ ഉപയോഗിക്കാറുണ്ടത്രെ.

മുമ്പു പറഞ്ഞ കുളവും പള്ളിയും നിർമ്മിച്ച മുൻ കോയൽ രാജാവ് ഇസ്ലാം മതം സ്വീകരിച്ചത് ഈ അത്ഭുത ഇല കണ്ടിട്ടാണ്. അദ്ദേഹത്തിന് അറബി എഴുത്തുകൾ വായിക്കാൻ കഴിഞ്ഞിരുന്നു. ഈ അത്ഭുത ഇലയിലെ എഴുത്ത് വായിച്ചപ്പോൾ കാര്യം ഗ്രഹിച്ച് അദ്ദേഹം ഇസ്ലാം മതം സ്വീകരിച്ചു. പിന്നീട് നല്ല മുസ്ലിമായി ജീവിക്കുകയും ചെയ്തു. ഈ കഥ നാട്ടിൽ പ്രചാരമുള്ളതാണ്.

മത പണ്ഡിതനായ ഹുസൈൻ ബാക്കി പറഞ്ഞ കാര്യങ്ങൾ : ഈ കോയൽ രാജാവിന്റെ ഒരു അനന്തരവൻ ഇസ്ലാം മതം ത്യജിച്ച് മർദനഭരണം തുടങ്ങി. ഈ മരം




അയാൾ കടപുഴക്കി. അതിന്റെ യാതൊരു അവശിഷ്ടവും അവശേഷിക്കാത്ത വിധം നശിപ്പിച്ചു. പക്ഷേ അവിടെ ഈ മരത്തേക്കാളും പുഷ്ടിയുള്ള ഇതേ ജാതിയിൽപ്പെട്ട മറ്റൊരു മരം മുളച്ചുപൊന്തി. ഈ ദുഷ്ടനായ രാജാവിന് താമസിയാതെ ജീവനാശം സംഭവിക്കുകയും ചെയ്തു.

പിന്നെ ഞങ്ങൾ ബദ്ഫത്തനിലേക്ക് പോയി. വിശാലമായ തീരത്ത് സ്ഥിതിചെയ്യുന്ന വലിയ പട്ടണമാണത്. പട്ടണത്തിനു പുറത്ത് കടലിനോടടുത്ത് ഒരു പള്ളിയുണ്ട്. വഴി പോക്കരായ മുസ്ലീംകളുടെ അഭയസ്ഥലമാണ് ഈ പള്ളി. കാരണം ബദ്ഫത്തൻ അങ്ങാടിയിൽ ഒരൊറ്റ മുസ്ലിം വീടുമില്ല. ഇവിടുത്തെ തുറമുഖം വിശേഷപ്പെട്ടതാണ്. ശുദ്ധജലം ഇവിടെ ലഭ്യമാണ്. അടക്ക വ്യാപാരം വലിയതോതിൽ നടക്കുന്നു. ഇന്ത്യയുടെ വിവിധ ഭഗങ്ങളിലേക്കും ചൈനയിലേക്കും ഇവിടെ നിന്ന് അടക്ക കയറ്റി അയക്കാറുണ്ട്. ഇവരിൽ ഭൂരിപക്ഷവും ബ്രാഹ്മണരാണ്. അവരെ ഹിന്ദുക്കൾ വന്ദിക്കുകയും മുസ്ലീംകൾ വെറുക്കുകയും ചെയ്യുന്നു. അതുകൊണ്ട് ആ നാട്ടിൽ മുസ്ലിം ഇല്ല.

ഇവിടെ ഈ പള്ളി അവശേഷിച്ചതിന്റെ പിന്നിൽ ഒരു കഥയുണ്ട്. ഒരു ബ്രാഹ്മണൻ പള്ളിയുടെ മേപ്പുര പൊളിച്ച് തന്റെ ഇല്ലത്തിനു ഉപയോഗിച്ചു. ആ വീട് അഗ്നിക്കിരയാവുകയും അയാളും മക്കളും വെന്തു മരിക്കുകയും ചെയ്തു. ഈ സംഭവത്തിനുശേഷം ഈ പള്ളിയോടവർ അനാദരവ് കാണിച്ചിട്ടില്ല. മാത്രമല്ല, പള്ളിക്ക് സകല സംരക്ഷണവും അവർ നൽകുകയും ചെയ്യുന്നുണ്ട്. പള്ളിക്കടുത്ത് കുടിവെള്ളമേർപ്പെടുത്തുകയും പള്ളി അടക്കാതിരിക്കാൻ അതിന്റെ വാതിലുകൾ അവരുടെ വകയായി വലകൾ വിരിക്കുകയും ചെയ്തിട്ടുണ്ട്. 'പിന്നെ പന്തലായനിലേക്ക് ഞങ്ങൾപോയി. അവിടെ നിന്ന് കാലിക്കൂത്തിലേക്കും'.

**ദഹ്ഫത്തൻ – ബദ്ഫത്തൻ : സ്ഥല വിശേഷണങ്ങളും പൊരുത്തവും:**

മേൽ ഉദ്ധരണികളിൽ നിന്ന് ഒരു പാട് കാര്യങ്ങൾ സുതരാം വ്യക്തമാകുന്നുണ്ട്. ജർഫത്തൻ, ദഹ്ഫത്തൻ, ബദ്ഫത്തൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന സ്ഥലങ്ങൾ പരാമർശ വിധേയമാകുന്നു. ഏഴിമലയിൽ നിന്ന് അഞ്ച് ഫർസഖ സഞ്ചരിച്ച് അദ്ദേഹം ജർഫത്തനിൽ എത്തുന്നു. അഞ്ച് ഫർസഖ എന്നതിനു ഒരു മൈൽ എന്നും 15 കിലോ മീറ്റർ എന്നും അർത്ഥം കൊടുത്തവരുണ്ട്. ചരിത്രകാരന്മാർ മെറോക്കൻ കണക്കനുസരിച്ച് ഒരു ഫർസഖ എന്നത് മൂന്ന് ഹാശിമീ മൈലാണ് കണക്കാക്കുന്നത്. ഒരു ഹാശിമി മൈൽ എന്നത് ഇംഗ്ലീഷ് കിലോമീറ്ററും കണക്കനുസരിച്ച് ഒരു കിലോമീറ്റർ 700 മീറ്ററും ആണ്. അപ്പോൾ അഞ്ച് ഫർസഖ എന്നതിനു 25 കിലോമീറ്റർ, 500 മീറ്റർ ലഭിക്കും. ഏഴിമലയിൽ നിന്ന് ഇത്രയും യാത്ര ചെയ്താൽ ശ്രീകണ്ഠപുരത്തെത്തും. വളപട്ടണത്തോ ധർമ്മടത്തോ എത്താൻ ഇത്ര കിലോമീറ്റർ പോര. അതിനാൽ ഇബ്നു ബത്തൂത്ത പറഞ്ഞ ജർഫത്തൻ ശ്രീകണ്ഠപുരമാണെന്നു തീർച്ച.

പിന്നീട് അദ്ദേഹം പോകുന്നത് ദഹ്ഫത്തനിലേക്കാണ്. ദഹ്ഫത്തൻ ധർമ്മടമാണെന്നു കൽപ്പിച്ചാൽ ഒരു പ്രശ്നമുണ്ട്. ഏഴിമലയിൽ നിന്നും ശ്രീകണ്ഠപുരത്തേക്കും തുടർന്നു ധർമ്മടത്തേക്കും തിരിച്ചു പിന്നെ വളപട്ടണത്തേക്കും വീണ്ടും പന്തലായനിയിലേക്കും അവിടെ നിന്നു കോഴിക്കോട്ടേക്കും പോയി എന്നു കരുതേണ്ടിവരും. ഇവിടെ വെച്ച് മാത്രം ബത്തൂത്ത യാത്ര തെറ്റിക്കേണ്ടി വന്നത് എന്തുകൊണ്ടായിരിക്കുമെന്ന ചോദ്യം ഇതോടെ ഉയരുന്നു. ശ്രീകണ്ഠപുരത്തു നിന്നു കൂടെക്കൂടിയ ഹുസൈൻ എന്നയാൾ ഗൈഡായി കൂടെയുള്ളപ്പോൾ പ്രത്യേകിച്ചു വഴി തെറ്റാൻ ഇടയില്ല. ഈ ഹുസൈൻ തന്നെയാണ് വളപട്ടണത്തെ ശഹാദത്ത് മരത്തെയും വിശദീകരിച്ചുകൊടുക്കുന്നത്. അപ്പോൾ അറബിഗ്രന്ഥം പരിഭാഷപ്പെടുത്തിയിടത്താണ് അബദ്ധം സംഭവിച്ചത്. ബത്തൂത്തയുടെ യാത്രക്കല്ല എന്നു വരുന്നു. ശ്രീകണ്ഠപുരം-വളപട്ടണം-ധർമ്മടം-പന്തലായനി-കോഴിക്കോട് എന്ന രൂപത്തിൽ തന്നെയാണ് ബത്തൂത്ത യാത്ര ചെയ്തതെന്നർത്ഥം. ബത്തൂത്തയുടെ ദഹ്ഫത്തൻ വളപട്ടണവും ബദ്ഫത്തൻ ധർമ്മടവുമാണ്. ധർമ്മടത്തെ 'ധ' യോടു ചേർന്നു വരുന്നത് ദഹ്ഫത്തനിലെ 'ദ' യും വളപട്ടണത്തിലെ 'വ' യോടു ചേർന്നു വരുന്നത് ബദ്ഫത്തനിലെ 'ബ'യുമായതിനാലാവാം പരിഭാഷകർ തെറ്റായി പരിഭാഷപ്പെടുത്തിയിരിക്കാൻ സാധ്യത.

കക്കുളങ്കര പള്ളിയുടെ പഴയകാല ഫോട്ടോ



മറ്റൊരു സാധ്യതയുള്ളത് കോഴിക്കോടു നിന്ന് യാത്ര തിരിച്ച ബത്തൂത്തയ്ക്ക് അപകടത്തിൽ യാത്രാരേഖകൾ നഷ്ടപ്പെട്ടതിനാൽ അദ്ദേഹം ഓർമയിൽ നിന്നെടുത്തെഴുതിയപ്പോൾ സ്ഥലനാമ വാക്കുകൾ അങ്ങോട്ടുമിങ്ങോട്ടും മാറിയിരിക്കാം എന്നതാണ്. സ്ഥലനാമങ്ങൾ മാറിയാലും സ്ഥലവിശേഷണങ്ങൾ പൂർണ്ണമായും യോജിക്കുന്നത് ഞങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുന്നു. മുമ്പു പറഞ്ഞ വളപട്ടണത്തെ മുസ്ലിം അധിനിവേശ പ്രശ്നത്തിനും ഇതോടെ പരിഹാരമുണ്ടാകുന്നു.

ധർമ്മടത്ത് സ്വഹാബത്തെടുത്ത പള്ളി ഇബ്നു ബത്തൂത്തയുടെ വിശദീകരണത്തോടു യോജിക്കുന്നുണ്ട്. പട്ടണത്തിനു പുറത്ത്, എന്നാൽ കടൽ തീരത്താണ് ധർമ്മടത്തെ പള്ളി നിലകൊള്ളുന്നത്. ധർമ്മടം വളപട്ടണം പോലെ അറിയപ്പെടുന്ന മുസ്ലിം കേന്ദ്രമായിരുന്നില്ല.

**കൽകുളവും ജുമാമസ്ജിദും പിന്നെ ശഹാദത്ത് മരവും:**

ദഹ്ഫത്തൻ വളപട്ടണവും ബദ്ഫത്തൻ ധർമ്മടവുമായി വരുമ്പോൾ ബത്തൂത്തയുടെ വിശദീകരണങ്ങൾ യോജിക്കുന്നുവെന്നും ചരിത്രപ്രശ്നങ്ങൾക്ക് ഉത്തരം ലഭിക്കുന്നുവെന്നുമാണ് ഈ പറഞ്ഞതിന്റെ അർത്ഥം. എങ്കിൽ അദ്ദേഹം വർണ്ണിച്ച കൽക്കുളവും അതിനോടനുബന്ധിച്ചുള്ള ജുമുഅത്ത് പള്ളിയും അതിനോടടുത്തുള്ള ശഹാദത്ത് മരവും ഏതായിരിക്കാം എന്നതാണ്.

ഒരു നീണ്ട കാലത്തെ പഠനത്തിനു ശേഷം ഞങ്ങൾ കണ്ടെത്തിയ ചരിത്രസത്യം ഗവേഷണ ചരിത്രലോകത്തോടു വിളിച്ചു പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ബത്തൂത്ത വന്നത് വളപട്ടണത്താണെന്നും ബത്തൂത്ത കണ്ട ജുമുഅത്ത് പള്ളി വളപട്ടണത്തെ ആദ്യ ജുമുഅത്ത് പള്ളിയായ കക്കുളങ്ങര പള്ളിയാണെന്നും കുളം കക്കുളങ്ങര കുളമാണെന്നുമാണ് കണ്ടെത്താനായത്. കുളത്തിനു പ്രാമുഖ്യം നൽകിയതിനാൽ കുളത്തോടു ചേർത്ത് വിളിക്കപ്പെട്ടുവരുന്ന കക്കുളങ്ങര (കൽക്കുളങ്കര) എന്ന പേരു തന്നെ കുളത്തിന്റെ പ്രാധാന്യം വിളിച്ചുപറയുന്നു.

കൂടാതെ ചരിത്രത്തിന്റെ തിരുശേഷിപ്പെന്നോണം അദ്ദേഹം പരാമർശിച്ച 28 കൽമണ്ഡപങ്ങളിൽ ഒന്ന് നാശമാവാതെ കക്കുളങ്ങര പള്ളിയുടെ കുളക്കരയിലുണ്ട്. കൂടാതെ കക്കുളങ്കര പള്ളിയുടെ ഒരു പഴയ ഫോട്ടോയിൽ വേറൊരു കൽമണ്ഡപം ഇപ്പോഴത്തെ മെയിൻ റോഡിന്റെ ഭാഗത്തും കാണാം. കുളം ചെത്തി മിനുസപ്പെടുത്തിയ ചെങ്കല്ലിനാൽ ചുറ്റുപാടും കുളിക്കാനും ഇപ്പോഴും ആളുകൾ ഈ പടവുകൾ ഉപയോഗിക്കാറുമുണ്ട്. ചിറക്കൽ രാജവംശത്തിലെ ഒരു ഇളമുറ തമ്പുരാൻ (രവി വർമ്മ) ഇസ്ലാം മതം സ്വീകരിച്ചതും അദ്ദേഹം മേൽപള്ളി പുതുക്കിപണിതു നൽകിയതും ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്. (വളപട്ടണം കക്കുളങ്കര പള്ളി ഒന്നിലേറെ തവണ പുതുക്കിപ്പണിതിരുന്നു. അതോടെ പള്ളിയുടെ അന്നത്തെ രൂപത്തിനു മാറ്റം വന്നു. ഇതോടെയാവാം കുളത്തിനും മാറ്റം വന്നത്. ഈ കുളക്കരയിലെ പരാമർശവിധേയമായ ശഹാദത്ത് മരം നാം അന്വേഷിക്കുന്ന സ്വഹാബി (റ) യുടെ ഖബറിനോടനുബന്ധമായിരിക്കുമോ എന്നു പരിശോധിക്കേണ്ടതാണ്. വളപട്ടണം ഖാസി കോയമ്മ തങ്ങളുടെ വിവരണ പ്രകാരം ഖാസി സീതി ഇബ്രാഹിം (റ) ന്റെ ഖബർ കുളത്തിന് പടിഞ്ഞാറ് ഭാഗത്ത് കാണുന്ന ആദ്യ ഖബർ ആണ്. എങ്കിൽ സിദ്ധീഖ് (റ) യുടെ മക്കളുടെ ഖബറുകൾക്ക് മുന്നിൽ ആദ്യമായി കാണുന്ന ഖബർ ആരുടേതായിരിക്കാം? ഈ സ്വഹാബിയുടേതാകുമോ?)

കോലത്തിരി ഏറ്റവും ബന്ധപ്പെടുന്നത് വളപട്ടണവുമായാണ്. ആസ്ഥാനം ചിറക്കലുമാണ്. കൂടാതെ പ്രതാപകാലത്ത് ചിറക്കൽ രാജവംശത്തിനധീനതയിൽ പേർഷ്യ യമൻ എന്നിവിടങ്ങളി

കുളത്തിനു പ്രാമുഖ്യം നൽകിയതിനാൽ കുളത്തോടുചേർത്ത് വിളിക്കപ്പെട്ടു വരുന്ന കക്കുളങ്ങര (കൽക്കുളങ്കര) എന്ന പേരു തന്നെ കുളത്തിന്റെ പ്രാധാന്യം വിളിച്ചു പറയുന്നു.

കൂടാതെ ചരിത്രത്തിന്റെ തിരുശേഷിപ്പെന്നോണം 28 കൽമണ്ഡപങ്ങളിൽ ഒന്ന് നാശമാവാതെ കക്കുളങ്ങര പള്ളിയുടെ കുളക്കരയിലുണ്ട്.

ലേക്കു പോകുന്ന വിവിധ കപ്പലുകൾ നൗറ (നാറാത്ത്) കേന്ദ്രീകരിച്ചുണ്ടായിരുന്നു. മൂഷിക വംശ കാവ്യവും പതിറ്റുപത്തും നൗറ വർണ്ണിച്ചിടത്ത് ഈ രാജകീയ പ്രൗഢിയെ വാഴ്ത്തിപ്പറയുന്നുണ്ട്.

വളപട്ടണം പുഴയുടെ തീരത്തു തന്നെയാണ് ബത്തൂത്ത പറഞ്ഞതു പോലെ വളപട്ടണം നഗരം സ്ഥിതി ചെയ്യുന്നത്. കീരിയാടു വയലടക്കമുള്ള നദീതീരത്തെ വിശാലമായ കൃഷിയിടത്തിൽ തേങ്ങയും അടക്കയും കുരുമുളകും വെറ്റിലയും സമൃദ്ധമായി വിളഞ്ഞിരുന്നു. കപ്പ, ഇറച്ചിയും മീനും ചേർത്ത് ഭക്ഷിച്ചിരുന്നത് മുസ്ലിംകൾ മാത്രമല്ല. പിടാരർ കൂടിയാണ്. ഇന്നും ഇഷ്ടഭോജ്യമായി തിന്നു വരുന്നുണ്ട്.

എല്ലാം കൊണ്ടും വളപട്ടണത്തെ സംബന്ധിച്ചു തന്നെയാണ് ഇബ്നു ബത്തൂത്ത വർണ്ണിച്ചതെന്നും മറ്റൊരു പ്രദേശമായും ഈ വർണ്ണനകൾ യോജിക്കുന്നില്ലെന്നും സുവ്യക്തമാണ്.

വളപട്ടണത്തെ പഴമക്കാർ ഇത്തരമൊരു ശഹാദത്ത് മരത്തെക്കുറിച്ചു തലമുറകളായി കെസ്സുപാടാറുണ്ട്. ഖാസിമാരുടെ കൈവശമുള്ള ഒരറബി പദ്യശകലത്തിൽ വളപട്ടണത്തെ ശഹാദത്ത് മരത്തെക്കുറിച്ചു വിവരണം പാടുന്നത് കേട്ടിട്ടുണ്ട്.

**വളപട്ടണം ഒരു തുരുത്തായിരുന്നില്ല:**

വളപട്ടണം, 'തുരുത്തി' എന്ന പേരിലറിയപ്പെടുന്ന വെള്ളം കൊണ്ടു മൂടിയ സ്ഥലമായിരുന്നെന്ന് പറയുന്നവരുണ്ട്. ഈ പ്രസ്താവന ശരിയാവാനിടയില്ല. ഇബ്നു ബത്തൂത്ത യാത്രാവേളയിൽ കണ്ട വളപട്ടണത്തെ ജുമുഅത്ത് പള്ളിയും കുളവും തന്നെ ഉദാഹരണം. ദഹ്ഫത്തൻ അഥവാ ധർമ്മടമാണെന്നു സങ്കൽപ്പിച്ചാൽ തന്നെ ബദ്ഫത്തൻ എന്ന വളപട്ടണത്ത് വിശാലമായ നദീ തീരത്ത് പള്ളിയെ പറ്റി ബത്തൂത്ത പറയുന്നുണ്ട്. വളപട്ടണം തീരമാണെന്നും തീരത്താണ് പള്ളിയെന്നുമർത്ഥം. ഹിജ്റ 700 വരെ വെള്ളത്താൽ മൂടപ്പെട്ട തുരുത്തിയെല്ലാത്ത തീരമാണ് വളപട്ടണം. ഹിജ്റ നൂറ്റിച്ചില്ലറയിൽ തന്നെ കക്കുളങ്കരപള്ളി സ്ഥാപിക്കപ്പെട്ടതിനാൽ അന്നുമായിരിക്കില്ല. അതിനു മുമ്പ് എപ്പോഴെങ്കിലും ആയിരുന്നുവെങ്കിൽ വല്ലഭൻ കോലത്തിരിയുടെ കാലത്തുമല്ല. വല്ലഭൻ ശിവലിംഗം കണ്ടതും കോട്ടയെ വർണ്ണിച്ചെടുത്ത് ശോഭയോടുകൂടെ പ്രഥാനാ നദിയിൽ പ്രതിബിംബിക്കുന്ന കോട്ടയെന്നു വർണ്ണിക്കുന്നതിനു പകരം ചുറ്റും നദിയായിരുന്നെങ്കിൽ മൂഷിക വംശം വർണ്ണിക്കുക ചുറ്റുമുള്ള നദിയിൽ ശോഭയോടെ പ്രതിബിംബിക്കുന്ന് കോട്ട എന്നായിരിക്കുമല്ലോ?

കോട്ടയ്ക്കു താഴെ പുഴയോടു ചേർന്നു നിന്ന വിശാലമായ സ്ഥലമായിരുന്നു കോലത്തിരിയുടെ നായർ സൈന്യത്തിന്റെ കളരി അഭ്യാസ പരിശീലനകേന്ദ്രം. കളരിയിൽ എന്നതുലോപിച്ചു 'കരിയിൽ' എന്നായി മാറിയ സ്ഥലമാറ്റം തന്നെ ഇതു വ്യക്തമാക്കുന്നു. കൂടാതെ കളരിസ്ഥലത്തിന്റെ വിശാലതയെ സംബന്ധിച്ചു 'മന്ദപ്പൻ തെയ്യ'ത്തിന്റെ ഒരു അരുളപ്പാട്ടിൽ നിന്നു വ്യക്തമാകുന്നുണ്ട്. ഈ കളരിയുടെ വിസ്തീർണം സാധാരണ കളരിയേക്കാളും ഏറ്റവും വലിയതായിരുന്നു അതെന്ന് നമുക്ക് അനുമാനിക്കാം. 'മന്ദപ്പൻ തെയ്യം' പറയാറുള്ളത്, വളപട്ടണം കോട്ടയെ സാമൂതിരി സാധാരണ കളരിയേക്കാളും നാലിരട്ടി നീളവും വീതിയുമുള്ള വാളോർ കളരിയിൽ മന്ദപ്പന് മധ്യസ്ഥാനം നൽകിയിരുന്നു എന്നാണ്. കേട്ടുകേൾവിയായിട്ടുള്ള കഥകൾ പ്രകാരം കളരി വാതുക്കലെ വാളോർ കളരിയിൽ കൊല്ലംതോറും അയ്യായിരം യുവാക്കൾക്ക് കായിക പരിശീലനം നൽകിയിരുന്നു എന്നാണ്. ഇതേ കളരിയുടെ സംരക്ഷണത്തിനും വേണ്ടിയായിരുന്നുവത്രെ ശക്തിയുടെ ദേവിയായ 'ഭദ്രകാളി'യെ കളരിവാതുക്കൽ ദേവിയായി പ്രതിഷ്ഠിച്ചത്. ഇത്രയും വിശാലമായ കളരിസ്ഥാനം ഏതായാലും തുരുത്തിയിലല്ല, കരയിലാണ്. ഇക്കാര്യങ്ങളോന്നും പഠനവിഷയമാക്കാൻ മിനക്കെടാതിരുന്ന വളപട്ടണത്തിന്റെ ചരിത്രമെഴുതാൻ ഇറങ്ങിത്തിരിച്ചവർ സഹതാപമർഹിക്കുന്നു.

# മുസ്‌ലിം സമൂഹം: ഉൽഭവം, വികാസം

കേരളത്തിലെ അതിപ്രാചീന മുസ്ലിം കേന്ദ്രങ്ങളിൽ ഒന്നാണ് വളപട്ടണം. യുഗയുഗാന്തരങ്ങളായി വിവിധ മുസ്ലിം പുണ്യാത്മാക്കളുടെ പ്രബോധന ഫലമായാണ് തദ്ദേശിയരിൽ ഇസ്ലാം മതം പ്രചരിച്ചത്. ഹസ്രത്ത് അബൂബക്കർ (റ)ന്റെ തൊട്ടടുത്ത തലമുറക്കാരനായ ഹസ്രത്ത് റമളാൻ (റ) ആണ് ആദ്യകാല ഇസ്ലാമിക പ്രബോധകന്മാരിൽ പ്രമാണികൻ. ഇദ്ദേഹത്തെ മറമാടിയതും വളപട്ടണത്താണ് (കേരളത്തിലെ ബുഖാരി സാദാത്തീങ്ങൾ). ശേഷം മാലികുബ്നു ഹബീബ് (റ) പര്യടന വേളയിൽ വളപട്ടണത്തെത്തി. അവിടെ അദ്ദേഹം സ്ഥാപിച്ച പുരാതന പള്ളി ഇന്നും നിലനിൽക്കുന്നു. വളപട്ടണത്തെ താമസത്തിന് ശേഷം മലബാറിൽ പള്ളി പണിയുടെ പ്രവർത്തനം ഏതാണ്ട് അവസാനിച്ചു. വളപട്ടണത്ത് നിന്ന് വളരെയധികം അനുയായികളെ സമാർജിക്കുവാൻ സാധിച്ചതോടു കൂടി ഒരു പ്രബല മുസ്ലിം സങ്കേതമായി വളപട്ടണം ഉയർന്നു. (കേരള മുസ്ലിം ചരിത്രം)

'ബദ്ഫത്തൻ (വളപട്ടണം) ധർമ്മടം രാജാവിന്റെ കീഴിലായിരുന്നു. അവിടെ മുസ്ലിം പള്ളി നിർമ്മിച്ചത് കോലത്തിരി രാജാവാണെന്നാണറിയുന്നത്. മാലികുബ്നുദീനാറിന്റെ സംഘത്തിലുണ്ടായിരുന്ന അബൂബക്കർ (റ) ആണ് രാജാവിനെ സമീപിച്ച് പള്ളി നിർമ്മിക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടത്. അബൂബക്കർ സഹോദരൻ മുഹമ്മദും മരുമകൻ ഹുസൈനും പ്രബോധന സംഘത്തിൽ ഉൾപ്പെട്ടിരുന്നു(കേരളത്തിലെ മുസ്ലിം പള്ളികൾ) മേൽ പരാമർശങ്ങളിലെ പുരാതന പള്ളി കുന്നത്ത് പള്ളി അഥവാ മസ്ജിദ് കസീബ്' എന്ന പേരിൽ ഇന്നും നിലനിൽക്കുന്നു. വളപട്ടണത്തെ ആദ്യത്തെ പള്ളികൂടിയാണിത്.

> ആദ്യ ഖാസി മുഹമ്മദ് (റ)ന്റെ കാലഘട്ടം മുതൽ ജലാലുദ്ധീൻ ബുഖാരി (റ) ന്റെ ആഗമന കാലം വരെ സിദ്ധീഖി പരമ്പരയിൽപ്പെട്ട 21 ഖാസിമാർ ഇവിടെ ദീൻ പ്രചരിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്തു.

## സിദ്ധീഖി വംശത്തിന്റെ ആഗമനം

മുഹമ്മദ് നബി (സ)യുടെ കാലത്ത് തന്നെ വളപട്ടണത്തും സമീപ പ്രദേശങ്ങളിലും ഇസ്ലാം മതം പ്രചരിച്ചു എന്ന് പരാമർശിക്കുന്ന ഒരു 'അറബികാവ്യം' വളപട്ടണം ഖാസിമാരുടെ കൈവശമുണ്ട്. ഈ രേഖയെ പറ്റി ചരിത്രകാരനായ പി.എ. സൈതു മുഹമ്മദും 'മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യത്തിന്റെ' കർത്താവ് സി.എൻ. അഹമ്മദ് മൗലവിയും അവരുടെ ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ട്. ഹിജ്റ നൂറ്റിച്ചില്ലറയിൽ അബൂബക്കർ (റ) ന്റെ മകൻ മുഹമ്മദ് (റ) വളപട്ടണത്ത് എത്തുകയും പ്രബോധനം തുടരുകയും വളപട്ടണത്തെ ആദ്യ ജുമുഅത്ത് പള്ളിയായ കക്കുളങ്കര പള്ളി പണിതതായും പരാമർശിക്കുന്നുണ്ട്.

ചിറക്കൽ രാജവംശത്തിൽ നിന്നും മതം മാറിയ രവി വർമ്മ തമ്പുരാൻ ഈ പള്ളി (കക്കുളങ്കര) പുനരുദ്ധാരണം നടത്തിയപ്പോൾ

സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ ബുഖാരി (റ) 22-ാം ഖാസിയായി ചുമതലയേറ്റു. തുടർന്നിങ്ങോട്ട് 37-ാം മത്തെ ഖാസിയായി ഇപ്പോൾ സയ്യിദ് ജലാലുദ്ധീൻ സഖാഫി ഖാസിസ്ഥാനം അലങ്കരിക്കുന്നു.

ക്ഷേത്രകല കൊണ്ട് പള്ളി ശില്പ ഭംഗി നൽകിയത്രെ. ശിലാസ്ഥാപനത്തിനായി ഉപയോഗിച്ച ശിലയും അതിന് മുകളിലുള്ള അറബിലിഖിതവും വായിക്കാനാളില്ലാതെ പുരാവസ്തു ഗവേഷകരെ തേടി കാത്തിരിക്കുന്നു.

ഇതിനിടയിൽ താബിഉകളിൽപെട്ട സയ്യിദ് മുഹമ്മദ് ഹൈദ്രോസിൽ മദനി (റ) (ഫക്കീർക്കുന്ന് ബാവ) ഇവിടെയെത്തി. ഹിജ്റ 471-ൽ അലിബ്നു കസൂരി (റ) എന്ന സൂഫിവര്യൻ ഇവിടെ ദീൻ പ്രചരിപ്പിച്ചു (ശിലാരേഖകൾ അദ്ധ്യായം കാണുക). തുടർന്നു മത പ്രബോധനം നടത്തിയത് ഹിജ്റ 820കളിൽ കേരളത്തിലേക്ക് വന്ന പ്രഥമ സയ്യിദായ അസ്സയ്യിദ് അഹ്മദ് ജലാലുദ്ധീനുബ്നു ഇസ്മാഈൽ അൽ ബുഖാരി(റ) ആണ്. ആദ്യ ഖാസി മുഹമ്മദ് (റ) ന്റെ കാലഘട്ടം മുതൽ ജലാലുദ്ധീൻ ബുഖാരി (റ) ന്റെ ആഗമന കാലം വരെ സിദ്ധീഖി പരമ്പരയിൽപ്പെട്ട 21 ഖാസിമാർ ഇവിടെ ദീൻ പ്രചരിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്തു.

## ഖാസിസ്ഥാനം സയ്യിദ് വംശത്തിലേക്ക്

ജലാലുദ്ധീൻ (റ) ന്റെ ആഗമന കാലത്ത് ഇവിടെ ഖാസിയായിരുന്നത് പ്രസിദ്ധനായ 21-ാം ഖാസി സീതി ഇബ്രാഹിം (റ) ആണ്. പിന്നീട് ഖാസി സ്ഥാനം സയ്യിദ് ജലാലുദ്ധീൻ(റ)ന് കൈമാറി. ഇതോടെ വളപട്ടണത്തെ ഖാസി സ്ഥാനം സിദ്ധീഖി പരമ്പരയിൽ നിന്ന് അഹ്ലുബൈത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ ബുഖാരി (റ) 22-ാം ഖാസിയായി ചുമതലയേറ്റു. തുടർന്നിങ്ങോട്ട് 37-ാം മത്തെ ഖാസിയായി ഇപ്പോൾ സയ്യിദ് ജലാലുദ്ധീൻ സഖാഫി ഖാസിസ്ഥാനം അലങ്കരിക്കുന്നു.

ഹിജ്റ 1179-ൽ പാണക്കാട് തങ്ങൾമാരുടെ ആദ്യ കണ്ണി സയ്യിദലി ശിഹാബുദ്ധീൻ (റ) ഇവിടെയെത്തി.

തുടർന്ന് ഹിജ്റ 1260-ൽ ഹൈദ്രോസി പരമ്പരയിലെ അസ്സയ്യിദ് അഫീഫുദ്ധീൻ അബ്ദുല്ലാഹിൽ ഹസനിൽ ഹൈദ്രോസിൽ ഹദ്ദാദ് (റ) ഇവിടെയെത്തി. ഇതോടടുത്ത കാലത്ത് തന്നെ ഹിജ്റ 1292-ൽ വഫാത്തായ മിസ്ബാഹുൽ ബലാഫത്തനി എന്ന പേരിലറിയപ്പെടുന്ന അസ്സയ്യിദ് ശരീഫുൽ അലിയ്യുബ്നു അബ്ദുല്ലാഹിൽ മശ്ഹൂരി ബലാഫത്തനി (റ)യും വളപട്ടണത്ത് ഇസ്ലാംമത പ്രബോധനത്തിന് നേതൃത്വം നൽകി.

തുടർന്ന് ടിപ്പുസുൽത്താന്റെ കാലത്ത് ബ്രിട്ടീഷുകാരുടെ ആഗമനത്തിന് മുമ്പ് വളപട്ടണത്ത് വന്ന ആഡൂർ മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്ന അഹ്ദൽ പരമ്പരയിൽപെട്ട ഹുസൈൻ അഹ്ദൽ (റ) ന്റെ പിതാവ് അസ്സയ്യിദ് യഹ്യ അഹ്ദൽ തങ്ങൾ (റ) പണിക്കറകത്ത് വിവാഹിതനാവുകയും മതപ്രബോധനത്തിന് നേതൃത്വം നൽകുകയും ചെയ്തു.

വളപട്ടണത്ത് ജനിച്ച് പുറത്തീലിൽ അന്ത്യവിശ്രമം കൊള്ളുന്ന സുഹ്റവർദി ത്വരീഖത്തിന്റെ ശൈഖ് അബ്ദുൽ ഖാദിർ സാനി (റ), മാട്ടൂൽ ജുമാമസ്ജിദ് ഖബർസ്ഥാനിൽ അന്തിയുറങ്ങുന്ന കച്ചായിപുരയിൽ കുട്ട്യാലി ശൈഖ്, ബീരിച്ചേരി പള്ളിയിൽ അന്ത്യ വിശ്രമം കൊള്ളുന്ന ശുഹദാക്കൾ എന്നിവരും വളപട്ടണത്തും സമീപപ്രദേശങ്ങളിലും ഇസ്ലാം മത പ്രബോധനം ചെയ്തവരിൽ പ്രധാനികളാണ്.

ഈ പ്രബോധനങ്ങളുടെ തുടർച്ചയെന്നോണം ഹിജ്റ 1362-ൽ വലിയ കിപ്പാട്ട് കോയമ്മ തങ്ങൾ, രിഫായി റാത്തിബ് സ്ഥാപകൻ സയ്യിദ് ഹാമിദ് ബുഖാരി തങ്ങൾ, കുളങ്കരപള്ളി സ്ഥാപകൻ സയ്യിദ് മുഹ്ളാർ എന്ന ആറ്റക്കോയ തങ്ങൾ, അറക്കൽ രാജാവിന്റെ പുത്രിയായ ഹലീമ ബീവിയെ വിവാഹം ചെയ്ത പ്രസിദ്ധ സൂഫിവര്യനും പണ്ഡിതനുമായ കണ്ണൂർ മൗലൽ ബുഖാരി (റ) ന്റെ സഹോദരൻ ഖാസി ഇബ്രാഹിം (റ), ഖാസി മൗലൽ ബുഖാരി (റ) ന്റെ പിതാവ് മുഹമ്മദുൽ പൊന്നാനി (റ) മഖ്ദൂം തങ്ങളുടെ ശിഷ്യന്മാരായ ഖാദിരിച്ചിന്റവിട അബ്ദുല്ല, ലാഫർക്കാന്റവിട അബ്ദുല്ല, പെട്ടി ശൈഖ് എന്ന പേരിലറിയപ്പെടുന്ന തമിഴ്നാട് തൃഷ്ണാപ്പള്ളിയിൽ നിന്ന് എത്തിയ അബ്ദുറഹീം ബ്നു മൊയ്ദീൻ ഹാജി, ഔട്ട്യാക്ക, മന്നകബർസ്ഥാനിന്റെ ശില്പി സയ്യിദ് യഹ്യൽ പൂക്കോയ തങ്ങൾ, ഖാദിരിയ്യ ത്വരീഖത്തിന്റെ ശൈഖായ

രിഫാഈ ത്വരീഖത്തിന്റെ ശൈഖയും ഫത്ഹുൽ മുഈൻ അടക്കമുള്ള കിതാബുകൾ സ്ത്രീകൾക്ക് ദർസ് നടത്തുകയും ചെയ്ത വലിയ കീപ്പാട്ട് ആയിശാ ബിവി, നഫീസത് ബീവി എന്നീ സ്ത്രീ രത്നങ്ങളും ഈ പരമ്പരയിലെ തിളക്കമാർന്ന കണ്ണികളാണ്.

മുക്കിലിൽ ശൈശേഖ് തങ്ങൾ എന്നിവരും മത പ്രബോധനത്തിന് ചുക്കാൻ പിടിച്ചു.

രിഫാഈ ത്വരീഖത്തിന്റെ ശൈഖയും ഫത്ഹുൽ മുഈൻ അടക്കമുള്ള കിതാബുകൾ സ്ത്രീകൾക്ക് ദർസ് നടത്തുകയും ചെയ്ത വലിയ കീപ്പാട്ട് ആയിശാ ബിവി, നഫീസത് ബീവി, ചിറക്കൽ തമ്പുരാനിൽ നിന്നും മുസ്ലീംകൾക്ക് ഖബർസ്ഥാൻ കരസ്ഥമാക്കി തന്ന പൊക്കറൈശുമ ബീവി എന്നീ സ്ത്രീ രത്നങ്ങളും ഈ പരമ്പരയിലെ തിളക്കമാർന്ന കണ്ണികളാണ്.

മാത്രമല്ല വളപട്ടണത്ത്കാരല്ലെങ്കിലും മുഹ്യുദ്ധീൻ പള്ളി സ്ഥാപകൻ ചങ്ങളാൻ മൂസക്ക, പുഴയരികത്ത് പള്ളി സ്ഥാപകൻ മൊയ്തുകേയി, തെക്ക്യാവ് സ്ഥാപകൻ ലബ്ബ സാഹിബ് തങ്ങൾ, പാലത്തുങ്കര റമളാൻ ശൈഖ് (റ), ഇച്ചമസ്താൻ (റ), ശാദുലി ത്വരീഖത്തിന്റെ ശൈഖും വളപട്ടണം ജുമുഅത്ത് പള്ളിയിൽ 40 വർഷക്കാലം ദർസ് നടത്തിയവരുമായ അമ്മുണ്ണിശൈഖ്, എ.ടി. ഉസ്താദ്, ശാദുലിപള്ളി സ്ഥാപകൻ മുഹമ്മദ് അബുൽ ഹഫീസുശാദുലി ഇബ്നു മുഹ്യുദ്ധീൻ നൂഞ്ഞേരി (റ) തുടങ്ങി നിരവധി ഔലിയാക്കളും പണ്ഡിതന്മാരും തുടർന്നിങ്ങോട്ടും വളപട്ടണത്ത് ദീനീ ദഅ്വത്ത് നടത്തി വന്നു.

ഈ പ്രബോധന സംഘത്തിലെ കണ്ണിയും നാല് മദ്ഹബിലും ഒരേ സമയം ഫത്വ നൽകാനും കഴിവുള്ള മഹാ പണ്ഡിതൻ ചേപ്പിലാട്ട് അബ്ദുല്ല മുസ്ല്യാർക്ക് ശേഷം ഈ പരമ്പര ഇപ്പോഴത്തെ ഖാസിയും പണ്ഡിതനുമായ സയ്യിദ് ജലാലുദ്ധീൻ സഖാഫി അൽബുഖാരിയിൽ എത്തി നിൽക്കുന്നു. ഇദ്ദേഹവും ബുഖാരി, മശ്ഹൂരി, ഹൈദ്രോസി, ബാഅലവി പരമ്പരയിൽപെട്ട പണ്ഡിത സാദാത്തുക്കളും സഖാഫി, സഅദി, നൂറാനി, അമാനി ബിരുദം നേടിയ പണ്ഡിതന്മാരും മത പ്രബോധനത്തിന് നേതൃത്വം നൽകി വരുന്നു.

**1. സിദ്ധീഖീങ്ങൾ :**

മത പ്രബോധനാർത്ഥം അറേബ്യയിൽ നിന്ന് ഇവിടേക്ക് വന്ന, ഒന്നാം ഖലീഫ അബൂബക്കർ സിദ്ധീഖ് (റ) ന്റെ മൂന്നാം പൗത്രനായ താബിഈ പ്രമുഖൻ ഖാസി മുഹമ്മദ് (റ) ആണ് ഇവരിൽ പ്രഥമൻ. ഈ വിവരങ്ങൾ കുന്നത്തുപള്ളിയെന്ന അദ്ധ്യായത്തിൽ ശേഷം വിവരിക്കുന്നുണ്ട്. ഹി. നൂറ്റിച്ചില്ലറയിൽ വളപട്ടണത്ത് എത്തിയ ഇദ്ദേഹമാണ് കക്കുളങ്കര പള്ളിയും പഴയകത്ത് തറവാടും പണിതത്. ഇദ്ദേഹം മുതലാണ് വളപട്ടണത്തെ സിദ്ധീഖി ഖാസി പരമ്പര ആരംഭിക്കുന്നത്. ഈ പരമ്പരയിലെ 21ാം ഖാസിയായ സീതി ഇബ്രാഹിം (റ) തന്റെ സഹോദരിയെ ഹി. ഒമ്പതാം ശതകത്തിൽ ഇവിടെ എത്തിയ സയ്യിദ് അഹ്മദ് ജലാലുദ്ധീൻ ബുഖാരി (റ) നും മകളെ പുറത്തീൽ ശൈഖ് അബ്ദുൽ ഖാദർ സാനി (റ) ന്റെ പിതാവ് മഹ്മൂദുൽ ഹമദാനിക്കും വിവാഹം ചെയ്തുകൊടുത്തു. അതിനാൽ ബുഖാരിയിൽ ലയിച്ചും പുറത്തീലിലേക്ക് പോയും സിദ്ധീഖീങ്ങൾ വളപട്ടണത്തെ പാരമ്പര്യം നിലനിർത്തുന്നു.

**2. സയ്യിദന്മാർ:**

22ാം ഖാസി സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ ബുഖാരി (റ) ആണ് വളപട്ടണത്തെയെന്നല്ല, കേരളത്തിലെ തന്നെ നബി കുടുംബത്തിലെ പ്രഥമ കണ്ണി. റഷ്യയിലെ ബുഖാറയിൽ നിന്ന് വന്ന ഇദ്ദേഹത്തിലൂടെയാണ് വളപട്ടണം സമഗ്ര മുസ്ലിം ആധിപത്യം നേടുന്നത്. സയ്യിദിന്റകത്ത് ഭവനം സ്ഥാപിച്ച് താമസമാക്കിയ മഹാന്റെ സന്താന പരമ്പരകളാണ് കേരളത്തിലെ ബുഖാരി കുടുംബക്കാർ. ഹി. ആയിരത്തിന് ശേഷം യമനിൽ നിന്ന് വന്ന ബാഅലവി കുടുംബക്കാരായ മശ്ഹൂരികൾ (പൊക്കിലകത്ത്, പണിക്കറകത്ത് തങ്ങന്മാർ) ഐദറൂസികൾ (പൊക്കിലകത്ത് മഖാമിലെ സയ്യിദ് അഫീഫുദ്ധീൻ അബ്ദില്ലാഹിൽ ഐദറൂസ് (റ).), ഹൈദ്രോസികൾ (ഫഖീർകുന്ന് മഖാമിലെ സയ്യിദ് ഹസനിൽ ഹൈദറോസിൽ മദനി (റ)), അഹ്ദലികൾ (കക്കുളങ്കരയിൽ അന്ത്യ വിശ്രമം കൊള്ളുന്ന യഹിയൽ അഹ്ദൽ തങ്ങൾ) ശിഹാബികൾ (പാണക്കാട് തങ്ങന്മാരുടെ ആദ്യ പിതാവായ കക്കുളങ്കരയിൽ മഖാമുള്ള സയ്യിദ് അലി ശിഹാബുദ്ധീൻ (റ) എന്നിവർ കുടുംബ ബന്ധം വഴി ഇവിടെ പാരമ്പര്യം നിലനിർത്തി. ഇവരിൽ വിവാഹം ചെയ്ത് മറ്റു ഖബീലക്കാരും (ബാഹസൻ, ജമലുൽലൈലി, സഖാഫ്, മുശയ്യഖ്) വളപട്ടണത്തുണ്ട്.

**3.) സൂഫി പ്രബോധകർ:**

മത പ്രബോധാനാർഥം ഇവിടെയെത്തിയ നിരവധി പുണ്യപുരുഷന്മാരും ഇവിടുത്തെ പുരാതന തറവാട്ടുകാരെ മതപരിവർത്തനം ചെയ്ത് ഇവിടെ താമസമാക്കിയിട്ടുണ്ട്. മൊറോക്കൊയിൽ നിന്ന് വന്ന് പണ്ടാരവളപ്പിൽ നമ്പ്യാന്മാരെ മതം മാറ്റിയ കോട്ടപ്പടി

> ഈ പ്രബോധന സംഘത്തിലെ കണ്ണിയും നാല് മദ്ഹബിലും ഒരേ സമയം ഫത്വ നൽകാനും കഴിവുള്ള മഹാ പണ്ഡിതൻ ചേപ്പിലാട്ട് അബ്ദുല്ല മുസ്ല്യാർക്ക് ശേഷം ഈ പരമ്പര ഇപ്പോഴത്തെ ഖാസിയും പണ്ഡിതനുമായ സയ്യിദ് ജലാലുദ്ധീൻ സഖാഫി അവർകളിൽ എത്തി നിൽക്കുന്നു.

ശൈഖ്, മൈക്കാരൻ കുടുംബ ത്തിലെത്തിയ ചെറുപള്ളി ശൈഖ്, മൂപ്പന്റവിട എത്തിയ തട്ടാളങ്കരപ ള്ളി ശൈഖ് തുടങ്ങിയവരെല്ലാം ഈ ഗണത്തിൽപെടുന്നു. പാല ത്തുങ്കര റമളാൻ ശൈഖ്, ശാദുലി ത്വരീഖത്തിന്റെ ശൈഖ് കുഞ്ഞഹ മ്മദ് ഹാജി, നഖ്ശബന്ദി സൂഫി മാർഗത്തിലുള്ള കണ്ണൂരിലെ ഇച്ച മസ്താൻ, മന്ന പെരുന്നാൾ പറമ്പ് മഖാമിലെ മഴയെ തേടി വന്നവർ, മാർക്കറ്റ് തെക്യാവിൽ ഖാദിരി റാത്തീബ് സ്ഥാപിച്ച മാപ്പിള ലബ്ബ ആലിം സാഹിബ്, തെക്യാവിലെ പെട്ടി ശൈഖ് എന്ന ഖാദിരി ത്വരീ ഖത്തിന്റെ ശൈഖ് അബ്ദുറഹിം ഖാദിരി, ശാദുലി ത്വരീഖത്തിന്റെ ഇസ്മാഈൽ ശൈഖ്, രിഫാഈ ത്വരീഖതിന്റെ ഹാമിദ് മുഹ്ളാർ തങ്ങൾ, സുഹ്റവർദി ത്വരീഖ ത്തിന്റെ ശൈഖും പുറത്തീൽ അന്ത്യ വിശ്രമം കൊള്ളുന്നവ രുമായ അബ്ദുൽ ഖാദർ സാനി (റ), ബാഅലവി ത്വരീഖത്തിന്റെ ശൈഖായ പൊക്കിലകത്ത് മഖാ മിലെ സയ്യിദ് അബ്ദുല്ലാഹിൽ ഹൈദ്രോസ്, പൊക്കിലകത്ത് പ ള്ളിയിൽ ദർസ് നടത്തിയിരുന്ന മരക്കാർ മൗലവി, (ഇ.മൊയ്തു മൗലവിയുടെ പിതാവ്) ചാലില കത്ത് കുഞ്ഞഹമ്മദ് ഹാജി, നാല് മദ്ഹബുകളിലും ഒരേ സമയം ഫത്വ നൽകിയിരുന്ന വളപട്ടണ ത്തിന്റെ ഗ്രാന്റ് മുഫ്തി ചേപ്പിലാട്ട് അബ്ദുല്ല മുസ്ല്യാർ, വേളാപുരത്ത് കുഞ്ഞിമാവ തങ്ങൾ എന്നിവരും സയ്യിദ് ഇസ്മായിൽ ബുഖാരി (റ), സയ്യിദ് മൗലാ തങ്ങൾ, ഇബ്രാഹിം ഖാസി, ഹാമിദ് ബുഖാരി, മുഹ്ളാർ ബുഖാരി തുടങ്ങി നിരവധി സാദാ ത്തുക്കളും പുണ്യ പുരുഷന്മാരും വളപട്ടണത്ത് പ്രബോധനം നടത്തി യവരാണ്.

അറത്തിൽ എന്ന പാപ്പിനിശ്ശേരി യിൽ അന്ത്യ വിശ്രമം കൊള്ളുന്ന മൂന്നുപെറ്റുമ്മ (ഇവർ താമസിച്ചി രുന്നത് വളപട്ടണത്തെ ചക്കരന്റ വിടെ തറവാട്ടിലാണ്), കീപ്പാട്ട് ഭവനത്തിലെ സയ്യിദ ആയിഷാ ബീവി, നഫീസത്ത് ബീവി, പോക്ക റൈശുമ്മ എന്നീ മഹതികൾ ഈ ഗണത്തിൽ എണ്ണപ്പെടേണ്ടവരാണ്.

## 4.) വണിക്കുകൾ:

വാണിജ്യാവശ്യാർത്ഥം വളപ ട്ടണത്തേക്ക് കുടിയേറിയ മുസ്ലിം വിഭാഗമാണിവർ. കണ്ണൂർ സിറ്റി യുടെ പഴയ പേരായ വേളാപുരം എന്ന പേരിൽ തന്നെ അറിയപ്പെ ടുന്ന വേളാപുരം തറവാട്ടുകാരാ ണിവരിൽ ആദ്യത്തേത്. തലശേ രിയിൽ നിന്ന് വന്ന കേയിമാർ, മൂസക്കണ്ടി വളപ്പിലെ മൂസക്കേയി കുടുംബം, തോട്ടിന്റെ കരയിലെ തിരുത്തിയിലകത്ത് കുടുംബം, ചെങ്ങളായിയിൽ നിന്ന് വന്ന ചെങ്ങളാൻ തറവാട്ടുകാർ, കൊള ച്ചേരിയിൽ നിന്ന് വന്ന കൊളച്ചേരി കുടുംബം തുടങ്ങി ഒട്ടേറെ കുടും ബങ്ങൾ ഇവരിൽ പെടുന്നു.

## 5.)ഉന്നത കുലജാതർ:

ഇസ്ലാമിലേക്ക് വന്ന സ്വദേശി കളായ ഉന്നത കുലജാതർ വളപ ട്ടണത്തെ മുസ്ലിം വിഭാഗങ്ങളിൽ പരാമർശിക്കേണ്ടവരാണ്. വളപ ട്ടണം, ബ്രാഹ്മണർ അടക്കമുള്ള ഉന്നത ജാതിക്കാരുടെ ആസ്ഥാന മായാണ് സഞ്ചാരികൾ രേഖപ്പെടു ത്തിയത്. മത പ്രബോധകരുടെ പ്ര ബോധന ഫലമായി ഒട്ടേറെ ഉന്നത കുടുംബങ്ങൾ മതം മാറിയിട്ടുണ്ട്.

കാട്ടുമാടം ഇല്ലത്തിന്റെ ഉപശാ ഖയായ എളേടത്തുകാരിൽ നിന്ന് മതം മാറിയ വിഭാഗം അതേ പേ രിൽ എളേടത്ത് തറവാട്ടുകാരായി നിലകൊള്ളുന്നു. കണ്ണന്റവിട, പണിക്കറകത്ത്, മാങ്കൂൽ, പുളി യാൻകോട്ട്, കൂലോൻ ചടയര കത്ത്, പണ്ടാരവളപ്പിൽ, തട്ടാൻ മുറ്റത്ത് തുടങ്ങിയ കുടുംബങ്ങൾ മതം മാറിയ ശേഷവും പഴയ തറവാട്ടു നാമങ്ങൾ നിലനിർത്തി പോന്നു.

വളപട്ടണത്ത് തങ്ങന്മാർ പ ള്ളി പണിതത് പോലെ മലബാരി കുടുംബങ്ങളും നിരവധി പള്ളി കൾ പണിതിട്ടുണ്ട്. ഓരോ തറവാ ട്ടുകാരും അവരുടെ കുടുംബ മഹി മക്കും ദൈവ പ്രീതിക്കുമാണിവ പ ണിതത്. ആദ്യത്തെ ജുമാമസ്ജിദ് കക്കുളങ്കര പള്ളിയായിരുന്നു. വലിയ ജുമാ മസ്ജിദ് പണിയു ന്നത് വരെ ജുമാ നിസ്ക്കാരം,


ജുമാ മസ്ജിദ് ഉൾവശം

മഴയെ തേടിയുള്ള നിസ്കാരം, ഗ്രഹണ നിസ്കാരം, പെരുന്നാൾ നിസ്കാരം എന്നിവ മന്ന ഖബർ സ്ഥാനിലെ പെരുന്നാൾ പറമ്പിൽ വെച്ച് നടത്തപ്പെട്ടു. വലിയ ജുമാ മസ്ജിദിന്റെ കാരണവന്മാരായി അഞ്ച് കാരണവന്മാരുണ്ട്. പഴയകത്ത്, കച്ചായി, കുലോൻ ചടയരികത്ത്, തുരുത്തിയിലകത്ത്, കലന്തറകത്ത് എന്നീ തറവാട്ടുകാരാണവർ. മത സംഘടനകൾ പണിതവയടക്കം 30 പള്ളികളോളം വളപട്ടണത്തുണ്ട്.

### 6.) വളപട്ടണത്തെ രക്തസാക്ഷികൾ:

വളപട്ടണത്തെ ധീര പോരാളികളുടെയും രക്ത സാക്ഷികളുടെയും ചരിത്രം നിരവധിയാണ്. സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ തങ്ങൾ (റ) കൊച്ചിയിൽ ഇസ്ലാം മത പ്രബോധനത്തിൽ ഏർപ്പെട്ട തന്റെ മകൻ സയ്യിദ് ഇസ്മാഈൽ ബുഖാരി (റ) ന് കൊടുത്തയച്ച കത്തുമായി പോയ നാലുപേരിൽ രണ്ടുപേർ കൊച്ചിയിൽ വെച്ച് ജൂതന്മാരുമായി ഏറ്റുമുട്ടി ധീര രക്തസാക്ഷിത്വം വരിക്കുകയുണ്ടായി. അവരെ കൊച്ചിയിൽ തന്നെ പുതിയകാവ് ജുമാ മസ്ജിദിന്റെ തെക്കുഭാഗത്ത് മറവു ചെയ്തു.

വലിയ ജുമാ മസ്ജിദിന്റെ കാരണവന്മാരായി അഞ്ച് കാരണവന്മാരുണ്ട്. പഴയകത്ത്, കച്ചായി, കുലോൻ ചടയരികത്ത്, തുരുത്തിയിലകത്ത്, കലന്തറകത്ത് എന്നീ തറവാട്ടുകാരാണവർ. മത സംഘടനകൾ പണിതവയടക്കം 30 പള്ളികളോളം വളപട്ടണത്തുണ്ട്.

മാന്ത്രികനായ 'മായിമൂപ്പ'നോട് യുദ്ധം ചെയ്ത് മരിച്ച ബീരിച്ചേരിയിലെ നാലു രക്ത സാക്ഷികളിൽ ഒരാൾ ഇവിടുത്ത്കാരനാണ്. മറ്റു 3 പേർ തൃക്കരിപ്പൂർകാരും. അവരെ ബീരിച്ചേരി ജുമാ മസ്ജിദിൽ അടക്കം ചെയ്തു. യുദ്ധ സ്മാരകമായി അവിടെ ഇന്നും ഒരു വാൾ സൂക്ഷിച്ചിട്ടുണ്ട്. മാട്ടൂൽ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ അന്ത്യ വിശ്രമം കൊള്ളുന്ന കുട്ട്യാലി ശൈഖ് എന്ന മഹാൻ വളപട്ടണത്തെ അതി പുരാതന തറവാടായ കച്ചായി തറവാട്ടിലെ വലിയ കാരണവരാണ്. പോർച്ചുഗീസുകാരുമായുള്ള യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. അവിടെയും ഒരു വാൾ സൂക്ഷിച്ചിട്ടുണ്ട്.

'ചൊയ്യോർ' എന്ന മാന്ത്രികനുമായി ഏറ്റുമുട്ടി ശഹീദായ പള്ളിക്കുളം മഖാമിലെ ശൈഖും ഈ നാട്ടുകാരനായ ഒരു തങ്ങളാണ്. ഈ മഖാം അന്യാധീനപ്പെട്ടുപോയി എന്നത് ചരിത്രം. (ചൊയ്യോര് വീണ മൊട്ട എന്ന അഴീക്കോട്ടെ സ്ഥലനാമം ഈ സംഭവത്തിൽ നിന്നുമുണ്ടായതാണ്)വടക്കൻ ഐതിഹ്യമാല, വാണിദാസ് എളയാവൂർ

ടിപ്പു സുൽത്താൻ ശഹീദിനൊപ്പം ചേർന്ന് യുദ്ധം ചെയ്ത തട്ടാളങ്കര പള്ളിയിലെ രക്തസാക്ഷിയുടെയും ശരീരം വെട്ടിനുറുക്കപ്പെട്ട കത്തനാപള്ളിയിലെ ധീര രക്തസാക്ഷിയുടെയും ചരിത്രത്തിൽ ഇനിയും പലതും തിരയാനുണ്ട്. വളപട്ടണത്തെ ചക്കരന്റവിടെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി പാപ്പിനിശ്ശേരിയിൽ വെച്ച് അന്ത്യ ശ്വാസം വലിച്ച വിശുദ്ധയും മഹതിയുമായ മൂന്നു പെറ്റുമ്മയും പോർച്ചുഗീസുകാരുമായുള്ള വിശുദ്ധ യുദ്ധത്തിൽ ശഹീദായ അവരുടെ ഭർത്താവും ഇവിടുത്ത്കാരാണ്.

കണ്ണൂർകോട്ടയിൽ നിന്ന് പോർച്ചുഗീസുകാരെ തുരത്താൻ വളപട്ടണത്തുനിന്ന് പോയ ധീര യോദ്ധാക്കളെ കുറിച്ചുള്ള ചരിത്രം ശൈഖ് സൈനുദ്ധീൻ മഖ്ദൂം തുഹ്ഫത്തുൽ മുജാഹിദീനിൽ വരച്ചുകാട്ടുന്നുണ്ട്. അതുപോലെ ഖാദിരി ത്വരീഖത്തിൽ അംഗമായ യോദ്ധാക്കളായ മരക്കാർമാരെ വിളിക്കുന്നപേരാണ് കലന്തന്മാർ എന്നത്. ആ പേരിൽ ഒരു തറവാടു തന്നെ ഇവിടെയുണ്ട്. കലന്തറകത്ത് തറവാടാണത്. ഈ വിഷയത്തിൽ കൂടുതൽ പഠനങ്ങൾ ആവശ്യമാണ്

### സയ്യിദ് ഭവനങ്ങൾ :

ബുഖാരി തങ്ങന്മാരുടെ ആസ്ഥാനമായ കക്കുളങ്കര പഴയകത്ത്, പുതിയകത്ത്, സയ്യിദിന്റകത്ത് തറവാടുകളും ഇവരിൽ നിന്നുണ്ടായ വലിയ കീപ്പാട്ട്, ചെറിയ കീപ്പാട്ട്, പി.സി.കെ, കണ്ണന്റവിടെ തുടങ്ങിയ ഭവനങ്ങളുമാണ് ഉള്ളത്. മശ്ഹൂർ തങ്ങന്മാരുടെ ആസ്ഥാനമായ പണിക്കറകത്തും, പിരിഞ്ഞുണ്ടായ വലിയപൊക്കിലകത്ത്, പൊക്കിലകത്ത് സിയാറത്തുംകര, കമ്മക്കോത്ത് എന്നീ തറവാടുകളുമാണ് വളപട്ടണത്തെ സയ്യിദ് ഭവനങ്ങൾ.

### ചോനമ്പരത്ത് തങ്ങൾ ഭവനം

സയ്യിദ് അഹ്മദ് ജലാലുദ്ദീൻ ബുഖാരി (റ) വിന്റെ കൂടെ വളപട്ടണത്തെത്തിയവരിൽ അഹ്ലുബൈത്തിൽപ്പെട്ട ഒരാളും ഉണ്ടായിരുന്നു. ഇദ്ദേഹം ബുഖാരി (റ)വിന്റെ നിർദേശത്താൽ കുന്നത്ത് പള്ളിക്കു സമീപത്തുള്ള പുരാതന തറവാടായ ചോനമ്പരത്ത് എന്ന വീട്ടിൽ ഒരു സ്ത്രീയെ വിവാഹം ചെയ്തു. (ഇദ്ദേഹം അഹമ്മദ് ബുഖാരി (റ)ന്റെ സഹോദരനാണെന്നും പറയപ്പെടുന്നു.) ഈ പരമ്പര തങ്ങൾ പരമ്പരയായി അറിയപ്പെടുന്നുണ്ടെങ്കിലും ഖബീല ഏതെന്നു വ്യക്തമല്ല.

ബുഖാരി (റ) തന്റെ താമസം കുന്നത്ത് പള്ളിക്കു താഴെയുള്ള വീട്ടിൽ നിന്ന് സയ്യിദിന്റകത്തേക്ക് മാറ്റിയപ്പോൾ പ്രസ്തുത ഭവനം ഈ തങ്ങൾക്കും ഭാര്യക്കും താമസത്തിനായി നൽകി. ഈ വീടും ചോനമ്പരത്ത് എന്നു തന്നെയാണ് വിളിക്കപ്പെട്ടിരുന്നത്. ചോനമ്പരത്തെ തങ്ങൻമാർ എന്ന പേരിലാണ് ഇപ്പോൾ അറിയപ്പെടുന്നത്. ഇപ്പോഴത്തെ കണ്ണി സയ്യിദ് ആറ്റക്കോയ തങ്ങൾ അറിയപ്പെടുന്ന ബാഡ്മിന്റൺ താരം കൂടിയാണ്. ഈ ചോനമ്പരത്ത് ഭവനക്കാരായിരുന്നു ഏറെക്കാലം കുന്നത്ത് പള്ളിയുടെ പരിപാലകർ. ചോനമ്പരത്ത് തങ്ങൻമാരായിരുന്നു കൊച്ചി ചെമ്പിട്ടപള്ളിയിൽ മറപെട്ടു കിടക്കുന്ന സയ്യിദ് ഇസ്മാഈൽ ബുഖാരി (റ) വിന്റെ മഖാമിന്റെ മുതവല്ലിമാർ. അവസാനത്തെ മുതവല്ലി ചോനമ്പരത്ത് ഉമ്പിച്ചിക്കോയ തങ്ങൾ ബുഖാരി അവകാശം വിട്ടു കൊടുത്തു.

വലിയ കീപ്പാട്ട് ആറ്റക്കോയ തങ്ങളുടെ രണ്ടാം വിവാഹത്തിലുള്ള മൂന്നാം പുത്രൻ കുഞ്ഞിക്കോയ തങ്ങൾ വിവാഹം ചെയ്തത് ചോനമ്പരത്ത് കദിസ്ത്തയെയാണ്. ഇവരുടെ മക്കളാണ് ആറ്റത്തങ്ങൾ, ഉമ്പിച്ചിത്തങ്ങൾ, ഹബീബ് തങ്ങൾ എന്നിവർ. ഇവരുടെ പരമ്പര ഇപ്പോഴും നിലനിൽക്കുന്നു.

## മുക്കിലപീൽ ഭവനം

കമ്മക്കോത്ത് ഭവനക്കാരുടെ ഖാദിമീങ്ങളായിരുന്നു മുക്കിലിൽ ഭവനക്കാർ. ഒരു കാലത്ത് ഈ ഭവനം കമ്മക്കോത്ത് തങ്ങന്മാരുടെ പണ്ഡിത ചർച്ചാ വേദിയും ഭരണ കേന്ദ്രവുമായിരുന്നു. പിന്നീട് ഈ ഭവനം പ്രശസ്തമാവുന്നത് മുക്കിലീൽ ശൈഷേഖ് തങ്ങളുടെ ജനനത്തോടെയാണ്. വളപട്ടണം പഴയകത്ത് ഫക്രുദ്ദീൻ ഹാമിദ് ചെറുകുഞ്ഞി തങ്ങൾ മുക്കിലീൽ എന്ന ഭവനത്തിലെ സാത്വികയായ ഒരു സ്ത്രീയെ വിവാഹം ചെയ്തു. (ഇവർ സയ്യിദത്തല്ല). ഇതിൽ ജനിച്ച മുക്കിലീൽ ശൈഷേഖ് തങ്ങൾ കണ്ണന്റവിട വിവാഹം ചെയ്തു താമസം മാറ്റിയതോടെ ഈ ഭവനത്തിൽ ഇപ്പോൾ സയ്യിദന്മാർ താമസമില്ല.

## പൊക്കിലകത്ത്, വലിയകീപാട്ട്, കമ്മക്കോത്ത്, സയ്യിദ് ഭവനങ്ങൾ

വളരെപ്രസിദ്ധമായ ഈ സയ്യിദ് ഭവനങ്ങളേക്കുറിച്ച് പൊക്കിലകത്ത് പള്ളി, ദേശീയ പ്രസ്ഥാനങ്ങൾ, കുളങ്കരപ്പള്ളി, മറ്റ് മഖ്ബറകൾ എന്നീ അദ്ധ്യായങ്ങളിൽ വായിക്കാം

## പണിക്കറകത്ത് ഭവനം

വളപട്ടണത്തെ 35ാം ഖാസി സയ്യിദ് കോയക്കുട്ടി തങ്ങളുടെയും പിതാക്കന്മാരുടെയും ജനനവീടായ പണിക്കറകത്ത് ഭവനം എന്ന സയ്യിദ് ഭവനത്തിന് 900 കൊല്ലത്തോളം പഴക്കമുണ്ട്. നിരവധി സാദാത്തീങ്ങൾക്കും മഹാൻമാർക്കും ജൻമം മൽകിയ ഈ ഭവനം പൊക്കിലകത്ത് പള്ളിക്ക് സമീപമായി സ്ഥിതി ചെയ്യുന്നു. യമനിൽ നിന്ന് വളപട്ടണത്തെത്തിയ ആഡൂർ തങ്ങന്മാരുടെ പിതാമഹൻ സയ്യിദ് യഹ്‌യൽ അഹ്ദൽ തങ്ങൾ വിവാഹം ചെയ്തതും അദ്ദേഹത്തിന്റെ മകനായ സയ്യിദ് അബ്ദുല്ലാ അഹ്ദൽ തങ്ങൾ പിറന്നു വീണതും പണിക്കറകത്ത് ഭവനിലാണ്. നിരവധി ഖാസിമാർക്ക് ജന്മം നൽകിയ ഈ മശ്ഹൂർ പരമ്പരയിലെ ഇപ്പോഴത്തെ കണ്ണി സയ്യിദ് കോയക്കുട്ടി തങ്ങളുടെ പുത്രനും പിതാവിൽ നിന്ന് ചികിത്സയുടെ ഇജാസത്ത് വാങ്ങുകയും ചികിത്സാ രംഗത്ത് നിരവധി അശരണർക്ക് അഭയ കേന്ദ്രവുമായ സയ്യിദ് മശ്ഹൂർ ഉമ്പിച്ചിക്കോയ തങ്ങളിലെത്തി നിൽക്കുന്നു. എസ്.വൈ.എസിന്റെ കീഴിൽ നടത്തപ്പെടുന്ന കുന്നത്ത്പള്ളിയുടെ പ്രസിഡന്റ് കൂടിയാണ് ഇദ്ദേഹം. വിശദമായി മഹത്തായ മശ്ഹൂർ പാരമ്പര്യം എന്ന അദ്ധ്യായത്തിൽ വായിക്കാം.


## കണ്ണന്റവിട സയ്യിദ് ഭവനം

വളപട്ടണം സിറായിപള്ളിക്കു (സ്രാമ്പിപള്ളി)യുടെ അടുത്തായി സ്ഥിതി ചെയ്യുന്ന കണ്ണന്റവിട തങ്ങന്മാർ പ്രശസ്തരാവുന്നത് ശൈഷേഖ് തങ്ങൾ ഖാദിരി(റ അ)യുടെ ജനനത്തോടെയാണ്. മാട്ടൂൽ മുഹമ്മദ് കോയ തങ്ങളുടെ കാലത്തേ അറിയപ്പെട്ടിരുന്ന ഈ സയ്യിദന്മാർ ശൈഷേഖു തങ്ങളുടെ ജനനത്തോടെ കേരളത്തിൽ പ്രശസ്തരായി. വളപട്ടണം മുക്കിലിൽ ശൈഷേഖ് തങ്ങളുടെ മകൻ കണ്ണന്റവിട മുഹമ്മദ് പൂക്കോയ തങ്ങൾ ഇരിക്കൂർ കുന്നുമ്മൽ കുഞ്ഞിബി (മാട്ടൂലിൽ കാക്കണ്ടി കോയക്കുട്ടി തങ്ങളുടെ പുത്രി)യെ വിവാഹം ചെയ്തു. കണ്ണന്റവിടേക്കു കൊണ്ടു വന്നു. പൂക്കോയ തങ്ങൾ സൂഫി വര്യനും ഖാദിരിയ്യാ ത്വരീഖത്തിന്റെ ശൈഖും നിരവധി കറാമത്തുകളാൽ പ്രസിദ്ധിയാർജ്ജിച്ചവരുമായിരുന്നു. കാസർഗോഡു ഭാഗങ്ങളിലും ഉത്തര കേരളത്തിലും പ്രസിദ്ധനായിരുന്ന തങ്ങൾക്ക് നൂറുകണക്കിനു മുരീദുമാരുണ്ടായിരുന്നു. ഇന്നത്തെ തലമുറ പലതാവഴിയായി പിരിഞ്ഞിട്ടുണ്ട്. 36-ാം ഖാളി സയ്യിദ് കോയമ്മതങ്ങളുടെ പുതിയാപ്പിള മർഹൂം സയ്യിദ് ഹബീബ് തങ്ങൾ ഇവിടുത്തെ കണ്ണിയാണ്. വളപട്ടണം ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റാണദ്ദേഹം.സയ്യിദ് ശിഹാബുദ്ധീൻ, അനുജൻ ശബീർ തങ്ങൾ എന്നിവർ എസ്.എസ്.എഫ്. ന്റെ സജീവ പ്രവർത്തകരുമാണ്.

# പള്ളികളും ജന്മവും

| | |
|---|---|
| 1. കുന്നത്ത് പള്ളി | - ചോനമ്പരത്ത് തറവാട്ടുകാർ |
| 2. കക്കുളങ്കര പള്ളി | - പഴയകത്ത് തറവാട് |
| 3. ജുമുഅത്ത് പള്ളി | - പഴയകത്ത്, തുരുത്തിലകത്ത്, കച്ചായി,<br>കൂലോൻ ചടയിരകത്ത്, കലന്തറകത്ത് |
| 4. മുഹ്യിദ്ധീൻ പള്ളി | - ചെങ്ങളാൻ നാലകത്ത് ചാലിപ്രത്ത് മൂസക്ക |
| 5. പൊക്കിലകത്ത് പള്ളി | - പൊക്കിലകത്ത് ഉമ്പിച്ചി തങ്ങൾ |
| 6. കുളങ്കരപള്ളി | - മുഹ്ളാർ ആറ്റക്കോയ തങ്ങൾ - കീപ്പാട്ട് |
| 7. പിയാളിപള്ളി | - പാലത്തിന്റവിട, കൊളച്ചേരിന്റവിട,<br>വലിയകണ്ടത്തിൽ, ചന്തക്കാരന്റവിടെ |
| 8. അൻസാരി പള്ളി | - കൂലോൻ ചടയിരകത്ത് തറവാട് |
| 9. മാർക്കറ്റ് തെക്ക്യാവ് | - മാപ്പിള ലബ്ബ ആലിം സാഹിബ് |
| 10. ശൈഖ് തങ്ങൾ തെക്യാവ് | - തൈലക്കണ്ടി തറവാട് |
| 11. പുഴയരികത്ത് (ഖിളർ)പള്ളി | - വയ്യപ്പുറത്ത് തറവാട് (എടക്കാട്-ധർമ്മടം) |
| 12. ഹൈദ്രോസ് പള്ളി | - തൈലക്കണ്ടി തറവാട് |
| 13. ആലൂൽ പള്ളി | - ആക്കോത്ത്, ബൈത്താങ്കലത്ത്,<br>പോക്കാന്റകത്ത് (ആധാരം) |
| 14. മസ്ജിദുൽ ജബൽ<br>(ഫഖീർകുന്ന് പള്ളി) | - നാട്ടുകാർ |
| 15. ഹുദാപള്ളി | - നാട്ടുകാർ |
| 16. ഹദ്ദാദ് പള്ളി | - പൊന്നങ്കെ മമ്മദ്ക്ക,<br>ഇരിണാവുകാരൻ ഖാദിരിക്ക |
| 17. തട്ടാളങ്കര പള്ളി | - കലന്തരകത്ത് തറവാട് |
| 18. ശാദുലിപള്ളി | - അമ്പലത്തിലകത്ത്, കടോത്ത് വളപ്പിൽ |
| 19. കത്തനാ പള്ളി | - കണിയറക്കൽ സൂപ്പിക്കാന്റവിടെ |
| 20. ചെറുപള്ളി | - തുരുത്തിലകത്ത് തറവാട് |
| 21. അറഫാ പള്ളി | - ഇബ്രാഹിം ഹാജി |
| 22. ഗസ്സാലി മസ്ജിദ്<br>(താജുൽഉലും യതീംഖാന) | - മുസ്ലിംവെൽഫെയർ അസോസിയേഷൻ |
| 23. സിറായിപള്ളി | - കച്ചായി തറവാട് |
| 24. ബദ്ർ ജുമാമസ്ജിദ് | - എ.കെ. കുഞ്ഞിമായൻ ഹാജി |
| 25. തഖ് വ സെന്റർ | - തഖ് വ ചാരിറ്റബിൾ ട്രസ്റ്റ് |
| 26. ക്രസന്റ് മസ്ജിദ് | - മർക്കസ് കാരന്തൂർ |

(മന്ന റഫാനിയ്യ മസ്ജിദ്, കീരിയാട് ബുഖാരി മസ്ജിദ്, പാലോട്ടുവയൽ ജുമാ മസ്ജിദ് എന്നിവ വളപട്ടണത്തിന്റെ അതിർത്തിയോട് ചേർന്നു കിടക്കുന്നു.)



# കുന്നത്ത്പള്ളി (മസ്ജിദ് കസീബ്): വളപട്ടണത്തെ പ്രഥമ മുസ്ലിം കേന്ദ്രം




വളപട്ടണത്തെ ആദ്യത്തെ പള്ളിയാണ് മസ്ജിദ് കസീബ് എന്ന കുന്നത്ത് പള്ളി. ചേരമാൻ പെരുമാളുടെ മക്കാ യാത്രയോടനുബന്ധിച്ച് നടന്ന സംഭവവികാസങ്ങളാണ് കേരളത്തിൽ ഇസ്ലാം മത പ്രചാരണത്തിനു ആക്കം കൂട്ടിയതെന്നു പരക്കെ വിശ്വസിക്കപ്പെടുന്നു. ഇതോടനുബന്ധിച്ച് തന്നെയാണ് വളപ്പട്ടണത്തും ഇസ്ലാം മതം പ്രചരിച്ചതെന്നും പറയപ്പെടുന്നു. വളപട്ടണത്തെ ഇസ്ലാം മത പ്രചാരണത്തെ സംബന്ധിച്ചും ഒരുപാട് അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്.

ചിറക്കൽ കോവിലകത്തെ രവിവർമ്മ തമ്പുരാൻ ഇസ്ലാംമതം സ്വീകരിച്ചുവെന്നും ചരിത്ര പ്രസിദ്ധമായ വളപട്ടണത്തെ പള്ളി നിർമ്മിച്ചുവെന്നും ചില ചരിത്രകാരന്മാർ പറയുന്നു. എന്നാൽ പന്ത്രണ്ടോ പതിമൂന്നോ നൂറ്റാണ്ടിൽ അറക്കൽ വംശം സ്ഥാപിക്കാൻ കാരണമായ 'അരയൻ കുളങ്ങര നായർ' ഇസ്ലാംമതം സ്വീകരിക്കുകയും വളപട്ടണത്തെ പള്ളി നിർമ്മിക്കുകയും ചെയ്തുവെന്ന് ചിലരും പറയുന്നു. മാലികുബ്നു ദീനാറും(റ) സംഘവും മത പ്രചരണാർത്ഥം കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയത് ഹിജ്റ 21 (എ.ഡി. 642-43) കാലത്താണെന്നും കൊടുങ്ങല്ലൂരിൽ ഒരു വിഭാഗം താമസമാക്കിയ ശേഷം മാലികുബ്നു ഹബീബിന്റെ നേതൃത്വത്തിൽ ഒരു സംഘം വളപട്ടണത്ത് വന്ന് താമസിക്കുകയും വളപട്ടണത്തെ പള്ളി നിർമ്മിക്കുകയും ചെയ്തുവെന്നും മറ്റു ചിലരും പറയുന്നു. (വളപട്ടണം ചരിത്രം)

കേരളത്തിലെ മുസ്ലിം പള്ളികളെ കുറിച്ച് ചരിത്രമെഴുതിയ പി. എ. കുഞ്ഞിമുഹമ്മദ് പറയുന്നത് മറ്റൊന്നാണ്. "ബദ്ഫത്തൻ (വളപട്ടണം) ധർമ്മടം രാജാവിന്റെ കീഴിലായിരുന്നു. അവിടെ മുസ്ലിം

പള്ളി നിർമ്മിച്ചതു കോലത്തിരിയായിരുന്നു. മാലിക്ബ്നു ദിനാറിന്റെ സംഘത്തിലുണ്ടായിരുന്ന അബൂബക്കറാണ് പള്ളി നിർമ്മിക്കാൻ രാജാവിനെ സമീപിച്ച് അനുവാദം തേടിയത്. അബൂബക്കറിന്റെ സഹോദരൻ മുഹമ്മദ് (റ) വും മരുമകൻ ഹുസൈൻ (റ)വും മതപ്രചരണ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ശില്പ ഭംഗിയുള്ളതാണ് വളപട്ടണം പള്ളി.


തടത്തിൽ

കേരള മുസ്ലിം ചരിത്രത്തിലാവട്ടെ പരേതനായ സൈതുമുഹമ്മദ് പറയുന്നത് 'മാലികുബ്നു ഹബീബ് പര്യടന വേളയിൽ വളപട്ടണത്തെത്തി. വളർപട്ടണത്തെ താമസത്തിന് ശേഷം മലബാറിലെ പള്ളി പണിയുടെ പ്രവർത്തനം ഏതാണ്ടവസാനിച്ചു. വളർപട്ടണത്ത് നിന്ന് വളരെയധികം അനുയായികളെ സമാർജ്ജിക്കുവാൻ സാധിച്ചതോടുകൂടി ഒരു പ്രബല മുസ്ലിം സങ്കേതമായി വളപട്ടണം ഉയർന്നു. എ.ഡി. 8-ാം നൂറ്റാണ്ടിൽ വളപട്ടണമടക്കമുള്ള പ്രദേശങ്ങൾ മുസ്ലിം കേന്ദ്രമായിത്തീർന്നെന്നും, എ.ഡി. 14-ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ പറങ്കികളോട് കണ്ണൂരിലെ മമ്മാലികളുമായി ചേർന്നു വളപട്ടണത്തെ മുസ്ലിംകൾ പോരാടിയതും തുടർന്നദ്ദേഹം പറയുന്നുണ്ട്.

കേരളത്തിലെ ബുഖാരി പരമ്പരകളെ കുറിച്ചു ഗവേഷണം നടത്തിയ ചാവക്കാട് കോയമ്മ തങ്ങൾ തന്റെ 'മത്വാലിഉൽ ഹുദയിൽ' വളപട്ടണത്തെ കക്കുളങ്കരപള്ളി പണിതത് ഹിജ്റ നൂറ്റിച്ചില്ലറയിൽ ഖാളി മുഹമ്മദ് എന്നൊരാളാണെന്നും തീർത്തുപറയുന്നുണ്ട്. അപ്പോൾ മേൽ പറഞ്ഞ പള്ളി കക്കുളങ്കര പള്ളിയല്ലെന്നും മറിച്ചു വളപട്ടണത്തിനു പടിഞ്ഞാറു ഭാഗത്ത് പ്രവിശാലമായ 'മായിച്ചാങ്കുന്ന്' എന്ന പേരിലറിയപ്പെടുന്ന കുന്നിൻ പുറത്ത് സ്ഥിതി ചെയ്യുന്ന കുന്നത്ത് പള്ളിയാണെന്നും കണ്ടെത്താൻ കഴിയും. മാത്രമല്ല ഇതുവരെയുള്ള ഒട്ടേറെ നിഗമനങ്ങളും ചരിത്രവും പൊളിച്ചെഴുതാൻ പോലും ചിലപ്പോൾ ഇത് ഇടയാക്കാനും മതി. മാലികുബ്നു ദിനാർ (റ) കേരളത്തിൽ നിർമ്മിച്ച പത്ത് പള്ളികൾ ലോകചരിത്രത്തിൽ സ്ഥാനം പിടിച്ചപ്പോൾ എന്ത്കൊണ്ട് വളപട്ടണത്തെ പള്ളി അവഗണിക്കപ്പെട്ടു എന്ന ചോദ്യം മാത്രം ബാക്കിനിൽക്കുന്നു. ചരിത്ര പണ്ഡിതനായ ഈ അടുത്ത കാലത്ത് മരണപ്പെട്ട നെല്ലിക്കുത്ത് മുഹമ്മദ് മുസ്ല്യാർക്ക് വളപട്ടണത്തെ പള്ളിയും പൊന്നാനിയിലെ കടലെടുത്ത് പോയ പള്ളിയും മാലിക്ബ്നു ദിനാർ (റ) ന്റെ സംഘം തന്നെ നിർമ്മിച്ചതാണെന്ന് അഭിപ്രായമുണ്ടായിരുന്നുവെന്ന കാര്യം ഇതോടൊപ്പം കൂട്ടിവായിക്കപ്പെടേണ്ടതാണ്.

കുന്നത്ത് പള്ളിക്കു മുകളിൽ പടിഞ്ഞാറു വശത്ത് തടത്തിൽ എന്നറിയപ്പെടുന്ന സ്ഥലത്ത് 12 വർഷക്കാലം ഇബാദത്തിലായി ഒരു മഹാൻ കഴിഞ്ഞുകൂടുകയും പിന്നീട് ഇദ്ദേഹം ചാലിയത്തേക്ക് പോകുകയും ചെയ്ത കഥ പഴമക്കാർ തലമുറയായി കൈമാറി വരുന്നുണ്ട്. അബൂബക്കർ (റ) വിന്റെ പിൻ തലമുറയിൽ പെട്ട ഹസ്റത്ത് റമളാൻ(റ) പ്രാചീന മുസ്ലിം കേന്ദ്രമായ വളപട്ടണത്ത് പ്രബോധനം നടത്തിയവരിൽ പ്രാമാണികനാണെന്നും ഇദ്ദേഹത്തെ മറവു ചെയ്തത് വളപട്ടണത്തു തന്നെയാണെന്നും മത്വാലിഉൽ ഹുദയിൽ കോയമ്മ തങ്ങൾ പറയുന്നുണ്ട്. പഴമക്കാർ പറയുന്ന മഹാൻ ഇദ്ദേഹം തന്നെയായിരിക്കണം.

കക്കുളങ്കരപള്ളി സ്ഥാപിക്കുന്നതിനു മുമ്പ് ഖാസി മുഹമ്മദ് (റ) ന്റെ ആദ്യ താസമ - പ്രബോധന കേന്ദ്രം, ഖാസി ഹുസൈൻ(റ), ഖാസി ഗുലാമുദ്ധീൻ (റ) എന്നവരുടെ ആസ്ഥാനം എന്നിവ ആദ്യത്തെ പള്ളിയും കേന്ദ്രവുമായ കുന്നത്ത് പള്ളിയാണെന്ന് സ്ഥാപിക്കുന്നു. തടത്തിൽ എന്ന സ്ഥലത്ത് നിന്ന് ആകാശത്തോളം പ്രവഹിച്ച ഒരു അഭൗമപ്രഭ കണ്ടതിനാലാണത്രെ സയ്യിദ് ഖാസി മുഹമ്മദ് (റ) ഇവിടെ കപ്പലടുപ്പിച്ചതും ഖാസി സ്ഥാനം ഏറ്റെടുക്കുന്നതുവരെ താമസമാക്കിയതും. ഇതെല്ലാം തെളിയിക്കുന്നത് ആദ്യ കേന്ദ്രം ഇവിടെത്തന്നെയാണെന്നാ

ണ്.

സ്വഹാബത്തിന്റെ കാലത്തെ പള്ളികൾ സംബന്ധിച്ചുള്ള ഡയറക്ടറിയിൽ 137-ാമത്തെ സ്ഥാനത്ത് ബലാഫത്തനിലെ 'മസ്ജിദ് കസീബ്' എന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ ഇബ്നുബത്തൂത്ത പരാമർശിക്കുന്ന പള്ളി കുന്നത്ത് പള്ളിയാണെന്ന ചിലരുടെ ധാരണ ചരിത്ര പരമായ അബദ്ധമാണ്. ഇത് വിശദീകരിച്ചിട്ടുണ്ട്. ഹിജറ 827ൽ വളപട്ടണത്തെത്തിയ സയ്യിദ് അഹമ്മദ് ജലാലുദ്ദീൻ ബുഖാരിയുടെ ആരാധന കേന്ദ്രവുമാണിവിടം. വുസു ചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചിരുന്ന സമയത്ത് കിണറിന്റെ പടവിലിരുന്ന് കൈനീട്ടിയാൽ കിണറിലെ വെള്ളം മുകളിലേക്ക് ഉയർന്നു വരികയും ആവശ്യം കഴിഞ്ഞാൽ തൽസ്ഥിതിയിലേക്ക് താഴ്ന്ന് പോവുകയും ചെയ്യുന്ന കറാമത്ത് വെളിപ്പെട്ട കിണർ കുറേ കാലം ഉപയോഗിക്കാത്തതിനാൽ മണ്ണ് നിറഞ്ഞ് മൂടിപോയിരുന്നു. സയ്യിദ് ഉമ്പിച്ചി തങ്ങൾ മുൻകൈയെടുത്ത് ഇപ്പോൾ മണ്ണ് നീക്കി സംരക്ഷണം നടത്തുന്നുണ്ട്.

ഇപ്രകാരം അതിപുരാതന സാംസ്കാരിക കേന്ദ്രമായ കുന്നത്ത് പള്ളി നിസ്കാരവും ബാങ്ക് വിളിയുമില്ലാതെ നീണ്ട കാലം അടച്ചിടുകയും സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുകയും ചെയ്തിട്ടും നാട്ടുകാർ നിസ്സംഗതയിൽ നിന്നുണർന്നിരുന്നില്ല. അവസാനം 1990-ഒക്ടോബർ 10-ന് ചരിത്രത്തിന്റെ വിളികേട്ടുണർന്ന് മഹാന്മാരുടേയും പണ്ഡിത വരേണ്യരുടെയും സത്പാത മുറുകെ പിടിച്ച് മുന്നോട്ട് ഗമിച്ച എസ്.വൈ.എസ്.-എസ്.എസ്.എഫ്. കമ്മിറ്റികൾ ജമാഅത്ത് നമസ്കാരവും ദർസും പുനരാരംഭിക്കുകയും ചെയ്തു. ചരിത്രത്തിന്റെ അവിസ്മരണീയമായ മറ്റൊരു മുഹൂർത്തമായിരുന്നു അത്. പൂർവ്വീക മഹത്തുക്കളുടെ ചരിത്രത്തിന്റെ തിരുശേഷിപ്പുകൾ സൂക്ഷിക്കാൻ അർഹതപ്പെട്ടവർ ഈ ഒരേയൊരു സംഘടനമാത്രമാണെന്ന് കാലത്തിന്റെ ചുവരുകളിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തിക്കൊണ്ട് വളപട്ടണത്തിന്റെ ഏറ്റവും പുരാതന ഇസ്ലാമിക സാംസ്കാരിക സൗധം ഇന്നും സംഘടനയുടെ കൈകളിൽ ഭദ്രമായി മുന്നോട്ടു പോകുന്നു.

## ഒരു മന്ത്രവും ഇസ്ലാമിക പ്രബോധനത്തിന്റെ ആരംഭവും

വളപട്ടണത്തെ ഇസ്ലാമിക പ്രബോധനചരിത്രാരംഭം തന്നെ ഒരു മന്ത്രിക്കലിന്റെതാണ്. ഇസ്ലാമിക പ്രചരണത്തിന് വേണ്ടി കേരളത്തിലേക്ക് വന്ന മാലിക്ബ്നു ദീനാറും സംഘവും ഇവിടെ പള്ളികൾ നിർമ്മിക്കുകയും ശേഷം ഖാസിമാരെ നിയമിച്ചതിന് ശേഷം അദ്ദേഹം ഖുറാസാനിലേക്ക് മടങ്ങി. വഴി മദ്ധ്യേ നബി തിരുമേനിയുടെ റൗള സിയാറത്ത് ചെയ്യാൻ മദീനയിലേക്ക് യാത്രതിരിച്ചു. മദീന സിയാറത്ത് കഴിഞ്ഞ അദ്ദേഹം ഇസ്ലാമിന്റെ ആദ്യ ഖലീഫ അബൂബക്കർ സിദ്ദീഖ് (റ) ന്റെ മകൻ മുഹമ്മദ് (റ) ന്റെ മകൻ അബൂബക്കർ (റ) നെ കണ്ടുമുട്ടുകയും മലബാറിൽ നടത്തിയ ഇസ്ലാമിക പ്രചരണത്തെ കുറിച്ച് ധരിപ്പിക്കുകയും ചെയ്തു. മലബാർ മത പ്രബോധനത്തിന് ഉചിതമായ മണ്ണാണെന്നും താങ്കൾ അവിടെ പോകണമെന്നും പ്രേരിപ്പിച്ചു. പക്ഷെ അതിന് സാധിക്കാതെ വന്ന അദ്ദേഹം മരണവേളയിൽ തന്റെ മകൻ മുഹമ്മദ് (റ) നോട് മലബാറിൽ പോകാനും പിതാവ് ഏറ്റെടുത്ത വാഗ്ദത്വം നിറവേറ്റാനും വസിയത് ചെയ്തു.

ഹസ്റത്ത് മുഹമ്മദ് (റ) പിതാവിന്റെ മരണാനന്തര ക്രിയകൾക്ക് ശേഷം പായക്കപ്പലിൽ മലബാറിലേക്ക് പുറപ്പെട്ടു. ഹിജ്റ നൂറ്റിച്ചില്ല റയിലായിരുന്നു ഇത്. യാത്രാസംഘത്തിൽ സഹോദരൻ ഹുസൈൻ (റ), സഹോദരി റഹ്ബീയത്ത്(റ), സഹോദരി പുത്രൻ ഗുലാമുദ്ദീൻ (റ), ഭാര്യ, മക്കൾ എന്നിവരും ഉണ്ടായിരുന്നു. ആദ്യം ഏഴിമലയിലും ശേഷം അറത്തിൽ എന്ന പാപ്പിനിശ്ശേരിയിലും അവർ എത്തി. അവിടെ നിന്ന് യാത്ര പുറപ്പെട്ട സംഘം വളപട്ടണത്തെ മായിച്ചാൻകുന്നിൽ നിന്ന് ആകാശത്തിലേക്ക് ഉയർന്ന് കണ്ട അഭൗമ ദിവ്യ പ്രകാശം (നൂറാനിയത്ത്) കണ്ടാണ് ഇവിടെ ഇറങ്ങുന്നത്. (മാലിക്ബ്നു ദീനാർ (റ) നും മുമ്പ് സിലോണിലെ ആദംമല സിയാറത്തിന് വന്ന ഉബൂ ഉമർ, തഖ്യുദ്ദീൻ (റ) എന്നവരുടെ ആദ്യ സംഘത്തിലെ ഹസ്റത്ത് റമളാൻ (റ) താവളമടിച്ച് ആരാധന ചെയ്ത സ്ഥലമായിരുന്നു ഇത്. ഇദ്ദേഹം ഖലീഫ അബൂബക്കർ സിദ്ദീഖ് (റ) ന്റെ തൊട്ടടുത്ത തലമുറയിൽ പെട്ട മഹാനാണ്. അദ്ദേഹം ഇബാദത് ചെയ്ത സ്ഥലം 'തടത്തിൽ' എന്ന പേരിലാണറിയപ്പെടുന്നത്. അവിടെ നിന്നാവാം പ്രകാശം പ്രവഹിച്ചത്). യാത്രാ സംഘം കുന്നിന് മുകളിൽ താവളമടിച്ചു.

കോലത്തിരി രാജാവിന്റെ സൈനിക ചാരന്മാർ നൽകിയ വിവരമനുസരിച്ച് രാജാവിനോട് മുൻകൂട്ടി അനുമതി വാങ്ങാതെ രാജ്യാതിർത്തിക്കുള്ളിൽ കയറി താമസമാക്കിയവരെ പിടിച്ചുകൊണ്ടുവരാൻ രാജാവ് കൽപന പുറപ്പെടുവിച്ചു. കുന്ന് കയറിയ ശൂരന്മാരായ പടയാളികൾ കണ്ടത് ആരാധനയിൽ മുഴുകിയ സംഘത്തെയാണ്. അവർക്ക് ചുറ്റും സിംഹങ്ങൾ കാവൽ നിൽക്കുന്നു. സൈന്യാധിപൻ രാജകൊട്ടാരത്തിലെത്തി വിവരം ധരിപ്പിച്ചു. അൽഭുതം കൂറിയ രാജാവ് കൊട്ടാരം വിദൂശകരോടൊപ്പം കുന്നിൻ മുകളിലെത്തി ഹസ്റത്ത് മുഹമ്മദ് (റ) മായി സന്ധിച്ചു. ആഗമനോദ്ദേശം ആരാഞ്ഞു. താമസിക്കാനൊരിടവും പ്രാർത്ഥനക്കൊരു പള്ളിയും വേണം. രാജാവ് പറ

ഞ്ഞു. 'നൽകാം' പക്ഷെ കൊട്ടാരത്തിലെ ഒരിളം തമ്പുരാട്ടിക്കുട്ടിക്ക് വെള്ളപ്പാണ്ട് രോഗം ബാധിച്ചിരിക്കുന്നു. സർവ്വ ചികിത്സയും നടത്തിയിട്ടും ഫലമില്ല. താങ്കൾ ആ രോഗം മാറാനുള്ളത് ചെയ്യുന്നപക്ഷം മുഴുവൻ ആഗ്രഹങ്ങളും സാധിപ്പിച്ചു തരുന്നതാണ്.

ഹസ്റത്ത് മുഹമ്മദ് (റ) തൊട്ടടുത്തുള്ള വെറ്റില വള്ളിയിൽ നിന്ന് മൂന്ന് ഇലകൾ പറിച്ചെടുത്ത് അതിൽ ഖുർആൻ വചനങ്ങൾ മന്ത്രിച്ചൂതി രാജാവിന് നൽകിയിട്ട് പറഞ്ഞു. രാത്രി ഉറങ്ങും മുമ്പ് ഈ വെറ്റില ചവച്ച് നീര് കഴിക്കുക. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് രോഗം മാറും. രാജാവ് മടങ്ങി.

മൂന്ന് ദിവസത്തിന് ശേഷം രാജാവ് സർവ സന്നദ്ധനായി വീണ്ടും കുന്നിന് മുകളിലെത്തി. രോഗം മാറിയ സന്തോഷ വാർത്ത അറിയിച്ചു. ''താങ്കൾക്ക് ഇഷ്ടമുള്ള സ്ഥലം ഏറ്റെടുത്ത് കൊൾക''. അന്നുണ്ടായിരുന്ന അളവുകളായിരുന്നു ഏറുമ്പാടവും, നോക്കുമ്പാടവും. മുഹമ്മദ് (റ) ഒരു കക്കയെടുത്ത് കുന്നിന് മുകളിൽ നിന്ന് വലിച്ചെറിഞ്ഞു. അതു വീണ കരയിൽ രാജാവ് പള്ളി പണിതു നൽകി. ആ പള്ളിയാണ് കക്കെറിഞ്ഞ കര എന്ന അർത്ഥത്തിൽ കക്കുളങ്കര പള്ളിയായത്. (പിന്നീട് പുനരുദ്ധാരണം നടന്നിട്ടുണ്ട്.) മുഹമ്മദ് (റ) ന് താമസിക്കാൻ പഴയകത്ത് തറവാടെന്ന മൂന്ന്കെട്ട് പുരയും പണിതുനൽകി. വളപട്ടണത്തെ ആദ്യ ഖാസിയായി അദ്ദേഹം സ്ഥാനമേറ്റു. 21-ാം ഖാസിയായ ഖാസി സീതി ഇബ്രാഹിം (റ) ന്റെ കാലത്ത് റഷ്യയിൽ നിന്ന് സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ (റ) വളപട്ടണത്ത് വരുന്നത് വരെ ഇവിടെ ഖാസിമാരായി ഉണ്ടായിരുന്നത് ഈ സിദ്ധീഖി പരമ്പരയാണ്. മായിച്ചാൻ കുന്നിന് മുകളിൽ ഹസറത്ത് റമളാൻ (റ) ഇബാദത്തിലിരുന്ന സ്ഥാനത്ത് ഖാസി മുഹമ്മദ് (റ) ഇബാദത്തിനായി പണിത സ്ഥാനമാണ് മസ്ജിദ് കസീബ് എന്ന കുന്നത്ത് പള്ളിയായി അറിയപ്പെട്ടത്.

> അന്നുണ്ടായിരുന്ന അളവുകളായിരുന്നു ഏറുമ്പാടവും, നോക്കുമ്പാടവും. മുഹമ്മദ് (റ) ഒരു കക്കയെടുത്ത് കുന്നിന് മുകളിൽ നിന്ന് വലിച്ചെറിഞ്ഞു. അതു വീണ കരയിൽ രാജാവ് പള്ളി പണിതു നൽകി. ആ പള്ളിയാണ് കക്കെറിഞ്ഞ കര എന്ന അർത്ഥത്തിൽ കക്കുളങ്കര പള്ളിയായത്.

ഈ ചരിത്ര വിവരങ്ങൾ നമുക്ക് ലഭിക്കുന്നത് ഖാസിമാരുടെ വശം തലമുറയായി സൂക്ഷിച്ചു വരുന്നതും ചേരമാൻ പെരുമാളുടെ കാലത്ത് തന്നെ വളപട്ടണത്ത് ഇസ്ലാം മത പ്രബോധനം നടന്നുവെന്നും വിവരിക്കുന്നതുമായ ഒരു പുരാതന അറബി രേഖയിൽ നിന്നാണ്. ഈ രേഖയെ കുറിച്ച് സി.എൻ. അഹമ്മദ് മൗലവി തന്റെ മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം എന്ന ഗ്രന്ഥത്തിലും സൈദ് മുഹമദ് കേരള മുസ്ലിം ചരിത്രത്തിലും വിശദീകരിക്കുന്നുണ്ട്.

## കുന്നത്ത്പള്ളി : കേരളത്തിലെ ആദ്യകാല പള്ളി

കുന്നത്ത്പള്ളി എന്ന മസ്ജിദു കസീബിലേക്ക് ചരിത്രപണ്ഡിതന്മാരുടെയും വിജ്ഞാന കുതുകികളുടെയും ഗവേഷകരുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ട ചില വിഷയങ്ങളാണ് പരമാർശിക്കാൻ പോകുന്നത്.

1) ചേരമാൻ പെരുമാൾ മക്കയിലേക്ക് യാത്ര തിരിക്കുകയും തുടർന്ന് മാലിക്ദിനാർ(റ)ന്റെയും പ്രബോധനസംഘത്തിന്റെയും പ്രവർത്തനഫലമായി പ്രധാനപ്പെട്ട പത്തു പള്ളികൾ നിർമിതമാവുകയും ആദ്യത്തെ പള്ളി കൊടുങ്ങല്ലൂരിലെ 'ചേരമാൻ പള്ളി' ആണെന്നുമാണല്ലോ പാടിപ്പറഞ്ഞ ചരിത്രം.

ഈ ചരിത്രത്തെ ചോദ്യം ചെയ്യുന്ന ഒരു ഉദ്ധരണി ശ്രീശങ്കരാചാര്യൻ പറഞ്ഞുകൊണ്ട് എഴുതിച്ച 'കേരളോൽപ്പത്തി' എന്നഗ്രന്ഥത്തിലെ ഒരു പരമാർശത്തിൽ ഇങ്ങനെകാണുന്നു. പെരുമാൾ മക്കയിലേക്ക് യാത്ര പുറപ്പെടുന്നതിനു മുമ്പ് മുസ്ലിംകൾക്ക് ഖാസിമാരെ നിശ്ചയിക്കാനും മുസ്ലിംകളുടെ പള്ളികൾ സംരക്ഷിക്കാനും മക്കത്തേക്ക് കപ്പലോടിക്കാനുമുള്ള അധികാരം സാമന്ത രാജാവായ കോഴിക്കോട് പുന്നലക്കോന് (പുന്നലക്കോനാതിരി) ക്ക് നൽകി എന്നതാണ് ആ പരാമർശം.

2) കേരളോൽപ്പത്തിയിൽ ഇങ്ങനെയൊരു പരാമർശമുള്ള സ്ഥിതിക്ക് പെരുമാൾ യാത്ര പുറപ്പെടുന്നതിനു മുമ്പ് തന്നെ വളപട്ടണത്തും മുസ്ലിംകൾക്ക് പള്ളികളും ഖാസിമാരും ഉണ്ടായിരുന്നുവോ?

3) കോഴിക്കോട് കുറ്റിച്ചിറ പള്ളിക്ക് ഒരുവശത്ത് കാണപ്പെടുന്ന ഖബറുകളിലെ ഖാസിമാരുടെ ചരിത്രം അജ്ഞാതവും മറ്റൊരു വശത്ത് ഖബറുകളിലെ റമളാനുശ്ശാലിയാത്തിവരെയുള്ള ഖാസിമാരുടെ ചരിത്രം സുവ്യക്തവുമാണ്. ഇവർ മാലിക്ദിനാർ(റ)വിന്റെ പ്രബോധനകാലഘട്ടത്തിനോടനുബന്ധിച്ചുള്ള ഖാസിമാരുമാണ്. ആരായിരിക്കാം മേൽപറഞ്ഞ അജ്ഞാതഖാസിമാർ? പ്രബോധനസംഘത്തിന്റെ വരവിനു മുമ്പുള്ളവരായിരിന്നുകൂടെ?

4) ചേരമാൻ പെരുമാൾ മക്കയിലേക്ക് യാത്ര തിരിക്കുന്നതിനു മുമ്പ് ധർമടത്തെത്തുകയും തുടർന്ന് വളപട്ടണം കോട്ടയിൽ വന്നു അനന്തരവകാശികൾക്ക് അധികാരം കൈമാറ്റം ചെയ്തതായും വളപട്ടണം കോട്ട എന്ന അധ്യായത്തിൽ നാം വായിച്ചു. ശഹർ മുഖല്ലയിൽ നിന്ന് അന്ത്യ സമയത്ത് കേരളത്തിലെ ഭരണാധികാരികൾക്ക് നൽകാൻ അദ്ദേഹം മാലിക് ദിനാർ(റ) വശമായി ഏൽപ്പിച്ച് കത്ത് മാലിക്കു ദിനാർ(റ) ഭരണാധികാരിയെ ഏൽപ്പിക്കുകയും അത് പ്രകാരം പെരുമാളുടെ ഭരണാധികാരത്തിനു കീഴിലുള്ള കൊടുങ്ങല്ലൂർ, ധർമടം, ശ്രീകണ്ഠപുരം എന്നീ പ്രദേശങ്ങളിൽ പള്ളികൾ നിർമിച്ചുവെന്നും ചരിത്രം പറയുമ്പോൾ യാത്രക്ക് മുമ്പ് പെരുമാൾ അധികാരം ഏൽപ്പിച്ചുപോയ വളപട്ടണത്തെ ഭരണാധികാരികൾക്കും കത്ത് നൽകാതെ വരുമോ? ഈ പ്രകാരം വളപട്ടണത്തും പള്ളി നിർമിക്കപ്പെടാതെ പോകുമോ?

വളപട്ടണത്ത് പള്ളിപണിയാതിരിക്കാനുള്ള കാരണം മേൽപറഞ്ഞ പ്രകാരം പെരുമാൾ യാത്ര പോകുന്നതിനു മുമ്പ് തന്നെ വളപട്ടത്ത് പള്ളി ഉണ്ടായിരുന്നതിനാലായിരിക്കണമല്ലോ? മസ്ജിദു കസീബ് എന്ന പേരിലറിയപ്പെടുന്ന കുന്നത്ത് പള്ളി ഇത്തരത്തിൽ ഒന്നായിക്കൂടേ?

പ്രത്യേകിച്ച് കേരളപഴമയുടെ പരാമർശ പ്രകാരം വളപട്ടണം കോട്ടയും പെരുമാളും തമ്മിലുള്ള അഭേദ്യമായ ബന്ധം നിലനിൽക്കെ പള്ളി പണിയാനുള്ള കത്ത് നൽകാതിരിക്കുന്നതെങ്ങനെ?

5) സുലൈമാൻ നബി(അ)ന്റെ (സോളമൻ ചക്രവർത്തി) കാലത്ത് തന്നെ കേരളവും അറബികളും കച്ചവട ബന്ധങ്ങളെപ്പറ്റി ബൈബിളിൽ 'ശലമോന്റെ കീർത്തനങ്ങൾ' എന്ന അധ്യായത്തിൽ പരാമശിക്കുന്നുണ്ട്. മുഹമ്മദ് നബി(സ)യുടെ പ്രബോധനത്തോടെ ഇസ്ലാം മതം സ്വീകരിച്ച കച്ചവടക്കാരായ അറബികൾ വഴി മത സാഹോദര്യവും സഹവർത്തിത്വവും നിലനിൽക്കുന്ന കേരളത്തിലും അതേ കാലത്ത് തന്നെ ഇസ്ലാംമത പ്രബോധനം നടന്നിരിക്കാനാണ് കൂടുതൽ സാധ്യത. ഈ പ്രബോധനത്തിന് വേണ്ടി ചേരമാൻ പെരുമാളുടെ മടക്കയാത്ര വരെയോ മാലിക്കുദിനാർ(റ)വിന്റെ പ്രബോധനസംഘത്തിന്റെ വരവ് വരെയോ കാത്തിരിക്കേണ്ടി വന്നെങ്കിൽ അതിന് കാരണമെന്ത്?

## ചരിത്രത്തിന്റെ പുനർവായന

ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നതിന് ചരിത്രകാരനും പണ്ഡിതനുമായ ജനാബ് ഹുസൈൻ രണ്ടത്താണി ചരിത്രത്തിന്റെ ഒരു പുനർവായന നടത്തുന്നുണ്ട്. 1998ൽ എസ് എസ് എഫ് സിൽവർ ജൂബിലി ഉപഹാരമായ 'ഓർമ്മ'യിൽ 'വെളിച്ചം വന്ന വഴി' എന്ന ലേഖനത്തിലെ പ്രധാനഭാഗങ്ങൾ കാണുക. പെരുമാൾ മതം മാറും വരെയോ മാലിക്കുദിനാറും കൂട്ടരും പള്ളി പണിയും വരെയോ ഇസ്ലാമിന് കാത്തിരിക്കേണ്ടി വന്നിട്ടില്ല. ആ സംഭവങ്ങളെല്ലാം ഇസ്ലാമിക വിപ്ലവത്തെ ദ്രുതഗതിയിലാക്കിയ മഹാ ഘടകങ്ങളാണെന്ന് മാത്രം. ഇതിനാൽ ഇസ്ലാമിന്റെ തുടക്കം ചേരമാനിലോ മാലിക്കുദിനാറിലോ കൊണ്ടെത്തിക്കുന്നത് ശാസ്ത്രീയമാവില്ല. ചേരമാന്റെ പരിവർത്തനം ഇസ്ലാമിന്റെ പ്രവർത്തനം സുഖമമാക്കി. മാലിക്ദിനാറിന്റെ പ്രവർത്തനം പ്രബോധനത്തെ ശാസ്ത്രീയമാക്കി. ഇതാണ് വസ്തുത.

> വളപട്ടണത്തെ ആദ്യ ഖാസിയായി അദ്ദേഹം സ്ഥാനമേറ്റു: 21-ാം ഖാസിയായ ഖാസി സീതി ഇബ്രാഹിം (റ) ന്റെ കാലത്ത് റഷ്യയിൽ നിന്ന് സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ (റ) വളപട്ടണത്ത് വരുന്നത് വരെ ഇവിടെ ഖാസിമാരായി ഉണ്ടായിരുന്നത് ഈ സിദ്ധീഖി പരമ്പരയാണ്.

ഈ ലേഖനത്തിന്റെ നാലാം ഖണ്ഡികയിൽ ഒരു ചോദ്യം ബാക്കി നിൽക്കുന്നു. ലേഖകൻ തന്നെ അക്കാര്യം വ്യക്തമാക്കട്ടെ. ''പ്രവാചകന്റെ സന്ദേശം മലബാറിലെത്തിച്ച് ഇവിടെ മതപ്രബോധനത്തിനു തുടക്കമിട്ട മഹാൻ ആരാണെന്നു നമുക്കറിവില്ല. പള്ളിബാണൻ മതം മാറും മുമ്പ് സാധാരണക്കാരാരൊക്കെയോ മതം മാറിയിരിക്കണം, അക്കാര്യത്തിൽ അന്ന് പൂർണമായ സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. ബുദ്ധമതത്തിന്റെ പതന ശേഷം ആശ്രയമറ്റ ജനം ഏതൊരു മാനവികാശയത്തെയും സ്വീകരിക്കാൻ സന്നദ്ധമായിരുന്നു. സാധാരണക്കാരുമായി ബന്ധപ്പെട്ട സാമൂഹിക പ്രവർത്തനത്തിന് ഇറങ്ങിയ അജ്ഞാതനായ ആ സാത്വികനായിരിക്കണം മലബാറിലെ ഇസ്ലാമിക പാരമ്പര്യത്തിന്റെ പ്രഥമ കണ്ണി.

കേരളത്തിലെ ബുഖാരി സാദാത്തീങ്ങളെ സംബന്ധിച്ച് ആഴത്തിൽ പഠനം നടത്തുകയും 'മത്വാലിഹുൽ ഹുദ' എന്ന ബൃഹത്തായ കയ്യെഴുത്ത് ഗ്രന്ഥം രചിക്കുകയും ചെയ്ത ബഹു: മർഹൂം അസ്സയ്യിദ് ഹാമിദ് കോയമ്മ തങ്ങൾ മേൽഗ്രന്ഥത്തിൽ പരാമർശിക്കുന്നത്

കാണുക. ''കേരളത്തിലെ അതി പ്രാചീനമുസ്‌ലിം കേന്ദ്രങ്ങളിൽ ഒന്നാണ് വളപട്ടണം.'' യുഗയുഗാന്തരങ്ങളിലായി വിവിധ മുസ്‌ലിം പുണ്യാത്മാക്കളുടെ പ്രബോധനഫലമായാണ് തദ്ദേശ നിവാസികൾ ഇസ്ലാം മതം സ്വീകരിച്ചത്. ഹ: അബൂബക്കർ(റ) വിന്റെ തൊട്ടടുത്ത തലമുറക്കാരനായ ഹ: റമളാൻ(റ) ആദ്യകാല ഇസ്‌ലാംമത പ്രബോധകന്മാരിൽ പ്രമാണികനാണ്. അദ്ദേഹത്തെ സംസ്കരിച്ചതും വളപട്ടണത്തു തന്നെയാണ്.

അജ്ഞാതനായ ആ സാത്വികൻ മഹാനായ ഹസ്രത്ത് റമളാൻ(റ) വാണെന്നും, അദ്ദേഹം ഇബാദത്തിലായിരുന്ന സ്ഥലം ഇന്നും കുന്നത്ത്പള്ളിക്കു മുകളിൽ ''തടത്തിൽ'' എന്ന പേരിൽ നിലകൊള്ളുന്നുമുണ്ട്. ഈ സ്ഥലത്താണ് ആദ്യത്തെ പള്ളി എന്നതിനാലായിരിക്കുമോ വളപട്ടണത്തു നിന്ന് മക്കയിലേക്ക് യാത്ര തിരിച്ച പെരുമാൾ വളപട്ടണത്ത് പിന്നെയും പള്ളി പണിയാൻ വേണ്ടി കത്ത്നൽകാതിരുന്നത് ? പെരുമാളുടെ മക്ക യാത്രക്കു മുമ്പോ (ആദ്യ പ്രബോധക സംഘത്തിന്റെ കാലത്ത്) മാടായി പള്ളി നിർമ്മാണത്തിന് തൊട്ടടുത്തോ (ഹിജറ 5) ആവണം കുന്നത്തു പള്ളി നിർമ്മിക്കപ്പെട്ടത്.

ഇതിനുശേഷം ഹിജ്റ നൂറ്റിച്ചില്ലറയിൽ വളപട്ടണത്തെത്തിയ ഖാസി മുഹമ്മദ്(റ) (അബൂബക്കർ സ്ദ്ദീഖ്(റ) വിന്റെ മൂന്നാം പൗത്രൻ) കക്കുളങ്കരപ്പള്ളി പണിയുന്നതു വരെയും താമസമാക്കിയത് കുന്നത്ത്പള്ളിയിൽ തന്നെയായിരുന്നു. തുടർന്നു വന്ന ഖാസി ഗുലാമുദ്ദീൻ(റ)വിന്റെ താവളവും ഇവിടെത്തന്നെ. ഹിജ്റ 827-ൽ കേരളത്തിലെത്തിയ പ്രഥമ അഹ്‌ലുബൈത്തും ബുഖാരി വംശജനുമായ സയ്യിദ് അഹ്മദ് ജലാലുദ്ധീൻ ബ്നു ഇസ്മാഈൽ അൽ ബുഖാരി(റ)വും ഖാസി സ്ഥാനം ഏറ്റെടുക്കുന്നതു വരെ സ്ഥിരതാമസമാക്കിയതും, പ്രബോധനത്തിനു നേതൃത്വം നൽകിയതും കുന്നത്ത് പള്ളിക്കു മുകളിൽ തന്നെയായിരുന്നു.

മറ്റൊരൈതീഹ്യ പ്രകാരം കുന്നത്ത്പള്ളിക്കു മുകളിലെ 'തടത്തിൽ' നിന്നു ആകാശത്തോളം പ്രവഹിക്കുന്ന ഒരഭൗമ തേജസ് കണ്ടതിനാലാണത്രെ ഖാസി മുഹമ്മദ് (റ) തന്റെ യാത്ര കപ്പൽ കുന്നത്ത്പള്ളിക്കടുപ്പിച്ച് അവിടെ താമസമാക്കിയത്. വളപട്ടണത്തെ രണ്ടാമത്തെ പള്ളിയും ആദ്യ ജുമുഅത്ത് പള്ളിയുമായ കക്കുളങ്ങരപ്പള്ളി പണിയുന്നതുവരെ ഇവിടെയായിരുന്നു ആദ്യത്തെ ആരാധനാ കേന്ദ്രവും മുസ്ലിം ഖബർസ്ഥാനമെന്നും ചരിത്രം പറയുന്നു. ഇന്നത്തെ കുന്നത്ത് പള്ളിക്കു പടിഞ്ഞാറുവശത്തായി നിലകൊള്ളുന്ന മഖ്ബറയിൽ ഹ: ജലാലുദ്ധീൻ (റ) വിന്റെ ഭാര്യമാരും ഖാസി മുഹമ്മദ് (റ)ന്റെ സഹോദരിയും സഹോദരി പുത്രിയും അന്ത്യ വിശ്രമം കൊള്ളുന്നു. ഈയടുത്ത കാലം വരെ വിപുലമായ തോതിൽ ഉറൂസ് നേർച്ച നടന്നതായി പഴമക്കാർ വിവരിക്കുന്നു. മുട്ടുവേദനപോലുള്ള അസുഖങ്ങൾക്ക് ശമനമായി കണ്ടിരുന്നത് പള്ളിക്കു മുകളിലേക്ക് കുത്തനെയുള്ള മഹാന്മാരുടെ പാദ സ്പർശനമേറ്റ പുരാതനപടവുകൾ കയറി ഇറങ്ങലായിരുന്നു. പ്രതാപം അസ്തമിക്കാതെ കുന്നത്ത്പള്ളി ഇന്ന് വളപട്ടണം പഞ്ചായത്ത് കേരള മുസ്‌ലിം ജമാഅത്ത്, എസ്.വൈ.എസ്-എസ്.എസ്-എഫ് കമ്മിറ്റിയുടെ കൈകളിൽ സുഭദ്രമായി നിലകൊള്ളുന്നു.

### പള്ളിയോടനുബന്ധിച്ച് അന്ത്യവിശ്രമം കൊള്ളുന്നവർ:

1. ഹസ്റത്ത് റമളാൻ (റ) (തടത്തിൽ)
2. ഖാസി മുഹമ്മദ് (റ)ന്റെ സഹോദരി റഹ്ബിയ ബീവിയും സഹോദരി പുത്രിയും (ഹി.100 - മഖാമിലെ കെട്ടിൽ)
3. സയ്യിദ് ജലാലുദ്ധീൻ ബുഖാരി (റ) ന്റെ ആദ്യഭാര്യ (ഖാദിരി ത്വരീഖത്തിന്റെ ശൈഖായ സ്വലാഹുദ്ധീൻ ജുംഅത്തുൽ ഖാദിരി (റ) വിന്റെ പുത്രി - മഖാമിലെ കെട്ടിൽ)
4. സയ്യിദ് ജലാലുദ്ധീൻ (റ) ന്റെ രണ്ടാം ഭാര്യ (21ാം ഖാസി സീതി ഇബ്രാഹിം (റ)വിന്റെ സഹോദരി - മഖാമിലെ കെട്ടിൽ
5. മഖാമിന് ചുറ്റും കാണുന്ന നിരവധി ആദ്യകാല മഹാരഥന്മാരുടെ കബറുകൾ.



കുന്നത്തുപള്ളി മഖാം ശരീഫ്



# കക്കുളങ്കര പള്ളി അദ്ധ്യാത്മികതയുടെ സംഗമഭൂമിക

ഹിജ്റ നൂറ്റിച്ചില്ലറയിൽ സ്ഥാപിക്കപ്പെട്ട വളപട്ടണത്തെ രണ്ടാം പള്ളിയായ കക്കുളങ്കര പള്ളി നിർമ്മിച്ചത് ഖാസി മുഹമ്മദ്(റ)ആണ്. ഒന്നാം ഖലീഫ അബൂബക്കർസിദ്ദീഖ്(റ) ന്റെ മകൻ മുഹമ്മദ് (റ) ന്റെ മകനായ അബൂബക്കർ (റ) വിനെ ഖുറാസനിലേക്ക് യാത്ര തിരിച്ച മാലിക് ദീനാർ (റ) കണ്ടുമുട്ടുകയും മലബാറിൽ പോയി ഇസ്ലാംമത പ്രചരണം നടത്താൻ പ്രേരിപ്പിക്കുകയും അദ്ദേഹമത് സന്തോഷപൂർവ്വം സ്വീകരിക്കുകയും ചെയ്തു. എങ്കിലും കൃത്യാന്തര ബാഹുല്യത്താൽ അദ്ദേഹത്തിന് അതിന് സാധിച്ചില്ല. ഇദ്ദേഹത്തിന്റെ മകൻ മുഹമ്മദ് (റ) പിതാവിന്റെ വസിയ്യത്ത് പ്രകാരം ഹിജ്റ നൂറ്റിച്ചില്ലറയിൽ സഹോദരൻ ഹുസൈൻ(റ), സഹോദരി റഹ്ബിയ്യ ബീവി, സഹോദരി ഭർത്താവ് , സഹോദരി പുത്രി, മരുമകൻ ഗുലാമുദ്ധീൻ (റ) എന്നിവർ പരിവാര സമേതം മലബാറിലേക്ക് തിരിച്ചു. കണ്ണൂരിനടുത്ത 'അറത്തിൽ' എന്ന സ്ഥലത്ത് അവർ വന്നിറങ്ങുകയും വളപട്ടത്തെത്തിച്ചേരുകയും കുന്നത്ത് പള്ളിക്ക് മുകളിൽ താമസമാക്കുകയും ചെയ്തു. തുടർന്ന് കോലത്തിരിയിൽ നിന്ന് ലഭിച്ച സ്ഥലത്ത് കക്കുളങ്കര പള്ളിയെന്ന പേരിൽ ഒരു പള്ളി പണിയുകയും ആദ്യത്തെ ഖാസിയായി അവരോധിതനാവുകയും ചെയ്തു. മേൽ പള്ളി 'കക്കുളങ്കര പള്ളി' കൽക്കുളങ്കര പള്ളി എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഒരു കാലത്ത് തുരുത്തി എന്ന പേരിലറിയപ്പെട്ടിരുന്ന പുഴയോട് ചേർന്ന

ഭാഗത്ത് 'കക്ക' എറിഞ്ഞുണ്ടായ കരയിൽ സ്ഥാപിതമായതിനാലാണ് 'കക്കെറിഞ്ഞ കര' എന്ന് പേര് വന്നതെന്നും ഇത് ലോപിച്ച് 'കക്കുളങ്കര പള്ളി' ആയി മാറിയെന്നും ഒരു ഐതിഹ്യം നിലവിലുണ്ട്.

വളപട്ടണത്തെ 'ഖാസിഭവൻ' എന്ന പേരിൽ അറിയപ്പെടുന്ന 'പഴയകത്ത് ഭവനം' സ്ഥാപിച്ചത് ഖാസി മുഹമ്മദ് (റ) തന്നെയാണ്.

പ്രൗഢമായൊരു പ്രബോധന നേതൃത്വത്തിന് ശേഷം വിടപറഞ്ഞ ഇദ്ദേഹത്തിന്റെ ഖബർ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തായി തലയുയർത്തി നിൽക്കുന്നു.

## വളപട്ടണത്തെ ആദ്യകാല ഖാസിമാർ: സിദ്ദീഖി പരമ്പര

1. ഖാസി മുഹമ്മദ് (റ)
2. ഖാസി ഹുസൈൻ മുർതളാ (റ) (ഖാസി മുഹമ്മദ് (റ)ന്റെ സഹോദരൻ, പഴയങ്ങാടിക്കടുത്ത എരിപുരം മഖാമിൽ അന്ത്യ വിശ്രമം കൊള്ളുന്നു)
3. ഖാസി ഗുലാമുദ്ധീൻ (റ) (ഖാളിമുഹമ്മദ് (റ) ന്റെ മരുമകൻ, കക്കുളങ്കര പള്ളിയിൽ അന്ത്യ വിശ്രമം കൊള്ളുന്നു.)
4. ഖാസി അബൂബക്കർ (റ)
5. ഖാസി ഉസ്മാൻ (റ)
6. ഖാസി ബഹാഉദ്ധീൻ (റ)
7. ഖാസി അഹ്മദ് (റ)
8. ഖാസി മൂസാ (റ)
9. ഖാസി ജഅ്ഫർ (റ)
10. ഖാസി ഇസ്മാഈൽ (റ)
11. ഖാസി അലിയ്യ് (റ)
12. ഖാസി മുഹമ്മദ് (റ)
13. ഖാസി അബ്ദുറഹിമാൻ (റ)
14. ഖാസി ഇസ്സുദ്ധീൻ (റ)
15. ഖാസി നിസാമുദ്ധീൻ (റ)
16. ഖാസി അബൂബക്കർ (റ)
17. ഖാസി സ്വലാഹുദ്ധീൻ (റ)
18. ഖാസി അബ്ദുൽ ഖാദിർ (റ)
19. ഖാസി ശക്വാൻ (റ)
20. ഖാസി അബ്ദുൽ റഹ്മാൻ (റ)
21. ഖാസി സീതി ഇബ്രാഹീം (റ) (ഹി. 800) ഇദ്ദേഹം വലിയ ഭക്തനും പണ്ഢിതനും സൂഫിവര്യനുമായിരുന്നു. മഹാനായ ഖിള്ർനബി (അ) സലാം പറഞ്ഞയക്കപ്പെട്ടവർ, ജിന്നുകളാൽ മന്ന ഖബർസ്ഥാനിൽ റെഡിമെയ്ഡ് ഖബറുകൾ കുഴിപ്പിച്ചവർ മുതലായ പല ചരിത്ര സംഭവങ്ങളാലും പ്രസിദ്ധനാണ് ഇദ്ദേഹം.


കക്കുളങ്കര പള്ളി മിനാരം

### ആത്മീയ ജ്യോതിസിന്റെ ആഗമനം

ഖാസി ഇബ്രാഹിമിന്റെ കാലത്താണ് ഹിജ്റ 805-ൽ ജനിച്ച പ്രവാചകൻ (സ) യുടെ 27-ാ മത്തെ പൗത്രൻ വളപട്ടണത്തിന്റെ ആത്മീയ ജ്യോതിസ്സ് ഖുതുബുസ്സമാൻ അസ്സയ്യിദ് അഹ്മദ് ജലാലുദ്ധീൻ ബുഖാരി (റ) ഹി. 827-ൽ വളപട്ടണത്ത് എത്തിച്ചേരുന്നത്. മഹാനവർകൾ കുന്നത്ത് പള്ളിക്ക് സമീപത്തുള്ള വീട്ടിൽ തന്റെ ഭാര്യയോടൊപ്പം താമസമാക്കി. തന്റെ ആത്മീയ ഗുരുവായ യമനിലെ ഹളറമൗത്തിലെ സ്വലാഹുദ്ധീൻ ജുംഅത്തുൽ ഖാദിരി(റ)യുടെ മകളെയായിരുന്നു മഹാനവർകൾ ആദ്യമായി വിവാഹം ചെയ്തിരുന്നത്. ഇവരുടെ മരണ ശേഷം കുന്നത്ത് പള്ളിക്ക് മുകളിൽ ഖബറടക്കുകയും വിഭാര്യനായ മഹാനവർകൾക്ക് ഖാസി സീതി ഇബ്രാഹിം (റ) തന്റെ സഹോദരിയെ വിവാഹം ചെയ്തുകൊടുക്കുകയും ഖാസി ഭവനമായ പഴയകത്ത് ഭവനത്തിന് അടുത്ത് തന്നെ പുതുതായി ഒരു വീട് പണിയിച്ചുകൊടുക്കുകയും ചെയ്തു. സയ്യിദ് ബുഖാരി (റ) താമസിച്ചതിനാൽ ഈ വീടിന് സയ്യിദിന്റകത്ത് എന്നു പേര് വന്നു.

ഇതോടെ സീതി ഇബ്രാഹിം(റ)ൽ നിന്ന് ഖാസി സ്ഥാനം സയ്യിദവർകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. സിദ്ധീഖി പരമ്പരയിൽ നിന്ന് അഹ്‌ലുബൈത്തിലേക്ക് ഖാസി സ്ഥാനം കൈമാറ്റം ചെയ്യപ്പെട്ടുവെന്നർത്ഥം. ഖാസി സീതി ഇബ്രാഹിം (റ) ന്റെ ഖബറിടവും കക്കുളങ്കര പള്ളിക്ക് സമീപമാണ്.

തുടർന്ന് ജലാലുദ്ധീൻ ബുഖാരി(റ) ന്റെ ആത്മീയ സാന്നിദ്ധ്യത്തോടെ വളപട്ടണം ഒരു ഉന്നത ഇസ്ലാമിക കേന്ദ്രമായി മാറി. സാമൂഹ്യ ജീവിതത്തിൽ പ്രകടമായ അവരുടെ വ്യക്തിത്വം നാടിന്റെ സർവ്വരംഗങ്ങളിലും ഈ മഹാനെ ആദരിക്കുന്നതിൽ ജനങ്ങളെ ഒന്നടങ്കം സ്വാധീനിച്ചു കഴിഞ്ഞിരുന്നു. മഹാനവർകളെ കുറിച്ച് പദ്യ രൂപത്തിലുള്ള 'കക്കുളങ്കരമാല' വിശേഷ ദിവസങ്ങളിലും മറ്റുമായി മുസ്ലിം വീടുകളിൽ ഇന്നും ഭക്ത്യാദരവോടെ പാരായണം ചെയ്യുന്നു. ഹിജ്റ 875-ൽ മുഹർറം മാസം വെള്ളിയാഴ്ച തന്റെ 70-ാം വയസ്സിൽ അഹ്മദ് ജലാലുദ്ധീൻ (റ) വഫാത്തായി. ഇദ്ദേഹത്തിന്റെ മഖ്ബറ പള്ളിക്ക് സമീപത്തായി തലയുയർത്തി നിൽക്കുന്ന കെട്ടിടത്തിലാണ്.


മഹാനവർകളടക്കം ഖാസിമാരായിരുന്നവരുടെ പരമ്പര താഴെ കൊടുക്കുന്നു.

### *ഖാസിമാർ : സയ്യിദ് പരമ്പര:*

22. അസ്സയ്യിദ് അഹ്മദ് ജലാലുദ്ധീൻ ബുഖാരി (റ)
23. അസ്സയ്യിദ് ഇസ്മാഈൽ ബുഖാരി (റ): (സയ്യിദ് ഇസ്മാഈൽ തങ്ങൾക്ക് പുറമെ സയ്യിദ് മുഹമ്മദ് ബുഖാരി തങ്ങൾ, സയ്യിദ് ഹാമിദ് ബുഖാരി തങ്ങൾ എന്നീ രണ്ട് പുത്രന്മാർകൂടി സയ്യിദ് ജലാലുദ്ധീൻ ബുഖാരി തങ്ങൾക്ക് ഉണ്ടായിരുന്നു എന്നൊരഭിപ്രായം കൂടി നിലവിലുണ്ട്. മത്വാലിഇന്റെ കർത്താവ് ഈ അഭിപ്രായത്തെ ഖണ്ഡിക്കുന്നുണ്ട്. മത്വാലിഅ് രചിക്കാൻ അദ്ദേഹം പ്രധാനമായും ആസ്പദമാക്കിയത് വളപട്ടണത്തെ മുഹ്ളാർ തങ്ങളുടെയും മകൻ ഹാമിദ് തങ്ങളുടെയും കൈവശമുണ്ടായിരുന്ന ചരിത്രരേഖകളായിരുന്നു. പിന്നീടുള്ള ഏതോ തങ്ങൾ മൂന്ന് മക്കളുള്ളതായി എഴുതിവെച്ചതായും അദ്ദേഹം കണ്ടിരുന്നുവെങ്കിലും ആധികാരികത ഹാമിദ് തങ്ങളുടെ ചരിത്ര രേഖക്കു തന്നെ. തുടർന്ന് ഇസ്മാഈൽ ബുഖാരി (റ) എന്ന ഒരൊറ്റ മകൻ മാത്രമേയുള്ളുവെന്ന് മത്വാലിഅ് കർത്താവ് ശക്തമായി തെളിയുക്കുന്നുണ്ട്.)
24. അസ്സയ്യിദ് ഇബ്രാഹീം (റ)
25. അസ്സയ്യിദ് ബാഫഖ്റുദ്ദീൻ (റ)
26. അസ്സയ്യിദ് ഇസ്മാഈൽ (റ)
27. അസ്സയ്യിദ് ഇബ്രാഹിം (റ)
28. അസ്സയ്യിദ് ഹാമിദ് (റ)
29. അസ്സയ്യിദ് ഹാമിദ് (റ)
30. സയ്യിദ് മുഹ്ളാർ (റ)
31. സയ്യിദ് മുഹമ്മദ് (റ)
32. സയ്യിദ് ഇബ്രാഹിം (റ)
33. സയ്യിദ് ഹബീബ് (റ)
34. സയ്യിദ് യഹ്യ പൂക്കോയ തങ്ങൾ
35. സയ്യിദ് ഇബ്രാഹിം കോയക്കുട്ടി തങ്ങൾ




ഇപ്പോഴത്തെ ഖാസിയുടെ പിതാവിന്റെ പരമ്പര (ശജറ)



36. സയ്യിദ് ഇസ്മാഈൽ ഇൽയാസ് കോയമ്മ തങ്ങൾ
37. സയ്യിദ് ജലാലുദ്ധീൻ സഖാഫി അൽ ബുഖാരി.

മർകസുസ്സഖാഫത്തിസ്സുന്നിയ്യയിൽ നിന്ന് ഉന്നത ബിരുദം നേടിയ ഇദ്ദേഹമാണ് ഇപ്പോഴത്തെ ഖാസിയും മുഫ്ത്തിയും. ഇദ്ദേഹം താമസിക്കുന്നത് സയ്യിദിന്റകത്ത് ഭവനത്തിൽ തന്നെയാണ്. 2008ൽ എസ്. വൈ. എസ്. മഹല്ല് സമ്മേളനത്തിൽ ഭാഗമായി നടത്തപ്പെട്ട 'മതസൗഹാർദ്ദ മഹാസമ്മേളന, അറക്കൽ - ചിറക്കൽ രാജ സംഗമ വേദിയിൽ' വെച്ച് ചിറക്കൽ രാജാവ് സി.കെ. രവീന്ദ്രവർമ്മ തമ്പുരാൻ ഖാസി സയ്യിദ് ജലാലുദ്ധീൻ ബുഖാരി അസ്സഖാഫിക്ക് ഖാസി അധികാരപട്ടം കൈമാറുകയുണ്ടായി. തിരുനബിയുടെ: 39 മത്തെ പേരമകനായ ഇദ്ദേഹം മുതൽ മുത്തുനബി(സ) വരെയുള്ള പരമ്പര(ശജറ) തന്റെ ഇസ് ലാമിക ചികിത്സാ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

'ഖാളിഭവൻ' എന്ന പേരിൽ പ്രസിദ്ധമായ 1300 വർഷം പഴക്കമുള്ള പഴയകത്ത് ഭവനം നിരവധി മഹാത്മാക്കൾക്ക് ജന്മം നൽകിയത് കൂടാതെ ഖാസിമാരുടെ ഭരണസിരാകേന്ദ്രവുമായി പരിലസിച്ചിരുന്നു. ഇവിടെ വെച്ചാണ് കണ്ണൂർ മൗലൽ ബുഖാരി (റ) വിന്റെ സുന്നത്ത് കല്ല്യാണം നടത്തപ്പെട്ടിരുന്നത്. വലിയകീപാട്ട് വെച്ചാണെന്നും അഭിപ്രായമുണ്ട്. ഇതിലെ 'പടിപ്പുര' എന്ന ഭാഗമായിരുന്നു സെക്രട്ടറിയേറ്റായും മുസ്ലിം കോടതിയായും പ്രവർത്തിച്ചിരുന്നത്.

36-ാം ഖാസിയായിരുന്ന സയ്യിദ് ഇസ്മാഈൽ കോയമ്മ തങ്ങളുടെ സഹോദരിയാണ് പഴയകത്ത് ഭവനത്തിൽ അവസാനമായി താമസിച്ച കണ്ണി. ഇതിനോടടുത്ത സ്ഥലത്ത് സ്വന്തം വീട് നിർമ്മിച്ച് തങ്ങൾ താമസം

മാറിയതോടെ പഴയകത്തെ ഭവനം പരിപൂർണ്ണമായും തകർന്നടിഞ്ഞു. പ്രവേശന കവാടവും അനുബന്ധമായ പടിപ്പുരയുമല്ലാതെ മറ്റൊന്നും ഇപ്പോൾ അവശേഷിക്കുന്നില്ല. കോയമ്മ തങ്ങളുടെ പുതിയ വീട്ടിൽ ഇപ്പോൾ താമസിക്കുന്നത് അദ്ദേഹത്തിന്റെ ഭാര്യയും മകളുടെ ഭർത്താവും വളപട്ടണം ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ടുമായ സയ്യിദ് ഹബീബ് തങ്ങളുടെ കുടുംബവുമാണ്.

വളപട്ടണത്തെ ഖാസിമാരുടെ അധികാര പരിധിയിൽ ഒരു കാലത്ത് മാങ്കടവ്, ചെറിയകര, കാട്ടാമ്പള്ളി, കണ്ണാടിപ്പറമ്പ്, പനയൻകണ്ടി, പാലത്തുങ്കര, തൂണേരി, മുണ്ടേരി, മാഞ്ഞൂർ, മുല്ലരിക്കാടി, കൈരളം, കണ്ടക്കൈ, കാവുമ്പായി, മാടായി, രാമന്തളി തുടങ്ങി 73 മഹല്ലുകളുടെ ഭരണാധികാരം ഉണ്ടായിരുന്നു. സാമൂതിരിയുടെ കാലത്ത് കോഴിക്കോട് ഖാസിമാർക്കുണ്ടായിരുന്ന അധികാരവും പദവിയും 'കോലത്തിരിയുടെ നാട്ടിലെ ഖാസി' എന്ന പേരിൽ വളപട്ടണം ഖാസിമാർക്കും ലഭിച്ചുവെന്നർത്ഥം. കോഴിക്കോട്ടേക്കോ കാസർക്കോട്ടേക്കോ മുഖം തിരിക്കാതെ ചന്ദ്രപ്പിറവി ഉറപ്പിച്ചിരുന്നതും ഫത്വ നൽകിയിരുന്നതും ഇവർ തന്നെയായിരുന്നു. എങ്കിലും ഇടക്കാലത്ത് ഖാസിയില്ലാതെ ഒരു നീണ്ടകാലം നായിബ് ഖാസിയെ മാത്രം അനുഭവിക്കേണ്ടി വന്ന വളപട്ടണത്തിന് ഈ പ്രതാപ ഐശ്വര്യങ്ങൾ മുഴുവൻ വിനിഷ്ടമായിയെന്നതും ഒരു ദു:ഖസത്യം തന്നെ.

## കക്കുളങ്കര പള്ളി: പുനരുദ്ധാരണ ഘട്ടങ്ങൾ

കക്കുളങ്കര പള്ളി ശില്പ ഭംഗിയുള്ളതാണ്. മറ്റ് പള്ളികളിൽ നിന്ന് വ്യത്യസ്തമായി കാണാത്തക്കവിധം ഖുബ്ബയുടെയും മിനാരത്തിന്റെയും കിരീടമണിഞ്ഞാണ് ഇന്നതിന്റെ കിടപ്പ്. ആ മിനാരവും കലാവൈഭവവും എത്രമാത്രം ചേതോവികാരമാണ് നൽകുന്നത്. ഹിജ്റ നൂറ്റിച്ചില്ലറയിലാണ് പള്ളി പണിതതെങ്കിലും അന്നത്തെ രൂപം ഇന്ന് പള്ളിക്കില്ല. മൂന്നു തവണകളിലായി ഈ പള്ളി അറിഞ്ഞിടത്തോളം പുനരുദ്ധരിക്കപ്പെട്ടിട്ടുണ്ട്. ചിറക്കലിൽ നിന്ന് മതം മാറിയ രവിവർമ്മ തമ്പുരാനായിരുന്നു ആദ്യ പുനരുദ്ധാരണം നടത്തിയത്. കടലായി ശ്രീ കൃഷ്ണക്ഷേത്രത്തിൽ നിർമ്മാണത്തിനായി അന്യദേശത്ത് നിന്ന് കൊണ്ട് വന്ന വിശ്വകർമ്മജരെ കൊണ്ട് ക്ഷേത്രകലയുപയോഗിച്ച് പള്ളി ശില്പ ഭംഗിയുള്ളതാക്കിയത് അദ്ദേഹമാണ്. ഗോപുരം നിർമ്മിച്ചത് അറക്കൽ രാജാവാണ്. മഖ്ബറ പുതുക്കി പണിതതും മഖ്ബറക്കു മേൽ ഖുബ്ബ്വിരിച്ചതും മോടിപിടിച്ചതും ഹാമിദ് മുഹ്ളാർ തങ്ങളാണ്.

പള്ളിയുടെ രണ്ടാം പുനർനിർമ്മാണം നടന്നത് സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ ബുഖാരി(റ) ന്റെ കാലത്ത് ഹിജ്റ 827ന് ശേഷം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ്. അവസാനത്തെ പുനർ നിർമ്മാണ ചരിതം പള്ളിക്കകത്തെ വാതിൽ പടിയിൽ കലാപരമായി അറബി ലിപിയിൽ കൊത്തിവെച്ചിട്ടുണ്ട്. ഹിജ്റ 1242-ൽ ഖാസി ഇബ്രാഹിം (റ)ന്റെ നിർദേശ പ്രകാരം ഖാസി ഹാമിദുബ്നു മുഹമ്മദ് ജലാലുദ്ധീനുൽ ബുഖാരി(റ) ആണെന്ന് ഈ ലിഖിതത്തിൽ പറയുന്നുണ്ട്. ഇതോടനുബന്ധിച്ച് അറക്കൽ ആലി രാജ പണിത് നൽകിയ തുർക്കി മാതൃകയിലുള്ള ഗോപുരവും മഹാന്മാരുടെ കബറിടങ്ങൾ ഉൾക്കൊള്ളുന്ന പുതിയ കെട്ടിടങ്ങളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല പള്ളിയോടനുബന്ധിച്ച് അംഗസ്നാനത്തിന് ഉപയോഗിക്കുന്ന നിരവധി കൽപ്പടവുകളോട് കൂടിയ മനോഹരമായ കുളവും കക്കുളങ്കര പള്ളിയുടെ മനോര

### പള്ളിയോടനുബന്ധിച്ച് അന്ത്യ വിശ്രമം കൊള്ളുന്നവർ

1. ഹിജ്റ നൂറ്റിച്ചില്ലറയിൽ വളപട്ടണത്ത് എത്തിയ ഖാളി മുഹമ്മദ് (റ), ഖാസി ഗുലാമുദ്ധീൻ (റ), ഖാസി മുഹമ്മദ്(റ) ന്റെ സഹോദരി ഭർത്താവ്, ഖാസി സീതി ഇബ്രാഹീം(റ), എന്നിവരും ഖാസി ഹുസൈൻ(റ), ഒഴികെയുള്ള സിദ്ദീഖീ പരമ്പരയിലെ മറ്റു ഖാസിമാരും (പള്ളിക്ക് പടിഞ്ഞാറ് വശങ്ങളിൽ)
2. ഖുതുബുസ്സമാൻ സയ്യിദ് അഹ്മദ് ജലാലുദ്ധീൻ ബുഖാരി (റ)(പ്രധാന മഖ്ബറ)
3. മുഹമ്മദുൽ പൊന്നാനി(റ) (കണ്ണൂർ മൗലൽ ബുഖാരി (റ) വിന്റെ പിതാവ്. ജലാലുദ്ധീൻ (റ)വിന്റെ മഖ്ബറ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ തൊട്ടടുത്ത കെട്ടിടത്തിലെ തെക്കുഭാഗത്തെ ആദ്യ ഖബർ) വടക്കൻ മലബാറിലെ ബുഖാരിമാർ ഇദ്ദേഹത്തിന്റെ പരമ്പരയാണ്.
4. സയ്യിദ് ശൈഖ് തങ്ങൾ (മൗലാ തങ്ങളുടെയും കണ്ണന്റവിടെ ശൈശൈഖ് തങ്ങളുടെയും പിതാമഹൻ)
5. സയ്യിദ് പരമ്പരയിലെ 23-ാം ഖാസി മുതൽ 36-ാം ഖാസി വരെയുള്ളവരുടെയും ഖത്തീബുമാരുടെയും മഖ്ബറകൾ (പള്ളിക്ക് പടിഞ്ഞാറ്, തെക്ക്, കിഴക്ക്, വടക്ക് ഭാഗങ്ങൾ)
6. അഹ്ദൽ പരമ്പരയിലെ സയ്യിദ് യഹ്യൽ അഹ്ദൽ (റ)ന്റെ ഖബർ (തെക്ക് പടിഞ്ഞാറ്മൂല)
7. പാണക്കാട് തങ്ങന്മാരുടെ ആദ്യ പരമ്പര സയ്യിദലി ശിഹാബുദ്ധീൻ (റ)ന്റെ ഖബർ (പള്ളിയുടെ വടക്ക് ഭാഗത്തെ

കെട്ടിലെ വലിയ ഖബർ)
8. വലിയകീപ്പാട്ട് കൊച്ചുക്കോയ തങ്ങൾ, പി.സി.കെ. തങ്ങളുടെ ബാപ്പ പൂക്കോയ തങ്ങൾ, സയ്യിദ് മുഹമ്മദ് അലി മശ്ഹൂർ എന്ന ഹബീബ് കോയ തങ്ങൾ (സിദ്ദീഖ്(റ) വിന്റെ മക്കളുടെ ഖബറിനു നേരെ താഴെ വലിയമീസാനോട് കൂടിയ വലിയ ഖബർ, തൊട്ടടുത്ത രണ്ട് ഖബറുകൾ)

9. സയ്യിദ് ഇബ്രാഹിം (റ) (മേൽ പറഞ്ഞ സയ്യിദ് ബാ ഫക്കറുദ്ദീൻ (റ)ന് പൊന്നാനിയിൽ ജനിച്ച മുഹമ്മദ് എന്ന മകൻ മുഹമ്മദുൽ പൊന്നാനി (റ) എന്ന പേരിൽ വിഖ്യാതനായി തീർന്നു. ഇദ്ദേഹത്തിന്റെ ഖബർ വളപട്ടണം കക്കുളങ്ങര പള്ളിക്ക് സമീപത്താണ്. (ഇദ്ദേഹം വളപട്ടണത്ത് നിന്ന് വിവാഹം ചെയ്യുകയും ഇവിടെ സ്ഥിര താമസമാക്കുകയും ചെയ്തു. വളപട്ടണത്തെ ഭാര്യയിൽ ജനിച്ച സയ്യിദ് ഇബ്രാഹിം (റ) ഖാസിയും ലോക പ്രസിദ്ധ സൂഫി വര്യനുമായിരുന്നു. അറക്കൽ അലി രാജ കുടുംബാംഗമായിരുന്ന 'ആരംബം' എന്ന അലിമാബീവി (റ)യെയാണ് ഇദ്ദേഹം വിവാഹം ചെയ്തത്.) ഹിജ്റ 1179ൽ വളപട്ടണത്ത് വച്ച് വഫാത്തായ ഇദ്ദേഹത്തിന്റെ ഖബർ വളപട്ടണം കക്കുളങ്ങര പള്ളിക്ക് പടിഞ്ഞാറ് വശത്ത് ഭാര്യയുടെ ഖബറിനടുത്തായി സ്ഥിതി ചെയ്യുന്നു. മുഹമ്മദ് പൊന്നാനി (റ)ന് കവരത്തി ദ്വീപിലുള്ള ഭാര്യയിൽ ഹിജ്റ 1144ൽ ജനിച്ച മുഹമ്മദ് എന്ന പുത്രനാണ് ഖുതുബും സുപ്രസിദ്ധനുമായ സയ്യിദ് മുഹമ്മദ് മൗലൽ ബുഖാരി (റ) എന്ന നാമധേയത്തിൽ അറിയപ്പെട്ട മൗലാ തങ്ങൾ. മൗലാ തങ്ങളുടെ സുന്നത്ത് കല്ല്യാണം നടത്തപ്പെട്ടത് പിതാവിന്റെ ഭവനമായ വളപട്ടണത്തെ 'പഴയകത്ത് ഭവന'ത്തിൽ വെച്ചായിരുന്നു.

10. അലിബ്നു കസൂരി (റ) (ജലാലുദ്ധീൻ ബുഖാരി (റ) വിന്റെ മഖ്ബറയുടെ പടിഞ്ഞാറ് വശത്തെ നടുവിലെ ഖബർ)

11. സയ്യിദ് അലി ബാഅലവി(റ) പഴയകത്ത് ഭവനത്തിൽ ജനിച്ചു. ഭാര്യ മാട്ടൂൽ വേലിക്കകത്ത്. മയ്യിത്ത് മാട്ടൂൽ നിന്ന് വളപട്ടണത്തേക്ക് കൊണ്ടു വന്നു. കക്കുളങ്കരപ്പള്ളി മഖാമിന്റെ അകത്ത് രണ്ടാം മുറിയിൽ മറവടക്കി. (ഇദ്ദേഹത്തിന്റെ മകൻ ഉമർ ബഅലവി മാട്ടൂൽ വേലിക്കകത്ത് ജനിച്ചു. വളപട്ടണം പഴയകത്ത് വിവാഹം ചെയ്തു. ഇതിലുണ്ടായ മകനാണ് 31ാം ഖാസി സയ്യിദ് മുഹമ്മദ് കോയമ്മ തങ്ങൾ)

12. വേലിക്കകത്ത് ഇമ്പിച്ചിതങ്ങൾ മാട്ടൂലിൽ നിന്നു മരിച്ചു. കക്കുളങ്കര പള്ളിയിൽ മറവടക്കി.

13. വലിയ കീപ്പാട്ടു പൂക്കോയ തങ്ങൾ (പഴയങ്ങാടി സയ്യിദിന്റകത്ത് കുഞ്ഞിക്കോയ തങ്ങളുടെ ഇളയമകൻ). കക്കുളങ്കര മഖാമിൽ ബുഖാരി(റ)വിന്റെ തൊട്ടടുത്ത് ഇബ്നു കസൂരി (റ)വിന്റെ മഖ്ബറക്കടുത്ത് ഖബർ. ഇദ്ദേഹത്തിന്റെ മകനാണ് പി.സി.കെ. തങ്ങൾ.

14. പഴയങ്ങാടി സയ്യിദിന്റകത്ത് സയ്യിദ് ഉമർ എന്ന കോയക്കുട്ടി തങ്ങൾ. ഖാദിരി ത്വരീഖത്തിന്റെ ശൈഖ് കോയക്കുട്ടി തങ്ങൾ വളപട്ടണത്ത് ചെറിയ കീപ്പാട്ട് ആറ്റബീയെ വിവാഹം ചെയ്തു. കക്കുളങ്കര കുളത്തിന്റെ പടിഞ്ഞാറേ തറയിൽ ഖബർ. പുളിങ്കോത്ത്, പൊഴിമ്പട്ട, കുന്നുംകീഴിൽ മുതലായ ദേശത്തിലെ ഖാളിയും നിരവധി മുരീദുകൾക്കുടമയായിരുന്നു. (32-ാം ഖാളി സയ്യിദ് ഇബ്രാഹിം തങ്ങളുടെ പിതാവ് ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനാണ്.)

15. കോയമ്മതങ്ങൾ കണ്ടത്തിലെ ഉമ്പിച്ചിയുടെ അനുജൻ മുത്തുക്കോയ (വിവാഹത്തിനു മുമ്പ് മരിച്ചു) സമീപമാണ് ഖബർ. കാരണവരായ ഉമ്പിച്ചിക്കോയ തങ്ങളുടെ മകൻ സയ്യിദിന്റകത്ത് കുഞ്ഞിമ്മാബിയെയാണ് വിവാഹം ചെയ്തത്.


16. ജലാലുദ്ധീൻ ബുഖാരി (റ) വിന്റെ മഖാമിനു നേരെ എതിരെയുള്ള തട്ടിൽ ആദ്യത്തേതായി കോയമ്മ തങ്ങളുടെ പിതാവ് മാട്ടൂൽ ഇമ്പിച്ചിത്തങ്ങളും, അതിനടുത്ത് സയ്യിദ് ശാഫിഈ തങ്ങളുടെ പിതാവ് സയ്യിദ് ഉമർ മുഹ്ളാർ ചെറുകോയ തങ്ങൾ ബാഅലവിയും, തൊട്ടടുത്ത് സയ്യിദ് ജിഫ്രിതങ്ങളും, അതിനടുത്ത് ഖാസി സയ്യിദ് മുഹമ്മദ് കോയ ബുഖാരി തങ്ങളും (കേരള മുസ്ലിം ജമാഅത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ഖലീൽ ബുഖാരി തങ്ങളുടെ പിതാവിന്റെ അനുജൻ) അന്ത്യവിശ്രമം കൊള്ളുന്നു.

17. ശ്രീലങ്കൻ തങ്ങൾ എന്ന പേരിലറിയപ്പെടുന്ന സയ്യിദ് അബ്ദുറഹ്മാൻ ജിഫ്രി തങ്ങളുടെ ഖബർ. (ജലാലുദ്ധീൻ ബുഖാരി (റ) ന്റെ മഖ്ബറയുടെ തെക്ക് ഭാഗം)

തുടങ്ങി അറിയപ്പെട്ടതും അറിയപ്പെടാത്തതുമായ നിരവധി മഹാന്മാരും സാദാത്തുകളും ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു.

ഖാസിമാരുടെ ഖബർസ്ഥാൻ എന്ന പേരിലാണ് ഈ പ്രദേശം അറിയപ്പെടുന്നത്. ദുൽഹജ്ജ് മാസം സയ്യിദ് അഹ്മദ് ജലാലുദ്ധീൻ (റ)ന്റെ ആണ്ടു നേർച്ച ഇപ്പോഴത്തെ കാര്യദർശി സയ്യിദ് മശ്ഹൂർ ഹബീബ് തങ്ങളുടെ നേതൃത്വത്തിൽ വിപുലമായി കൊണ്ടാടപ്പെടുന്നു. പള്ളി നടത്തിപ്പും മഖാം പരിപാലനവും സ്തുത്യർഹമായ വിധത്തിൽ നടത്തി കൊണ്ടുപോകുന്നു.

# വളപട്ടണത്തെ ശിലാരേഖകൾ







*Earliest Arabic epitaph in Kufi dated age 471 (1078A.D.) from Baliapatam, Kerala.*

**ച**രിത്രത്തിൽ അദ്വിതീയ സ്ഥാനമുള്ള വളപട്ടണം പൈതൃക ദേശം രേഖകളുടെ കാര്യത്തിലും ഒട്ടും പിന്നിലല്ല. ദക്ഷിണേന്ത്യയിൽ തന്നെ ഏറ്റവും പുരാതനമായ അറബി ശിലാലിഖിതമെന്ന് ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് തന്നെ വ്യക്തമാക്കിയ ശിലാ ലിഖിതം വളപട്ടണം കക്കുളങ്കര മഖാമിലാണുള്ളത്.

കൊയിലാണ്ടിക്കടുത്ത കൊല്ലം പള്ളിയിലെയും മാടായി പള്ളിയിലെയും ചാലിയം പള്ളിയിലെയും ശിലാലിഖിതങ്ങളാണ് ഇതുവരെ ഏറ്റവും പഴക്കമുള്ള ലിഖിതങ്ങളായി കണക്കാക്കിയുരുന്നതെങ്കിലും വളപട്ടണത്തെ കക്കുളങ്കര പള്ളിയിലുള്ളത് എ.ഡി. 1078-ൽ ഉല്ലേഖനം ചെയ്യപ്പെട്ടതാണെന്ന് പറയപ്പെടുന്നു. ഹിജ്റ 471 ആണെന്ന് ഫലകത്തിലുണ്ട്. 'ചതുരക്കൂഫി' ശൈലിയിലാണ് ലിഖിതം എന്നതും ഫലകത്തിന്റെ പൗരാണികത്വത്തിന് മതിയായ തെളിവാണ്. ശിലാലിഖിതത്തിൽ ദൈവസ്തുതിക്ക് പുറമെ അല്ലാഹുവിനിഷ്ടപ്പെട്ട മതം ഇസ്ലാമാണെന്നും അലിബ്നുകസൂരി എന്ന മഹാൻ ഹിജ്റ 471-ൽ വഫാത്തായി എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതൊക്കെ വലിയ ലിഖിതത്തിലുള്ളതാണെങ്കിലും ചെറിയ കല്ലിലെ തെളിയാത്ത ലിഖിതം ഇതിനും എത്രയോ മുമ്പ് എഴുതപ്പെട്ടതാണെന്ന് അനുമാനിക്കപ്പെടുന്നു.

വളപട്ടണം പാലത്തിന് സമീപത്തായി കോട്ടപ്പടി മഖാം എന്ന പേരിൽ അറിയപ്പെടുന്ന മഖാമിന്റെ തലയുടെ ഭാഗത്ത് ഒട്ടിച്ചുവെച്ച ശിലാഫലകത്തിലെ വരികളും, വളപട്ടണം മന്ന ഖബർസ്ഥാനിൽ ഈ അടുത്ത കാലത്ത് വെളിവാക്കപ്പെട്ട അതിപുരാതനമായ അഞ്ച് ഖബറുകളിലെ മീസാൻ കല്ലുകളിൽ നിറയെ രേഖപ്പെടുത്തി കാണുന്ന രേഖകളും, വളപട്ടണം മുഹ്യിദ്ധീൻ പള്ളിയിൽ കാണപ്പെട്ട എഴുത്തോലയും വായിക്കാൻ സാധിച്ചാൽ നിരവധി ചരിത്ര സത്യങ്ങൾ വെളിച്ചത്ത് കൊണ്ടു വരുവാനും ഇന്ന് പ്രചാരത്തിലിരിക്കുന്ന ചില ധാരണകളും കണ്ടെത്തലുകളും തിരുത്തപ്പെടാനും ഇടയാവുമെന്നതിൽ സംശയമില്ല.



# പാണക്കാട്ടെ പരമ്പര

മുഹമ്മദ് നബി (സ) യുടെ 33-ാം വംശ പരമ്പരയിൽ പെടുന്ന സയ്യിദ് അലി ശിഹാബുദ്ധീൻ തങ്ങൾ ഹിജ്റ 1181 ലാണ് വളപട്ടണത്തിലെത്തുന്നത്. അദ്ദേഹം സയ്യിദ് മുഹമ്മദ് മൗലാ തങ്ങളുടെ മുരീദായിരുന്നു. കണ്ണൂർ അറക്കൽ വീട്ടിൽ നിന്ന് ഫാത്തിമ എന്നവരെ കല്യാണം കഴിച്ച് വളപട്ടണത്ത് താമസമാക്കി.

കേരള മുസ്ലികൾ സർവ്വത്മനാ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പാണക്കാട് സയ്യിദ് വംശത്തെപ്പറ്റി അറിയപ്പെടുന്ന ചരിത്ര രേഖകൾ, 18-ാം ശതകത്തിൽ സ്വദേശമായ അറേബ്യയിലെ ഹളറ മൗത്തിൽ നിന്നു ഉത്തര കേരളത്തിലെ വളപട്ടണത്തു വന്നു താമസമാക്കിയ സയ്യിദ് അലി ശിഹാബുദ്ധീൻ തങ്ങളുടെ കാലം തൊട്ടാണ്.

മുഹമ്മദ് നബി (സ) യുടെ 33-ാം വംശ പരമ്പരയിൽ പെടുന്ന സയ്യിദ് അലി ശിഹാബുദ്ധീൻ തങ്ങൾ ഹിജ്റ 1181 ലാണ് വളപട്ടണത്തിലെത്തുന്നത്. അദ്ദേഹം സയ്യിദ് മുഹമ്മദ് മൗലാ തങ്ങളുടെ മുരീദായിരുന്നു. കണ്ണൂർ അറക്കൽ വീട്ടിൽ നിന്ന് ഫാത്തിമ എന്നവരെ കല്യാണം കഴിച്ച് വളപട്ടണത്ത് താമസമാക്കി. ഖാദിരിയ്യ ത്വരീഖത്തിന്റെ ശൈഖായ ഇദ്ദേഹം ഹിജ്റ 1151 ൽ കോഴിക്കോട്ടെത്തി ശൈഖ് ജിഫ്രിയെ സന്ദർശിച്ചിരുന്നു. ഹി. 1235-ൽ വഫാത്തായി. ഖബർ വളപട്ടണം കക്കുളങ്കര പള്ളിയിലാണ്. തങ്ങളുടെ പുത്രൻ സയ്യിദ് ഹുസൈൻ തങ്ങൾ കല്ല്യാണം കഴിച്ചു കുടുംബസമേതം കോഴിക്കോട് മൂസാപ്ലകം വീട്ടിൽ താമസിക്കുകയും ചെയ്തു. ഹാജ്റ 1235 റമളാൻ 7ന് കോഴിക്കോട് മൂസാപ്ലകം വീട്ടിൽ വഫാത്തായ ഇദ്ദേഹത്തെ ഇളയാന്റെ പള്ളിയിലാണ് ഖബറടക്കിയത്. അദ്ദേഹത്തിന്റെ പുത്രൻ പി.എം.എസ്.എ. പൂക്കോയ തങ്ങളുടെ പിതാമഹനായ സയ്യിദ് ഹുസൈൻ ആറ്റക്കോയ തങ്ങൾ ആണ്.

ഇദ്ദേഹം ഹിജ്റ 1239-ൽ മലപ്പുറത്താണ് ജനിച്ചത്. ഇദ്ദേഹം അന്നത്തെ പണ്ഡിതന്മാരിൽ പ്രമുഖനും മഹാനായൊരു രാഷ്ട്രീയ നേതാവുകൂടിയായിരുന്നു. സാമൂഹ്യ-സാംസ്കാരിക രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച അദ്ദേഹം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് അനർഘ സംഭാവനകളർപ്പിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തിനു പങ്കെടുക്കുന്നതിന് മുസ്ലിംകൾക്കാകമാനം ആവേശവും പ്രചോദനവും നൽകി എന്ന കാരണത്താൽ എ.ഡി. 1882-ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഇദ്ദേഹത്തെ തടങ്കലിൽ വെക്കാൻപോലും ഉത്തരവിട്ടിട്ടുണ്ട്.

ഹിജ്റ 1302-ൽ ശവ്വാൽ മാസം 2നു ഇദ്ദേഹം വെല്ലൂർ ജയിലിൽ വെച്ച് നിര്യാതനായി. പ്രസിദ്ധമായ വെല്ലൂർ അങ്ങാടി പള്ളിയങ്കണത്തിലാണ് അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്നത്. 'മറ്റത്തൂർ ഖാസി'യും പണ്ഡിതനുമായ ഓടക്കൽ കുഞ്ഞഹമ്മദ് മുസ്ല്യാരുടെ മകളായ ആയിശയായിരുന്നു ഇദ്ദേഹത്തിന്റെ ആദ്യ ഭാര്യ. ഇതിൽ സയ്യിദ് മുഹ്ളാർ കുഞ്ഞിക്കോയ തങ്ങൾ (ഇദ്ദേഹത്തിന്റെ മഖ്ബറ കോഴിക്കോട് കുറ്റിച്ചിറ എളയാന്റെ പള്ളിയിലാണ്.

സയ്യിദ് അഹ്മദ് ഇമ്പിച്ചിക്കോയ തങ്ങൾ, സയ്യിദ് അബ്ദുല്ലക്കോയ തങ്ങൾ, സയ്യിദ് ഫള്ൽ ചെറുകു

ഞ്ഞിക്കോയ തങ്ങൾ എന്നീ പുത്രന്മാർ ജനിച്ചു. ഇവരുടെ മാതാവ് ആയിശ എന്നവർ ഹിജ്റ 1315-ൽ വഫാത്തായി. പിന്നീട് അദ്ദേഹം കാപ്പാട് നിന്ന് മറ്റൊരു സ്ത്രീയെ വിവാഹം ചെയ്തു. ഇതിൽ സയ്യിദ് മുഹമ്മദ് എന്ന കോയകുഞ്ഞിക്കോയ തങ്ങൾ, സയ്യിദ് അലി എന്ന പൂക്കോയ തങ്ങൾ എന്നിവർ ജനിച്ചു.

സയ്യിദ് ഹുസൈൻ ആറ്റക്കോയ തങ്ങളുടെ ആദ്യ ഭാര്യയിലെ പുത്രൻ സയ്യിദ് അബ്ദുല്ലക്കോയ തങ്ങളുടെ പുത്രനായ സയ്യിദ് ശിഹാബുദ്ധീൻ ബാഅലവി എന്ന ചെറുകുഞ്ഞിക്കോയ തങ്ങൾ തിരൂരങ്ങാടിയിലാണ് താമസിച്ചിരുന്നത്. തിരൂരങ്ങാടി മാർക്കറ്റിന് സമീപം എം.കെ. റോഡിലാണ് അദ്ദേഹത്തിന്റെ ഖബർ. സയ്യിദ് ഹുസൈൻ ആറ്റക്കോയ തങ്ങളുടെ രണ്ടാം ഭാര്യയിൽ നിന്നുള്ള ആദ്യ പുത്രൻ സയ്യിദ് മുഹമ്മദ് കോയ കുഞ്ഞിക്കോയ തങ്ങളുടെ പുത്രനായിരുന്നു പാണക്കാടു തങ്ങൾ എന്ന നാമധേയത്തിൽ പ്രസിദ്ധനായ പി.എം.എസ്.എ. പൂക്കോയ തങ്ങൾ. പുതിയ മാണിയേക്കൽ സയ്യിദ് അഹ്മദ് പൂക്കോയ തങ്ങൾ എന്നാണ് പൂർണ്ണ നാമം. ഹിജ്റ 1395 ജമാദുൽ ആഖിർ 26ന് (1975 ജുലൈ 6) മുസ്ലിം കേരളത്തെ കണ്ണീരിലാഴ്ത്തി കൊണ്ട് മഹാനായ ആ മുസ്ലിം നേതാവ് ലോകത്തോട് യാത്ര പറഞ്ഞു. സുന്നത്ത് ജമാഅത്തിന്റെ ധീരനായൊരു കർമ്മയോഗിയെ ഇതോടെ നഷ്ടപ്പെട്ടു.

കേരളത്തില സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ അറിയപ്പെടുന്ന സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ. സഹോദരനായ ഉമറലി ശിഹാബ് തങ്ങൾ, ഹൈദരലി ശിഹാബ് തങ്ങൾ, അബ്ബാസലി ശിഹാബ് തങ്ങൾ തുടങ്ങിയ്വർ പൂക്കോയ തങ്ങളുടെ പുത്രന്മാരാണ്.

കൈറോ യൂനിവേഴ്സിറ്റിയിൽ നിന്ന് ബിരുദമെടുത്തിട്ടുള്ള സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മുസ്ലിം ലീഗിന്റെ അനിഷേധ്യനായ സംസ്ഥാന അദ്ധ്യക്ഷനായിരുന്നു. ഇദ്ദേഹത്തിന്റെ സന്താനങ്ങളാണ് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ, സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ എന്നിവരും സഹോദരിമാരും.

**മുഹമ്മദ് നബി (സ) യുടെ 33-ാം വംശ പരമ്പരയിൽ പെടുന്ന സയ്യിദ് അലി ശിഹാബുദ്ധീൻ തങ്ങൾ ഹിജ്റ 1181 ലാണ് വളപട്ടണത്തിലെത്തുന്നത്.**




Furniture for Generations...

MANUFACTURERS AND SUPPLIERS OF

**PLYWOODS**
Commercial, Decorative, Marine Plywood (IS:710), Fire Retardant plywood conforming to BS 476, Grooved, Resin coated and Shuttering Plywoods Metal faced plywood composite for electro magnetic shielding

**FURNITURE**
Furniture, Furniture Components

**HARDBOARD**
Standard, Oil tempered perforated and Lacquered

**PRE-COMPRESSED PRESS BOARDS**
Electrical Insulation, Pre-compressed Press board for power transformers, Corrugated Board and other EHV components, and Densified Laminated Boards for distribution Transformers

**VENEERS**
Rosewood, Teak, Mahogany, Padauk in exotic designs, thickness ranging form 0.5 mm thickness, veneers of other Indian exotic timbers on request

**SUPER BLOCK BOARDS**
Superior to conventional Block Boards

**LAMINATED DENSIFIED WOOD**
For textiles accessories, insulating parts in electrical equipment, Oil filtered transformer parts like clamping rings, beams, segments, studs, nut, cleat, etc. Filter plates and frames in chemical industries, seats, luggage racks, panels and floor boards in rail coaches, Automobiles and chemical industries high density tool forming material in industrial and other general applications

WIPLAC PREFINISHED PLYWOODS, HARDBOARDS & WIPBOARDS
DIALLYL PHTHALATE (DAP) MONOMER, RESIN AND MOULDING COMPOUND
SHEET MOULDING COMPOUND BASED ON UNSATURATED POLYESTER RESIN

Quality leadership since 1945 WIP

**THE WESTERN INDIA PLYWOODS LTD**
An ISO 9001 : 2008 Certified Company
Baliapatam, Kannur - 670 010. Regd. Office : Baliapatam, Kerala, India
Tel : 0497-2778151 (4 lines), Fax : 0497-2778181
Email : mail@wipltd.in westernply@gmail.com
Website : www.wipltd.in

# വളപട്ടണത്തെ പുരാതന അറബി കാവ്യം


ആദ്യം വളപട്ടണം കക്കുളങ്കരപള്ളി ലൈബ്രറിയിലും ഇപ്പോൾ ഖാസിമാരുടെ കൈവശമുള്ളതു മായ ഒരു പുരാതന ചരിത്രകാവ്യം വളപട്ടണത്തുണ്ട്. മഹത്തായ മാപ്പിള സാഹിത്യത്തിലും, കേരള മുസ്ലിം ചരിത്രത്തിലും ഇതേപ്പറ്റി പരാമർശമുണ്ട്. നബി (സ) യുടെ കാലത്ത് തന്നെ കേരളത്തിൽ ഇസ്ലാമിക പ്രബോധനം നടന്നിട്ടുണ്ട് എന്നു തെളിയിക്കുന്ന ഈ അറബി കാവ്യം ചേരമാൻ പെരുമാളിന്റെ കാലത്ത് തന്നെയാണ് എഴുതപ്പെട്ടതെന്ന് കരുതപ്പെടുന്നു.

ഈ കാവ്യത്തെ പറ്റിയുള്ള ഒരു ചെറിയ വിവരമാണ് താഴെ കൊടുക്കുന്നത്. ദൈവസ്തുതിക്കും പ്രവാചകനു വേണ്ടിയുള്ള പ്രാർത്ഥനക്കും ശേഷം, മലബാർ തീരത്ത് ദീനിനെ പ്രശോഭിതമാക്കിയത് ചില സ്വഹാബാക്കളാണ്. അവരുടെ ചരിത്രമാണ് പ്രതിപാദിക്കുന്നതെന്നും കാവ്യകർത്താവ് വിശദീകരിക്കുന്നു. പ്രവാചക പരമ്പര കേരളത്തിലെത്തുന്നതു വരെ സിദ്ധീഖ് (റ) വിന്റെ പരമ്പരയിൽപ്പെട്ടവരായിരുന്നു വളപട്ടണത്തെ ഖാസിമാർ.

ചന്ദ്രൻപിളർന്ന അത്ഭുതസംഭവം ദർശിച്ച പെരുമാൾ ചക്രവർത്തിയായിരുന്നുവത്രെ ഈ രാജ്യത്ത് ഇസ്ലാംമതം പ്രചരിപ്പിക്കാൻ സഹായിച്ചത്. ഹിജ്റക്ക് അഞ്ചുവർഷം മുമ്പ് അദ്ദേഹം കൊടുങ്ങല്ലൂരിൽ നിന്ന് മക്കയിലേക്ക് പോയി നബി(സ) യെ കണ്ട് ദീൻ സ്വീകരിച്ച് താജുദ്ധീൻ (റ) എന്ന പേർ സ്വീകരിച്ചു. കുറച്ചുകാല ശേഷം മലബാറിലേക്ക് മടക്കയാത്ര തിരിച്ച അദ്ദേഹം ശഹർ മുഖല്ലയിൽ വെച്ച് ഹിജ്റയുടെ അന്ന് വഫാത്തായി. മരണത്തിനു മുമ്പ് അദ്ദേഹത്തിൽ നിന്ന് ലഭിച്ച കത്തുമായി മാലിക്കുദ്ദീനാർ (റ) വും സംഘവും ശഹർ മുഖല്ലയിൽ നിന്ന് കൊടുങ്ങല്ലൂരിലെത്തി ഈ കത്ത് നൽകുകയും ഹിജ്റ 21ന് ചാലിയം, ധർമ്മപട്ടണം, കൊല്ലം, തിരുവനന്തപുരം, കാസർകോട്, പന്തലായനി, പാക്കന്നൂർ, മംഗലാപുരം എന്നിവിടങ്ങളിലും മലബാർ തീരത്തിന്റെ പലഭാഗങ്ങളിലും അവർ പള്ളി പണിയുകയും ഉഹ്ദിൽ നിന്ന് എടുത്ത കുറേ പാറക്കഷ്ണങ്ങളിൽ ഓരോന്ന് ഇവിടങ്ങളിൽ സ്ഥാപിക്കുകയും ഇവരിൽ ഓരോരുത്തരെ ഈ പ്ര

ഹിജ്റക്ക് അഞ്ചുവർഷം മുമ്പ് പെരുമാൾ മക്കയിലേക്ക് പോയെന്നും ഹിജ്റയുടെ അന്ന് മരണമടഞ്ഞെന്നും പ്രസ്താവിക്കുന്ന മേൽകൃതി കേരളത്തിലെ ഇസ്ലാംമത പ്രബോധനത്തെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിലുള്ള നിരവധി അഭിപ്രായ വിത്യാസങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്.

*(ത്വബരിയുടെ 'ഫിർദൗസിൽ ഹിഖ്മത്തിൽ' പെരുമാൾ നബിയോടുകൂടെ 17 ദിവസം താമസിച്ചെന്ന് എഴുതിയിട്ടുണ്ട്. ഒരു ഇന്ത്യൻ രാജാവ് ഒരു ഭരണി ഇഞ്ചി അച്ചാർ നബി(സ)ക്ക് സമ്മാനിച്ചെന്നും തിരുമേനി അത് അനുയായികളുമായി പങ്കുവെച്ചെന്നും അപ്പോൾ ഹസ്റത്ത് അബൂബക്കർ (റ) കൂടെയുണ്ടായിരുന്നെന്നും രാജാവ് അവിടെവെച്ച് മതം മാറിയെന്നും ഹാഖിം (റ) തന്റെ അൽമുസ്തദ്റക്ക് എന്ന കിതാബിൽ വിവരിച്ചിട്ടുണ്ട്. തെയ്യം പാട്ടുകളിലും അറക്കൽ രേഖകളിലും പെരുമാൾ നബിയെ കണ്ട ചരിത്രം പറയുന്നുണ്ട്.*


വളപട്ടണം ജുമാമസ്ജിദിലെ മിമ്പർ

ദേശങ്ങളിൽ ഖാസിമാരായി നിയമിക്കുകയും ചെയ്തു.

ഇത്രയും വിശദീകരിച്ചതിനു ശേഷം മേൽകൃതിയിൽ വിശദീകരിക്കുന്നത് വളപട്ടണത്ത് ദീനി പ്രബോധനം നടന്നത് സംബന്ധിച്ചാണ്. ഹിജ്റ നൂറ്റിച്ചില്ലറയിൽ കണ്ണൂരിലെ അറത്തിൽ എന്ന സ്ഥലത്തെത്തുകയും പിന്നീട് വളപട്ടണത്തെത്തുകയും ഇവിടെ താമസത്തിനായി പഴയകത്ത് ഭവനം പണിയുകയും ചെയ്ത ഖാസി മുഹമ്മദ് (റ)നെ സംബന്ധിച്ചാണ് വിവരിക്കുന്നത്. അബൂബക്കർ സിദ്ദീഖ് (റ)ന്റെ പൗത്രൻ അബൂബക്കർ(റ) നെ മാലിക്കുദ്ദീനാർ(റ) കണ്ടുമുട്ടിയതും ദീനി പ്രബോധനത്തിനു മലബാറിലേക്ക് പോകാൻ അദ്ദേഹത്തോട് നിർദ്ദേശിച്ചതായും പറഞ്ഞ ശേഷം അബൂബക്കർ (റ)ന്റെ മകൻ മുഹമ്മദ്(റ) പിതാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ വസ്വിയ്യത്ത് പ്രകാരം വളപട്ടണത്തെത്തുകയും ഖാസിമാരെ നിശ്ചയിക്കുകയും പിന്നീട് മരണപ്പെട്ട് ഇവിടെ തന്നെ മറപ്പെട്ടുകിടക്കുന്നതും തുടർന്ന് വിശദീകരിക്കുന്നു.

ഖാസി മുഹമ്മദ് (റ) മുതൽ 21-ാം ഖാസി സീതി ഇബ്രാഹിം (റ) വരെയുള്ള 21 ഖാസിമാരുടെ പേരു വിവരങ്ങൾ നൽകിയ ശേഷം സയ്യിദ് ജലാലുദ്ധീൻ ബുഖാരി (റ) വളപട്ടണത്തെത്തിയതും അദ്ദേഹം ഖാസി സ്ഥാനം ഏറ്റെടുത്തതും തുടർന്ന് 33-ാം ഖാസി ഹബീബ് (റ) വരെയുള്ള സയ്യിദ് വംശമുള്ളവരുടെ പേരു വിവരങ്ങൾ വിശദീകരിക്കുന്ന കൃതി പ്രവാചക കീർത്തനത്തോടെ അവസാനിപ്പിക്കുന്നു.

പെരുമാളുടെ കാലത്ത് രചിക്കപ്പെട്ട ആദ്യ ഭാഗത്തോടൊപ്പം ഖാസിമാരുടെ പരമ്പര വിവരിക്കുന്ന ബാക്കി ഭാഗങ്ങൾ എഴുതിച്ചേർത്ത് 31-ാം ഖാസി മുഹമ്മദ് ബ്നു ഉമറുബ്നു മുഹമ്മദ് ബാ അലവി (റ) ഹിജ്റ 1338 റബീഉൽ ആഖിർ 18 ശനിയാഴ്ചയാണെന്ന് മേൽകൃതിയുടെ അവസാനഭാഗത്ത് കുറിപ്പു നൽകുന്നുണ്ട്. 1400 വർഷക്കാലം ഈ കൃതി ഖാസിമാരുടെ കൈവശം സൂക്ഷിക്കപ്പെടുകയും തലമുറകളായി അനന്തര ഖാസിമാർക്ക് കൈമാറ്റം ചെയ്യപ്പെടുകയും അവസാനം 31ാം ഖാസി വരെയുള്ള ചരിത്രം ഇതോടൊപ്പം രേഖപ്പെടുത്തി എന്നും ഇതിൽ നിന്ന് മനസിലാകുന്നു.

ഹിജ്റക്ക് അഞ്ചുവർഷം മുമ്പ് പെരുമാൾ മക്കയിലേക്ക് പോയെന്നും ഹിജ്റയുടെ അന്ന് മരണമടഞ്ഞെന്നും പ്രസ്താവിക്കുന്ന മേൽകൃതി കേരളത്തിലെ ഇസ്ലാംമത പ്രബോധനത്തെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിലുള്ള നിരവധി അഭിപ്രായ വിത്യാസങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. വിശദമായ പഠനത്തിനു വിധേയമാക്കേണ്ട ഈ കൃതി ചരിത്രകാരന്മാരുടെ വിശദപഠനം തേടി ഖാസിമാരുടെ ഇരുട്ടറയിൽ വെളിച്ചം തേടി കിടക്കുകയാണ്.

*'കണ്ണൂരിനടുത്ത മാടായിയിൽ കണ്ടെത്തിയ ശിലാ ലിഖിത കാലം ഹിജ്റ 5 (എ.ഡി. 626) എന്ന് കാണുന്നു. ഹി. 89ൽ (എ.ഡി. 708) അറബി ലിപികൾ പരിഷ്ക്കരിച്ചു. അതിനു മുമ്പത്തെ ലിപികളാണ് ഈ ലിഖിതത്തിൽ എന്നത് പ്രധാനമാണ്. കൊടുങ്ങല്ലൂർ പള്ളിയിലെ ലിഖിതത്തിൽ ഹി. 7 എന്നും പൊന്നാനിയിലെ തോട്ടുക്കൽ പള്ളിയിൽ ഹി. 8ഉം കാസർകോട് ജുമാമസ്ജിദിൽ റജബ് 11, ഹിജ്റ 21 എന്നും കാണുന്നു.' എറണാകുളത്ത് പട്ടരിക്കൽ ജുമാമസ്ജിദിൽ അന്ത്യ വിശ്രമം കൊള്ളുന്ന, നബിയുടെ സമകാലികൻ മുഹമ്മദ് ബ്നു റഖാബിയുടെ കബറിൽ ഹി. 9 (എ.ഡി. 630) എന്നാണ് കാണുന്നത്. (History of Muslims, V.A. Ahammed Kabir) കാസർകോട് പള്ളിയിൽ സൂക്ഷിച്ചിട്ടുള്ള ഒരു ലിഖിതത്തിൽ ഹി. 22 - 23 (എ.ഡി. 644-45) എന്നുണ്ട്. (A short history of Kerala, K.V. Krishna Ayyar)*

# പൊക്കിലകത്ത് പള്ളി

## മസ്ജിദ് മുബാറക്ക്

ഒരു കാലത്ത് കേരളത്തിന്റെ ഖുർതുബ എന്നറിയപ്പെട്ട 'കുത്ബ് ഖാന'യോട് കൂടിയ ഒരു പള്ളിയായിരുന്നു പൊക്കിലകത്ത് പള്ളി. ഹിജ്റ 1324-ൽ 'മസ്ജിദ് മുബാറക്' എന്ന പേരിൽ പണി കഴിക്കപ്പെട്ട ഈ പള്ളിയിൽ ഒട്ടേറെ അമൂല്യമായ ഗ്രന്ഥങ്ങളും വലിയൊരു മതപഠനശാലയും പ്രൗഢമായൊരു ചർച്ചാവേദിയും പ്രവർത്തിച്ചു വന്നിരുന്നു. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി ആയിരുന്നു ഉദ്ഘാടനം ചെയ്തത്.

അപൂർവ്വമായ ഗ്രന്ഥങ്ങൾ റഫറൻസ് ചെയ്യാൻ വേണ്ടി കേരളത്തിലെ തലമുതിർന്ന നിരവധി പണ്ഡിതന്മാർ ഇവിടെ വന്ന് ഒട്ടേറെ ദിവസങ്ങൾ താമസിച്ചിരുന്നു. 1914-ൽ ബഹു: ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ വാഴക്കാട്ടെ ദർസിൽ നിന്ന് പിരിഞ്ഞ ശേഷം കെ.എം. മൗലവി, ഇ. മൊയ്തു മൗലവി, പി.കെ. യൂനുസ് മൗലവി എന്നിവർ പിന്നീട് വന്ന് പഠനം നടത്തിയതും ഈ പള്ളിയിലായിരുന്നു.

ഇവിടെ പഠനം നടത്തുന്ന കാലത്ത് ഈ പള്ളിയോട് തൊട്ട് മറപ്പെട്ട് കിടക്കുന്ന മഹാന്മാരെ ഭക്ത്യാദരപൂർവ്വം സിയാറത്ത് ചെയ്തിരുന്ന ആദ്യകാല കെ.എം. മൗലവിയെ ഓർക്കുന്നവർ ഇന്നും വളപട്ടത്തെ പഴമക്കാരിൽ സുല



ഭമാണ്. ഇദ്ദേഹം പ്രതിനിധാനം ചെയ്ത സംഘടനക്ക് പിന്നീട് ഖബർ സിയാറത്ത് ബിദ്അത്തായി എന്നത് ചരിത്രത്തിലെ ഒരു വിരോധാഭാസം മാത്രം.!!

മേൽപ്പള്ളി സ്ഥാപിച്ചത് സയ്യിദ് അലവി ഉമ്പിച്ചിക്കോയ തങ്ങൾ ഇബ്നു സയ്യിദ് അലിയ്യുൽ മശ്ഹൂർ തങ്ങളാണ്. (ഇദ്ദേഹം വളപട്ടണത്തെ 35-ാം ഖാസി സയ്യിദ് കോയക്കുട്ടി തങ്ങളുടെ ബാപ്പയാണ്)

## പള്ളിക്കകത്തെ കെട്ടിടത്തിൽ അന്ത്യവിശ്രമം കൊള്ളുന്നവർ:

**1.) സയ്യിദ് അഫീഫുദ്ദീൻ അബ്ദില്ലാഹിൽ ഹസനിൽ ഹൈദ്രോസ്:** പ്രഥമ സ്ഥാനം യമനിലെ ഹളറമൗത്തിൽ നിന്ന് ഹിജ്റ 1260 റജബ് 4ന് കൊയിലാണ്ടിയിലെത്തുകയും തുടർന്ന് വളപട്ടണത്തെത്തി പ്രബോധനത്തിന് നേതൃത്വം നൽകുകയും ചെയ്ത അസ്സയ്യിദ് അഫീഫുദ്ധീൻ അബ്ദുല്ലാഹിൽ ഹസനിൽ ഹൈദ്രോസിൽ ഹദ്ദാദ് (റ)വാണ്. ഇദ്ദേഹം വലിയ ഉമ്പിച്ചിക്കോയ തങ്ങളുടെ ഉമ്മ സക്കീന ബിവിയുടെ ബാപ്പയാണ്. അഫീഫുദ്ദീൻ ഹദ്ദാദ് (റ) വിവാഹം ചെയ്തത് പണിക്കറകത്ത് ഭവനത്തിലാണ്. ഭാര്യയോടൊപ്പം താമസിക്കാൻ ഇദ്ദേഹം പണിതതാണ് പഴയ പൊക്കിലകത്ത് ഭവനം. ഇവിടെയാണ് മഹാനായ വലിയ ഉമ്പിച്ചിക്കോയ തങ്ങൾ ജനിച്ചത്. ഈ മഹാൻ ഹിജ്റ 1265 ജമാദുൽ ആഖിരിൽ തിങ്കളാഴ്ച രാവ് വഫാത്തായി. മഖ്ബറയുടെ തലഭാഗത്ത് ഈ കാര്യം അറബി ഭാഷയിൽ ഭംഗിയായി ഉല്ലേഖനം ചെയ്ത് വെച്ചിട്ടുണ്ട്. കക്കുളങ്ങര മഖാമിലേക്ക് സയ്യിദ് ജലാലുദ്ധീൻ ബുഖാരി (റ) വിനെ ഇദ്ദേഹം സിയാറത്ത് ചെയ്യാൻ വരുമ്പോൾ പഴയകത്ത് കെട്ടിടത്തിനടുത്തായിരുന്നുവത്രെ ബഹുമാനപുരസ്സരം ഇദ്ദേഹത്തിന്റെ മെതിയടി ഈരി വെച്ചിരുന്നത്.

കൂടാതെ പൊക്കിലകത്ത് മഖാമിനു ഖുബ്ബയും നിർമ്മിച്ചു. മഖ്ബറക്ക് തൂൺ പണിയുമ്പോൾ സയ്യിദ് അഫീഫുദ്ധീൻ ഹൈദ്രോസ് (റ) യുടെ മഖ്ബറയുടെ പാവു കല്ലിളകി പോവുകയും ഖബ്റിൽ നിന്ന് ബുഖൂറിന്റെ സുഗന്ധം ചുറ്റുപാടും പരക്കുകയും ചെയ്തുവത്രെ. പള്ളിക്കു ചുറ്റുമുള്ള വീട്ടിനുള്ളിൽ പോലും ഈ മണമെത്തിയിരുന്നെന്ന് പഴമക്കാർ പറയുന്നു.

2.) ഇദ്ദേഹത്തിന്റെ മഖ്ബറക്ക് തൊട്ടടുത്ത് പ്രസിദ്ധനായ അസ്സയ്യിദ് ശരീഫുൽ അലിയ്യുബ്നു അബ്ദുല്ലാഹിൽ മശ്ഹൂർ (റ) ന്റെ മഖ്ബറ സ്ഥിതി ചെയ്യുന്നു. നബി(സ)യുടെ 24-ാംമത്തെ പൗത്രനായ ഇദ്ദേഹം മിസ്ബാഹുൽ ബലാഫത്തനി (വളപട്ടണത്തിന്റെ വിളക്ക്മാടം) എന്ന പേരിൽ പ്രസിദ്ധനായി. വളപട്ടണം വലിയ കീപ്പാട്ട്



സയ്യിദ് അഫീഫുദ്ദീൻ അബ്ദില്ലാഹിൽ ഹസനിൽ ഹൈദ്രോസ്: മഖാം

ജനിച്ച മഹാനവർകൾ ഹിജ്റ 1292 ശവ്വാൽ 27ന് വെള്ളിയാഴ്ച രാത്രി വഫാത്തായി. ഇദ്ദേഹമാണ് വളപട്ടണത്തെ ഹദ്ദാദ് റാത്തീബിന്റെ സ്ഥാപകനും പ്രചാരകനും.

3.) ഈ കെട്ടിടത്തോട് ചേർന്ന കെട്ടിടത്തിൽ സയ്യിദ് അലവിയ്യിബ്നു അലി മശ്ഹൂർ വലിയ ഉമ്പിച്ചിക്കോയ തങ്ങൾ അന്ത്യവിശ്രമം കൊള്ളുന്നു. 35-ാം ഖാസി കോയക്കുട്ടി തങ്ങളുടെ പിതാവ്) ഇദ്ദേഹമാണ് പൊക്കിലകത്ത് പള്ളിയും പുതിയ പൊക്കിലകത്തും സ്ഥാപിച്ചത്. ഈ പള്ളി നിർമ്മിക്കാനുള്ള സ്ഥലം നൽകിയത് പള്ളിക്ക് സമീപത്തുള്ള പുരാതന തറവാട്ടുക്കാരായ തട്ടാമുറ്റത്ത് തറവാട്ടുകാരാണ്.

നാദാപുരത്തിനടുത്തുള്ള പാറക്കടവ് വലിയ ജുമാ മസ്ജിദ്, കൂത്തുപറമ്പ് മുൻ ജുമാ മസ്ജിദ്, മെരുവമ്പായി താഴലെപ്പള്ളി (ഉമ്പിച്ചിക്കോയ തങ്ങളുടെ പള്ളി), ശിവപുരം ജുമാ മസ്ജിദ് എന്നിവ നിർമ്മിച്ചതും ഇദ്ദേഹമാണ്. ചാലിൽ കുഞ്ഞഹമ്മദ് മുസ്ല്യാർ, വലിയ്യുല്ലാഹി (സോപ്പ്) സുലൈമാൻ മുസ്ല്യാർ, സയ്യിദ് അഹ്മദ് ആറ്റക്കോയ തങ്ങൾ (മാട്ടൂൽ ഖാസി) എന്നിവർ ഇദ്ദേഹത്തിന്റെ മുരീദുമാരാണ്. ഇദ്ദേഹത്തിന്റെ അപദാനങ്ങൾ വാഴ്ത്തുന്ന മൗലീദ് രചിക്കപ്പെട്ടിട്ടുണ്ട്. ഖുതുബി തങ്ങളുടെ ഹദ്ദാദ്ദിന്റെയും ബദ്രിയ്യത്തിന്റെയും 'സുമ്മി'ന്റെയും ഇജാസത്തിന്റെ ശൈഖാണ്. ഇദ്ദേഹം ഹിജ്റ 1337 ശഅ്ബാൻ 16ന് വഫാത്താവുകയും 17ന് ളുഹ്റിന് ഖബറടക്കുകയും ചെയ്തു.

മേൽ ഉമ്പിച്ചിക്കോയ തങ്ങളുടെ പിതാവ് സയ്യിദ് അലി മശ്ഹൂർ എന്ന സൈതാലി തങ്ങൾ മമ്പുറം തങ്ങളുടെ ശിഷ്യന്മാരിൽ പ്രമുഖനും മമ്പുറം തങ്ങൾ ഇദ്ദേഹത്തിന് വസൂരി, കോളറ തുടങ്ങിയവക്ക് ഇജാസത്ത് നൽകപ്പെട്ടവരുമാണ്. അത്താഴക്കുന്ന്, കണ്ടക്കൈ പള്ളി സ്ഥാപിച്ചത് ഇദ്ദേഹമാണ്. മമ്പുറം

തങ്ങൾ ഇദ്ദേഹത്തോടു ഒരു മകൻ പിറക്കുമെന്നും അയാൾ മഹാനായിത്തീരുമെന്നും തന്റെ പേർ നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നുവത്രേ. സൂഫിയാക്കളിൽ ഏറ്റവും വലിയ മഹാനാണിദ്ദേഹം.

ഇവരെ കൂടാതെ തൊട്ടടുത്ത കെട്ടിടത്തിൽ അകത്തും പുറത്തുമായി ഹൈദ്രോസി മശ്ഹൂരി പരമ്പരയിലെ നിരവധി സാദാത്തുക്കൾ അന്ത്യവിശ്രമം കൊള്ളുന്നു. അവരിൽ ചിലർ.

1. പുതിയ പൊക്കിലകത്ത് വലിയ ഉമ്പിച്ചിക്കോയ തങ്ങൾ (സ്വാലിഹ് തങ്ങളുടെ ഉപ്പ).
2. മരുമകൻ കോയമ്മതങ്ങൾ (സയ്യിദ് ഷാഫി തങ്ങളുടെ വല്ല്യുപ്പ)
3. മരുമകൾ ശരീഫാ ബീവി എന്നിവർ (പൊക്കിലകത്ത് മഖാമിന്റെ കിഴക്കേ ചായ്പ്പിൽ ഖബർ) മേൽ ശരീഫാ ബീവിയുടെ മകൻ ഇമ്പിച്ചിതങ്ങൾ (ഖബർ മഖാമിന്റെ കിഴക്കേ ചായ്പ്പ്) അനുജൻ ആറ്റക്കോയ തങ്ങൾ- (പൊക്കിലകത്ത് മഖാമിനു മുറ്റത്ത്).
4. വലിയ കീപ്പാട്ട് സെയ്താലി തങ്ങൾ (വലിയ ഉമ്പിച്ചിക്കോയ തങ്ങളുടെ പിതാവ്) അദ്ദേഹത്തിന്റെ പിതാവ് സയ്യിദബ്ദുള്ള തങ്ങൾ എന്നിവർ.
5. സയ്യിദ് ഉമർ മുഹ്ളാർ തങ്ങളുടെ പിതാവ് കോയമ്മ തങ്ങൾ ബാഅലവി (അദ്ദേഹത്തിന്റെ പിതാവ് സയ്യിദ് മുഹ്ളാർ ആറ്റക്കോയ തങ്ങൾ കുളങ്കര മഖാമിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. ഇദ്ദേഹത്തിന്റെ പിതാവ് 31-ാം ഖാളി സയ്യിദ് മുഹമ്മദ് കോയമ്മ തങ്ങളാണ്.)
6. ഇവിടെ തന്നെ ഹിജ്റ 1396-ൽ വഫാത്തായ അസ്സയ്യിദ് ഹസ്സൻ മശ്ഹൂർ ഇമ്പിച്ചിക്കോയ തങ്ങളുടെ മഖാം സ്ഥിതിചെയ്യുന്നു. അകത്ത് വലിയ ഇമ്പിച്ചിക്കോയ തങ്ങളുടെ ഉമ്മ സക്കീനാ എന്ന കുഞ്ഞുമ്മ ബീവിയുടെയും കുടുംബത്തിന്റെയും ഖബർ സ്ഥിതി ചെയ്യുന്നു. (ഹൈദ്രോസ് തങ്ങളുടെ മകൾ)

ഈ പള്ളിയിൽ നൂറോളം കുട്ടികൾക്ക് 'കേരള മൗലാനാ' ചാലികകത്ത് കുഞ്ഞഹമ്മദ് ഹാജി (ന:മ:) ദർസ് നടത്തുകയും പരിശുദ്ധ റമളാൻ മാസത്തിൽ മൗലാനാ ഖുതുബി ഉസ്താദ് (ന:മ:) ഇമാം നിൽക്കുകയും ചെയ്തിരുന്നുവെന്നറിയുമ്പോൾ ഇന്നും മാനസ്സാന്തരങ്ങൾ കുളിർമ്മയിലാവുന്നു.

മരിച്ചുപോയ സി.കെ. ഹബീബ് തങ്ങളോട് ''വെല്ലൂരിൽ പോലും ഇല്ലാത്ത അമൂല്യ ഗ്രന്ഥങ്ങൾ ഞാൻ പൊക്കിലകത്ത് കണ്ടു'' വെന്ന് ശൈഖ് ഹസ്സൻ ഹസ്രത്ത് (ന:മ:) പറഞ്ഞിരുന്നുവത്രെ. ഏറ്റവും വലിയ ഖുതുബുഖാനകളിലൊന്നായ ഈ ഖുതുബുഖാന ''വലിയ്യുല്ലാഹി ഉമ്പിച്ചിക്കോയ ഖുതുബ്ഖാന'' എന്ന പേരിലാണ് അറിയപ്പെട്ടത്.

ഇന്ന് ഈ പള്ളിയും മഖ്ബറകളും പ്രൗഢിയും പ്രതാപവും നിലനിർത്തി തലയുയർത്തി നിൽക്കുന്നുണ്ടെങ്കിലും ഖുതുബുഖാനയോ, ദർസ്സോ ഇന്നില്ല. അങ്ങിനെ രണ്ടാം ഖുർതുബയും വിനഷ്ടമായി. സംരക്ഷിക്കാൻ ആളില്ലാത്തതിനാലും സാമ്പത്തിക പരാധീനതയാലും തുച്ഛമായ വിലക്ക് വിറ്റഴിക്കപ്പെട്ട അമൂല്യ ഗ്രന്ഥങ്ങൾ എത്തിപ്പെട്ടത് വഹാബികളുടെയും മൗദൂദികളുടെയും സ്ഥാപനങ്ങളിലേക്കായിരുന്നു. സുന്നത്ത് ജമാഅത്തിന്റെ ശക്തമായ പടവാളായിരുന്ന കയ്യെഴുത്ത് ഗ്രന്ഥങ്ങളടക്കമുള്ള പല അമൂല്യ ഗ്രന്ഥങ്ങളും ഇങ്ങനെ നശിപ്പിക്കപ്പെടുകയോ, പുഴ്ത്തിവെക്കപ്പെടുകയോ ചെയ്യപ്പെട്ടത് ചരിത്രത്തിന്റെ ഒരിക്കലും നികത്താനാവാത്ത നഷ്ടവും ഓർമ്മയിൽ പോലും ശോകം നിറയുന്ന ദുരന്തവുമാണ്.

സയ്യിദും ചരിത്രകാരനുമായ ബഹുമാനപ്പെട്ട സയ്യിദ് മശ്ഹൂർ ഇമ്പിച്ചിക്കോയ തങ്ങൾ പൊക്കിലകത്ത് പള്ളിയുടെ നഷ്ടപ്പെട്ട പ്രതാപം തിരിച്ചുപിടിക്കാൻ ഏറെ ത്യാഗം ചെയ്തവരാണ്. വളപട്ടണം ജുമുഅത്ത് പള്ളിയിൽ ദർസ് നടത്തിപിരിഞ്ഞ ബഹുമാനപ്പെട്ട എ.ടി. ഉസ്താദ് എന്ന പേരിലറിയപ്പെട്ട സൂഫിവര്യനായ എ.ടി. മുഹമ്മദ് മുസ്ല്യാരെ കൊണ്ട് ഇവിടെ ദർസ് പുനരാരംഭിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഈ പരിശ്രമവും പാതി വഴിക്ക് മൃതിയടഞ്ഞുപോയി. എങ്കിലും ഈ പ്രവർത്തനത്തോടെ പള്ളികത്ത് ഇശാ നിസ്ക്കാരനന്തരം ഹദ്ദാദ് റാത്തിബിന്റെ പുനരുദ്ധാരണം നടത്താൻ മഹാനായ തങ്ങളവർക്ക് സാധിച്ചുവെന്നത് പ്രതീക്ഷ നൽകുന്ന മഹത്തായൊരു കാര്യം തന്നെയാണ്.

പള്ളിയിലെ ഇമാമത്ത്, മഖ്ബറകളുടെ പരിപാലനം എന്നീ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഇപ്പോഴത്തെ കാര്യദർശി സയ്യിദ് ഹാശിം തങ്ങളാണ്. അദ്ദേഹത്തിന് മുമ്പ് തങ്ങളുടെ ജ്യേഷ്ടന്മാരും പരേതരുമായ സയ്യിദ് കുഞ്ഞിസീതി തങ്ങൾ, സയ്യിദ് മുല്ലക്കോയ തങ്ങൾ എന്നിവരായിരുന്നു. ഇവരുടെ നേതൃത്വത്തിൽ തന്നെ കൊല്ലാ കൊല്ലം നടത്തി വരുന്ന ആണ്ടുനേർച്ച സുപ്രസിദ്ധമാണ്. കഴിഞ്ഞ 2016-ൽ 145-ാം മത് ആണ്ട് നേർച്ച സയ്യിദ് ഹാശിം തങ്ങളുടെ നേതൃത്വത്തിൽ വിപുലമായി കൊണ്ടാടപ്പെട്ടു.

പള്ളിയോടനുബന്ധിച്ചുള്ള സയ്യിദ് ഭവനമായ പൊക്കിലകത്ത് ഭവനത്തെ സംബന്ധിച്ചു കൂടുതലായി വരും പേജുകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

**"വെല്ലൂരിൽ പോലും ഇല്ലാത്ത അമൂല്യ ഗ്രന്ഥങ്ങൾ ഞാൻ പൊക്കിലകത്ത് കണ്ടു" വെന്ന് ശൈഖ് ഹസ്സൻ ഹസ്രത്ത് പറഞ്ഞു**





# മുഹ്യിദ്ധീൻ പള്ളി

ഒരു കാലത്ത് വളപട്ടണത്തിന്റെ സുന്നത്ത് ജമാഅത്ത് കേന്ദ്രമായ ഈ പള്ളി സ്ഥാപിതമായത് മഹാനായ ഗൗസുൽ അഅ്ളം മുഹ്യുദ്ധീൻ അബ്ദുൽ ഖാദിറുൽ ജിലാനി (ഖ:സി) ന്റെ നാമധേയത്തിലാണ്. പള്ളി സ്ഥാപിച്ചത് മാട്ടൂലിൽ നിന്ന് വളപട്ടണത്ത് സ്ഥിരതാമസമാക്കിയ ചെങ്ങളാൻ നാലകത്ത് ചാലിപ്രത്ത് മൂസക്ക എന്ന പൗര പ്രമുഖനാണ്. ഇദ്ദേഹത്തിന്റെ ഖബർ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്ത് നിലകൊള്ളുന്നു. പഴയ മലയാള ലിപിയിൽ എഴുതപ്പെട്ട ഒരു എഴുത്തോല പള്ളിക്കകത്ത് സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അത് വായിക്കാനൊത്താൽ പള്ളി സ്ഥാപിതമായ വർഷം കൃത്യമായി ലഭിക്കുന്നതാണ്. ഇതിനുള്ള ഒരു ശ്രമം ഇതുവരെ നടന്നിട്ടില്ല. പള്ളിക്ക് തൊട്ട് മുന്നിലുള്ള തായകത്ത് ഭവനത്തിലുള്ളവർ ഖാദിമീങ്ങളായും തൊട്ടടുത്തുള്ള പണിക്കറകത്ത് ഭവനത്തിലെ സയ്യിദന്മാർ ഇമാമീങ്ങളുമായിരുന്ന ഈ പള്ളി ഇന്ന് പരിപാലന കമ്മിറ്റിയുടെ നിയന്ത്രണത്തിലാണ്. ജിന്നുകളുടെ ആവാസ കേന്ദ്രവും സംഘടിത ജമാഅത്ത് നമസ്കാരവും നടന്നിരുന്ന പഴയ പള്ളി പൂർണ്ണമായി പൊളിച്ച് 1979-ൽ പുനർനിർമ്മാണം നടത്തപ്പെട്ടു.

ജിന്നുകളുടെ ഈ സംഘടിത ജമാഅത്തിന് ഒരു സാക്ഷി കോയക്കുട്ടി തങ്ങളുടെ കാലത്ത് തായകത്ത് മമ്മദ്ക്ക എന്ന ഖാദിമായിരുന്നു. ഈ സംഭവം ഇപ്പോഴും വളപട്ടണത്ത് സ്മരിക്കപ്പെടാറുണ്ട്. അഹ്‌ലു സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസ ആദർശങ്ങളിൽ അധിഷ്ഠിതമായിട്ട് തന്നെയാണ് ജമാഅത്തും കൂട്ടുപ്രാർത്ഥനയുമടക്കമുള്ള അനുബന്ധ കർമ്മങ്ങളും നടത്തപ്പെടുന്നത്. ഇവിടെ ആരാധനാ കർമ്മങ്ങൾക്ക് ഇമാം നൗഫൽ അമാനി നേതൃത്വം നൽകുന്നു.

# വലിയ ജുമുഅത്ത് പള്ളി







വളപട്ടണം മാർക്കറ്റ് റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശൈഖ് തങ്ങൾ തെക്ക്യാവിന് മുമ്പിലായി പഴമയുടെ പ്രൗഢി നിലനിർത്തിക്കൊണ്ട് സ്ഥിതി ചെയ്യുന്ന ജുമുഅത്ത് പള്ളിയാണ്, കക്കുളങ്കര പള്ളിക്ക് ശേഷം ഇന്നത്തെ ജമുഅത്ത് പള്ളിയായി നിലനിൽക്കുന്നത്. ബ്രിട്ടീഷുകാരുടെ കാലത്ത് വളപട്ടണം റെയിൽവെയുടെ പണി നടന്നു കൊണ്ടിരിക്കുമ്പോഴാണ് ഈ പള്ളി ആദ്യമായി പുനർ പണിയിക്കപ്പെടുന്നത് എന്ന് പറയപ്പെടുന്നു. 600 വർഷത്തെ പഴക്കമാണ് പഴമക്കാർ ഈ പള്ളിക്ക് പറയുന്നത്.


ഒറ്റക്കല്ലിൽ തീർത്ത കൽതൂണുകൾ കൊണ്ടാണിത് പുതുക്കി പണിയിക്കപ്പെട്ടിട്ടുള്ളത്. കോയപ്പോക്കിരി കുഞ്ഞിമംഗലത്ത് നിന്ന് വളപട്ടണം പുഴ വഴി കൊണ്ട് വന്നാണ് ഈ കൽത്തൂണുകൾ സ്ഥാപിച്ചിരുന്നത്രെ. ശില്പ ഭംഗിയുള്ളതും കൊത്തുപണികളോട് കൂടിയതുമായ പള്ളി മിമ്പർ ഹിജ്റ 1273 ശവ്വാൽ 30ന് പണി കഴിപ്പിക്കപ്പെട്ടതാണെന്ന് മിമ്പറിൽ തന്നെ കലാപരമായി കൊത്തിവെച്ചിട്ടുണ്ട്. മിക്കവാറും ഇതിനു തൊട്ടുമുമ്പു തന്നെയാവണം പള്ളി പുനർ നിർമ്മാണവും.

എന്നാൽ പള്ളി കോമ്പൗണ്ടിലുള്ള സുബുലുസ്സലാം മദ്രസ്സ കെട്ടിടത്തിന് തൊട്ടു മുന്നിലുള്ള കിണറിനോട് അനുബന്ധമായി ഒരു കൊച്ചു പള്ളി പുരാതനമായി നിലവിലുണ്ടായിരുന്നുവെന്നും ഈ പള്ളിയെ സ്ഥാനം മാറ്റി വിപുലീകരിക്കപ്പെടുകയാണുണ്ടായതെന്നും പഴമക്കാരിൽ ചിലർ പറഞ്ഞു കേൾക്കുന്നു. ഏതായാലും പുതിയ പള്ളിക്ക് പത്തിരുന്നൂറ് കൊല്ലത്തെ പഴക്കമേയുള്ളൂ. പഴയ പള്ളി നിലനിർത്തിക്കൊണ്ട് ചില നവീകരണ പ്രവർത്തനങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്.

വിപുലമായൊരു ദർസ് നടത്തി വരുന്ന ഇവിടെ ശാദുലീ ത്വരീഖത്തിന്റെ ശൈഖായ തൃശ്ശൂർ ജില്ലയിലെ കൊച്ചന്നൂർ സ്വദേശി മൗലാനാ അമ്മുണ്ണി ശൈഖ് (ന:മ:), സൂഫി വര്യനായ എ.ടി. മുഹമ്മദ് മുസ്ല്യാർ തുടങ്ങി എസ്.വൈ.എസിന്റെ ജില്ലാ നേതാക്കളായ അബ്ദു റശീദ് ദാരിമി, അബ്ദുല്ല ത്വീഫ് സഅദി തുടങ്ങിയവരും നിരവധി സഖാഫിമാരും ഇവിടെ ദർസ് നടത്തിയിട്ടുണ്ട്. ഉസ്താദുനാ മുഹമ്മദുൽ ബാഖവിയാണ് ഇപ്പോഴത്തെ മുദരിസ്സ്. 1990-ൽ ദർസ് വിദ്യാർത്ഥികൾക്കായി ബോർഡിങ്ങ് സമ്പ്രദായ പ്രകാരം ചെറിയ പാറക്കാട്ട് ഭവനം ഭക്ഷണശാലയാക്കി എസ്.വൈ.എസ്. - എസ്.എസ്.എഫ് വകയായി ഭക്ഷണം നൽകിയിരുന്നു.

തലമുറകളായി ഇശാ നമസ്ക്കാരത്തിന് ശേഷം ഹദ്ദാദ് റാത്തീബ്, അറബിയിൽ മാത്രമുള്ള ഖുതുബക്ക് ശേഷം നിസ്ക്കാരാനന്തരം ചൊല്ലപ്പെടുന്ന പ്രത്യേക ദിക്റ്, കൂട്ടു പ്രാർത്ഥനയ്ക്കുശേഷമുള്ള പ്രത്യേക ദിക്റ്, ദുആഅ് മുതലായവ ഈ പള്ളിയുടെ പൗരാണിക സുന്നി വിശ്വാസ പാതയെ അഭംഗുരം മുന്നോട്ട് കൊണ്ട് പോകുന്നു.

ഖുതുബ നിർവ്വഹിക്കാൻ സയ്യിദന്മാരല്ലാത്തവർക്ക് അധികാരം നൽകിയിരുന്നില്ല. 360ം ഖാളി കൊയമ്മതങ്ങളുടെ കാലം മുതലാണിതിനു അനുവാദം നൽകിയത്.



# കുളങ്കര പള്ളി

വളപട്ടണത്തെ മറ്റൊരു സുപ്രധാന പള്ളിയാണ് കുളങ്കര പള്ളി എന്ന പേരിലറിയപ്പെടുന്ന വലിയ കീപ്പാട്ട് എന്ന സയ്യിദ് ഭവനത്തോട് അനുബന്ധിച്ചുള്ള പള്ളി. വളപട്ടണം 31-ാം ഖാസി സയ്യിദ് മുഹമ്മദ് കോയമ്മ തങ്ങളുടെ രണ്ടാമത്തെ വിവാഹം നടന്നത് വളപട്ടണത്തെ വലിയ കീപ്പാട്ട് എന്ന സയ്യിദ് ഭവനത്തിലായിരുന്നു. ഈ ബന്ധത്തിൽ പിറന്ന സയ്യിദ് മുഹ്ളാർ എന്ന ആറ്റകോയ തങ്ങൾ മലബാറിലെ സയ്യിദന്മാരിൽ പ്രമുഖനും അഗാധ പണ്ഡിതനുമായിരുന്നു.


കാസർഗോഡിനടുത്ത കയ്യൂരിലെ മഹാ പണ്ഡിതനായ ചെറിയമ്മദ് മൗലവിയുടെ ശിഷ്യനാണിദ്ദേഹം. ആറ്റക്കോയ തങ്ങൾ മതപഠനം കഴിഞ്ഞു വന്നു കീപ്പാട്ട് പുരപ്പറമ്പിൽ കുളങ്കരപള്ളി എന്ന പേരിൽ പള്ളി പണിതു. ശേഷം ഹജ്ജിന് പോവുകയും ഹജ്ജ് കർമ്മം കഴിഞ്ഞ് മക്കാ മുഫ്തി സയ്യിദ് അഹ്മദ് സൈനി ദഹ്‌ലാൻ എന്നവരെ കണ്ട് മുട്ടുകയും അദ്ദേഹം തങ്ങൾക്ക് ദർസ് നടത്താൻ അനുവാദം നൽകുകയും ചെയ്തു. അതുപ്രകാരം കുളങ്കര പള്ളിയിൽ ദർസ് സ്ഥാപിക്കുകയും പല സ്നേഹിതന്മാരിൽ നിന്ന് മതപരമായ കിതാബുകൾ പള്ളിയിൽ വഖ്ഫ് ചെയ്യിക്കുകയും 30 വർഷക്കാലം യാതൊരു പ്രതിഫലവും കൂടാതെ ദർസ് നടത്തുകയും ചെയ്തു. ഇവിടെയാണ് കേരളത്തിൽ ആദ്യമായി മുതഅല്ലിംകൾക്ക് താമസിച്ച് പഠിക്കാനുള്ള ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തപ്പെട്ടത്.

വളപട്ടണത്തെ മിക്ക ആളുകളും ആറ്റക്കോയ തങ്ങളുടെ ശിഷ്യന്മാരും ഖാദിരിയ്യ ത്വരീഖത്തിന്റെ ശൈഖായ തങ്ങളുടെ മുരീദന്മാരുമാകുന്നു. ഇദ്ദേഹം മരണത്തിന് മുമ്പ് ഇനി ഞാൻ ഒരാഴ്ച ജീവിച്ചിരിക്കില്ലെന്ന് പറയുകയും അതേ ആഴ്ച തന്നെ വഫാത്താവുകയും ചെയ്ത മഹാനാണ്.

ഹിജ്റ 1300 സ്വഫർ 29ന് (എ.ഡി. 1912-ൽ) തന്റെ 63-ാം വയസ്സിൽ വഫാത്തായ മഹാനവർകളെ പള്ളിയോടനുബന്ധിച്ചുള്ള രണ്ടാം കെട്ടിടത്തിൽ ഖബറടക്കം ചെയ്യപ്പെട്ടു. ഇദ്ദേഹത്തിന്റെ ഖബറിനോട് തൊട്ടടുത്ത് മറ്റൊരു മഹാനായ ഹംസക്കോയ തങ്ങളുടെ ഖബർ സ്ഥിതിചെയ്യുന്നു. ഇദ്ദേഹത്തെ മറവ് ചെയ്ത് 60 വർഷത്തിന് ശേഷം ഈ ഖബറിനടുത്ത് ഇദ്ദേഹത്തിന്റെ കാരണവരായ മറ്റൊരാളുടെ ഖബറിന് വേണ്ടി കുഴിക്കുമ്പോൾ അബദ്ധത്തിൽ

ഹംസക്കോയ തങ്ങളുടെ ഖബറിന്റെ മണ്ണിളകുകയും യാതൊരു കേടുപാടും കൂടാതെ മണ്ണിൽ ദ്രവിക്കാത്ത കഫം പുടയോടൊപ്പം മഹാനെ ദർശിച്ചതിന്റെ ഫലമായി ആദരവോടെ ഖബർ മൂടുകയും സമീപത്ത് ഖബർ കുഴിക്കുന്നത് ഉപേക്ഷിക്കുകയും ചെയ്ത അത്ഭുത സംഭവത്തിന് വളപട്ടണത്തെ കഴിഞ്ഞ തലമുറയിലെ ബഹുഭൂരിപക്ഷം പേരും സാക്ഷിയായിരുന്നു. ഈ മഖാമിൽ മറ്റനവധി സാദാത്തീങ്ങളും അന്ത്യ വിശ്രമം കൊള്ളുന്നുണ്ട്.

**പള്ളിയോടനുബന്ധിച്ചുള്ള മഖാമിൽ അന്ത്യ വിശ്രമം കൊള്ളുന്നവർ :**



രിഫാഇൗ ഹളറ

1. 31-ാം ഖാസി സയ്യിദ് ഉമർ ബാ അലവി (റ) വിന്റെ ഭാര്യ മാട്ടൂൽ വേലിക്കകത്ത് ആറ്റബി (വലിയ കീപ്പാട്ടു ഹംസക്കുട്ടി തങ്ങളുടെ മകൾ) ആറ്റക്കോയ തങ്ങൾ, അബ്ദുള്ള തങ്ങൾ എന്നീ പുത്രന്മാരും, രണ്ടു പുത്രിമാരും അന്ത്യ വിശ്രമം കൊള്ളുന്നു.

2. മുഹ്ളാർ ആറ്റക്കോയ തങ്ങൾ (അസ്സയ്യിദ് ഉമർ ബാഅലവി തങ്ങളുടെ പുത്രൻ 31-ാം ഖാസി സയ്യിദ് മുഹമ്മദ് കോയമ്മ തങ്ങൾ വലിയ കീപ്പാട്ടു വിവാഹം ചെയ്തതിൽ ഉണ്ടായ ആദ്യ മകൻ)

3. വലിയ കീപ്പാട്ട് കോയഞ്ഞി തങ്ങൾ (കാരണവരായ ഹംസക്കുട്ടി തങ്ങളുടെ സമീപം മഖാമിന്റെ രണ്ടാമെടുപ്പിൽ അന്ത്യ വിശ്രമം കൊള്ളുന്നു.) സയ്യിദ് അബ്ദുല്ല തങ്ങളുടെ സഹോദരിമാരിൽ മൂത്തവരെ വിവാഹം ചെയ്തത് അദ്ദേഹമാണ്.

4. സയ്യിദ് ഹാമിദ് ബുഖാരി (പള്ളിയോടനുബന്ധിച്ചുള്ള ഒന്നാം കെട്ടിടത്തിലാണ് രിഫാഇൗ റാത്തീബിന്റെ ഹള്റ സ്ഥിതി ചെയ്യുന്നത്. മാട്ടൂൽ ഖാസിയും മഹാ പണ്ഡിതനുമായ വളപട്ടണത്തെ ഉമ്പിച്ചിക്കോയ തങ്ങളുടെ പുത്രൻ സയ്യിദ് ഹാമിദ് ബുഖാരിയാണ് മക്കയിൽ നിന്ന് ഈ റാത്തീബ് കൊണ്ട് വന്നു ഇവിടെ സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ മഖ്ബറ റാത്തീബ് ഹാളിന് അകത്ത് തന്നെയാണ്. മേൽ റാത്തീബിന്റെ ഇരവ് ബൈത്തുകളിൽ ഒന്നിൽ ഇദ്ദേഹത്തിന്റെ നാമം പരാമർശിക്കുന്നുണ്ട്.)

എല്ലാ മാസവും 14-ാം രാവിൽ റാത്തീബ് ഹാളിൽ രിഫാഇൗ റാത്തീബും എല്ലാവർഷവും ജമാദുൽ അവ്വൽ മാസത്തിൽ ശൈഖ് അഹ്മദുൽ കബിർ രിഫാഇൗ (റ) ന്റെ ആണ്ട് നേർച്ചയും വിപുലമായി നടത്തി വരുന്നുണ്ട്. ആണ്ടിനോടനുബന്ധിച്ച് 'നട റാത്തീബ്' എന്ന പേരിൽ ഇരുവരി ഒപ്പിച്ച് ബൈത്ത് ചൊല്ലി ദഫ് മുട്ടി വളപട്ടണത്തെ മറ്റു മഖാമുകളിൽ സിയാറത്ത് ചെയ്ത് തിരിച്ചു വന്നു രിഫാഇൗ മൗലിദ് ചൊല്ലി അന്നദാനം നടത്തലാണ് പതിവ്. മുൻ കാലങ്ങളിൽ ആണ്ട് നേർച്ചയോടനുബന്ധിച്ച് നടന്നുവരാറുണ്ടായിരുന്ന കേരളത്തിലെ പ്രമുഖ പണ്ഡിതന്മാരുടെ 'വഅള് പരമ്പര' പിന്നീട് നിലച്ചുപോയി. റാത്തീബുകൾക്കും മറ്റും നേതൃത്വം നൽകിയിരുന്നത് ഹാമിദ് തങ്ങളുടെ മകനും പണ്ഡിതനുമായ പരേതനായ സയ്യിദ് കൊച്ചുകോയ തങ്ങളും ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ സയ്യിദ് മുല്ലക്കോയ തങ്ങളുമാണ്. 1907 ൽ ചേലേരിയിൽ രിഫാഇൗ റാത്തീബ് സ്ഥാപിച്ചത് വലിയ കീപ്പാട്ടെ കൊച്ചുകോയ തങ്ങളാണ്. നൂറ്റിച്ചില്ലറ വർഷത്തിലധികമായി റാത്തീബ് നടന്നുവരുന്നു. 1910-ൽ പാലത്തുങ്കര കൊടിപ്പൊയിൽ എന്ന സ്ഥലത്തും രിഫാഇൗ റാത്തീബ് സ്ഥാപിച്ചിട്ടുണ്ട്.

5. റാത്തീബ് ഹാളിന് പുറത്തെ കുളക്കരയിലുള്ള മഖാമിൽ കൊച്ചുകോയ തങ്ങളും, മാതാപിതാക്കളും, സഹോദരനും പണ്ഡിതനുമായ സയ്യിദ് സ്വാലിഹ് തങ്ങളും അന്ത്യ വിശ്രമം കൊള്ളുന്നു. സയ്യിദ് സ്വാലിഹ് തങ്ങളുടെ നിര്യാണത്തോടെ പ്രസ്തുത പള്ളിയിലെ ദർസ് പൂർണ്ണമായും നിലച്ചുപോയി.

പള്ളിയോടനുബന്ധിച്ചുള്ള വലിയ കീപ്പാട്ട് ഭവനവും ഇതിന് പിൻവശത്തുള്ള ചെറിയ കീപ്പാട്ട് ഭവനവും നിരവധി മഹാന്മാർക്ക് ജന്മം നൽകിയിട്ടുണ്ട്.

സയ്യിദ് മുഹ്ളാർ തങ്ങളുടെ കാരണവന്മാരായ സയ്യിദ് കൊച്ചുകോയ തങ്ങൾ ഇദ്ദേഹത്തിന്റെ അനുജൻ സയ്യിദ് കോയമ്മ തങ്ങൾ

എന്നിവർക്ക് ജന്മം നൽകിയത് ഈ ഭവനമാണ്. സയ്യിദ് കൊച്ചുകോയ തങ്ങൾ ശവ്വാൽ 25ന് വെള്ളിയാഴ്ചയാണ് വഫാത്തായത്. ഇദ്ദേഹം തന്റെ മരണത്തിന് മുമ്പ് ഈയാഴ്ചയിൽ ഞാൻ മരണപ്പെടുമെന്നും ഒരു പുതുമഴ പെയ്യുമെന്നും അതിൽ തന്റെ ജനാസ കുളിപ്പിക്കണമെന്നും വസിയ്യത്ത് ചെയ്യുകയും അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്ത മഹാനാണ്. ഇദ്ദേഹത്തിന്റെ ഖബർ കക്കുളങ്കര പള്ളിക്ക് പടിഞ്ഞാറ് സിദ്ധീഖി പൗത്രന്മാരുടെ ഖബർ കെട്ടിന്റെ തൊട്ടു താഴെ നിലകൊള്ളുന്നു.

ഇദ്ദേഹത്തിന്റെ അനുജൻ സയ്യിദ് കോയമ്മ തങ്ങൾ ഹിജ്റ 1362 റജബ് 9 ചൊവ്വാഴ്ച 6 മണിക്ക് വഫാത്തായി. ഹജ്ജ് കാലത്ത് വലിയ കീപ്പാട്ടെ തന്റെ പ്രാർത്ഥനാ മുറിയിൽ കയറി വാതിലടക്കുകയും ഹജ്ജ് കാലം കഴിഞ്ഞാൽ മുറിയിൽ നിന്നിറങ്ങി വരികയും അക്കൊല്ലം ഹജ്ജിന് പോയവർ അദ്ദേഹത്തെ മക്കയിൽ വെച്ച് ഹജ്ജ് കർമ്മത്തിനായി കാണപ്പെടുകയും ചെയ്തിരുന്ന മഹാനാണിദ്ദേഹം. ഇദ്ദേഹത്തിന്റെ ഖബർ ജലാലുദ്ധീൻ ബുഖാരി (റ) വിന്റെ മഖാമിന് പടിഞ്ഞാറ് ഭാഗത്തുള്ള ആദ്യത്തെ ഖബറാണ്.

ഫത്ഹുൽ മുഈൻ സ്ത്രീകൾക്ക് ദർസ് നടത്തിയിരുന്ന സയ്യിദത്ത് ഫാത്തിമ ശരീഫാബി, ഖാദിരിയ്യ, രിഫാഈ, ശാദുലി ത്വരീഖത്തിന്റെ ശൈഖയും മന്ത്രവിദ്യയിൽ പ്രവീണയുമായ സയ്യിദത്ത് നഫീസത്ത് ബീവി മുതലായ നിരവധി സദാത്തീങ്ങൾ ഇവിടെ ജന്മം കൊണ്ടിട്ടുണ്ട്. മുസ് ലിം ലീഗിന്റെ ഈറ്റില്ലമാണ് കീപാട്ട് ഭവനം. നിരവധി ദേശീയ നേതാക്കൾക്ക് അഭയമായിട്ടുണ്ട് ഇവിടം. ഹൈദരാബാദ് ആക്ഷൻ കാലത്ത് ദേശീയ നേതാക്കൾ ഒളിവിൽ കഴിഞ്ഞത് കീപാട്ടും പണിക്കറകത്തുമായിരുന്നു. പാക്കിസ്ഥാനിലേക്ക് പോകുംമുമ്പ് ലിയാഖത്ത് അലിഖാൻ ഇവിടം സന്ദർശിച്ചിരുന്നതായാണ് ചരിത്രം.

ഭൗതിക വിദ്യാഭ്യാസവും, സഖാഫി, നൂറാനി മത ബിരുദവും കരസ്ഥമാക്കിയ സയ്യിദ് ഉബൈദ് തങ്ങൾ ജമലുൽലൈലി ബാഹസൻ എന്നിവരിൽ ഈ ആത്മീയ പരമ്പര കണ്ണി എത്തി നിൽക്കുന്നു. ഇദ്ദേഹത്തിന്റെ കാർമ്മികത്വത്തിൽ ശൈഖ് ഇസ്മയിൽ ബുഖാരി (സിറ്റി മൗലൽ ബുഖാരി തങ്ങളുടെ പൗത്രൻ)ന്റെ ഉറൂസ് വിപുലമായി വലിയ കീപ്പാട്ട് ഭവനത്തിൽ നടത്തിവരുന്നു.

(ചെറിയ കീപ്പാട്ട്, വലിയ കീപ്പാട്ട് സയ്യിദ് ഭവനങ്ങളുടെ ഭരണ കേന്ദ്രവും പണ്ഡിത ചർച്ചാ വേദിയും ഗ്രന്ഥാലയവുമായിരുന്നു ഒരു കാലത്ത് ലാമ്പേത്ത് എന്ന ഭവനം. പിന്നീടത് കൈമാറ്റം ചെയ്യപ്പെട്ടു. ഇവിടെ ഇപ്പോൾ സയ്യിദന്മാർ താമസമില്ല.) .




# പിയാളി പള്ളി
# (പുതിയാപ്പിള പള്ളി)

വളപട്ടണം പൊക്കിലകത്ത് പള്ളിക്ക് തൊട്ടടുത്തായി സ്ഥിതിചെയ്യുന്നു. പുതിയാപ്പിള പള്ളി എന്ന പിയാളി പള്ളി പുതു മുസ്ലിംകൾക്ക് സുന്നത്ത് കല്ല്യാണം നടത്തുക, തൊപ്പിയിടുക, മതപഠനം നൽകുക മുതലായവയ്ക്ക് പൊന്നാനിയെ ആശ്രയിക്കുന്നതിന് പകരം ഇവിടെ വെച്ചായിരുന്നു നടത്തപ്പെട്ടിരുന്നത്. അതിനാൽ ദീനിലേക്ക് വന്ന 'പുതിയ മാപ്പിള' എന്ന അർത്ഥത്തിൽ പുതിയ മാപ്പിള പള്ളി ലോപിച്ച് പുയ്യാപ്പിള പള്ളി എന്നും പിന്നീടത് പിയാളി പള്ളിയായും മാറി. ഈ പള്ളിയോട് തൊട്ട് ചേർന്ന കെട്ടിടത്തിലാണ് വളപട്ടണത്തിന്റെ ആത്മീയ പോഷണ കേന്ദ്രമായ ശാദുലീ റാത്തീബിന്റെ ഹള്റ വർഷങ്ങളായി എല്ലാ വെള്ളിയാഴ്ച രാത്രിയിലും അഭംഗുരം നടന്നുവരുന്നത്. കുപ്പം ഉമർ മുസ്ല്യാരാണ് ഹളറ സ്ഥാപിച്ചത്. തുടർന്ന് ഉളിയിൽ ഇസ്മാഈൽ ശൈഖ്, കൊച്ചന്നൂർ അമ്മുണ്ണി ശൈഖ്, മാലോട് അന്തർ മൗലാർക്ക, കാട്ടാമ്പള്ളി ഫതഹ് ഹാജി, തളിപ്പറമ്പ് കുഞ്ഞൂട്ടി ഉസ്താദ്, വലിയകത്ത് ഉമർ ശാദുലി, അബ്ദുറഹ്മാൻ മുസ്ല്യാർ കണ്ണാടിപ്പറമ്പ് തുടങ്ങിയ മഹാന്മാർ ഹളറക്ക് നേതൃത്വം നൽകി. വർഷത്തിൽ ശവ്വാൽ 13-ന് നടത്തിവരുന്ന ശാദുലി ആണ്ട് നേർച്ചയിൽ ഫതഹ് ഹാജി, ഉസ്മാൻ മുസ്ല്യാർ, ശൈഖ് കുഞ്ഞൂട്ടി ഉസ്താദ് മുതലായ പണ്ഡിത മഹത്തുക്കൾ സംബന്ധിക്കാറുണ്ടായിരുന്നു. ഇതുകൂടാതെ റമളാൻ 29ന് ഉമർ ശാദുലി തങ്ങളുടെ ആണ്ടും നടത്തിവരുന്നുണ്ട്. റാത്തീബിന്റെ ഈ പരമ്പര പിന്നീട് നിയന്ത്രിച്ചത് മുഖദ്ദിമായ മർഹൂം അബ്ദുസ്സലാം ഹാജിയായിരുന്നു. എസ്.എസ്.എഫ്,എസ്.വൈ.എസ്. യുവതയുടെ മുഖ്യ കാർമ്മികത്വത്തിലാണ് ഇവ മുന്നോട്ട് പോകുന്നത്. കേരള മുസ്ലിം ജമാഅത്ത് നേതാവും ശാദുലി ഹളറ മുഖദ്ദിമുമായ കെ.വി. സഊദ് മൗലവി ആണ് ഇപ്പോഴത്തെ ഇമാം.

**പള്ളിക്ക് പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന മഖാമിൽ അന്തിയുറങ്ങുന്നവർ:**

1.) മുക്കിലിൽ സയ്യിദ് വലിയ ശൈഷേഖ് തങ്ങൾ (റ)
2.) പണിക്കറകത്ത് ഭവനത്തിലെ സയ്യിദ് ഹാമിദ് ബുഖാരിയെന്ന ചെറൂഞ്ഞി തങ്ങൾ (റ)
3.) സയ്യിദ് മുഹമ്മദ് ജലാൽ ബുഖാരി എന്ന കണ്ണേന്റവിട പൂക്കോയ തങ്ങൾ (റ:അ:). (തലശ്ശേരി സൈദാർ പള്ളിയിൽ അന്തിയുറങ്ങുന്ന ഖാദിരി ത്വരീഖത്തിന്റെ ശൈഖായ കണ്ണേന്റവിട ശൈശേഖ് തങ്ങൾ ബുഖാരിയുടെ ബാപ്പ) മറ്റൊന്ന് അദ്ദേഹത്തിന്റെ പിതാവാണ്. ഇതിന് സമീപത്തായി പൊക്കിലകത്ത് പള്ളിയുടെ കിഴക്ക് ഭാഗത്ത് ശൈഷേഖ് തങ്ങൾ ഖാദിരിയുടെ സഹോദരീ സഹോദരന്മാരും മാതാവായ കുഞ്ഞിബീവി എന്ന ഹജ്ജുമാവയും അന്ത്യ വിശ്രമം കൊള്ളുന്നു.

ഈ മഖാം ഇന്നത്തെ രൂപത്തിൽ പുനർ നിർമ്മാണം നടത്തി മുന്നിൽ ഭണ്ഡാരപ്പെട്ടി സ്ഥാപിച്ചത് സയ്യിദ് മശ്ഹൂർ ഉമ്പിച്ചിക്കോയ തങ്ങളവർകളാണ്. ഇതോടനുബന്ധിച്ചുള്ള കുളം മൂടിപ്പോയി



*പഴയ പിയാളി പള്ളിയിലെ ശാദുലി ഹളറ*



# പുഴയരികത്ത് പള്ളി
## (ഖിള്ർ പള്ളി)

വളപട്ടണം പുഴക്കരികിൽ സ്ഥിതി ചെയ്യുന്ന പള്ളിയായതിനാൽ പുഴയുടെ അരികെയുള്ള പള്ളി എന്നർത്ഥത്തിൽ പുഴയരികത്ത് പള്ളി എന്ന പേരിൽ ഈ പള്ളി അറിയപ്പെടുന്നു. 1999 -ൽ പുനർനിർമ്മാണ ശേഷം പുരാതന പള്ളി ഇപ്പോൾ നിലവിലില്ല. ഖിള്ർ നബി (അ) ന്റെ സാന്നിദ്ധ്യം കൊണ്ട് പ്രസിദ്ധമായ ഈ പള്ളി 'ഖിള്ർ മസ്ജിദ്' എന്ന പേരിൽ പ്രസിദ്ധമാണ്. കേയി കുടുംബത്തിലെ കാരണവരായ ഒരു കേയിയാണത്രെ വലിയ ഖാസിയുടെ നിർദ്ദേശാനുസരണം ഇവിടെ പള്ളി പണിതത്. ഈ പള്ളി പണിയാനുണ്ടായ ഒരൈതിഹ്യം ഇങ്ങനെ പറഞ്ഞ് കേൾക്കുന്നു. ''ഒരിക്കൽ വളപട്ടണം പുഴയിൽ മീൻ പിടിക്കാൻ പോയ ഒരു മുസ്ലിം മുക്കുവന്റെ തോണി പെട്ടെന്ന് ഇപ്പോൾ പള്ളി നിൽക്കുന്ന ഭാഗത്തേക്ക് തനിയെ നീങ്ങാൻ തുടങ്ങി. തോണി അവിടെ അടുത്തപ്പോൾ ആ ഭാഗത്ത് പുഴക്കരയിൽ ഒരാൾ നിൽക്കുന്നത് കാണാനിടയായി. അദ്ദേഹം മുക്കുവനോട് തന്നെ അക്കരെയെത്തിക്കാൻ നിർദ്ദേശിച്ചു. തോണിക്കാരൻ ആഗതനെ മറുകരയിലെത്തിക്കുകയും ചെയ്തു. തോണിക്കാരൻ ആഗതനോട് കടത്ത്കൂലി ആവശ്യപ്പെട്ടപ്പോൾ ഒരു ചെറിയ ഓലയിൽ എന്തോ കുറിച്ചു തോണിക്കാരനു നൽകി പറഞ്ഞു. 'ഈ എഴുത്തോല വലിയ ഖാസിക്ക് നൽകി എന്റെ 'അസ്സലാമു അലൈക്കും' പറയുക. എന്റെ കൈവശം കൂലിയില്ല. ഈ എഴുത്ത് നൽകിയാൽ വലിയ ഖാസി കൂലി നൽകുന്നതാണ്.'' ഇത്രയും പറഞ്ഞ് ആഗതൻ അപ്രത്യക്ഷനായി.

മീൻകാരൻ പിറ്റേന്ന് വലിയ ഖാസിയുടെ അടുക്കലെത്തി. വിവരമറിഞ്ഞ വലിയ ഖാസി എഴുത്ത് വാങ്ങി വായിച്ചു. പെട്ടെന്ന് തോണിക്കാരനെ കെട്ടിപ്പിടിച്ചു. ''താങ്കൾ കണ്ടത് ഖിള്ർ നബി (അ) നെയാണ്. അദ്ദേഹത്തെ കണ്ട ഈ കണ്ണ് കൊണ്ട് ഇനി ഒരു ഹറാമും കാണാനിടവരരുത്'' എന്ന് പറഞ്ഞു. തോണിക്കാരന്റെ ഇരു കണ്ണുകളും മുത്തി. അതോടെ തോണിക്കാരന്റെ ഇരു കണ്ണുകൾക്കും കാഴ്ച ശക്തി നഷ്ടപ്പെട്ടു. പകരമായി സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത നൽകപ്പെട്ടു. ഈ സംഭവത്തെയാണ് ചാവക്കാട് കോയമ്മ തങ്ങൾ മത്വാലിഉൽ ഹുദയിൽ ഖാസി സീതി ഇബ്രാഹിം (റ) വിന്ന് ഖിള്ർ നബി സലാം പറഞ്ഞയച്ചതായി വിശേഷിപ്പിക്കുന്നത്.

തോണി വഴിമാറി വന്ന്, ഖിള്ർ നബി നിന്നിടത്ത് ഖാളിയുടെ നിർദ്ദേശ പ്രകാരം കേയി പള്ളി പണിതു. അതിന് ഖിള്ർ പള്ളിയെന്ന് പേരിട്ടു. വയ്യപ്പുറത്ത് തറവാട്ടുകാരാണ് സ്ഥലം നൽകിയത്. ഈ പള്ളി പണിതത് ഖാസി സീതി ഇബ്രാഹീം (റ) വിന്റെ കാലത്താണെന്നും പറയപ്പെടുന്നു. ഈ പള്ളിയിൽ സയ്യിദ് മുഹമ്മദ് ശാഫിഈ തങ്ങൾ അൽ ബാഅലവിയുടെ കാർമ്മികത്വത്തിൽ യുവാക്കൾക്ക് ദർസും ദ്വൈമാസ താജു സലാത്തും നടന്നുവന്നിരുന്നു. അദ്ദേഹം മദീനയിൽ സ്ഥിരതാമസമാക്കിയതിന് ശേഷം സയ്യിദ് ഉബൈദ് തങ്ങളെ മേൽ സ്വലാത്ത് നടത്താൻ വേണ്ടി സയ്യിദ് ഷാഫി തങ്ങൾ ഇജാസത്ത് നൽകി.

# ആലൂൽ പള്ളി

വളപട്ടണം 'ഡിപ്പോ' ക്ക് സമീപം സ്ഥിതി ചെയ്യുന്ന ഈ പള്ളി എപ്പോഴാണ് നിർമ്മിക്കപ്പെട്ട
തെന്നതിന് ചരിത്ര രേഖകൾ ലഭ്യമല്ല. ഈ അടുത്തകാലത്ത് പുതുക്കി പണിതതോടെ പഴയരൂപം
പൂർണ്ണമായും നഷ്ടപ്പെട്ടു. ഇതിന് സമീപത്തായി കാണുന്ന മഖ്ബറയിൽ അന്തിയുറങ്ങുന്ന
മഹാന്മാർ കാഞ്ഞിരമുറ്റം ശൈഖ് ഫരീദ് (റ)ന്റെ ശിഷ്യന്മാരാണ്. ശൈഖവർകൾ പൊന്നാനി
തോട്ടുങ്കൽ പള്ളിയിൽ ദർസ് നടത്തിയിരുന്ന കാലത്ത് വളപട്ടണത്തുകാരായ ഖാദിരിച്ചിന്റവിട
അബ്ദുല്ലക്ക, ലാഫ്രക്കാന്റവിട അബ്ദുല്ലക്ക എന്നിവർ ശൈഖവർകളുടെ ദർസിൽ പഠനം നടത്തു
കയും ത്വരീഖത്ത് സ്വീകരിക്കുകയും ചെയ്തു.

മതപഠന ശേഷം രണ്ട് ശിഷ്യന്മാരോടൊത്ത് വളപട്ടണത്തെത്തിയ ഇവർ ഇവിടെ പള്ളി
സ്ഥാപിക്കുകയും ദർസ് നടത്തുകയും മത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.
മരണ ശേഷം ഇവിടെ തന്നെ മറവടക്കപ്പെട്ടു. ഇവരുടെ കൈകളാൽ വിരചിതമായൊരു ഗ്രന്ഥം
ഈയടുത്തകാലം വരെ ഇവിടെയുണ്ടായിരുന്നുവെങ്കിലും എങ്ങിനെയോ നഷ്ടപ്പെട്ടു.

വഹാബീ ഖണ്ഡനത്തിനായി വളപട്ടണത്ത് ആദ്യമായി സംഘടിപ്പിക്കപ്പെട്ട സംവാദത്തിൽ
ശൈഖുനാ ഖമറുൽ ഉലമാ കാന്തപുരം എ. പി. അബൂബക്കർ മുസ്ല്യാർ (ത്വ.ഉം:) ഈ ഗ്രന്ഥം
കയ്യിലേന്തിയായിരുന്നു അന്ന് പ്രസംഗിച്ചിരുന്നത്. പഴയ തലമുറയിലെ സുന്നി പ്രമുഖരായിരുന്നു
അന്ന് ശൈഖുനയെ വളപട്ടണത്ത് കൊണ്ടുവന്നത്. അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ
ശക്തമായ വിശ്വാസ സംഹിതകൾ ഈ ഗ്രന്ഥത്തിൽ നിന്ന് അക്കമിട്ട് നിരത്തിയ വളപട്ടണത്തെ
ആദ്യ സുന്നി പൊതുയോഗത്തോടു കൂടെ വഹാബിസത്തിനേറ്റ കനത്ത പ്രഹരം ഏറെനാൾ
വളപട്ടണത്ത് അതിന്റെ വളർച്ച മുരടിപ്പിച്ചു. അത്കൊണ്ട് തന്നെ അന്വേഷിക്കേണ്ട ഒരു വസ്തു
തയാണ് ഈ ഗ്രന്ഥം നഷ്ടപ്പെട്ടതോ? അതല്ല നഷ്ടപ്പെടുത്തിയതോ? എന്നത്.

ഈ മഖാമിൽ അടുത്തകാലം വരെ വിപുലമായ ഉറൂസ് നടത്തപ്പെട്ടിരുന്നു. കൊക്കക്കുരക്ക്
ചിരട്ടയിൽ മധുരക്കഞ്ഞി നേർച്ചയാക്കി ശമനം കണ്ടെത്തിയിരുന്നതായി പഴയതലമുറ ഓർക്കു
ന്നു. കാഞ്ഞിരമുറ്റം ഫരീദ് ഔലിയാന്റെ മഖ്ബറയുമായി ബന്ധപ്പെട്ട ചടങ്ങുകൾ തന്നെയാ
യിരുന്നു ഇവിടെയും നടത്തപ്പെട്ടിരുന്നത്. ഒരുവേള വഹാബികൾ ഈ മഖ്ബറകൾ പൊളിച്ചു
നീക്കാൻ ഒരു ശ്രമം നടത്തിയിരുന്നുവെങ്കിലും ഇത് ഇന്നും പ്രൗഢിയോടെ നിലനിൽക്കുന്നത്
തന്നെയാണ് ഈ മഹാന്മാരുടെ കറാമത്ത്.

കുളങ്കര രിഫാഈ റാത്തീബിന്റെ തുടക്കം കുറിച്ചുള്ള നടറാത്തീബും കുന്നത്ത് പള്ളി ഉറൂ
സിനോടനുബന്ധിച്ചുള്ള പൈതൃക യാത്രയും ഇവിടെ കൊല്ലംതോറും സിയാറത്ത് നടത്തിവരു
ന്നു. ഉറൂസ് പുനസ്ഥാപിക്കേണ്ടിയിരിക്കുന്നു.

# തട്ടാളങ്കരപള്ളി

വളപട്ടണം കോട്ടയുടെ പടിഞ്ഞാറ് ഭാഗത്ത് പുരാതനമായ ഈ പള്ളി നിലകൊള്ളുന്നു. അടുത്തകാലത്ത് നടന്ന ചില നവീകരണ പ്രവർത്തനങ്ങൾ മാറ്റി നിർത്തിയാൽ പള്ളി പഴയ രൂപത്തിൽ തന്നെയാണുള്ളത്. ഇതിനു തൊട്ട് സമീപത്തായി അന്ത്യവിശ്രമം കൊള്ളുന്ന മഹാൻ ടിപ്പുവിന്റെ കാലത്ത് മൈസൂർ സേനയോടൊപ്പം വന്ന സൂഫിവര്യന്മാരിൽ ഒരാളാണെന്നും പറയപ്പെടുന്നു. കണ്ണൂർ മാമ്പ മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്ന മഹാന്റെ ജ്യേഷ്ഠനാണത്രെ ഇദ്ദേഹം. ഈയടുത്തകാലംവരെ മാമ്പ മഖാം ഉറൂസിന് മുമ്പ് അവിടെ നിന്നുള്ള സിയാറത്ത് സംഘം ഇവിടെയെത്തി സിയാറത്ത് ചെയ്യാറുണ്ടായിരുന്നു.

ബ്രിട്ടീഷ് സൈന്യത്തോട് കാട്ടുപൂക്കൾ വെടിയുണ്ടയാക്കി പോരാടിയ കറാമത്തിന്റെ ഉടമകൂടിയാണദ്ദേഹം. പള്ളിക്ക് വടക്കു വശത്തായി സ്ഥിതി ചെയ്യുന്ന ഖബർസ്ഥാനിൽ ഒന്ന് വേളാപുരം കുടുംബത്തിലെ കാരണവരും പണ്ഡിതനും പുണ്യാത്മാവുമായ കുഞ്ഞിമാവതങ്ങൾ എന്ന മഹാന്റേതാണ്. മറ്റുള്ളവ സയ്യിദ് ജലാലുദ്ദീൻ ബുഖാരി (റ) തങ്ങളുടെ ശിഷ്യന്മാരുടേതാണ്. ഇവിടെ ഇപ്പോൾ ഉറൂസ് നടന്നുവരാറില്ല. പരിസരവാസികളുടെ നിഷ്ക്രിയത്വം തന്നെ കാരണം. ഇതിനോടനുബന്ധിച്ചുണ്ടായിരുന്ന കുളം മൂടിക്കളഞ്ഞതും ചരിത്രത്തിന്റെ മറ്റൊരു വിരോധാഭാസമാണ്.

# കത്തനാപള്ളി

കേരളത്തിലെ ഏറ്റവും ചെറിയ പള്ളിയായ ഈ പള്ളിയിൽ ഇമാമിനും ഒരു മഅ്മൂമിനും മാത്രം നിന്ന് നിസ്ക്കരിക്കുവാൻ സൗകര്യമുള്ളതാണ്. ഇതോടനുബന്ധിച്ചുള്ള മഖ്ബറയിൽ ഒരു ശഹീദിന്റെ അരഭാഗം മാത്രം മറവുചെയ്യപ്പെട്ടിട്ടുണ്ട് എന്ന് പറയപ്പെടുന്നു. പോർച്ചുഗീസുകാരുമായി ഏറ്റുമുട്ടി ശഹീദായ കുഞ്ഞാലി മരക്കാർ ശഹീദ് (റ)ന്റെ കൊത്തിനുറുക്കി കടലിൽ വലിച്ചെറിയപ്പെട്ട അര ഭാഗം വളപട്ടണം പുഴക്കരയിൽ ഈ പ്രദേശത്ത് വന്നടുക്കുകയും അവിടെ തന്നെ മറവുചെയ്യപ്പെടുകയും ചെയ്തുവെന്നാണ് ഇതു സംബന്ധിച്ചുള്ള വാമൊഴി. മരക്കാന്മാരുടെ ഖാദിരീ ത്വരീഖത്തിന്റെ ശൈഖ് സയ്യിദ് ഇസ്മാഈൽ ബുഖാരി ആണ്. ഇങ്ങനെ ത്വരീഖത്ത് സ്വീകരിച്ച മരക്കാരെ കലന്തൻ എന്നാണ് വിളിക്കപ്പെട്ടിരുന്നത്. വളപട്ടണത്തെ കലന്തരകത്ത് ഭവനത്തിന് മരക്കാറുമായി പൂർവ്വബന്ധം ഉണ്ടായിരുന്നോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. കണിയാറക്കൽ സൂപ്പിക്കാന്റവിടെ ഭവനക്കാരാണ് പരിപാലകർ.

# മറ്റുപള്ളികൾ

പള്ളികളുടെ പറുദീസയായ വളപട്ടണത്തെ 26ഓളം സുന്നിപള്ളികളും ഇവയോടനുബന്ധിച്ച് നിർവധി മഖാമുകളും സ്ഥിതിചെയ്യുന്നു. ചരിത്ര പ്രസിദ്ധമായ പുരാതന പള്ളികളൊഴികെയുള്ളവയെല്ലാം പുരാതന തറവാട്ടുകാരും വ്യക്തികളും പണികഴിപ്പിച്ചിട്ടുള്ളവയാണ്. ഇതിന്റെ പൂർണ്ണവിവരം 'പള്ളികളും ജന്മവും' എന്ന അദ്ധ്യായത്തിൽ വായിക്കാവുന്നതാണ്.

## സിറായിപള്ളി (സ്രാമ്പിപള്ളി)

പള്ളിക്ക് സമീപമുള്ള കച്ചായി എന്ന പുരാതന തറവാട്ടുകാരാൽ നിർമ്മിതമായ ഈ പള്ളി കണ്ണന്റവിട തങ്ങന്മാരുടെ സാമീപ്യത്താൽ അനുഗ്രഹീതമാണ്. ശാദുലി മുഖദ്ദിം അബ്ദുൽ സലാം എന്നവരുടെ ബാപ്പ ഇവിടെ ദർസ് നടത്തിയിരുന്നു. നീണ്ടകാലം ഇമാമുമായിരുന്നു. പള്ളിക്കു പുറത്തുണ്ടായിരുന്ന ദർസിനായുള്ള പ്രത്യേക കെട്ടിടം പൊളിച്ചുപോയി. വളപട്ടണത്തെ കേരള മുസ്ലിം ജുമാഅത്ത് നേതാവായ 'കൈതവളപ്പിൽ' സഊദ് മൗലവിയായിരുന്നു നീണ്ടകാലം ഇമാമായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നത്. പുതുക്കിപ്പണിത ശേഷം പഴയരൂപം ഇന്നില്ല. നിലവിൽ ഹാരിസ് മൗലവിയാണ് ഇമാം. നാട്ടിലെ വളർന്നുവരുന്ന വിദ്യാർത്ഥികൾക്ക് ആത്മീയ ശിക്ഷണം നൽകുന്നതിനുള്ള ദർസ് സംവിധാനം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

# ശാദുലിപള്ളി

വളപട്ടണം കമ്മക്കോത്ത് സയ്യിദ് ഭവനത്തിന് സമീപത്തായി സ്ഥിതിചെയ്യുന്ന ഈ പള്ളി സ്ഥാപിച്ചത് ശാദുലി ത്വരീഖത്തിന്റെ ശൈഖായ നൂഞ്ഞേരി മുഹമ്മദ് ഹാജി ശൈഖ് എന്ന പേരിലറിയപ്പെടുന്ന മുഹമ്മദ് അബ്ദുൽ ഹഫീസുശ്ശാദുലി ഇബ്നു മുഹ്‌യുദ്ധീനുഞ്ഞൂഞ്ഞേരി (റ) ആണ്. (ഫതഹ് ഹാജി ശൈഖിന്റെ ബാപ്പ). നൂഞ്ഞേരി ശൈഖ് എന്ന പേരിൽ പ്രസിദ്ധനായ കുഞ്ഞഹമ്മദ് നഖ്ശബന്തി (റ) ഇദ്ദേഹത്തിന്റെ കാരണവരായിരുന്നു. നൂഞ്ഞേരി ജുമാഅത്ത് പള്ളിക്ക് മുന്നിൽ അന്ത്യവിശ്രമം കൊള്ളുന്ന മമ്മൂട്ടി തങ്ങൾ ഇദ്ദേഹത്തിന്റെ മരുമകനാണ്. ശാദുലി ഖലീഫയായ ശൈഖ് ഹസ്സാനുബ്നു സിനാനുബ്നു അഫീഫുദ്ധീൻ യമനി (റ) ആണ് ത്വരീഖത്തിന്റെ ശൈഖ്.
'ഇഅ്ആനത്തിന്റെ മുസന്നിഫ്, യൂസഫുന്നബ്ഹാനി (റ) മുതലയാവർ ഉസ്താദുമാരാണ്. യമനിൽ ഏഴ് വർഷം താമസിച്ച് കേരളത്തിലെത്തിയ ഇദ്ദേഹം കർണ്ണാടകയിലും കേരളത്തിലുമായി 40-ഓളം പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്. പൂതപ്പാറ, മടക്കര, മുട്ടം, എട്ടിക്കുളം, രാമന്തളി, നൂഞ്ഞേരി, വിരാജ്പേട്ട ടൗൺ, തായത്തെരു, വളപട്ടണം തുടങ്ങിയപള്ളികളെല്ലാം തന്നെ ഒരേ മാതൃകയിലുള്ളതാണ്. ഇദ്ദേഹം സ്ഥാപിച്ച ഈ പള്ളികളെല്ലാം ശാദുലിപ്പള്ളി എന്ന പേരിലറിയപ്പെടുന്നു. പഴയമാതൃകയിൽ തന്നെ പള്ളി ഇന്നും നിലനിൽക്കുന്നുണ്ട്.

## ചെറുപള്ളി

വളപട്ടണം കോട്ടക്ക് പടിഞ്ഞാറെ ചെരുവിൽ സ്ഥിതി ചെയ്യുന്ന ഈ പള്ളി ചെറിയപള്ളി എന്നർത്ഥത്തിൽ 'ചെറുപള്ളി' എന്ന പേരിലറിയപ്പെടുന്നു. തുരുത്തിലകത്ത് തറവാട്ടുകാരാണ് ഈ പള്ളി പണിതത്. പുരാതന പള്ളിയായ ഇത് പഴയരൂപത്തിൽ തന്നെ നിലനിൽക്കുന്നുണ്ട്. ഇതോടനുബന്ധിച്ചുള്ള മഖാമിൽ അന്തിയുറങ്ങുന്ന മഹാൻ 'മൈക്കാരൻ' തറവാട്ടിലെ കാരണവരും മഹാനുമാണ്. ഈ തറവാട്ടുകാരാണ് മഖാം പരിപാലകർ. സുബ്ഹി ബാങ്ക് വിളിക്കാൻ മുഅദ്ദിൻ എത്താതിരുന്ന ഒരു ദിവസം മധുരമനോഹരമായ ബാങ്കുവിളി ഇവിടെനിന്ന് കേട്ട് നിസ്ക്കരിക്കാനെത്തിയവർ ബാങ്ക് വിളിച്ച അജ്ഞാതനെ കണ്ടെത്താതിരുന്ന ഒരു കറാമത്തിന് ഇവിടെ സാക്ഷിയായിട്ടുണ്ട്. ഇവിടെ മുമ്പ് കുട്ടികളെ മറവ് ചെയ്തിരുന്നു.

## അൻസാർ പള്ളി

### (അമ്പലകത്ത് പള്ളി)

വളപട്ടണത്തെ കടവിൽ സ്ഥിതി ചെയ്യുന്ന ഈ പള്ളി പഴയ മലയാളഭാഷയിൽ കടവിന് അടുത്തുള്ള പള്ളി എന്ന അർത്ഥത്തിൽ 'അമ്പലകത്ത് പള്ളി' എന്ന പേരിലറിയപ്പെടുന്നു. പുനർനിർമ്മാണശേഷം പഴയരൂപം ഇന്നില്ല. അൻസാർപള്ളി എന്ന പുതിയ പേരിലാണ് ഇന്ന് അറിയപ്പെടുന്നത്. കൂലോൻ ചടയരകത്ത് തറവാട്ടുകാരാണ് പള്ളി പണിതത്. വർഷത്തിൽ ഗൗസുൽ അഅ്ളം (ഖ.സി) പേരിൽ ആണ്ട് നേർച്ചയും അന്നദാനവും നടത്തിവരാറുണ്ട്. 29 വർഷമായി കെ.പി. അബ്ദുല്ല ഹാജിയാണ് പ്രധാന കാര്യദർശി.

## ബദർ പള്ളി

ആദരണീയരായ ബദർ ശുഹദാക്കളുടെ നാമധേയത്തിൽ സ്ഥാപിതമായ ഈ പള്ളി ഒരു കാലത്ത് സമാന്തര ജുമുഅയുടെ കാരണത്താൽ കേരളം മുഴുവൻ ശ്രദ്ധാബിന്ദുവായിരുന്നു. പണത്തിന്റെ ആലയത്തിൽ പുത്തൻവാദവും കൂടി ചേർത്ത് ബദർ എന്ന പേരിനെ നാണിപ്പിക്കുമാർ അരങ്ങേറിയ രാഷ്ട്രീയ സാമ്പത്തിക ഉപജാപങ്ങൾക്കൊടുവിൽ സുന്നികളുടെ മനസ്സിൽ ഒരിക്കലും മായാത്ത മുറിവ് സമ്മാനിച്ച ഒരു കഥ ഈ പള്ളിക്ക് ചരിത്രത്തോടെന്നും വിളിച്ചുപറയാനുണ്ട്. ചരിത്രം പൊറുക്കാത്ത പുത്തൻ വാദികളുടെ ഈ കുത്സിത പ്രവർത്തനത്തിന്റെ അവസാനത്തെ ജീവിക്കുന്ന രക്തസാക്ഷിയായിരുന്നു വളപട്ടണത്തിന്റെ 36-ാം ഖാസി സയ്യിദ് കോയക്കുട്ടി തങ്ങൾ.

## ഹൈദ്രോസ് പള്ളി

വളപട്ടണം മാർക്കറ്റിന് എതിർവശത്ത് സ്ഥിതിചെയ്യുന്ന ഈ പള്ളി സ്ഥാപിച്ചത് പൊക്കിലകത്ത് പള്ളിയിലെ ശൈഖ് അബ്ദുല്ലാഹിൽ ഹസനിൽ ഹൈദ്രോസി (റ) ആണ് മറ്റൊരഭിപ്രായവുമുണ്ട്. ഏതായാലും സ്ഥപകനായ ഹൈദ്രോസിന്റെ പേരുമായി ബന്ധപ്പെടുത്തിയാണ് ഈ പള്ളി ഹൈദ്രോസ് പള്ളി എന്ന പേരിൽ അറിയപ്പെടുന്നത്. കൂത്തുപറമ്പ് വരെ പരന്നുകിടന്നിരുന്ന തേയിലക്കണ്ടി തറവാട്ടുകാരാണ് ഹൈദ്രോസ് പള്ളിക്ക് സ്ഥലം നൽകിയത്. ഇവർ കേയി കുടുംബവുമായി ബന്ധമുള്ളവരായിരുന്നു. 137 വർഷം കൂറപള്ളി(ഓലമേഞ്ഞ പള്ളി) ആയും 120വർഷം ചാപ്പപള്ളി (പലകകൊണ്ടുള്ളത്)യായും 166വർഷം കല്ലുകൊണ്ടുള്ള അവസാന രൂപമായും നിലകൊണ്ടു. പൊക്കിലകത്തെ ഹൈദ്രോസ് തങ്ങളാണ് കല്ല് പള്ളിയായി പുനർനിർമ്മാണം നടത്തിയത്. 23വർഷക്കാലം അദ്ദേഹം അത് പരിപാലിച്ചുകഴിഞ്ഞുകൂടി. കൊയിലാണ്ടി കൊല്ലത്തിനടുത്ത ചീനപള്ളിയിൽ അദ്ദേഹത്തിന്റെ സഹോദരന്റെ ഖബറുണ്ട്. 2014 ജൂണിൽ കേരള മുസ് ലിം ജമാഅത്ത് നേതാവ് ടി.ഹംസക്കുട്ടിയുടെ നേതൃത്വത്തിൽ ജനകീയ കമ്മറ്റി പുനർനിർമ്മാണം നടത്തി.

## ഹദ്ദാദ് ജുമാമസ്ജിദ്

ഹദ്ദാദ് റാത്തീബിന്റെ ശൈഖായ മഹാനായ ഹദ്ദാദ് (റ)വിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന കീരിയാട്ടെ ജുമാ മസ്ജിദായ ഈ പള്ളി കീരിയാട് ഭാഗത്ത് വളപട്ടണം പുഴയരികത്ത് സ്ഥിതിചെയ്യുന്നു. പുനർനിർമ്മാണ ശേഷം പഴയ പള്ളി ഇപ്പോഴില്ല. മഗ്‌രിബ് നിസ്കാരാനന്തരം ഹദ്ദാദ് റാത്തീബ് തുടർന്നു വരുന്നുണ്ട്. അബ്ദുൽ സത്താർ അഹ്സനിയാണ് ഖത്തീബ്.

## അറഫാ പള്ളി

വളപട്ടണം നാഷണൽ ഹൈവേയിൽ പഴയ ഫീ ബൂത്തിന് സമീപം സ്ഥിതിചെയ്യുന്ന ഈ പള്ളി സ്ഥാപിച്ചത് പൗര പ്രമുഖനായ ഇബ്രാഹിം ഹാജിയാണ്. ട്രസ്റ്റിന്റെ കീഴിലാണ് പള്ളി ഭരണം. ഹൈവേയിലൂടെയുള്ള യാത്രക്കാർക്കും കോട്ടമ്മൽ താമസമാക്കിയർക്കും ഈ പള്ളി ഏറെ ഉപകാരപ്രദമാണ്.

# മസ്ജിദുൽ ജബൽ

ഫക്കീർകുന്ന് മഖാമിന് തൊട്ടടുത്ത് പുതുതായി നാട്ടുകാർ പണികഴിപ്പിച്ചതാണ് ഈ പള്ളി. പള്ളി നിന്ന സ്ഥലത്ത് നങ്കലത്ത് ഇസ്മാഈൽ എന്ന മഖാം ഖാദിം കിതാബുകൾ വെക്കാൻ മരം കൊണ്ട് ചെറിയൊരു കൂടാരം പണിയുകയും ഒരു മുസല്ല വിരിക്കുകയും ചെയ്തിരുന്നു. ഇവിടെ 1992ന് ശേഷം ബി.ടി. മൻസൂർ മുൻകയ്യെടുത്ത് എം. ഹംസ പ്രസിഡണ്ടായും എളയടത്ത് അശ്രഫ് സെക്രട്ടറിയായും കഠിനാദ്ധ്വാനത്തിലൂടെ പണിത ഈ പള്ളി 2000-ൽ പൂർത്തിയായി. സയ്യിദ് അസ്ഹരി തങ്ങൾ ഉദ്ഘാടനം ചെയ്തു. ഈ കുന്നിൻ മുകളിലേക്ക് ഒരു പൊതു റോഡ് വന്നിട്ടുണ്ട്.

# ഹുദാപള്ളി

മസ്ജിദുൽ ജബൽ നിർമ്മാണ കാലഘട്ടത്തിനിടയിൽ തന്നെയാണ് ഈ പള്ളിയുടെ നിർമ്മാണവും പൂർത്തിയായത്. എം.ബി.ടി. ഇബ്രാഹീം ഹാജി, പുളിയാങ്കോട്ട് മായിൻ ഹാജി എന്നിവർ നേതൃത്വം നൽകി നിർമ്മിച്ചതാണ് ഈ പള്ളി.

# ഇമാം ഗസ്സാലി പള്ളി

വളപട്ടണം താജുൽ ഉലൂം യതീംഖാന കാമ്പസിൽ അന്തേവാസികളുടേയും സ്കൂൾ വിദ്യാർത്ഥികളുടേയും സ്റ്റാഫിന്റെയും സന്ദർശകരുടേയും ഉപയോഗത്തിനായി നിർമ്മിച്ച ഈ പള്ളി യതീംഖാന പള്ളിയെന്നും അറിയപ്പെടുന്നു. ഒരു വെള്ളിയാഴ്ച യാതൊരു മുന്നറിയിപ്പുമില്ലാതെ ആരംഭിച്ച ജുമുഅക്ക് ഹാശിംകോയ തങ്ങളുടെ (ഇ.കെ. വിഭാഗം) സമ്മത പത്രം ഉണ്ടെന്ന് കമ്മിറ്റി അവകാശപ്പെടുന്നു.

# തഖ്വ സെന്റർ

മായിച്ചാൻകുന്ന് നിവാസികളുടെ ചിരകാലസ്വപ്നം പൂവണിയിക്കുന്നതായിരുന്നു തഖ്വ സെന്ററിന്റെ ഉൽഘാടനം. പ്രാർത്ഥനക്ക് നേതൃത്വം നൽകി ഖാസി ജലാലുദ്ധീൻ തങ്ങൾ ഉദ്ഘാടനം ചെയ്തു. കളത്തിൽ ഫൈസൽ, ടി.ബി. മുസ്തഫ, കെ.എൽ.പി. ഇബ്രാഹിം കുട്ടി ഹാജി എന്നിവരുടെ ശ്രമഫലമായി സ്പോൺസർഷിപ്പ് മുഖേനെയാണ് നിർമ്മാണം പൂർത്തീകരിച്ചത്. ജനകീയ ദർസ്, ഫാമിലി ക്ലാസ്, ഹദ്ദാദ് റാത്തീബ് എന്നിവ നടന്നുവരുന്നു. തഖ്വ ചാരിറ്റബിൾ ട്രസ്റ്റാണ് പരിപാലനം നടത്തുന്നത്.

# ക്രസന്റ് കാമ്പസ് മസ്ജിദ്

കീരിയാട് ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്നു. മർക്കസിന് കീഴിൽ പ്രവർത്തിക്കുന്ന റിലീഫ് & ചാരിറ്റബിൾ ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ പദ്ധതി പ്രകാരം 2013ലാണ് പള്ളി പണിതത്. കാന്തപുരം എ.പി.അബൂബക്കർ മുസ്ലിയാർ നിസ്കാരത്തിന് നേതൃത്വം നൽകി ഉദ്ഘാടനം ചെയ്തു.

*വളപട്ടണം ഗ്രാമാതിർത്ഥിയോട് ചേർന്നു സ്ഥിതിചെയ്യുന്ന മന്ന റഹ്മാനിയ്യ മസ്ജിദ്, പാലോട്ടുവയൽ പള്ളി, ബുഖാരി പള്ളി കീരിയാട് എന്നിവ വളപട്ടണത്തെ പള്ളികളായി അറിയപ്പെടുന്നുണ്ടെങ്കിലും ചിറക്കൽ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.*


Abdul Sathar
www.klabdulsathar.com

M/s K.L. Abdul Sathar
EXPORTS & IMPORTS
ROUNDLOGS | SIZES
PLYWOODS | HARDWARES
South Bazar, KANNUR, Kerala-670 002
klabdulsathar1960@gmail.com
Ph: 0497 2704076, 9847140049, 9995188886



# തെക്ക്യാവുകൾ

**_ദിക്റ് ഹൽഖ, റാത്തീബ് ഹള്റ, ആണ്ട് നേർച്ച അന്നദാനം ഇത്യാദി ആവശ്യങ്ങൾക്കായി സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങളാണ് തെക്ക്യാവുകൾ എന്ന പേരിലറിയപ്പെടുന്നത്. വളപട്ടണത്തെ രണ്ട് തെക്ക്യാവുകൾ പള്ളികളായി പിന്നീട് വഖഫ് ചെയ്യപ്പെട്ടിട്ടുണ്ട്._**


**മാപ്പിള ലബ്ബൈ ആലിം സാഹിബിന്റെ പാദസ്പർശനം കൊണ്ട് അനുഗ്രഹിതമാണ് വളപട്ടണം. തികഞ്ഞ മതപണ്ഡിതൻ, ഗ്രന്ഥകാരൻ, സൂഫിവര്യൻ, ബഹുഭാഷ പണ്ഡിതൻ,സാമൂഹ്യ പരിഷ്കർത്താവ് എന്നീ നിലകളിൽ അദ്ദേഹം നിറഞ്ഞു നിന്നു**

## _മാർക്കറ്റ് തെക്യാവ് :_

തമിഴ്നാട്ടിലെ കായൽ പട്ടണത്തിൽ വെള്ള അഹ്മദ്-ആമിനമ്മാൾ ദമ്പതിമാരുടെ പുത്രനായി ഹിജ്റ 1232-ൽ ജനിച്ച മാപ്പിള ലബ്ബൈ ആലിം സാഹിബാണ് മാർക്കറ്റ് തെക്ക്യാവ് സ്ഥാപിച്ചത്. ലബ്ബൈ ആലിം സാഹിബിന്റെ ഭാര്യാപിതാവ് സ്ഥാപിച്ച അരൂസിയ ദർസിനെ അദ്ദേഹത്തിന്റെ മരണശേഷം സാഹിബ് അൽ മദ്രസത്തുൽ അരൂസിയാ എന്നാക്കി നാമകരണം ചെയ്യുകയും ചെയ്തു. ഹിജ്റ 1304-ൽ കീഴക്കരയിൽ ബറക്കാത്തിയ എന്ന അച്ചുകൂടം (പ്രിന്റംഗ് പ്രസ്സ്) സ്ഥാപിക്കുകയും ചെയ്തു. അറബി, പാർസി, ഉർദു, തമിഴ് തുടങ്ങിയ ഭാഷകളിൽ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുകൂടിയായ അദ്ദേഹം സന്മാർഗ്ഗ ചട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്ന വകയിൽ ഫത്ഹുൽ മത്തീൻ, ഫത്ത്ഹുസ്സലാം, ഫത്ത്ഹുദ്ദയ്യാൻ എന്നീ കിതാബുകളും രചിച്ചു. അവയെ മൊത്തത്തിൽ മഹാനി എന്നു വിളിച്ചുവരുന്നു.

മഹാനായ മൗലൽ ബുഖാരി തങ്ങൾ വഴിയാണ് മഹാനവർകൾ കേരളവുമായി ബന്ധപ്പെടുന്നത്. മൗലാതങ്ങളുടെ പ്രമുഖ ശിഷ്യനായ പണ്ഡിതനും വലിയ്യുമായ ഉമർ ഖാഹിരി (റ)ന്റെ അനുയായികളിൽ പ്രമുഖനാണ് മാപ്പിള ലബ്ബൈ ആലിം സാഹിബ്. മൗലാതങ്ങളെ സംബന്ധിച്ച് അദ്ദേഹം രചിച്ച പദ്യ-ഗദ്യ ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടതാണ് മിൻഹത്തുൽ ബാരി ഫീ മിദ്ഹത്തുൽ ബുഖാരി എന്ന 53 ചരിത്ര കഥകൾ ഉൾക്കൊള്ളുന്ന കീർത്തനം. മാത്രമല്ല തമിഴ്നാട്ടിലും സിലോണിലും പ്രചുരപ്രചാരം നേടിയ മൗലായുടെ പേരിൽ രചിച്ച ഇദ്ദേഹത്തിന്റെ റാത്തീബുൽ ജലാലിയ്യയും പ്രസിദ്ധമാണ്.

ഹിജ്റ 1316-ൽ റജബ് 15ന് വഫാത്തായ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കീളക്കരയിലുള്ള അരൂസിയ മദ്രസയിലെ മഖ്ബറ ഇന്നു ഒരു സിയാറത്ത് കേന്ദ്രം കൂടിയാണ്. ഇച്ചമസ്താൻ വളപട്ടണത്ത് കൂടി നടന്നു പോകുമ്പോൾ ആകാശത്തേക്ക് നോക്കി ''ആനചരിഞ്ഞു'' എന്നു പറയുകയും അൽപ സമയം കഴിഞ്ഞ് ലബ്ബ സാഹിബിന്റെ മരണ വിവരം വളപട്ടണത്ത് എത്തുകയും ചെയ്തു. ഇദ്ദേഹം വളപട്ടണത്ത് സ്ഥാപിച്ച മേൽ തെക്ക്യാവിൽ നീണ്ടകാലം ജലാലിയ്യ റാത്തീബു കൂടി മാസാമാസം നടത്തി വന്നിരുന്നു. ഇതോടൊപ്പം വർഷത്തിൽ ഈ അടുത്ത കാലം വരെ ഗൗസുൽ അഅ്ളമിന്റെ ആണ്ട് നേർച്ചയും അന്നദാനവും ഉണ്ടായിരുന്നു. ഇതിനു മരണം വരെ നേതൃത്വം നൽകിയിരുന്ന പരേതനായ ഇബ്രാഹിം ഹാജിക്കയെ ഈ അവസരത്തിൽ സ്മരിക്കപ്പെടേണ്ടതാണ്.



## ശൈഖ് തങ്ങൾ തെക്ക്യാവ് (മുന്തിരി തെക്ക്യാവ്)

വളപട്ടണം ജുമുഅത്ത് പള്ളിക്ക് മുന്നിലായി സ്ഥിതിചെയ്യുന്ന തമിഴ്നാട് തൃശ്ശിനാപള്ളി സ്വദേശിയായ പെട്ടി ശൈഖ് എന്ന പേരിൽ അറിയപ്പെട്ട അബ്ദുറഹീമുബ്നു മൊയ്തീൻ ഹാജി എന്ന മഹാൻ സ്ഥാപിച്ചതാണ് ഈ തെക്ക്യാവ്. തെക്ക്യാവിനോടനുബന്ധമായി കിടക്കുന്ന കെട്ടിടത്തിൽ ഇദ്ദേഹത്തിന്റെ മഖ്ബറയുണ്ട്. ഇദ്ദേഹം സ്വദേശമായ തൃശ്ശിനാപള്ളിയിൽനിന്ന് ബാഗ്ദാദിലേക്ക് പോവുകയും ശൈഖ് അബ്ദുല്ലാഹിൽ മൂസിരി(റ)ൽ നിന്ന് ത്വരീഖത്ത് സ്വീകരിക്കുകയും 13 വർഷക്കാലം അവിടെ താമസിച്ചതിന് ശേഷം വളപട്ടണത്ത് എത്തുകയും ചെയ്തു. ഇദ്ദേഹം സ്ഥാപിച്ച ഈ തെക്ക്യാവ് നദ്വത്തുൽ ഖാദിരിയ്യ എന്ന പേരിൽ അറിപ്പെടുന്നു. ഇതിന് മുന്നിൽ മഹാനവർകൾ നട്ട മുന്തിരിവള്ളി നൂറ്റിച്ചില്ലാനം വർഷങ്ങൾ കഴിഞ്ഞിട്ടും യാതൊരു കോട്ടവുമില്ലാതെ ഇന്നും നിലനിൽക്കുന്നു.

തൃശ്ശിനാപ്പള്ളിയിൽവെച്ച് വഫാത്തായ ഇദ്ദേഹത്തിന്റെ ഭൗതിക ശരീരം ബ്രിട്ടീഷുകാർ ഒരു പെട്ടിയിലാക്കി റെയിൽ മാർഗ്ഗം വളപട്ടണത്തെത്തിക്കുകയും ജനനിബിഢമായ ഒരു വരവേൽപ്പോടെ അന്ത്യ വിശ്രമ സ്ഥാനത്ത് മറവു ചെയ്യുകയും ചെയ്തു. വഴിനീളെ പുറത്തേക്ക് വമിച്ച സുഗന്ധം വിതറികൊണ്ട് നടന്ന ഈ വിലാപ യാത്രയോടെയാണ് പെട്ടി ശൈഖ് എന്ന പേരിൽ വിളിക്കപ്പെട്ടത്. ശൈഖ് അവർകൾ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയ റാത്തീബാണ് ഹളറയിൽ നടന്നുവരുന്നത്. അദ്ദേഹം വഹ്ദത്തുൽ വുജൂദിന്റെ പക്ഷക്കാരനായിരുന്നു. ആയിലകത്ത് മൂസാൻക്ക, കുട്ട്യാലിക്ക, സൂപുക്ക എന്നിവരാണ് മുഖദ്ദിമുകൾ.

ശൈഖവർകളുടെ മരുമകനായ ഈയടുത്തകാലം വരെ തളിപ്പറമ്പ് സർസയ്യിദ് കോളേജിന്റെ പ്രിൻസിപ്പളുമായിരുന്ന ബദ്റെ ആലം തന്റെ മരണം വരെ ശൈഖവർകളെ സിയാറത്ത് ചെയ്തിരുന്നു. ശൈഖിന്റെ ജീവിത കാലത്ത് ഒട്ടേറെ ഖിദ്മത്ത് ചെയ്തിരുന്നത് കച്ചായിപുരയിൽ തറവാട്ടുകാരായിരുന്നു.

# മൂന്ന് മഖ്ബറകൾ

## *ഫഖീർകുന്ന് മഖാം*

വളപട്ടണത്തിന്റെ പടിഞ്ഞാറു വശത്ത് റെയിലിനപ്പുറം WIPന്റെ അരികിലായി വിജനമായ കുന്നിൽ മുകളിൽ സ്ഥിതിചെയ്യുന്ന ഈ മഖ്ബറ ഫഖീർകുന്ന് മഖാം എന്ന പേരിൽ അറിയപ്പെടുന്നു. ഇവിടെ അന്തിയുറങ്ങുന്ന മഹാനെ ഫഖീർ കുന്ന് ബാവ എന്ന പേരിൽ വിളിക്കപ്പെടുന്നു. ഒരുപാടുകാലം മഖാം പരിപാലിച്ച മമ്മദ്ക്ക എന്നയാളിൽ നിന്ന് പരേതനായ ഈസ വൈദ്യർക്ക് ലഭിച്ച വിവരമനുസരിച്ച് മഹാൻ താബിളകളിൽപ്പെട്ട മദീനക്കാരനായ സയ്യിദ് മുഹമ്മദ് ഹൈദ്രോസിൽ മദനി(റ) ആണെന്നാണ് അറിയാൻ സാധിച്ചത്. ഒരു കാലത്ത് ഈ മഖാം സ്ഥിതിചെയ്യുന്ന കുന്നിൽ പുറത്ത് ഫഖീറുകളുടെയും സൂഫികളുടെയും താവളമായിരുന്നതിനാലാണ് ഈ കുന്നിന് ഫഖീർ കുന്നെന്നു പേർ ലഭിച്ചത്. ഇദ്ദേഹം അംഗസ്നാനത്തിനുപയോഗിച്ചിരുന്ന കുന്നിനു താഴെയുള്ള കുളം 'പൂത്താലി ക്കുളം' എന്നപേരിൽ അറിയപ്പെടുന്നു. മഹാനവർകളുടെ ആഗമനത്തിനു ശേഷം ഈ പ്രദേശം ജനവാസയോഗ്യമാവുകയും പ്രബോധന ഫലമായി ഒരു മുസ്ലിം കേന്ദ്രമാവുകയും ചെയ്തു. ഇവിടെ വർഷത്തിൽ ആണ്ടു നേർച്ചയും അന്നദാനവും നടത്തിവരാറുണ്ട്. പാലോട്ട് വയൽ പള്ളിയുടെ ഉടമസ്ഥതയിലാണ് ഇപ്പോൾ ഈ മഖാം. നിരവധി കറാമത്തുകൾ ഇവിടെ നടന്നിട്ടുണ്ട്. കുട്ടികളുടെ ചുമക്ക് അരിപ്പൊടിയും പഞ്ചസാരയും വിതരണം നടത്തിയിരുന്നു.

ശൈഖ് അബ്ദുൽ ഖാദിർ സാനി (റ) തന്റെ ആത്മീയ റിയാള വീട്ടിയത് ഈ മഖാമിന് തൊട്ടടുത്താണെന്നും പറയപ്പെടുന്നു. ഇതിനു ശേഷമാണത്രെ ശൈഖ് അവർകൾ കുണ്ട്ലകത്ത് പുരയിൽ താമസമാക്കിയതും കേരളത്തിൽ പ്രസിദ്ധമായ റാത്തീബ് സ്ഥാപിച്ചതും.

> കോളറ, വസൂരി ചികിത്സയിൽ പ്രഗത്ഭനാണ് തങ്ങൾ. കൊറാളായി ദ്വീപിൽ കോളറ ശമിപ്പിച്ച ഒരത്ഭുത സംഭവം തെയ്യം സംബന്ധിച്ച ചരിത്രത്തിലുണ്ട്.

## *കോട്ടപ്പടി മഖാം ശരീഫ്*

വളപട്ടണം കോട്ടക്ക് കീഴെ പുഴയോട് ചേർന്ന് നാഷണൽ ഹൈവേക്ക് അരികെ സ്ഥിതിചെയ്യുന്ന ഈ മഖാം കോട്ടപ്പടി മഖാം എന്നറിയപ്പെടുന്നു. പണ്ടാര വളപ്പിൽ തറവാട്ടുകാരായിരുന്നു പരിപാലനം. ഇപ്പോൾ ഇതിന്റെ വരുമാനം നൽകുന്നത് താജുൽ ഉലൂം യതീംഖാനക്കാണ്. ഇവിടെ അന്ത്യവിശ്രമം കൊള്ളുന്ന മഹാൻ ആരാണെന്ന് അറിയപ്പെട്ടിട്ടില്ല ചിലർ പറയുന്നതുപോലെ ഇബ്നുബത്തൂത്ത കണ്ട ശഹാദത്ത് മരത്തിന്റെ ഖബറല്ല ഇത് എന്ന് തെളിയിക്കുന്ന ഒരു പ്രധാന തെളിവ് മഖാമിനോട് ചേർന്ന് പണ്ടേ ഉണ്ടായിരുന്നതും ഇപ്പോൾ മഖാമിന്റെ തലഭാഗത്ത് പതിച്ചുവെച്ചിരിക്കുന്നതുമായ ഒരു അറബി ശിലാഫലകം ഈ മഹാന്റെ പേരും കാലഘട്ടവലും മൗനമായി പറയുന്നുണ്ട്

എന്നതാണ്. ഇത് പൂർണ്ണമായും വായിക്കാൻ ഒത്താൽ യഥാർത്ഥ വിവരങ്ങൾ പുറത്ത് വരും. അൽ -മഗ്‌രിബി (മൊറോക്കോകാരൻ) എന്നു വായിക്കാനാവുന്നുണ്ട്. ടിപ്പു സുൽത്താന്റെ കാലത്തുവന്ന ഏതോ മഹാന്റേതാണ് ഈ മഖ്ബ റയെന്ന് വിശ്വസിക്കപ്പെടുന്നു. ചേനിച്ചേനി പണ്ടാരവളപ്പിൽ എന്ന പുരാതന നമ്പ്യാൻമാർ മതം മാറി പണ്ടാരവളപ്പിൽ എന്ന മുസ്‌ലിം കുടുംബമായി മാറിയത് ഈ മഹാൻ മുഖേനയാണത്രെ. പിന്നീട് നീണ്ടൊരു കാലശേഷം മണ്ണ് തൊടാതെ കഫൻ പുടവക്ക് പോലും യാതൊരു കോട്ടവും സംഭവിക്കാതെ തറവാട്ടു മുറ്റത്ത് കണ്ടെത്തിയ മഹാന്റെ ഭൗതിക ശരീരം അന്നത്തെ ഖാളിയുടെ നേതൃത്വത്തിൽ ഇപ്പോൾ കാണുന്ന സ്ഥലത്ത് വീണ്ടും സംസ്കരിക്ക പ്പെടുകയാണുണ്ടായതത്രെ. ഉറുമ്പ് ശല്യത്തിന് ഇവിടെ അരിപ്പൊടി വിതരണം നടത്താറുണ്ടായിരുന്നു.

രിലറിയപ്പെടുന്ന മുഹമ്മദ് റിളാ യെന്ന കുഞ്ഞി സീതികോയ മശ്ഹൂർ തങ്ങൾ (സയ്യിദ് ശിഹാബ് തങ്ങൾ വളപട്ടണത്തിന്റെ ബാപ്പ) ഇദ്ദേഹം പ്രസിദ്ധനായ ഭൂമി ശാസ്ത്രകാരനും ചികിത്സകനു മായിരുന്നു.

4. കുഞ്ഞിസീതി തങ്ങളുടെ മാതാവ് സയ്യിദത്ത് റാബിയത്തുൽ അദ വിയ്യ മശ്ഹൂർ എന്ന ബീവി

5. കുഞ്ഞു സീതി തങ്ങളുടെ ബാപ്പ സൂഫി വര്യനായ അസ്സ യ്യിദ് അബ്ദുല്ല മശ്ഹൂർ എന്ന പൂക്കോയ തങ്ങൾ (റ). (പൂക്കോയ തങ്ങളുടെ ആണ്ട് ദുൽഖഅദ് 23നാണ്. കോളറ, വസൂരി ചികി ത്സയിൽ പ്രഗത്ഭനാണ് തങ്ങൾ. കൊറളായി ദ്വീപിൽ കോളറ ശമി പ്പിച്ച ഒരത്ഭുത സംഭവം തെയ്യം സംബന്ധിച്ച ചരിത്രത്തിലുണ്ട്.)

6. മേൽ പൂക്കോയ തങ്ങളുടെ ബാപ്പ സൂഫിവര്യനായ അസ്സയ്യിദ് മുഹമ്മദ് മശ്ഹൂർ എന്ന കുഞ്ഞി

ഇപ്പോൾ ചികിത്സ നടത്തുന്നതും പിതാവിന്റെ പിന്തുടർച്ചയും, എസ്.വൈ.എസ്.ന്റെ വളപട്ടണം യൂണിറ്റ് ഫിനാൻഷ്യൽ സെക്രട്ടറി യാണദ്ദേഹം. പിതാവിന്റെ വിയോ ഗാനന്തരം സമസ്ത പ്രസിഡന്റാ യിരുന്ന ബഹു. താജുൽ ഉലമ (ഖ.സി)ൽ നിന്ന് തന്റെ ഇരുപ താം വയസ്സിൽ ഇജാസത്തും പൊരുത്തവും വാങ്ങിയാണ് ഷി ഹാബ് തങ്ങൾ ഇസ്‌ലാമിക ചികി ത്സ ആരംഭിച്ചത്. സയ്യിദ് അലവി മമ്പുറം തങ്ങളുടേതടക്കം നിരവധി സാദാത്തുക്കളുമായി ബന്ധപ്പെട്ട തിരുശേഷിപ്പുകൾ അദ്ദേഹം സൂ ക്ഷിച്ചുവരുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ വർഷം തോറും ആണ്ടു നേർച്ചയും അന്നദാനവും നടത്തിവരുന്നുണ്ട്. ജില്ലയിലും പരിസര പ്രദേശങ്ങളിലും ആത്മീയ സദസ്സുകൾക്ക് നേതൃത്വം നൽകി വരുന്നു.



*പിതാവിന്റെ വിയോഗാനന്തരം സമസ്ത പ്രസിഡന്റായിരുന്ന ബഹു. താജുൽ ഉലമ (ഖ.സി)ൽ നിന്ന് തന്റെ ഇരുപതാം വയസ്സിൽ ഇജാസത്തും പൊരുത്തവും വാങ്ങിയാണ് ഷിഹാബ് തങ്ങൾ ഇസ്‌ലാമിക ചികിത്സ ആരംഭിച്ചത്. സയ്യിദ് അലവി മമ്പുറം തങ്ങളുടേതടക്കം നിരവധി സാദാത്തുക്കളുമായി ബന്ധപ്പെട്ട തിരുശേഷിപ്പുകൾ അദ്ദേഹം സൂക്ഷിച്ചുവരുന്നു.*

## കമ്മക്കോത്ത് മഖാം

വളപട്ടണത്തെ പ്രസിദ്ധ സയ്യിദ് ഭവനമായ കമ്മക്കോത്ത് ഭവന ത്തിൽ സ്ഥിതിചെയ്യുന്ന സയ്യിദ ന്മാരുടെ മഖ്ബറകളാണ് താഴെ പറയുന്നവ.

1. കോയക്കുട്ടി തങ്ങൾ (റ) (35-ാം ഖാളി)

2. കോയക്കുട്ടി തങ്ങളുടെ മാതാവ് ആയിശയെന്ന ബികുഞ്ഞി ബുഖാരി (റ)

3. 'വളപട്ടണം തങ്ങൾ' എന്ന പേ സീതി തങ്ങൾ (റ)


7. പൂക്കോയ തങ്ങളുടെ ഉമ്മ ഖദീജ ബീവി മശ്ഹൂർ (കരങ്കാട്ട് അസ്സയ്യിദ് അബ്ദുല്ല മശ്ഹൂർ എന്ന കുഞ്ഞിക്കോയ തങ്ങളുടെ മകൾ)

8. പൂക്കോയ തങ്ങളുടെ പെങ്ങൾ സയ്യിദത്ത് ആമിന മശ്ഹൂർ എന്ന കുഞ്ഞിബീവി (ഇവർക്ക് മക്കളില്ല)

ഈ പരമ്പരയിലെ ഇപ്പോഴത്തെ കണ്ണി അസ്സയ്യിദ് മശ്ഹൂർ കോയ ക്കുട്ടി ശിഹാബ് തങ്ങൾ ആണ്

## ഹൈസ്കൂൾ മഖാം

കക്കുളങ്കര പള്ളിയുടെ കിഴക്കു വശം ഹൈസ്കൂളിനു കീഴെയായി സ്ഥിതിചെയ്യുന്ന ഈ മഖ്ബറകൾ ആരുടേതാണെന്ന് വ്യക്തമല്ല. പ ത്തൊമ്പതാം ഖാസിയായ ഖാസി ശക്‌വാൻ (റ) ന്റെതാണെന്നും അതല്ല, ജലാലുദ്ധീൻ ബുഖാരി (റ)വിന്റെ വഫാത്തിനു ശേഷം ജനാസ ബുഖാറയിലേക്ക് കൊണ്ടു പോകാൻ വന്ന പ്രഥമ ശിഷ്യന്റേ താണെന്നും അഭിപ്രായാന്തരമുണ്ട്.



# വളപട്ടണം മന്ന ഖബർസ്ഥാൻ

വളപട്ടണത്തെയും പരിസരപ്രദേശത്തുമുള്ള മുസ്‌ലിംകളെ മറമാടുന്നത് മന്ന ഖബർസ്ഥാനിലാണ്. ദാന ധർമ്മിഷ്ടനായ ചിറക്കൽ തമ്പുരാന്റെ അധീനതയിലായിരുന്ന ഈ ഖബർസ്ഥാൻ മുസ്‌ലിംകൾക്ക് ലഭിച്ചതിന് പിന്നിൽ പറഞ്ഞു കേൾക്കുന്ന രസകരമായ കഥ, പ്രായമായ മുസ്‌ലിം സ്ത്രീകൾക്കിടയിൽ ഇന്നും ഒരു മുത്തശ്ശിക്കഥ പോലെ അയവിറക്കപ്പെടുന്നുണ്ട്.

വളപട്ടണത്തെ ഖാസി പരമ്പരയുമായി ചിറക്കൽ രാജാക്കന്മാർ നല്ലൊരു ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. വളപട്ടണത്തെ ഒരു മഹതിരത്നമായിരുന്നു 'പോക്കർ അസ്മാബി' എന്ന പോക്കർ ഐശുമ്മാബി. വളപട്ടണത്ത് മുസ്‌ലിംകൾ വർദ്ധിച്ച് വന്നതോടെ ജനാസ മറവ് ചെയ്യാൻ സ്ഥലമില്ലാത്തത് ഒരു വലിയ പ്രശ്നമായി നിലനിന്നിരുന്ന കാലം. തമ്പുരാനാകട്ടെ മുസ്‌ലിംകൾക്ക് ഒട്ടേറെ സഹായം ചെയ്തിട്ടുണ്ട് താനും. അത്കൊണ്ട് തന്നെ അദ്ദേഹത്തോട് വീണ്ടും സ്ഥലം ആവശ്യപ്പെടാൻ ഖാസിയും മുസ്‌ലിംകളും മടിച്ചുനിന്നു.

പ്രശ്നം മുസ്‌ലിംകൾക്കിടയിൽ സജീവമായ ചർച്ചാവിഷയമായപ്പോൾ ഖാസിയും പൗരപ്രമുഖരും ഖാസിഭവനത്തിൽ ചർച്ച നടത്തുന്നത് പോക്കർ ആയിശുമ്മാബി അകത്തു നിന്നും ശ്രദ്ധിച്ചു. ബുദ്ധിമതിയും ദീനിനോട് വളരെ സ്നേഹവുമുള്ള തരുണീമണി ചിറക്കലുമായുള്ള ബന്ധം മുതലെടുക്കാൻ തന്നെ തീരുമാനിച്ചു. അവർ ഒരു തന്ത്രം മെനഞ്ഞു. പരമ്പരാഗതമായി അറബികൾക്കിടയിൽ നിന്ന് ലഭിച്ച ഒരു ഭക്ഷണമായിരുന്നു 'അലീസ്'. ഏറ്റവും മധുരമായി അവരത് തയ്യാറാക്കി. അരിമുറുക്ക് പോലെയുള്ള എന്തോ ഒന്ന് ഇളം മഞ്ഞ നിറത്തിൽ അവർ ഇതോടൊപ്പം ചേർക്കുകയും ചെയ്തു. 'സ്വർണ്ണമണി' ചേർത്ത അലീസയെന്ന് പഴമക്കാരുടെ വിവരണം. ബീവി നന്നായി അലങ്കരിച്ചു തമ്പുരാന് അലീസ കൊടുത്തയച്ചു.

ഖാസി കുടുംബത്തിൽ നിന്നെത്തിയ സമ്മാനം തമ്പുരാൻ സന്തോഷപൂർവ്വം സ്വീകരിക്കുകയും, പുതിയൊരു രുചിയിൽ സംതൃപ്തനായ തമ്പുരാൻ എന്തും ചോദിച്ച് കൊള്ളാൻ ഐശുമ്മാബിയോട് ആവശ്യപ്പെടുകയും ചെയ്തു. ഒരു പശുവിനെ പൂട്ടാനുള്ള സ്ഥലം ബീവി ആവശ്യപ്പെട്ടു. തമ്പുരാനാകട്ടെ സമ്മതിക്കുകയും ചെയ്തു. പിറ്റേന്ന് ഉദയസമയത്ത് ഒരു പശുവിന് പിന്നിൽ ഉഴവുകലപ്പ വെച്ചു കെട്ടി കയറൂരി വിട്ടു. അസ്തമനത്തോടെ തിരിച്ചെത്തിയ പശു സഞ്ചരിച്ചെടുത്തെല്ലാം കലപ്പയുടെ അടയാളമുണ്ടായിരുന്നു.

**പരമ്പരാഗതമായി അറബികൾക്കിടയിൽ നിന്ന് ലഭിച്ച ഒരു ഭക്ഷണമായിരുന്നു 'അലീസ്'. ഏറ്റവും മധുരമായി അവരത് തയ്യാറാക്കി. അരിമുറുക്ക് പോലെയുള്ള എന്തോ ഒന്ന് ഇളം മഞ്ഞ നിറത്തിൽ അവർ ഇതോടൊപ്പം ചേർക്കുകയും ചെയ്തു.**

അത്രയും സ്ഥലം ബീവിക്ക് നൽകി തമ്പുരാൻ വാക്കുപാലിച്ചു. സന്തോഷഭരിതയായ ബീവി അല്ലാഹുവിനെ സ്തുതിച്ച് ഈ സ്ഥലം മുസ്‌ലിംകൾക്ക് ഖബർസ്ഥാനായി വിട്ടുകൊടുത്തു. വളപട്ടണം മന്ന മുതൽ ഇപ്പോഴത്തെ ഫൈബർ ഫോം, സ്കൂൾ മുതലായവ ഉൾക്കൊള്ളുന്ന വിശാല സ്ഥലമായിരുന്നു ഇങ്ങനെ ലഭിച്ചത്. ഇവ

**കേരളത്തിൽ മറ്റെങ്ങും കാണാത്ത വിധത്തിൽ പണ്ടെങ്ങോ കുഴിച്ചു വെക്കപ്പെട്ട റെഡിമെയ്ഡു ഖബറുകൾ ഇവിടെ മുഴുവൻ നിറഞ്ഞു നിൽക്കുന്നു.**

യിൽ ഏറെ ഭാഗം പിന്നീട് അന്യാധീനപ്പെടുകയും ബാക്കി വന്ന ഭാഗത്ത് 'കുഞ്ഞിപരീക്ക', പക്കു സാഹിബ് മുതലായവരെ മുന്നിൽ നിർത്തി മതിൽ നിർമ്മിക്കുകയും ചെയ്തത് വളപട്ടണത്തെ വലിയ ഖാസി എന്നപേരിൽ പ്രസിദ്ധനായ സയ്യിദ് യഹ്‌യ പൂക്കോയ തങ്ങൾ (34-ാം ഖാസി) അവർകളായിരുന്നു. (ഇദ്ദേഹം താമസിച്ചിരുന്നത് കക്കുളങ്കര പള്ളിക്ക് സമീപമുള്ള 'വാഴവളപ്പിൽ' എന്ന സയ്യിദ് ഭവനത്തിലായിരുന്നു. ഇദ്ദേഹത്തിന്റെ ഖബർ കക്കുളങ്കര പള്ളിക്ക് വടക്ക് വശത്തുള്ള പുതിയ ഹൗളിനോട് തൊട്ടടുത്ത കെട്ടിൽ സയ്യിദലി ശിഹാബുദ്ധീൻ തങ്ങളുടെ ഖബറിനടുത്തായി സ്ഥിതി ചെയ്യുന്നു.) മതിൽ നിർമ്മിക്കുമ്പോൾ ഭാവിയിലെ താമസ സൗകര്യം മുന്നിൽ കണ്ട് ദീർഘ ദർശിയായ ആ മഹാൻ മതിൽ കെട്ടാതെ ഒഴിച്ചു നിർത്തിയ വഴി, 'സയ്യിദ് യഹ്‌യൽ പൂക്കോയ തങ്ങൾ റോഡ്' എന്ന പേരിൽ അറിയപ്പെടുന്നു. വളപട്ടണം പോലീസ് സ്റ്റേഷന് സമീപത്ത് കൂടെ പോകുന്ന ഈ റോഡാണ് ഒരു കാലത്ത് മന്ന പറമ്പിന് പിന്നിൽ തിങ്ങി താമസിക്കുന്ന വീടുകളിലേക്കുള്ള ഏക പ്രവേശന മാർഗ്ഗം. അദ്ദേഹത്തിന്റെ ദീർഘ വീക്ഷണത്തെയാണ് ഇത് തെളിയിക്കുന്നത്.

## *നിരവധി സാത്വികരുടെ അന്ത്യ വിശ്രമ കേന്ദ്രം:*

ഈ ഖബർ സ്ഥാനിൽ നിരവധി മഹാത്മാക്കളുടെയും സ്വാലിഹീങ്ങളുടെയും ഖബറുകളുണ്ട്. നാലു മദ്ഹബിലും ഫത്‌വ നൽകിയിരുന്ന പ്രമുഖപണ്ഡിതനായ ചേപ്പിലാട്ട് അബ്ദുല്ല മുസ്‌ല്യാർ ഇവിടെ അന്തിയുറങ്ങുന്നു. 'മഴയെത്തേടി വന്നവർ' എന്ന പേരിൽ അറിയപ്പെടുന്ന കാലവും നാമവും വ്യക്തമല്ലാത്ത ഒരു മഹാന്റെ മഖ്ബറയും ചുറ്റുപാടും നിരവധി മഹാന്മാരുടെ ഖബറുകളും കാണാം. ഇതിനു തൊട്ടടുത്തായി വലിയ്യും മസ്താനുമായ 'മൂപ്പന്റെവിട ഔട്ട്യാക്ക' എന്ന സൂഫി വര്യന്റെ ഖബറിടമാണ്.

ബഗ്ദാദിൽ നിന്ന് കർണ്ണാടകയിലെ പുത്തൂർ എന്ന സ്ഥലത്തെത്തുകയും, അവിടെനിന്ന് മാങ്ങാടും പിന്നീട് വളപട്ടണത്തും എത്തിച്ചേരുകയും വലിയ ഖാസി സയ്യിദ് പൂക്കോയ തങ്ങളുടെ നിർദ്ദേശപ്രകാരം വളപട്ടണത്ത് വിവാഹം ചെയ്യുകയും കുഷ്ഠം, വെള്ളപാണ്ട് മുതലായ മാറാവ്യാധികൾക്ക് ചികിത്സ ചെയ്ത് സുഖപ്പെടുത്തുന്നതിൽ പ്രവീണ്യവുമുള്ള 'മസ്താൻ തങ്ങൾ' എന്ന ഉമർ മസ്താൻ ബഗ്ദാദി മറപെട്ടു കിടക്കുന്നതും ഇവിടെയാണ്. 36-ാം ഖാസി കോയമ്മ തങ്ങളുടെ കാലത്ത് ഇവിടെ മൂന്ന് പുരാതന ഖബറുകൾ വെളിപ്പെടുകയുണ്ടായി. മൂന്നിലും മീസാൻ കല്ലുകളിൽ നിറച്ചും അറബി ലിഖിതങ്ങൾ ഉണ്ടെങ്കിലും ഇതുവരെ വായിക്കപ്പെട്ടിട്ടില്ല. ഏറ്റവും വലിയ മീസാനിൽ 'ഹിജ്റ 620 ശവ്വാൽ 10' എന്ന് വായിക്കാനാവുന്നുണ്ട്. ഇതിൽ ഏറ്റവും ചെറിയ ഖബർ, മന്ന ഖബർസ്ഥാനിന്റെ ശില്പിയായിരുന്ന പോക്കർ ഐശുമ്മാ ബീവിയുടെതായിരി

*മന്നഖബർസ്ഥാനിലെ അറബിലിഖിതമുള്ള പുരാതന മീസാൻ കല്ല്*




ക്കാനുള്ള സാധ്യത പഴമക്കാരുടെ മൊഴികളിൽ തെളിഞ്ഞു കാണുന്നു.

ഈ സ്ഥലത്തിന് തൊട്ടടുത്ത് താമസിക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളും മറ്റും മാലിന്യം നിക്ഷേപിച്ചതിനാൽ ദുർഗന്ധവും മലിനജലവും കാരണത്താൽ അവിടേക്ക് പോകാൻ പ്രയാസമായി. 2016 ഒക്ടോബർ ആദ്യവാരം എസ്.വൈ.എസ്., എസ്.എസ്.എഫ്. പ്രവർത്തകരുടെ രണ്ടു ദിവസത്തെ ശുചിത്വ - സേവന വാരാചരണത്തിന്റെ ഭാഗമായി ഈ ഭാഗം വൃത്തിയാക്കി. പൂർണ്ണമായും മാലിന്യങ്ങൾ നീക്കിയപ്പോൾ

ഇത്തരത്തിൽ നിറയെ ലിഖിതമുള്ള വേറൊരു ഖബറും തൊട്ടടുത്തായി കാണപ്പെട്ടു. ഈ ലിഖിതങ്ങൾ വായിക്കപ്പെട്ടിട്ടില്ല. മലബാർ മുസ്ലിം ചരിത്ര പഠനത്തിന് മുതൽകൂട്ടായേക്കാവുന്ന ഈ ലിഖിതങ്ങളുടെ ശാസ്ത്രീയ പഠനത്തിന് കെ.സി.കെ നൂറാനി ചരിത്ര വിഭാഗവുമായി ബന്ധപ്പെട്ട് പാലിയോഗ്രാഫിക് എക്സ്പെർട്ടുകളെ കൊണ്ട് തുടർപഠന ഒരുക്കത്തിലാണ് മന്ന ഖബർസ്ഥാൻ കയ്യേറി ഈ ഖബറുകൾക്ക് സമീപം സെപ്റ്റിക് ടാങ്കും മാലിന്യ കുഴിയും കുഴിച്ച മന്ന റഹ്മാനിയ്യ മസ്ജിദ് അധികൃതരുടെ നടപടി പരക്കെ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്.

വളപട്ടണം ജുമുഅത്ത് പള്ളിയുടെ ഭരണത്തിൽ കീഴിലാണ് ഇന്നീ സ്ഥലം നിലകൊള്ളുന്നത്. പള്ളിക്കാരണവന്മാരിൽ പ്രമുഖരായ പഴയകത്ത് ഭവനത്തിലെ കാരണവർക്ക് തന്നെയാണ് അധികാരച്ചുമതല. ഈ ഖബർസ്ഥാന്റെ എടുത്തു പറയേണ്ട പ്രധാന പ്രത്യേകത റെഡിമെയ്ഡ് ഖബറുകളുടെ ആസ്ഥാനമാണിവിടെ എന്നതാണ്. കേരളത്തിൽ മറ്റെങ്ങും കാണാത്ത വിധത്തിൽ പണ്ടെങ്ങോ കുഴിച്ചുവെക്കപ്പെട്ട റെഡിമെയ്ഡു ഖബറുകൾ ഇവിടെ മുഴുവൻ നിറഞ്ഞു നിൽക്കുന്നു. ഖാസിസീതി ഇബ്രാഹിം (റ) ന്റെ കാലത്ത് അദ്ദേഹത്തിന്റെ ആജ്ഞ പ്രകാരം ജിന്നുകളാണ് ഈ ഖബറുകൾ കുഴിച്ചിരുന്നതെന്ന് വിശ്വസിക്കപ്പെടുന്നു. (സുലൈമാൻ നബി(അ)ന്റെ ആജ്ഞപ്രകാരം ജിന്നുകൾ ബൈത്തുൽ മുഖദ്ദിസ് പണിതത് പോലെ) കോയമ്മ തങ്ങൾ മത്വാലിഉൽ ഹുദയിൽ ഈ വിഷയം പറയുന്നുണ്ട്. പഴമക്കാരുടെ വിശ്വാസവും ഇതു തന്നെ. തലമുറകളായി ഈ റെഡിമെയ്ഡ് ഖബറുകളാണ് ഇന്നും ഉപയോഗിച്ചുവരുന്നത്. തൊട്ടടുത്തുള്ള ഫൈബർ ഫോമിനും ഗവൺമെന്റ് ഹൈസ്കൂളിനും കെട്ടിടം നിർമ്മിക്കാൻ കുഴിച്ചപ്പോൾ ഉപയോഗിക്കാത്ത ഇത്തരം നിരവധി ഖബറുകൾ അടുത്തടുത്തടുത്തായി കണ്ടെത്തിയിരുന്നു. ആദ്യകാല ഖബർസ്ഥാൻ എത്ര വലുതായിരുന്നുവെന്ന് ഇതിൽ നിന്ന് ഊഹിക്കാമല്ലോ?

## *പെരുന്നാൾ പറമ്പ്; നാമകരണ കാരണം:*

ഈ പെരുന്നാൾ പറമ്പിനെ ചിലർ കേരളത്തിലെ ആദ്യത്തെ ഈദ്ഗാഹാക്കി മാറ്റാൻ ശ്രമിച്ചതായി കാണുന്നു. വളപട്ടണത്തെ ആദ്യത്തെ ജുമാമസ്ജിദ് കക്കുളങ്കര പള്ളിയാണെന്നു പറഞ്ഞു വല്ലോ? അന്ന് ജുമുഅ നിസ്കാരവും പെരുന്നാൾ നിസ്കാരവും നടന്നിരുന്നത് പള്ളിയിൽ വെച്ച് തന്നെയായിരുന്നു. പിന്നീട് പള്ളിക്കു ഉൾക്കൊള്ളാനാവാത്ത വിധത്തിൽ മുസ്ലിംകൾ അധികരിക്കുകയും ഇസ്ലാമിക കേന്ദ്രമായി



മാറുകയും ചെയ്തപ്പോഴാണ് ജനങ്ങളെ മുഴുവൻ ഉൾക്കൊള്ളാനാകുന്ന വിധത്തിൽ നിസ്കാരം മന്നപറമ്പിലേക്ക് മാറ്റിയത്. വളപട്ടണത്തെ വലിയ ജുമുഅത്ത് പള്ളി സ്ഥാപിച്ചതിനു ശേഷം ഇങ്ങനെ ഒരു നിസ്കാരവും മേൽപറമ്പിൽ വെച്ച് നടത്തപ്പെട്ടിട്ടുമില്ല. അനാഥമായി കിടന്ന മന്ന ഖബർസ്ഥാനിന്ന് മതിൽ പണിയാതിരുന്ന കാരണത്താൽ വിശാലമായ പറമ്പിന്റെ ഭാഗം അന്യാധീനപ്പെട്ടുവെന്നു എന്ന് പറയുമ്പോൾ തന്നെ ഇവിടെ ഖബറടക്കമല്ലാത്ത മറ്റൊരു ചടങ്ങും നടന്നിട്ടില്ലെന്ന് വ്യക്തമാകുന്നു.

ഈ ഖബർസ്ഥാന്റെ പടിഞ്ഞാറ് ഭാഗത്തായിരുന്നു ആദ്യകാലപെരുന്നാൾ നിസ്കാരവും ഗ്രഹണ നിസ്കാരവും മഴയെ തേടിയുള്ള നിസ്കാരവും തുടങ്ങി സമൂഹ പ്രാർത്ഥനകൾ നടത്തപ്പെട്ടിരുന്നത്. അതിനാൽ ഇവിടം 'പെരുന്നാൾ പറമ്പ്' എന്ന പേരിലറിയപ്പെടുന്നു. ഇതിന്റെ ജീവിക്കുന്ന തെളിവെന്നോളം പൂർണ്ണമായി കല്ലിൽ തീർത്ത ഒരു മിമ്പർ ഇവിടെ നശിക്കാതെ ഇപ്പോഴും ബാക്കിയായി നിൽക്കുന്നുണ്ട്.

പൂർവികരുടെ പാത പിന്തുടർന്ന് വളപട്ടണത്തെ മുസ്ലിംകൾ വലിയ ജുമുഅത്ത് പള്ളിയിൽ മുസ്ലിം നേതാവായ ഖാസിയുടെ നേതൃത്വത്തിൽ പെരുന്നാൾ നിസ്കാരം ഇന്നും തുടർന്നു വരുമ്പോൾ ഇസ്ലാമിന്റെ പേരു പറഞ്ഞ് സമുദായത്തിൽ അനൈക്യം സൃഷ്ടിക്കുന്നവർ, പൊതു മുസ്ലിം ധാരയിൽ നിന്നകന്ന്, പന്ത് കളിക്കാനും കാലികൾക്ക് മേയാനും ഉള്ള പൊതുമൈതാനത്ത് ഈദ്ഗാഹ് സംഘടിപ്പിക്കുകയും ജുമുഅത്ത് പള്ളിയിലെ

നിസ്കാരത്തേക്കാൾ ഈ സ്ഥല ത്തിനു പ്രാധാന്യം നൽകുകയും ചെയ്യുന്നത് പരിഹാസ്യമാണ്.

**മറ്റ് ഖബർസ്ഥാനുകൾ**

*കുന്നത്ത് പള്ളി ഖബർസ്ഥാൻ-ആദ്യത്തെ ഖബർസ്ഥാൻ*
*കക്കുളങ്കരപള്ളി - സയ്യിദന്മാരുടെ ഖബർസ്ഥാൻ.*
*ചെറുപള്ളി, പ്യാളിപള്ളി*
*ഫഖീർകുന്ന് - കുട്ടികളുടെ ഖബർസ്ഥാൻ.*

***ഈ ഖബർസ്ഥാന്റെ എടുത്തു പറയേണ്ട പ്രധാന പ്രത്യേകത റെഡിമെയ്ഡ് ഖബറുകളുടെ ആസ്ഥാനമാണിവിടെ എന്ന താണ്. കേരളത്തിൽ മറ്റെങ്ങും കാണാത്ത വിധത്തിൽ പണ്ടെങ്ങോ കുഴിച്ചുവെക്കപ്പെട്ട റെഡിമെയ്ഡു ഖബറുകൾ ഇവിടെ മുഴുവൻ നിറഞ്ഞു നിൽക്കുന്നു.***

## ടിപ്പുസുൽത്താനും മന്ന ഖബറുകളും:

റെഡിമെയ്ഡ് ഖബറുകളാണ് മന്ന ഖബർസ്ഥാനിന്റെ ഒരു പ്രത്യേകതയെന്നു പറഞ്ഞുവല്ലോ? വളപട്ടണം ഖാസി സീതി ഇബ്റാഹിം(റ) ന്റെ കാലത്ത് ജിന്നുകൾ കുഴിച്ചതാണ് ഖബറുകളെന്നാണ് പഴമക്കാർ വാമൊഴിയായി കൈമാറി വരുന്നതും മതാലിഉൽഹുദയിൽ ചാവക്കാട് കോയമ്മതങ്ങൾ വ്യക്തമാക്കുന്നതും.. എന്നാൽ വീക്ഷണപരമായ ഒരുപാട് ഭിന്നാഭിപ്രായങ്ങൾ ഇതേപ്പറ്റി പറയുന്നുണ്ട്.

ടിപ്പുസുൽത്താന്റെ മലബാർ പ്രവേശനകാലത്ത് ടിപ്പു വളപട്ടണം കോട്ടയിൽ നിർത്തിയ പടയാളികളാണ് വളപട്ടണം കോട്ടയുടെ തെക്കുവടക്കു നിർണയിച്ചു അറകളുടെ മാതൃകയിൽ കിടങ്ങുകൾ കുഴിച്ചതെന്നും പിന്നീട് മൂടിക്കളയുകയുമാണുണ്ടായതെന്നുമാണ് വളപട്ടണം ചരിത്രമെഴുതിയ ചിലരുടെ അഭിപ്രായം. എന്നാൽ ഈ അഭിപ്രായം ചില മുൻധാരണകളുടെയും വിശ്വാസ സങ്കുചിതത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണെന്നും അടിസ്ഥാനരഹിതമാണെന്നും ഒറ്റവാക്കിൽ തന്നെ സ്ഥാപിക്കാനാവും. അതിനുമുമ്പ്, ഇവിടെ സ്വാഭാവികമായും ഉണ്ടാകുന്ന ചോദ്യങ്ങൾക്ക് ഉത്തരം കാണാൻ ഇവർക്കാവുന്നില്ല.

1) ടിപ്പുവിന്റെ പടയാളികളാണ് ഖബർ കുഴിച്ചതെന്നതിനു വല്ല ലിഖിത രേഖയുടെയും പിൻബലമുണ്ടോ?

2) സാധാരണയായി കിടങ്ങുകൾ കുഴിക്കുന്നത് ശത്രുസൈന്യത്തിന്റെ അക്രമണം തടയാനാണ്. പ്രത്യേകിച്ച് കോട്ടക്കു ചുറ്റുമാകുമ്പോൾ (ഖന്തക്കിലെ ചരിത്രപ്രസിദ്ധമായ കിടങ്ങുകൾ നമുക്കറിയാം) ഈ കിടങ്ങുകൾക്ക് നല്ല ആഴവും വീതിയും കാണും. എന്നാൽ വളപട്ടണത്തെ കിടങ്ങുകൾ നേർ വിപരീതമായി മൂടുകല്ലുകൾ പാകി ഖബറിന്റെ രൂപത്തിലാണ്. എന്താണിതിനു കാരണം?

3) ടിപ്പു സുൽത്താനുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഒട്ടേറെ കോട്ടകളുണ്ട്. ഇതിൽ എവിടെയെങ്കിലും ഇത്തരം കിടങ്ങുകൾ കുഴിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെ? ഇല്ലെങ്കിൽ വളപട്ടണത്ത് മാത്രം എന്തുകൊണ്ട്?

4) ഹിജ്റ 620ലെ ഖബറുകൾ ഇവിടെ കണ്ടെത്തിയിട്ടുണ്ട്. ടിപ്പുവിനും ഒട്ടേറെ കാലം മുമ്പാണല്ലോ ഇത്. ഈ കിടങ്ങുകൾക്ക് പടിഞ്ഞാറ് മുഖം തിരിച്ചു ഖിബ്ലയിലേക്കു വരത്തക്കവണ്ണം മുസ്‌ലിം ഖബറുകളുടെ ആകൃതിയും രൂപവും വരാനുണ്ടായ കാരണങ്ങളെന്താണ്?

5) വളപട്ടണം കോട്ടക്കു കീഴെയല്ലാതെ ഇത്രദൂരെ കിടങ്ങുകൾ കുഴിക്കേണ്ട ആവശ്യമെന്തായിരുന്നു? പുരോഗമന പ്രവർത്തനമായിരുന്നെങ്കിൽ ഈ പ്രവർത്തനത്തിന്റെ ആവശ്യകതയെന്തായിരുന്നു?

പരിശുദ്ധ ഖുർആനിൽ സൂറത്തുൽ ജിന്നിൽ മഹാനായ സുലൈമാൻ നബി(അ) ജിന്നുകളെകൊണ്ട് ബൈത്തുൽ മുഖദ്ദസ് പണിയിച്ചു എന്നു വായിക്കുമ്പോൾ അരസികത്വവും യുക്തിബോധവും തോന്നാത്തവർക്ക് ഈ ഖബർസ്ഥാനിൽ ജിന്നുകൾ ഖബറുകൾ കുഴിച്ചെന്നു കേൾക്കുമ്പോൾ തോന്നുന്ന വരട്ടുവാദത്തിന്റെ പേര് ചരിത്രമെന്നല്ല. പൗരാണികമായ ഈ ഐതിഹ്യത്തെ നിഷേധിക്കാൻ ടിപ്പുസുൽത്താന്റെ സൈനിക പ്രവർത്തനത്തെ ചരിത്രത്തിന്റെ മേലങ്കിയണിയിച്ച് എഴുന്നള്ളിക്കുമ്പോൾ മേൽപ്പറഞ്ഞ ചോദ്യങ്ങൾക്ക് ഇത്തരം പറയേണ്ടതുണ്ട്. ഇല്ലെങ്കിൽ ഈ വാദവും പുതിയൊരു ഐതിഹ്യമായി രൂപാന്തരം പ്രാപിക്കും. ഐതിഹ്യത്തെ നേരിടാൻ മറ്റൊരു ഐതിഹ്യം മെനഞ്ഞെടുത്താൽ അത് ചരിത്രമാവുമോ?

പുരാവസ്തു ഗവേഷകരുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട പ്രദേശമാണ് ഈ ഖബർസ്ഥാൻ. ഇതുവരെ ഉപയോഗിക്കപ്പെടാത്ത പുതിയൊരു ഖബർ തുറന്നു അതിലെ മണ്ണോ മൂട് കല്ലോ കാർബൺ ടെസ്റ്റിനു വിധേയമാക്കിയാൽ ഏതുവർഷമാണ് ഖബർ കുഴിക്കപ്പെട്ടതെന്നകാര്യം വ്യക്തമാകും. ഈ വ്യക്തത എല്ലാ വിവാദങ്ങൾക്കും പരിഹാരം കാണുകയും ചെയ്യും.

# ഉറൂസുകൾ സൃഷ്ടിച്ച നവോത്ഥാന മുന്നേറ്റങ്ങൾ

സാമൂഹ്യ ശാസ്ത്രപഠനത്തിൽ ഉറൂസുകളുടെയും നേർച്ചകളുടെയും പ്രാധാന്യം സുവിദിതമാണ്. ആത്മീയതയും മതസാഹോദര്യവും അധിനിവേശ വിരുദ്ധ സമരത്തിനുള്ള ഊർജ്ജവും ഉറൂസുകൾ സൃഷ്ടിച്ച മാറ്റത്തിന്റെ മുന്നേറ്റങ്ങളായിരുന്നു. മതഭേദമന്യേ അന്നദാനം വഴി ഉറൂസുകൾ സാമൂഹ്യ കെട്ടുറപ്പുകൾക്ക് ശക്തിപകർന്നു. ബ്രിട്ടീഷ് ഭരണകാലത്തെ മാപ്പിള സ്വാതന്ത്ര സമരങ്ങളെ പറ്റി പഠനം നടത്തിയവരൊക്കെയും സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക് നേർച്ചകളും ഉറൂസുകളും നൽകിയ ഊർജത്തെ പറ്റി പരാമർശിച്ചിട്ടുണ്ട്. പുണ്യ പുരുഷന്മാരുടെയും ശുഹദാക്കളുടെയും മഖാമുകളിൽ നിന്നാണവർ സ്വാതന്ത്ര്യത്തിനുള്ള ഊർജം സമ്പാദിച്ചത് എന്നതത്രെ വസ്തുത.

പറങ്കികളുമായി ഏറ്റുമുട്ടി വീരമൃത്യുവരിച്ച മലപ്പുറം ശുഹദാക്കളുടെ മഖാമിൽ നിന്ന് മാപ്പിള പോരാളികൾക്ക് ഊർജം ലഭിച്ചതിനെയും മമ്പുറം തങ്ങളും മഖ്ദൂമുമാരും ഉമർ ഖാസി (റ) യും ഖാദിരി ത്വരീഖത്തിലൂടെ നൽകുന്ന ശിക്ഷണം എത്രമാത്രം അധിനിവേശ ശക്തികൾക്കെതിരെ മാതൃദേശത്തിന് വേണ്ടി പോരാടാനും വീരമൃത്യു വരിക്കാനും മുസ്ലിംങ്ങൾക്ക് ആവേശം ജനിപ്പിച്ചതിനെയും കുറിച്ച് ചരിത്രപഠനം തെളിയിക്കുന്നുണ്ട്. നേർച്ചകളും ഉറൂസുകളും സാമ്രാജ്യത്തിനെതിരെ പൊതുബോധം ഉണർത്താനും സംഘടിക്കാനും അങ്ങേയറ്റം പ്രചോദനം നൽകിയിട്ടുണ്ടെന്നതിന് സയ്യിദ് ഫസൽ തങ്ങളെ നാടുകടത്താൻ ഉന്നയിച്ച ബ്രിട്ടീഷ് ചാർജ്ഷീറ്റ് തന്നെ തെളിവാണ്. ''പോരാളികൾക്ക് ധൈര്യം പകരുന്ന ഏലസ് (ഉറുക്ക്) നൽകി'' എന്നതാണ് പരാമർശം. മലബാർ കലക്ടർ വില്യം ലോഗൻ വൈസ്രോയിക്കയച്ച കത്തിൽ ഇത് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. (ബ്രിട്ടീഷ് - ആർക്കൈവ്സ് രേഖകളും സർ റോളണ്ട് മോപ്പറുടെ രചനകളും കാണുക.)

അന്നദാനം വഴി സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്ക് തടയിടാനും മുസ്ലിം-അമുസ്ലിം വിവേചനം ഇല്ലാതാക്കാനും അവർണ വിഭാഗത്തോടൊപ്പം തോളോട് തോളുരുമ്മി നിൽക്കാനും തൻമൂലം സ്വാതന്ത്ര്യ ത്വര വളർത്താനുമുള്ള സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കാനും സാധിച്ചുവെന്നതുമൊരു ചരിത്ര വസ്തുതയാണ്. പന്തിഭോജനമൊക്കെ വരുന്നത് ഈ കൂടിച്ചേരലിൽ നിന്നാണ്.

**വളപട്ടണത്തെ ആണ്ടുനേർച്ചകൾ:-**

| | |
|---|---|
| മുഹറം 10 | - ശഹീദെ കർബല സയ്യിദ് ഹുസൈൻ (റ) ആണ്ട്, പ്യാലിപള്ളി |
| മുഹറം 17 | - കുന്നത്ത് പള്ളി ഉറൂസ്. ചക്കരക്കഞ്ഞി, അന്നദാനം |
| മുഹറം | - ഉസ്താദുൽ അസാതീദ് മമ്മിക്കുട്ടി ഉസ്താദ് & ശൈഖ് ഹസൻ ഹസറത്ത് ആണ്ട് ജുമാ മസ്ജിദ്-ദർസ് സമാജം |
| സഫർ 17 | - കത്തനാ പള്ളി മഖാം ഉറൂസ് |
| സഫർ 24 | - പണിക്കറകത്ത് ഖാസി കോയക്കുട്ടി തങ്ങൾ ആണ്ട് നേർച്ച (വഫാത്ത് സഫർ 23) |
| സഫർ | - ബൈത്തുൽ മുഹമ്മദിയ്യ. വലിയുല്ലാഹി സയ്യിദ് ഇബ്രാഹിം കോയക്കുട്ടി തങ്ങൾ ആണ്ട്. |
| റബീഉൽ അവ്വൽ | - ഗുൽഷനെ മദീന - **SSF** വളപട്ടണം സെക്ടർ |
| റബീഉൽ അവ്വൽ | - അമ്പലത്തകത്ത് മൗലിദ് മജ്ലിസ് |
| റബീഉൽ അവ്വൽ12 | - തൊക്കിലങ്ങാടി മൗലിദ് വയങ്ങൽ |

| | |
|---|---|
| റബീഉൽ അവ്വൽ 29 | - കമ്മക്കോത്ത് മൗലിദ് മജ്ലിസ് |
| റബീഉൽ അവ്വൽ 30 | - സുന്നിസെന്റർ, മൗലിദ് വയങ്ങൽ |
| റബീഉൽ അവ്വൽ | - മൗലിദ് മജ്ലിസ് , മുഹ്യിദ്ധീൻ മസ്ജിദ് |
| റബീഉൽ അവ്വൽ | - മൗലിദ് വയങ്ങൽ-ഹദ്ദാദ് ജുമാ മസ്ജിദ് കീരിയാട് |
| റബീഉൽ അവ്വൽ | - മൗലിദ് വയങ്ങൽ, അന്നദാനം-ക്രസന്റ് ഇംഗ്ലീഷ് സ്കൂൾ കീരിയാട് |
| റബീഉൽ അവ്വൽ | - മൻഖൂസ് മൗലിദ് മജ്ലിസ്, ചെറുപള്ളി |
| റബീഉൽ ആഖിർ | - മുഹ്യിദ്ദീൻ മാല ആലാപനം, സുന്നിസെന്റർ (11 ദിവസം) |
| റബീഉൽ ആഖിർ | - അൻസാരിപള്ളി, ശൈഖ് മുഹ്യിദ്ദീൻ ജീലാനി ആണ്ട് നേർച്ച |
| റബീഉൽ ആഖിർ | - അമ്പലത്തകത്ത് ശൈഖ് ജീലാനി ആണ്ട് |
| റബീഉൽ ആഖിർ | - താജുൽഉലമ (ഖ.സി), നൂറുൽ ഉലമ (ഖ.സി) അനുസ്മരണം- SYS വളപട്ടണം യൂണിറ്റ് |
| റബീഉൽ ആഖിർ | - ശൈഖ് ജീലാനി (ഖ.സി) ഉറൂസ് മുബാറക്ക്- SYS വളപട്ടണം യൂണിറ്റ് |
| റബീഉൽ ആഖിർ | - കെ.പി.ബി. ജാഫർ അനുസ്മരണം |
| ജമാദുൽ അവ്വൽ13 | - കുളങ്ങരപള്ളി, രിഫാഈ ശൈഖ് (റ) ആണ്ട് നേർച്ച, 14ന് അന്നദാനം |
| ജമാദുൽ അവ്വൽ | - പ്യാളിപള്ളി അമ്മുണ്ണി ശൈഖ് ആണ്ട് നേർച്ച |
| ജമാദുൽ ആഖിർ 12 | - തെക്യാവ്, ശൈഖ് തങ്ങൾ ആണ്ട്, അന്നദാനം |
| റജബ് 6 | - അമ്പലത്തകത്ത്. ഞണ്ടാടി ശൈഖ് ആണ്ട്. |
| റജബ് 15 | - മാർക്കറ്റ് തെക്യാവ് , ലബ്ബസാഹിബ് തങ്ങൾ ആണ്ട് |
| റജബ് 22 | - പൊക്കിലകത്ത്, അജ്മീർ ഖാജാ ആണ്ട്. |
| റജബ് 26 | - സ്വലാത്ത് വാർഷികം ജുമാ മസ്ജിദ്-ദർസ് സമാജം |
| ശഅബാൻ 6 | - അമ്പലകത്ത് കോട്ടയത്ത് ശൈഖ് ആണ്ട്. |
| ശഅബാൻ | - ശൈഖ് സയ്യിദ് ഇസ്മാഈൽ ബുഖാരി അൽ ജലാലി ആണ്ട് - വലിയ കീപ്പാട്ട് സയ്യിദ് ഭവനം |
| ശഅബാൻ 14 | - ഫഖീർകുന്ന് ബാവ ആണ്ട് നേർച്ച |
| ശഅബാൻ 16 | - പണിക്കറകത്ത് വലിയ ഇമ്പിച്ചി തങ്ങൾ ആണ്ട് |
| റമളാൻ 16 | - ബദർ മൗലിദ്, മുഹ്യിദ്ധീൻ മസ്ജിദ് |
| റമളാൻ | - ബദ്രീങ്ങളുടെ ആണ്ട് നേർച്ച, ചെറുപള്ളി |
| റമളാൻ 17 | - ജുമാമസ്ജിദ്. ബദ്രീങ്ങളുടെ ആണ്ട് നേർച്ച, അന്നദാനം, കേരള മുസ്ലിം ജമാഅത്ത്. |
| റമളാൻ 29 | - പിയാളിപള്ളി, ഇസ്മായിൽ ശൈഖ്, ഉമർ ശാദുലി ശൈഖ് (റ) ആണ്ട്, |
| ശവ്വാൽ 13 | - പിയാളിപള്ളി - ശൈഖ് അബുൽ ഹസൻ ശാദുലി (റ) ആണ്ട് നേർച്ച, അന്നദാനം. |
| ശവ്വാൽ 27 | - കമ്മക്കോത്ത് - പൂക്കോയ തങ്ങൾ ആണ്ട് നേർച്ച |
| ദുൽഖഅദ് | - പൊക്കിലകത്ത് മഖാം ആണ്ട് നേർച്ച |
| ദുൽഖഅദ് | - ആലൂൽ മഖാം ആണ്ട് നേർച്ച, ചക്കരക്കഞ്ഞി വിതരണം |
| ദുൽഹജ്ജ് 17 | - കക്കുളങ്കര സയ്യിദ് അഹ്മദ് ജലാലുദ്ദീൻ ബുഖാരി (റ) ആണ്ട് നേർച്ച, അന്നദാനം |

## *വളപട്ടണത്തെ ഹളറകൾ:*

1) ജലാലിയ്യ റാത്തീബ് (കുന്നത്ത് പള്ളി മഖാം ഉറൂസ്/ഖാദിരിയ മൻസിൽ-വാരാന്തം)
2) ബദർ മൗലിദ് മജ്ലിസ് (കുന്നത്ത് പള്ളി മഖാം-മാസാന്തം)
3) നാരിയത്ത് സ്വലാത്ത് (കുന്നത്ത് പള്ളി-ദ്വൈമാസം)
4) ശാദുലി ഹളറ (പിയാളിപള്ളി-വാരാന്തം, വെള്ളിയാഴ്ച ഇശാ നിസ്കാരാനന്തരം)
5) ഖാദിരിയ്യ റാത്തീബ് (മുന്തിരി തെക്യാവ്-വാരാന്തം)
6) ഹദ്ദാദ് റാത്തീബ് (പള്ളികൾ, വീടുകൾ-ദിനേന)
7) സ്വലാത്ത് മജ്ലിസ് (ജുമാമസ്ജിദ്-മാസാന്തം)
8) രിഫാഈ റാത്തീബ് (കുളങ്കര മസ്ജിദ്-മാസാന്തം)

9) ഖുതുബിയ്യത്ത് (വലിയ കീപ്പാട്ട് ഭവനം-മാസാന്തം)
10) റാത്തീബുൽ ഖാദിരിയ്യ (വലിയ കീപ്പാട്ട് ഭവനം-മാസാന്തം)
11) അസ്മാഉൽ ഹുസ്ന റാത്തീബ് (ഹൈദ്രോസ് പള്ളി-മാസാന്തം)
12) മഹ്ളറത്തുൽ ബദ്രിയ്യ (സുബുലുസ്സലാം മദ്രസ-മാസാന്തം)
13) സ്വലാത്ത് മജ്ലിസ്-(ഫഖീർകുന്ന് മസ്ജിദ്-മാസാന്തം)
14) താജ് സ്വലാത്ത് മജ്ലിസ്-(ഖിള്ർ മസ്ജിദ്-ദ്വൈമാസം)
15) ബദർ മൗലിദ് ഹളറ-(സുന്നിസെന്റർ കീരിയാട്-മാസാന്തം)

ഈ ഹളറകളും ഹൽഖകളും തലമുറയായി ശൈഖുമാർ കൈമാറി വരുന്നതും (സിൽസില) പാരമ്പര്യ തനിമ നിലനിർത്തി തുടർന്നു പോരുന്നതുമാണ്.

## പ്രധാനപ്പെട്ട സിൽസിലകൾ.

**1) ശാദുലി ഹളറ സിൽസില (ബക്കരി):**

ശൈഖ് അബുൽ ഹസൻ അലിയ്യു ശാദുലി (റ), ശൈഖ് മുഹമ്മദുൽ ഫാസി യമൻ (റ)
ശൈഖ് ഹുസൈനുൽ ബക്രി (റ), ഇസ്മാഈൽ ശൈഖ് ഉദ്ദാരമി, അഹമ്മദുണ്ണി ശൈഖ്,
കുഞ്ഞൂട്ടി മുസ്ലിയാർ

**2) ശാദുലി ഹളറ സിൽസില (ഫാസി):**

ഉസ്താദ് മുഹമ്മദുൽ ഫാസി (റ), ശൈഖ് താജുദ്ദീൻ അബ്ദുറഹ്മാൻ (റ),
ശൈഖ് മുഹമ്മദ് ഇബ്രാഹിം മക്കി (റ), ശൈഖ് അബ്ദുൽ ഖാദർ (റ),
ശൈഖ് മുഹമ്മദ് ഇബ്രാഹിം ഫാസി (റ), ശൈഖ് അഹമ്മദുണ്ണി കണ്ണൂർ (റ)
ശൈഖ് ഇസ് മായിൽ (റ), ശൈഖ് ഉമർ (റ), ശൈഖ് ഹുസൈനുൽ ബഖരി (റ)
ശൈഖ് മുഹമ്മദുൽ ഫാസി (റ)................, ശൈഖ് അബുൽ ഹസ്സൻ അലിയുശാദുലി
(പൂർണ്ണരൂപം കെ.വി. മൂസ്സാൻകുട്ടി വശം)

**3) രിഫാഈ റാത്തീബ്:**

ശൈഖ് അഹ്മദുൽ കബീർ രിഫാഈ (റ), ശൈഖ് അലിയ്യു ശബ്ബാഖ് (റ), ശൈഖ് അഹ്മദ് മക്കി (റ)
ശൈഖ് ഹാമിദ് ബുഖാരി, ശൈഖ് മാട്ടൂൽ ഉമ്പിച്ചി തങ്ങൾ (ഖുതുബി തങ്ങളുടെ രിഫാഈ യുടെ ശൈഖ്)


**4) ഹദ്ദാദ് റാത്തീബ്:**

ശൈഖ് സയ്യിദ് അബ്ദുല്ലാഹിൽ ഹദ്ദാദ് (റ), ശൈഖ് ഹസ്സൻ ഹദ്ദാദ് (റ)
ശൈഖ് സയ്യിദ് ജിഫ്രി (റ), ശൈഖ് സയ്യിദ് അലവി മമ്പുറം തങ്ങൾ, മിസ്ബാഹുൽ ബലാഫത്തൻ
അലിയ്യുബ്നു അബ്ദുല്ലാഹിൽ മശ്ഹൂർ ബലാഫത്തനി (റ), സയ്യിദ് അലവി ഇമ്പിച്ചിക്കോയ തങ്ങൾ
(ഖുതുബി തങ്ങളുടെ ഹദ്ദാദിന്റെ ശൈഖ്) സയ്യിദ് കോയക്കുട്ടി തങ്ങൾ, സയ്യിദ് മശ് ഹൂർ ഉമ്പിച്ചിക്കോയ
തങ്ങൾ സാനി (പൂർണ്ണരൂപം ഉമ്പിച്ചിതങ്ങൾ കൈവശം)

**5) ഖാദിരിയ സിൽസില**

സയ്യിദ് ഉബൈദ് സഖാഫി ജമലുല്ലൈലി ബാഹസൻ, സയ്യിദ് ഹുസൈൻ ബ്നു മുഹമ്മദ് ജലാൽ ബുഖാരി (റ), ശൈഖ് സയ്യിദ് മുഹമ്മദ് (റ), ശൈഖ് സയ്യിദ് ഉമർ (റ), ശൈഖ് സയ്യിദ് അബ്ദുറഹ്മാൻ (റ)
ശൈഖ് സയ്യിദ് അലി (റ), ശൈഖ് ജലാലുദ്ദീൻ (റ), ശൈഖ് അലി ബിൻ അബ്ദുല്ലാഹിൽ ഐദറൂസ് (റ)
ശൈഖ് സയ്യിദ് അഹമ്മദ് (റ), ശൈഖ് സയ്യിദ് അബ്ദുല്ല (റ), സയ്യിദ് അഹമ്മദ് (റ), സയ്യിദ് ഹുസൈൻ (റ)
സയ്യിദ് അബ്ദുല്ല (റ), സയ്യിദ് ശൈഖ് (റ), ശൈഖ് അബൂബക്കർ ബിൻ അബ്ദില്ലാഹിൽ ഐദറൂസ് അൽ
അദനി(റ)..... ഗൗസുൽ അഅ്ളം മുഹ് യിദ്ദീൻ അബ്ദുൽഖാദർ ജീലാനി (റ).
(പൂർണരൂപം സയ്യിദ് ഉബൈദ് സഖാഫി കൈവശം)

# മത സാഹോദര്യത്തിന്റെ ഉദാത്ത മാതൃക



മത സൗഹാർദ്ദം പൂത്തു നില്ക്കുന്ന വളപട്ടണം ചിറക്കൽ തമ്പുരാന്റെ ഭരണത്തിലായിരുന്നു. മുസ്‌ലിം മത കാര്യങ്ങൾക്കും മറ്റും തമ്പുരാന്റെ ഭരണത്തിൽ ഖാളിമാരെ നിയമിച്ചിരുന്നു. ഇതിൽ തമ്പുരാന്റെ അനുമതിയും അനുഗ്രഹാശിസുകളും ഉണ്ടായിരുന്നു. ഖാളിയെ സ്ഥാനാരോഹണ നാളിൽ പല്ലക്കിൽ എഴുന്നള്ളിച്ച് നാട്ടുകാരണവന്മാരുടെയും പൗരാവലിയുടെയും അകമ്പടിയോടെ ചിറക്കൽ കോവിലകത്തെ കൊട്ടാരത്തിൽ അകമ്പടിയായി പോയിരുന്നതും കോവിലകത്ത് നിന്നും തമ്പുരാൻ ഖാസിക്ക് 'ഖാസിപട്ടം' നല്കി അനുഗ്രഹിക്കുകയും വിളംബരപ്പെടുത്തുകയും ചെയ്തിരുന്നതും ഉദാത്തമായ മത സാഹോദര്യത്തിന്റെ മാതൃകകളാണ്.

വിശേഷ ദിവസങ്ങളിലും കല്ല്യാണ അടിയന്തിരങ്ങൾക്കും പട്ടുംപുടവയും പഞ്ചസാര, വെത്തിലടക്ക, പുകയില എന്നിവ പരസ്പരം നല്കി ഐക്യം ഊട്ടിയുറപ്പിച്ചിരുന്നു. ഖാസി സ്ഥാനാരോഹണ ചടങ്ങിൽ വളപട്ടണത്ത് ഖാസിയുടെ പഴയകത്ത് തറവാട്ടിലും ചിറക്കൽ കോവിലകത്തും ഉത്സവത്തിന്റെയും പെരുന്നാളിന്റെയും പൊലിമയായിരിക്കും. ഇപ്പോഴത്തെ ഖാസിയുടെ സ്ഥാനാരോഹണത്തിനും ചിറക്കൽ കോവിലകത്ത് നിന്നും വളപട്ടണത്തെ നാടു മുഴുവൻ അനുമതിയും അനുഗ്രഹവും വാങ്ങിയത് പ്രത്യേകം പ്രസ്താവ്യമാണ്.

നൂറ്റാണ്ടുകളായി നിലനിൽക്കുന്ന മതസൗഹാർദ്ദത്തിന്റെ അനശ്വരമായ മുത്തുമാലകൾ ഇന്നും കോർത്തുതന്നെ കിടക്കുന്ന വളപട്ടണം, ഇവിടെ വന്ന വിദേശികളെ സ്വീകരിക്കുകയും മത പ്രചരണത്തിനായി അവർക്ക് സ്വാതന്ത്ര്യം നൽകുകയും ചെയ്ത കോലത്തിരിമാരെ മറക്കാൻ ഒരിക്കലും ചരിത്രത്തിനാവില്ല. കേരളവർമ്മ കോലത്തിരിയുടെ കാലത്ത് പുഴയിൽ വീണ തമ്പുരാട്ടിയെ മതം മാറ്റി പുതിയൊരു മുസ്‌ലിം രാജാധിപത്യത്തിന് അനുമതി നൽകുകയും രവിവർമ്മ തമ്പുരാൻ തന്നെ മതം മാറി വളപട്ടണം പള്ളി പുനരുദ്ധാരണം നടത്തുകയും ചെയ്തത് നാം വായിച്ചുവല്ലോ. ഈ സൗഹൃദം സയ്യിദ് ജലാലുദ്ധീൻ ബുഖാരി(റ) തുടങ്ങിയവരെ സ്വീകരിക്കുന്നതിലും വളപട്ടണം കുന്നത്തു പള്ളി പരിസരങ്ങൾ, കക്കുളങ്ങരപ്പള്ളി പരിസരങ്ങൾ, തങ്ങൾവയൽ, വളപട്ടണം മന്ന എന്നീ പ്രദേശങ്ങൾ ദാനം ചെയ്യുന്നതിലേക്കുമെത്തി നിന്നു.

## വളപട്ടണം ഖാസിയും ചിറക്കൽ തമ്പുരാനും:

വളപട്ടണം ഖാളിമാർ നിരന്തരമായി ചിറക്കൽ കൊട്ടാരവുമായി ബന്ധപ്പെട്ടു ഈ സഹവർത്തിത്വം തുടർന്നു വന്നു. ഈ നാട്ടിൽ വളർന്നു വന്ന സാമുദായിക സൗഹാർദ്ദം ഉലയാതെ നിലനിർത്തി. പഴയകത്തു തറവാട്ടിൽ നിന്നു വളപട്ടണത്തെ ഖാസിയായി തിരഞ്ഞെടുക്കപ്പെടുന്നയാൾ ചിറക്കൽ കോവിലകത്തെ തമ്പുരാന്റെ അംഗീകാരത്തിനായ് എഴുന്നള്ളുന്നു. ചിറക്കൽ കോവിലകത്തെ തമ്പുരാട്ടിമാരുടെ വിവാഹത്തിനു വളപട്ടണത്തെ തങ്ങളെ ക്ഷണിക്കുകയും തങ്ങൾ പരിവാരങ്ങളോടും വാദ്യഘോഷങ്ങളോടും കൂടെ കോവിലകത്തുവന്നു വലിയ തമ്പുരാനെ കണ്ടു വന്ദിക്കുകയും അന്യോന്യം പാരിതോഷികങ്ങൾ കൈമാറുകയും ചെയ്യാറുണ്ട്.

അതുപോലെ ഖാസി സ്ഥാനാരോഹണം ചെയ്യുന്ന അവസരം ഗംഭീര പരിവാരങ്ങളോടെ ചിറക്കൽ കോവിലകത്തുപോയി തമ്പുരാനെ വന്ദിക്കുകയും പരസ്പരം ആശ്ലേഷിക്കുകയും ചെയ്യുന്നത് നേരിൽ കാണാനുള്ള അവസരം പഴയ തലമുറക്കും ഭാഗ്യം ലഭിച്ചിട്ടുണ്ട്. പരേതനായ കോയക്കുട്ടി തങ്ങളുടേതായിരുന്നു ഈ ഖാസി സ്ഥാനാരോഹണം. 2006 സെപ്തംബർ 22ന് നടന്ന ഇത്പോലൊരു ചടങ്ങിലാണ് ഇരുപതോളം മഹല്ലുകളുടെ ഖാസിയായി സയ്യിദ് ജലാലുദ്ധീൻ സഖാഫി സ്ഥാനമേറ്റത്. ഇതെല്ലാം നിലനിന്നു വന്നിരുന്ന സാമുദായിക സൗഹാർദ്ദത്തിന്റെ സ്ഫുട ലക്ഷണങ്ങൾ ഇന്നും അവശേഷിക്കുന്നുവെന്നാണ് കാണിക്കുന്നത്. കോലത്തിരിയുടെ സർവ്വ സൈന്യാധിപസ്ഥാനം വഹിച്ചിരുന്നത് 'മമ്മാലികൾ' എന്ന മുസ്ലീം നാവികർ ആയിരുന്നു വെന്നും വെള്ളവക്കമ്മു എന്ന മുസ്ലീം സൈന്യാധിപനാണ് കോലത്തിരിയുടെ അധികാരമുറപ്പിക്കാൻ ത്യാഗം സഹിച്ചതെന്നും ചരിത്രമാണ്.

മതസഹിഷ്ണുതയുടെ പ്രതീകമെന്നോണം കളരിവാതുക്കൽ ക്ഷേത്രവും കക്കുളങ്കര പള്ളിയും മുഖാമുഖം നിൽക്കുന്നു. കളരിവാതുക്കൽ ക്ഷേത്രത്തിൽ നിന്നുയരുന്ന ശംഖുനാദവും കക്കുളങ്കരപ്പള്ളിയിൽ നിന്നുയരുന്ന ബാങ്കൊലിയും മത സഹിഷ്ണുതയുടെ നാദമായി മുഴങ്ങുന്നു. ബാങ്കൊലിയുടെ സമയത്ത് ക്ഷേത്രത്തിലെ സംഗീതധാര നിർത്തിവെക്കുന്ന പതിവുപോലും അടുത്തകാലം വരെ നിലനിന്നിരുന്നു.

## സൗഹൃദ ചായയും രാജ സംഗമവും; നാടുണർത്തിയ സൗഹൃദം:

**കേ**രളത്തിലെ ഇസ്ലാമിക ചരിത്രാരംഭം തന്നെ മത സാഹോദര്യത്തിന്റേതായിരുന്നു. മാലികുബ്നു ദീനാർ (റ) നും സംഘത്തിനും, വളപട്ടണത്ത് ഹി. നൂറ്റിച്ചില്ലറയിൽ എത്തിയ ഖാസി മുഹമ്മദ് (റ) നും സംഘത്തിനും മത പ്രബോധനത്തിന് സൗകര്യം നൽകിയത് അമുസ്ലിം സഹോദരങ്ങളും ഹിന്ദു രാജാക്കന്മാരുമായിരുന്നു. കോലത്തിരിയുടെ സൈന്യാധിപനായിരുന്ന വെള്ളവക്കമ്മു എന്ന മുഹമ്മദ് അയാസ് ഖാനും സാമൂതിരിയുടെ രാജ്യത്തിന്റെ സംരക്ഷണത്തിന് വേണ്ടി പറങ്കികളോട് ശക്തമായ പോരാട്ടം നടത്തിയ കുഞ്ഞാലി മരക്കാർ കുടുംബവും പരസ്പരം സ്നേഹം പങ്കിട്ടിരുന്നു. ശൈഖ് സൈനുദ്ധീൻ മഖ്ദൂമിനെ പള്ളി നിർമ്മാണത്തിനും മത പ്രബോധനത്തിനും സൗകര്യം ചെയ്തു കൊടുത്ത സാമൂതിരിയും, മമ്പുറം തങ്ങളും



SSF സൗഹൃദ ചായ

-കോന്തു നായരും തമ്മിലും കുഞ്ഞായിൻ മുസ്ല്യാരും - മാങ്ങാട്ടച്ചനും തമ്മിലും നാടുണർത്തിയ സൗഹൃദമുണ്ടായിരുന്നു. ഇസ്ലാമിന്റെ തനത് ആശയവും സൂഫി മാർഗ്ഗവും മത സാഹോദര്യത്തിൽ ഊന്നൽ നൽകിയതാണ്. കൊളോണിയൽ ശക്തികളുടെ കുബുദ്ധിയും സലഫിസത്തിന്റെ തീവ്ര ചിന്താധാരയും വർഗ്ഗീയ ഫാസിസത്തിന്റെ രംഗ പ്രവേശനവുമാണ് പരമ്പരാഗതമായി നാം കാത്തു സൂക്ഷിക്കുന്ന നാനാത്വത്തിൽ ഏകത്വം എന്ന മഹിത ആശയത്തിന് മങ്ങലേൽക്കാൻ കാരണം.

ഇന്ത്യയുടെ മത സൗഹാർദ്ദ പാരമ്പര്യം നില നിർത്താനും സൂഫികൾ പൈതൃകമായി കൈമാറി വന്ന ഇസ്ലാമിന്റെ നേരായ ആശയങ്ങൾ പകർന്നു നൽകാനും സുന്നി പ്രസ്ഥാനം എന്നും മുന്നിൽ നിന്നിട്ടുണ്ട്. രണ്ടായിരത്തി എട്ടിലെ എസ്.വൈ.എസ്. മഹല്ലു സമ്മേളനത്തോടനുബന്ധിച്ച് അറക്കൽ - ചിറക്കൽ രാജ സംഗമവും ഖാസിയെ ആദരിക്കുന്ന ചടങ്ങും ഗംഭീരമായി നടന്നു. 2016 ഒക്ടോബറിൽ 'നമുക്കൊന്നിക്കുക, നാടിനെ നിർമ്മിക്കുക' എന്ന പ്രമേയത്തിൽ 'വളപട്ടണം ഖാസിയും ചിറക്കൽ തമ്പുരാനും നാടുണർത്തിയ സൗഹൃദം' എന്ന ആശയം ജനങ്ങൾക്ക് നൽകിക്കൊണ്ട് സായാഹ്ന സൗഹൃദ ചായ എസ്.എസ്.എഫ്. വളപട്ടണം കാർ സ്റ്റാന്റിലും ടോൾബൂത്തിൽ ഹൈവേയുടെ ഓരത്തും സംഘടിപ്പിച്ചത് പൈതൃക പാരമ്പര്യത്തിന്റെ ഉത്തമ കാഴ്ചയായി.

# കക്കുളങ്കര പള്ളി മുതവല്ലി സയ്യിദ് മശ്ഹൂർ ഹബീബ് തങ്ങൾക്ക് ചിറക്കൽ രാജ നൽകിയ സന്ദേശം

ചിറക്കൽ വലിയ രാജാവായിരുന്ന "പൂരുരുട്ടാതി തിരുനാൾ കേരളവർമ്മ വലിയരാജ"യുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തികൊണ്ടും കുടുംബങ്ങളുടെ ദു:ഖത്തിൽ പങ്ക് ചേർന്നുകൊണ്ടും താങ്കൾ എന്നെ സന്ദർശിച്ചും നേരിട്ടും നൽകിയ കത്തിനു നന്ദി. വളപട്ടണത്തെ മുസ്‌ലിം സമുദായവും ചിറക്കൽ കോവിലകവും തമ്മിൽ നൂറ്റാണ്ടുകൾ പിന്നിട്ട അഭേദ്യമായ ഒരു ബന്ധമാണ് ഉള്ളത്. അവിടുത്തെ മുസ്‌ലിം സമുദായത്തിന് അവിടെ നിവസിക്കുവാനും പള്ളി പണിയാനുമുള്ള സൗകര്യവും സഹായങ്ങളും ചെയ്തത് ചിറക്കൽരാജ കുടുംബമാണ്. വളപട്ടണം പള്ളിയിലെ ഖാസിയുടെ നിയമനം ചിറക്കൽ രാജ അംഗീകരിക്കണമെന്ന വ്യവസ്ഥ ഇന്നും നിലനിന്നു വരുന്നതും ആചരിക്കപ്പെടുന്നതും അത്കൊണ്ട് തന്നെയാണ്. പരസ്പരമുള്ള സൗഹൃദബന്ധം ഇന്നത്തേതു പോലെ തുടർന്നും കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിന് വേണ്ടി പ്രാർത്ഥിക്കുന്നു.

**ചോതി തിരുന്നാൾ**
**ചിറക്കൽ കോവിലകം കേരളവർമ്മ വലിയരാജ**

# സഹജീവി സ്നേഹത്തിന്റെ മായാത്ത മുദ്രകൾ.

അടക്കാകിളികൾക്ക് വേണ്ടിയുള്ള മൺപാനിയും വണ്ടിക്കാളകൾക്കും, കന്നുകാലികൾക്കും ദാഹമകറ്റാനുള്ള കൊട്ടത്തളങ്ങളും സഹജീവി സ്നേഹത്തിന്റെ മായാത്ത മാതൃകകളാണ്.

മതസാഹോദര്യത്തിന്റെ മഹിതമായ പാരമ്പര്യം മുൻ അദ്ധ്യായങ്ങളിൽ നാം വായിച്ചു. മനുഷ്യനുമായി ഇടപഴകി ജീവിക്കുന്ന കന്നുകാലികൾ, മിണ്ടാപ്രാണികൾ, തുടങ്ങിയവയോടും പക്ഷിപറവകളോടും കാണിച്ച സഹജീവി സ്നേഹത്തിന്റെ നല്ല മാതൃകകൾ ഈ നാടിനുണ്ട്. വ്യവസായ വളർച്ചയുണ്ടായിരുന്ന നാടായതിനാൽ പുറത്ത് നിന്ന് വരുന്ന അസംഖ്യം വണ്ടിക്കാളകൾക്കും വീട്ടിൽ വളർത്തുന്ന ആട്മാടുകൾക്കും വേണ്ടി ദാഹജലം സംഭരിക്കുന്ന ഒരു പതിവ് മുൻകാലങ്ങളിൽ വളപട്ടണത്തുണ്ടായിരുന്നു. പള്ളികളിലെ കിണറിനോട് ചേർന്നും മറ്റ് പൊതുസ്ഥലങ്ങളിലും കെട്ടിയുണ്ടാക്കുന്ന കൊട്ടത്തളം (വെള്ള സംഭരണി) സഹജീവി സ്നേഹത്തിന്റെ പ്രകടമായ പ്രതീകമായിരുന്നു. ഇതിൽ ചിലത് ചിലയിടങ്ങളിൽ നശിക്കാതെ അവശേഷിക്കുന്നുണ്ട്.

മേഞ്ഞ് നടക്കുന്ന കന്നുകാലികൾ അവയുടെ ദാഹമകറ്റുന്നത് കൊട്ടത്തളത്തിലെ വെള്ളത്തിൽ നിന്നാണ്. കിണറുകളിൽ നിന്ന് സ്വന്താവശ്യങ്ങൾക്ക് വേണ്ടി വെള്ളമെടുക്കുന്നവർ കിണറിനോട് ചേർന്നുള്ള കൊട്ടത്തളങ്ങളിൽ വെള്ളം നിറക്കും. മുന്തിരി തെക്യാവിലെ ഇത്തരത്തിലുള്ള കൊട്ടത്തളം ഇന്നും നശിക്കാതെ നിലനിൽക്കുന്നുണ്ട്. മന്നപറമ്പിലെ കെ.ടി.സി കെട്ടിടമുള്ള സ്ഥലത്ത് കൽമതിലിൽ യു ആകൃതിയിലും ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ കിണറിന് സമീപവും അൻസാരിപള്ളി, മുന്തിരി തെക്യാവ് തുടങ്ങി പള്ളികളിലും പൊതുവായും നിരവധി കൊട്ടത്തളങ്ങൾ ഉണ്ടായിരുന്നത്രെ. ഇവയൊക്കെ കാലക്രമത്തിൽ നശിക്കുകയോ പുതുതലമുറ ബോധവൽക്കരിക്കപ്പെടാത്തതിനാൽ നശിപ്പിക്കപ്പെടുകയോ ചെയ്തു.

## മിണ്ടാപ്രാണികൾ വിലാപയാത്രയിൽ

അഞ്ച് പതിറ്റാണ്ട് മുമ്പ് പാറക്കാട്ടെ കനാത്തണ (തിണ്ണ)യിൽ അന്തിയുറങ്ങുകയും ഹോട്ടലുകളിൽ വെള്ളം എത്തിച്ച് കൊടുത്തും പൊടിശല്യം കുറക്കാൻ റോഡ് നനച്ച് ഇരുവശങ്ങളിലെ കടകളിൽ നിന്നും ലഭിക്കുന്ന കാശ്കൊണ്ട് ജീവിച്ച ഊമയായ ഒരു മഹാവ്യക്തിയുടെ സഹജീവി സ്നേഹത്തെക്കുറിച്ച് പഴയ തലമുറയിൽപ്പെട്ടവർ ഇന്നും സ്മരിക്കുന്നുണ്ട്. രാവിലെ ഹോട്ടലുകളിൽ വെള്ളം എത്തിച്ച് കൊടുക്കുന്നതിനുമുമ്പ് അദ്ദേഹം മിണ്ടാപ്രാണികൾക്ക് വേണ്ടിയുള്ള കൊട്ടത്തളങ്ങളിൽ വെള്ളം ചുമന്ന്കൊണ്ടുപോയി നിറക്കുമത്രെ. വണ്ടിക്കാളകളും ധാരാളം കന്നുകാലികളും ഉണ്ടായിരുന്നതിനാൽ പലയിടങ്ങളിലുമുള്ള ഇത്തരം നിരവധി കൊട്ടത്തളങ്ങളിൽ തീരുന്നമുറക്ക് വെള്ളം നിറക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മിണ്ടാപ്രാണികൾക്ക് ദാഹമകറ്റുന്നതിലും അടുത്തിടപഴകുന്നതിലും അതീവതല്പരനായ ഇദ്ദേഹത്തിന്റെ തറവാടോ മറ്റു വിവരങ്ങളോ ജനങ്ങൾക്കറിയില്ല. പാറക്കാട്ടെ തിണ്ണിയിൽ ഇരിക്കുകയും ഉറങ്ങുകയും ചെയ്യുന്നതിനാൽ ആ പേര് ചേർത്ത് ഊമയെന്നാണ് ജനങ്ങൾ ഇദ്ദേഹത്തെ വിളിച്ചിരുന്നത്. ഇദ്ദേഹം മരണപ്പെട്ട് മയ്യിത്ത് മന്നഖബർസ്ഥാനിലേക്ക് കൊണ്ടുപോകുമ്പോൾ വിലാപയാത്രയോടൊപ്പം നാട്ടിലെ കന്നുകാലികൾ മുഴുവൻ കണ്ണീരൊലിപ്പിച്ച് മന്നഖബർസ്ഥാൻ കവാടം വരെ അനുഗമിച്ച കരളലിയിപ്പിക്കുന്ന രംഗം ഇന്നും പഴമക്കാർ ഓർക്കുന്നുണ്ട്. ഇതേ ചരിത്രസംഭവം എറമുളാൻ ഹാജി എന്നിവരുടെ പേരിലും പഴമക്കാർ പറഞ്ഞുകേൾക്കുന്നുണ്ട്.

കൂടാതെ വളപട്ടണത്തെ റോഡിന് ഇരുവശങ്ങളിലും സജീവമായിരുന്ന കച്ചവട സ്ഥാപനങ്ങളുടെ മുൻഭാഗത്ത് മുകളിലായി അങ്ങാടിപക്ഷി (അടക്കാകിളി)കൾക്ക് വേണ്ടി ചെറുകുടുക്ക (മൺപാനി) തൂക്കിയിടുകയും പാത്രത്തിൽ വെള്ളം വെക്കുകയും ചെയ്തിരുന്നു. ചരക്കുകൾ കയറ്റിയിറക്കുമ്പോൾ ഉതിർന്ന് വീഴുന്ന ധാന്യമണികൾ കൊത്തിപ്പെറുക്കുന്നതിന് വേണ്ടി ഈയിനം ധാരാളം കിളികൾ തെരുവുകളിൽ കാണാമായിരുന്നു.

കക്കുളങ്കരപള്ളിയിൽ പക്ഷി പറവകൾക്ക് മുത്താറി, മുതര തുടങ്ങിയ ധാന്യങ്ങളും കക്കുളങ്കരപള്ളി കുളത്തിലെ മീനുകൾക്ക് അവിൽ, അരി എന്നിവ നൽകുന്ന പതിവ് ഇന്നും തുടർന്ന് വരുന്നുണ്ട്.

അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ഇന്നത്തെപോലെ സംസ്കരിക്കുകയും ശേഖരിച്ച് കൊണ്ടുപോകുകയും ചെയ്യുന്ന പതിവില്ലാത്ത കാലത്ത് പുഴയുടെ നടുവിലെ മാട് (തുരുത്ത്)ലാണ് തള്ളിയിരുന്നത്. ഹൈദ്രോസ് പള്ളിയുടെ ചെരുവിൽ ജീവിതം കഴിച്ചുകൂട്ടിയിരുന്ന അബ്ദുറഹ്മാൻ ഇച്ചയുടെ മൃഗസ്നേഹം ഇവിടെ നമുക്ക് കാണാം. ഇദ്ദേഹത്തെ സ്മരിക്കുന്ന പഴമക്കാർ ഇന്നും ജീവിച്ചിരിപ്പുണ്ട്. മൂസക്കണ്ടിവളപ്പിലെ തോട്ടിൽ സാവാനിക്ക(സാവാൻകുട്ടി)യുടെ തോണി അടുപ്പിക്കുകയും അറവ്ശാലയിലെ അവശിഷ്ടങ്ങൾ തോണിയിൽ നിറച്ച് ചാക്ക്കൊണ്ട് മറച്ചതിന് ശേഷം അബ്ദുറഹമാൻ ഇച്ച ഹൈദ്രോസ് പള്ളിയുടെ തിണ്ണയിലിരുന്ന് വിരലുകൾകൊണ്ട് ശബ്ദമുണ്ടാക്കി സമീപത്തെ നായകളെ വിളിച്ചു വരുത്തുകയും തോണിയിലേക്ക് ആഗ്യം കാണിച്ചാൽ അനുസരണയോടെ അവകൾ തോണിയിൽ കയറുകയും ചെയ്യുമായിരുന്നു. തോണിക്കാരൻ സാവാനിക്കയുടെ കൂടെ ധൈര്യത്തിന് ഇദ്ദേഹവും കൂട്ടിന് പോകും തോട്ടിലൂടെ തുഴഞ്ഞ് പുഴയിൽ എത്തി തുരുത്തിൽ തോണി അടുപ്പിച്ച് അവശിഷ്ടങ്ങൾ അവിടെ തള്ളുകയും നായകൾക്ക് യഥേഷ്ടം സ്വതന്ത്ര്യമായി കഴിക്കാൻ സൗകര്യമൊരുക്കുകയും ചെയ്ത ഇദ്ദേഹം ഇതിലൂടെ തെരുവ്നായശല്യവും കുറച്ചുകൊണ്ടിരുന്നു.



മുന്തിരി തെക്യാവിലെ കൊട്ടത്തളം

# വളപട്ടണത്തെ വിദ്യാഭ്യാസ ചരിത്രത്തിനൊരാമുഖം

> ഇന്ത്യയിലെ സ്വാതന്ത്ര്യ സമര നേതാക്കൾ ജാമിയ മില്ലിയ്യ: ഇസ്ലാമിയ്യക്ക് രൂപം കൊടുക്കുമ്പോൾ വളപട്ടണം ജനത മദ്രസ്സ മില്ലിയ്യ ഇസ്ലാമിയ്യ: എന്ന സ്ഥാപനത്തിന് അസ്ഥിവാരമിട്ടു.

കോഴിക്കോടിനും സാമൂതിരിക്കും മുമ്പ് കലാസാഹിത്യ പാണ്ഡിത്യ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹത്തായ ഒരു ചരിത്രം ചിറക്കൽ കോലത്തിരി രാജ വംശവും അവരുടെ കേളീ സ്ഥാനമായ വളപട്ടണം കോട്ടയും പറഞ്ഞുതരുന്നുണ്ട്. ചെറുശ്ശേരി കൃഷ്ണ ഗാഥയെഴുതിയും രാഘവാനന്ദൻ ഭാഗവത പുരാണത്തിന് കൃഷ്ണപ്പദി എന്ന പേരിൽ വ്യാഖ്യാനമെഴുതിയും പുനം നമ്പൂതിരിയെപ്പോലുള്ളവർ കോലത്തിരിയാൽ ആദരിക്കപ്പെട്ടും മണർക്കാടൻ ഗുരിക്കൾ മുപ്പത്തെവർ പരദേവതകൾക്ക് കോലരൂപം കെട്ടിയാടിയുമൊക്കെ 14 നൂറ്റാണ്ടിന്റെ സാഹിത്യകലാ സാംസ്കാരിക വിദ്യാഭ്യാസ രംഗത്തിന്റെ ആസ്ഥാനമായി സുവർണ്ണ ചരിതം കുറിച്ച കോലത്തിരിയുടെ ആസ്ഥാനമായ വളപട്ടണം കോട്ടയുടെ (കിഴക്കേകോട്ട വളപട്ടണം കോട്ടയിലെ ലക്ഷ്മി മണ്ഡപം പിന്നീട് പൊട്ടിപ്പൊളിഞ്ഞ് അത് യക്ഷി മണ്ഡപമായി ) കലാ പഠന കേന്ദ്രം മുതൽ കളരിവാതുക്കൽ ക്ഷേത്രത്തിനു പിന്നിലെ സരസ്വതി മണ്ഡപം (ത്രിപുര സുന്ദരി ക്ഷേത്രം ) മുതലിങ്ങോട്ടതിനു വേരുണ്ട്. ഈ സുവർണ്ണ മുദ്രകളിൽ നിന്നുൾക്കൊണ്ട ഊർജ്ജമാണ് പിന്നീട് സാമൂതിരി തട്ടകത്ത് രേവതീ പട്ടത്താന വിദ്വൽ സദസ്സ് സംഘടിപ്പിക്കാനും പുനം നമ്പൂതിരിയെപ്പോലുള്ളവരെ കോഴിക്കോട്ടേക്ക് വിളിച്ചു വരുത്തി ആദരിക്കാനും സാമൂതിരിയെപ്രേരിപ്പിച്ചത്).ആ മഹാപാരമ്പര്യത്തിൽ നിന്ന് പിറവിയെടുക്കുന്നു വളപട്ടണത്തിന്റെ വിദ്യാഭ്യാസ ചരിത്രം

വയനാട്ടു കുലവനും മാങ്ങാട്ട് മന്ദപ്പനും(കതിവന്നൂർ വീരൻ) വീരനേതൃത്വം നൽകിയ, കോലത്തിരിയുടെ കുലപര ദേവത തായ്പ്പര ദേവത തിരുവർക്കാട്ടമ്മയെ കളരിവാതുക്കലമ്മയായി കുടിയിരുത്തിയ, അയ്യായിരം നായർ പടയാളികളുടെ വാളോർ പെരും കളരിയിൽ നിന്ന് തുടങ്ങുന്നു വളപട്ടണത്തെ അഭ്യാസവിദ്യാ ചരിത്രം. കോറോത്ത് കുഞ്ഞിക്കണ്ണനും, കൂടൻ കുരിക്കളും മണർക്കാടൻ കുരിക്കളും അതിനെ പ്രൗഢമാക്കി. ശ്രീധരൻ കുരിക്കളുടെ ശ്രീ ഭാരത് കളരിയും അബ്ദുൽ ഖാദിർ കുരിക്കളുടെ ഇസ്സത്തുൽ ഇസ്ലാം കളരിയും (വടക്കൻ പാട്ടു വാഴ്ത്തിയ വളപട്ടണം മൂസാക്കുട്ടി കുരിക്കളെ സ്മരിക്കുന്നു) ഈ മെയ്യഭ്യാസ ചരിത്രത്തിന്റെ ബാക്കി പത്രമാണ് (ഭാഗിക അവലംബം:
തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ വടക്കൻ ഐതിഹ്യ മാല
: വാണിദാസ് എളയാവൂർ
വടക്കൻ പാട്ടുകൾ: കടത്തനാട്ടു മാക്കം)

–ഇതിന്റെ തുടർച്ചയായാണ് നാട്ടു കളരിയിലൂടെ (പള്ളിക്കൂടം) വളപട്ടണത്തിന്റെ വിദ്യാഭ്യാസ ചരിത്രവും ആരംഭിക്കുന്നത് . വളപട്ടണം പഞ്ചായത്ത് 1996 ൽ പുറത്തിറക്കിയ വികസന രേഖയിൽ പേജ് 19 ൽ വിദ്യാഭ്യാസം എന്ന തലക്കെട്ടിൽ ഇങ്ങിനെ വായിക്കാൻ കഴിയും.

'വളപട്ടണത്തിന് വിദ്യാഭ്യാസത്തിന്റെ ഔപചാരികഅനൗപചാരിക മേഖലകളിൽ അദ്വിതീയമായ ഒരു പാരമ്പര്യമുണ്ട്.
വിദ്യാഭ്യാസ മേഖലയിൽ വളപട്ട

ണത്ത് നല്ലൊരു പശ്ചാത്തല സംവിധാനമുണ്ടായിരുന്നതായി കാണാം. 19)ം നൂറ്റാണ്ടിൽ തന്നെ ഈ പ്രദേശങ്ങളിൽ വ്യാപകമായി പള്ളിക്കൂടങ്ങളിലും മദ്രസകളിലുമായി മതവിദ്യാഭ്യാസവും എഴുത്തും മറ്റു പഠനങ്ങളുമായി നടത്തി വന്നിരുന്നു. മുല്ലമാർ, എഴുത്തച്ഛന്മാർ, എഴുത്താശാന്മാർ എന്നിങ്ങനെയുള്ള പേരുകളിലാണ് അദ്ധ്യാപനം നടത്തി വന്നവർ അറിയപ്പെട്ടിരുന്നത്.

1830 തൊട്ടുള്ള കൊല്ലങ്ങളിലായി പള്ളിക്കൂടങ്ങളിലും മുസ്ലിം പള്ളിക്കു തൊട്ടു ചേർന്നുണ്ടാക്കിയ ഷെഡുകളിലുമായി പലകയിൽ എഴുതിയും എഴുത്തച്ഛന്മാരും എഴുത്താശാന്മാരും ഓലയിലും പൂഴി മണൽപ്പരപ്പിലും എഴുതി പഠിപ്പിച്ചും വന്നിരുന്നു.

ഇതിനെല്ലാം പുറമേ 1837 ൽ ബോർഡിൻെറ കീഴിലായി ഇന്ന് ഗവ: ഹൈസ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് 'വളപട്ടണം ബോർഡ് മാപ്പിള ഹയർ എലിമെൻററി സ്കൂൾ' എന്ന പേരിൽ 8)ം ക്ലാസ്സ് വരെയുള്ള ESLC പരീക്ഷാ ക്രമത്തിലുള്ള പഠന ക്ലാസ്സുകളും നടത്തി വന്നു..

1914ൽ 'ക്വീൻ സെൻറ് മേരി ഗേൾസ് സ്കൂൾ' എന്ന പേരിൽ ഇന്ന് കമലാ നെഹ്റു യു പി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്കൂൾ നടത്തുകയും പ്രസ്തുത സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പഠനം സൗകര്യവും ഉണ്ടായിരുന്നു..

ഈ കാലഘട്ടത്തോടനുബന്ധിച്ച് ഇംഗ്ലീഷ് പഠിക്കുന്നതിൽ പ്രതിഷേധിച്ച് (വിദേശ ഭാഷാ ബഹിഷ്കരണം) 1928 ഖിലാഫത്ത് പ്രസ്ഥാന പേരിൽ പുഴയരുവത്ത് പള്ളിക്കു സമീപമുള്ള എളയിടത്ത് പാണ്ടിക ശാലയിൽ ബാവക്കാൻറവിട ഹുസ്സൻ കുട്ടി എന്നയാൾ പ്രത്യേകം മലയാളം



കക്കുളങ്കരപള്ളി കോമ്പൗണ്ടിലെ ഓത്തുപുര

സ്കൂൾ നടത്തിയിരുന്നതും ശ്രദ്ദേയമാണ്.

മാത്രമല്ല മുസ്ലിം പെൺകുട്ടികൾക്ക് പ്രത്യേകമായി ജുമുഅത്ത് പള്ളിക്ക് സമീപവും മൊയ്തീൻ പള്ളിക്ക് സമീപവും (സിറായിപ്പള്ളിക്ക് സമിപവും ) സ്കൂളുകൾ നടത്തി വന്നതും 1940 ൽ കക്കുളങ്ങരപ്പള്ളിക്ക് സമീപവും സ്കൂളും മദ്രസയും നടത്തിയിരുന്നതും ഇതിനോട് കൂട്ടിവായിക്കേണ്ടതാണ്. പ്രസ്തുത സ്കൂളും മദ്രസയുമാണ് പിന്നീട് സുബുലുസ്സലാം മദ്രസയിലേക്ക് മാറ്റി സ്ഥാപിച്ചത്

മുമ്പ് പരാമർശിച്ച മേൽ ബോർഡ് സ്കൂളാണ് പിന്നീട് 1964ൽ ജനാബ് . സി എൻ കുഞ്ഞഹമ്മദ് ഹാജിയുടെ നേതൃത്വത്തിൽ രൂപീകരിച്ച വെൽഫേർ കമ്മിറ്റി ഇന്നത്തെ ഗവർമെൻറ് ഹൈസ്കൂളായി ഉയർത്തുകയും പുതുതായി എടുപ്പുകൾ നിർമ്മിക്കുകയും ചെയ്തത്. (വികസന രേഖ 1996)

വിദ്യാഭ്യാസ പുരോഗമനവാദിയായ മത പണ്ഡിതൻ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി 1921ൽ തന്നെ (വാഴക്കാടു നിന്ന് വിരമിച്ച ശേഷം) വളപട്ടണം പൊക്കിലകത്ത് പള്ളിയിൽ നടപ്പിലാക്കിയ മതഭൗതിക സമന്വയ വിദ്യാഭ്യാസവും , ബോർഡിങ്ങ് സിലബസ് പരിഷ്കരണവും ഏറെ ശ്രദ്ധേയവും കേരളത്തിലടക്കം പ്രശസ്തവുമായിരുന്നു.

ഇന്ത്യയിലെ സ്വാതന്ത്ര്യ സമര നേതാക്കൾ ജാമിയ മില്ലിയ്യ ഇസ്ലാമിയ്യക്ക് രൂപം കൊടുക്കുമ്പോൾ വളപട്ടണം ജനത മറ്റൊരു സ്ഥാപനത്തിന് അസ്ഥിവാരമിട്ടു. വളപട്ടണം എലിമെൻററി സ്കൂളിനെ ബഹിഷ്ക്കരിച്ച് (ഇംഗ്ലീഷ് വിദ്യാഭ്യാസം മാത്രമുള്ള ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായത്തിനെതിരെയുള്ള പ്രതിഷേധം കൂടിയായിരുന്നു അത്) ഇവർ മദ്രസ്സ മില്ലിയ്യ ഇസ്ലാമിയ്യ: എന്ന പേരിൽ ഒരു വിദ്യാ പീഠത്തിനു രൂപം നൽകി. 1921ൽ രാജാജി ഉൽഘാടനം ചെയ്ത സ്ഥാപനം ഖിലാഫത്ത് സ്കൂൾ എന്ന പേരിൽ നാൾക്കുനാൾ വളർന്നു വന്നു. ഈ സ്ഥാപനത്തിൽ അറബിക്കിനു പുറമേ ഉർദുവും ഇംഗ്ലീഷും കൂടി പാഠ്യ വിഷയമാക്കി പ്രശസ്ത പണ്ഡിതനായ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ പുതിയ സിലബസ് പ്രകാരമാണ് ഈ സ്ഥാപനം പ്രവർത്തിച്ചത്. ശ്രീ കെ പി കുഞ്ഞിരാമൻ നായരായിരുന്നു ഇതിൻെറ ഹെഡ്മാസ്റ്റർ. 1927 ൽ ഖിലാഫത്ത് സ്കൂൾ പ്രവർത്തനം നിലക്കുന്നത് വരെയും




ഈ സ്ഥാപനം വളപട്ടണത്തെ വിദ്യാഭ്യാസ രംഗത്തിനു ഉന്നതമായ അർത്ഥങ്ങൾ നൽകി പ്രവർത്തിച്ചു . അന്നും വളപട്ടണത്തിന് എലിമെൻററി സ്കൂൾ നഷ്ടപ്പെട്ടു കൂടാ എന്നു പറഞ്ഞു ഖിലാഫത്ത്കാരുടെ വെറുപ്പ് വക വെക്കാതെ സ്കൂളിൻെറ ഹെഡ്മാസ്റ്റർ സ്ഥാനം ഏറ്റെടുത്ത് സ്കൂൾ പൂട്ടാതെ നിലനിർത്തിയ ഹുസ്സൻ കുട്ടി മാഷിനെ സ്മരിക്കേണ്ടതുണ്ട്.

(ഇതിനു ശേഷം 1928 ലാണ് വികസന രേഖയിൽ പറഞ്ഞത് പോലെ ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടി ബഹിഷ്ക്കരിച്ച് തോട്ടിൻറക്കര പാണ്ടിക ശാലയിൽ സ്കൂൾ നടത്തപ്പെടുന്നതും 1940 വരെ അങ്ങിങ്ങായുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്നതും).

ഈ പ്രചോദനങ്ങളിൽ നിന്നാണ് വളപട്ടണം സുബുലുസ്സലാം മദ്രസ്സ രൂപം കൊള്ളുന്നത്. 1946ൽ ലിയാഖത്ത് അലിഖാൻ മദ്രസ്സയുടെ ശിലാസ്ഥാപന കർമ്മം നടത്തി. TPK മുഹമ്മദ് കുഞ്ഞി സാഹിബ് ഈ സ്ഥാപനത്തിനു വേണ്ടി മുൻകൈ എടുത്തു പ്രവർത്തിക്കുകയും ഈ സ്ഥാപനത്തിൽ സേവന മനുഷ്ഠിക്കാൻ സർക്കാർ ജോലി പോലും രാജിവെച്ച് സി കെ ഹബീബ് തങ്ങൾ പ്രവർത്തിക്കുകയും ചെയ്തു.

( വളപട്ടണം ചരിത്രം
വി കെ മുസ്തഫ 1972 )

**പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ :**

1 വളപട്ടണം ഗവ: ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിതം . 1837
2 കമലാനെഹ്റു യു പി സ്കൂൾ 1914
3 സുബുലുസ്സലാം എൽ പി സ്കൂൾ 1946
4 രാമ വിലാസം എൽ പി സ്കൂൾ
4 താജുൽ ഉലൂം ഇംഗ്ളീഷ് മീഡിയം ഡിഗ്രി കോളേജ് 1983
5 ക്രസൻറ് ഇംഗ്ലീഷ് മീഡിയം സ്കൂൾ 2002
6 നിത്യാനന്ദ ഇംഗ്ലീഷ് മീഡിയം സ്കൂൾ
7 ഗീതാഞ്ജലി നാട്യ വിദ്യാ കേന്ദ്രം

ഇവ കൂടാതെ ഉസ്താദ് ശിബിലിയുടെ ഹിന്ദുസ്ഥാനി സംഗീത പഠന കേന്ദ്രം കൂടിയായ ഉസ്താദ് അബ്ദുൽ കരീം സ്മാരക ജങ്കാർ മ്യൂസിക് ക്ലബ്ബും പുറമേ നിരവധി സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും വേറെയുമുണ്ടായിരുന്നു . 1968ൽ ആരംഭിച്ച ഖാദിമുൽ ഇസ്ലാം സംഘത്തിൻെറ തയ്യൽ പരിശീലന കേന്ദ്രം, 1999ൽ ആരംഭിച്ച വളപട്ടണം പഞ്ചായത്തിൻെറ തൊഴിൽ പരിശീലന കേന്ദ്രം, 1983ൽ ആരംഭിച്ച മുസ്ലിം വെൽഫെയർ അസോസിയേഷൻ താജുൽ ഉലൂമിൽ ആരംഭിച്ച കമ്പ്യൂട്ടർ പരിശീലന കേന്ദ്രം, എന്നിവയും എടുത്ത്പറയേണ്ടവയാണ്..

**CHMK സ്മാരക GHSS ൻെറ നാൾ വഴികൾ:**

1837 ബോർഡ് മാപ്പിള എലിമെൻററി സ്കൂൾ
1906 ബോർഡ് മാപ്പിള ഹയർ എലിമെൻററി സ്കൂൾ
1958 ഗവ: മാപ്പിള അപ്പർ പ്രൈമറി സ്കൂൾ
1964 ഗവ: ഹൈസ്കൂൾ
2004 ഹയർ സെക്കണ്ടറി സ്കൂൾ

(വിവര ദാതാവ്:
ടി ബി അബ്ദുൽ സത്താർ ഹാജി
മുൻ പിടി എ പ്രസിഡണ്ട് )

1980 കാലം വരേക്കും മോഡൽ സ്കൂൾ എന്ന നാമത്തിലായിരുന്നു ഗവ: ഹൈസ്കൂൾ അറിയപ്പെട്ടിരുന്നത്. 1990 ലെ സാക്ഷരതാ പ്രവർത്തനം വൻ വിജയമാക്കാനും പഞ്ചായത്തിനെ ജില്ലയിലെ സമ്പൂർണ്ണ സാക്ഷരതാ പഞ്ചായത്താക്കാനും സാധിച്ചു.

1993-94 ലെ അക്ഷരപ്പുലരി ഒന്നാന്തരമാക്കൽ, 1995-96 ലെ സ്കൂൾ കോംപ്ലക്സ് പ്രവർത്തനം, 1996 ലെ ഗുരുകുലം പരിപാടിയുടെ ഭാഗമായ സ്കൂൾ പി ടി എ രൂപീകരണം എന്നിവയും വിജയകരമായി പൂർത്തീകരിക്കപ്പെട്ടു . PTA-, മദർ PTA-, വിദ്യാഭ്യാസ ജാഗ്രതാ സമിതി എന്നിവ സ്തുത്യർഹമായി പ്രവർത്തിച്ചു വരുന്നു. സകല സംഘടനകളുടെയും പ്രാധിനിധ്യം ഉറപ്പു വരുത്തി കൂട്ടായി പ്രവർത്തിച്ചിരുന്നുവെങ്കിൽ +2, SSLC പൊതു പരീക്ഷകളിൽ സമ്പൂർണ്ണ വിജയം കൈവരിക്കാമായിരുന്നു. 2005 കാലഘട്ടത്തിൽ പഞ്ചായത്ത് **SSF**ഉം തുടർന്ന് അത് മാതൃകയാക്കി സ്കൂൾ പിടിഎ കമ്മിറ്റി കുട്ടികളെ സ്കൂളിൽ താമസിപ്പിച്ചും നൽകിയ സ്പെഷൽ ക്ലാസ്സുകൾ നിമിത്തം വിജയ ശതമാനമുയർന്നത് ശ്രദ്ധേയമാണ്.

സമാപ്തം :

ബാസൽ മിഷൻകാരാണല്ലോ മത പ്രചരണാർത്ഥം ബ്രിട്ടീഷുകാരുടെ സഹായത്തോടെ അവരുടെ മത പ്രചരണ ഭാഗം കൂടിയായി സ്കൂളുകൾ കേരളത്തിൽ സ്ഥാപിച്ചിരുന്നത്. മംഗലാപുരത്തേക്ക് കണ്ണൂരിൽ നിന്ന് റെയിൽ നീട്ടുന്നതും 1906ൽ അവരുടെ ആവശ്യപ്രകാരമാണ് .

ഈ കാലഘട്ടത്തിനും മുമ്പ് അഥവാ കണ്ണൂരിലെ ബാസൽ മിഷൻ സ്കൂൾ ചരിത്രത്തിനു മുമ്പ് തന്നെ ചിറക്കൽ രാജാക്കന്മാരുടെ ആസ്ഥാനത്ത് രാജാസ് സ്കൂളും അവരുടെ സ്ഥലദാന സഹായത്തോടെ തന്നെ 1337 ൽ വളപട്ടണം സ്കൂളും സ്ഥാപിക്കാൻ വളപട്ടണത്തിനു സാധിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാർ അധിനിവേശ കാലത്ത് ഈ സ്കൂൾ ഏറ്റെടുത്തുവെന്നു മാത്രം. കണ്ണൂരിൻെറ വിദ്യാഭ്യാസ ചരിത്രം തന്നെ മാറ്റിക്കുറിക്കുന്ന വളപട്ടണം സംസ്കൃതിയുടെ പഴമയെ ഒന്നുകൂടി നാം ചികഞ്ഞന്വേഷിക്കേണ്ടതുണ്ട്.

## സുബുലുസ്സലാം മദ്രസ & സ്കൂൾ

ബ്രിട്ടീഷുകാർക്കെതിരെ രോഷം ആളിക്കത്തുന്ന ആ കാലഘട്ടത്തിൽ പെൺകുട്ടികൾക്ക് മാത്രമായി ജുമുഅത്ത് പള്ളിക്ക് സമീപവും മുഹ്‌യിദ്ധീൻ പള്ളിക്ക് സമീപവും ഓത്തുപുരകൾ പ്രവർത്തിച്ചിരുന്നു. 1928-ൽ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പേരിൽ എളയടത്ത് പാണ്ടിക ശാലയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ബഹിഷ്ക്കരിച്ച് മറ്റൊരു സ്കൂളും പ്രവർത്തിക്കുകയുണ്ടായി. ഇത് പിന്നീട് 1940 -ൽ കക്കുളങ്കര പള്ളിക്ക് സമീപം മാറ്റി സ്ഥാപിച്ചു. കാലക്രമേണ പ്രസ്തുത സ്കൂളും മദ്രസകളും സുബുലുസ്സലാമിലേക്ക് മാറ്റി സ്ഥാപിക്കപ്പെടുകയായിരുന്നു. മർഹൂം ടി.പി.കെ. മുൻകയ്യെടുത്ത ഈ സ്ഥാപനത്തിന് 1946-ൽ ലിയാഖത്ത് അലിഖാനാണ് ശിലാസ്ഥാപനം നടത്തിയത്.

ഇവിടെ സേവനം അനുഷ്ഠിക്കാൻ വേണ്ടിയാണ് ജനാബ് സി. കെ. ഹബീബ് തങ്ങൾ സർക്കാർ ജോലി രാജി വെച്ചത്. ഉറുദു പണ്ഡിതനും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അമരക്കാരനുമായ ഇദ്ദേഹം കണ്ണന്റവിട ശൈശേഖ് തങ്ങൾ അൽ ഖാദിരിയുടെ മുരിദു കൂടിയാണ്. (1987 ജനുവരി 25-ാം തീയതി ശനിയാഴ്ച 12 മണിക്ക് മരണപ്പെട്ട ഇദ്ദേഹത്തെ ഖബറടക്കിയത് പാപ്പിനിശ്ശേരി പടിഞ്ഞാറെ ജുമുഅത്ത് പള്ളിയുടെ മുന്നിലാണ്.)

ഒന്ന് മുതൽ 10-ാംതരം വരെയുള്ള സുബുലുസ്സലാം മദ്രസയിൽ ഉസ്താദുമാരുടെ ശിഷ്യണത്തിൽ വിദ്യാർത്ഥികൾ വിദ്യാഭ്യാസം നുകരുന്നു. വളപട്ടണം സുബുലുസ്സലാം മദ്രസ മാനേജ്മെന്റിന് കീഴിൽ ഇതേ സ്ഥാപനത്തിൽ തന്നെയാണ് സുബുലുസ്സലാം എൽ.പി. സ്കൂളും പ്രവർത്തിക്കുന്നത്. പിഞ്ചുകുട്ടികൾക്ക് വേഗം എത്തിപ്പെടാൻ സൗകര്യപ്രദമായ ഇവിടെ ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലായി നിരവധി വിദ്യാർത്ഥികൾ പഠനം നടത്തുന്നു. അടുത്തകാലത്തായി സമൂഹത്തിൽ കണ്ടുവരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിനോടുള്ള അഭിനിവേശം കാരണം ഇംഗ്ലീഷ് മീഡിയം പഠന സൗകര്യവും ഇവിടെയുണ്ട്.

## ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

പാപ്പിനിശ്ശേരിയിൽ മമ്പഉദഅ് വത്തിസ്സുന്നിയ്യയുടെ കീഴിൽ 1988 ൽ വാടക കെട്ടിടത്തിൽ തുടക്കം കുറിച്ച ഈ സ്കൂൾ 2002 മുതൽ ക്രസന്റ് എഡ്യുക്കേഷണൽ ട്രസ്റ്റാണ് നടത്തിവരുന്നത്. എൽ.കെ.ജി മുതൽ പത്താം ക്ലാസ്സു വരെ 900 കുട്ടികൾ പഠിച്ചുവരുന്ന സ്ഥാപനത്തിന് സി.ബി.എസ്.സിയുടെ അംഗീകാരമുണ്ട്. മുസ്‌ലിം വിദ്യാർത്ഥികൾക്ക് സുന്നി വിദ്യഭ്യാസ ബോർഡിന്റെ സിലബസിനനുസരിച്ചുള്ള മദ്രസാ പഠനമാണ് നൽകി വരുന്നത്. 2011 മുതൽ കാരന്തൂർ മർക്കസിന് കീഴിൽ പ്രവർത്തിക്കുന്നു. സുന്നി പ്രസ്ഥാനത്തിന് കീഴിലെ 310 ൽ പ

രം ഇംഗ്ലീഷ് മീഡിയങ്ങളിലൊന്നാണിത്. നിലവിൽ 1138 വിദ്യാർത്ഥികളും 74 ജീവനക്കാരുമുണ്ട്. പാഠ്യ - പാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നു.

## താജുൽ ഉലൂം യതീംഖാന & ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂൾ

വളപട്ടണം പഞ്ചായത്തിലെ അടിയപ്പെടുന്ന മത ഭൗതിക സ്ഥാപനമാണിത്. 1983 ൽ മാർച്ച് മാസം പൂർണ്ണമായും അനാഥരായ 5 കുട്ടികളെ ചേർത്തുകൊണ്ട് താജുൽ ഉലമ സയ്യിദ് അബ്ദുറഹ്മാൻ അൽ ബുഖാരി ഉള്ളാൾ ഉൽഘാടനം നിർവഹിച്ച് ആരംഭിച്ചതാണിത്..ഭക്ഷണം, വസ്ത്രം, ചികിൽസ എന്നിവയും കമ്മറ്റിയാണ് വഹിക്കുന്നത്.

1985 ൽ LKG ക്ലാസോടു കൂടി ആരംഭിച്ച സ്കൂൾ ഇന്ന് ഡിഗ്രി തലം വരെയെത്തി നിൽക്കുന്നു.. സ്റ്റാഫുകളുടെ ശിക്ഷണത്തിൽ വിദ്യാർത്ഥികൾ വിദ്യ നുകരുന്നു. മസ്ജിദ്, അഗതി മന്ദിരം, ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂൾ, ഡിഗ്രി കോളേജ് എന്നിവയാണ് കാമ്പസിനകത്ത് പ്രവർത്തിക്കുന്നത്.

### പഞ്ചായത്തിലെ മതവിദ്യാകേന്ദ്രങ്ങൾ

1. സുബുലുസ്സലാം മദ്രസ-1946
2. അൽമദ്റസ്സതു സുന്നിയ്യ-കുന്നത്തുപള്ളി-1990
3. അലിഫ് സുന്നി മദ്രസ-2006
4. താജുൽ ഉലൂം അഗതി അനാഥ മന്ദിരം-വളപട്ടണം-1983
5. ക്രസന്റ് സെക്കണ്ടറി മദ്രസ-കീരിയാട്-1988



ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ



സുബുലുസ്സലാം മദ്രസ

# വളപട്ടണവും ദേശീയ പ്രസ്ഥാനങ്ങളും

സ്വാതന്ത്ര്യ സമരത്തിൽ മഹത്തായ പങ്കുവഹിച്ചൊരു ചരിത്രം വളപട്ടണത്തിനു പറയാനുണ്ട്. വൈദേശികാധിപത്യത്തെ തടഞ്ഞ്നിർത്തുന്നതിൽ പ്രധാന പങ്ക്വഹിച്ചൊരു നാടാണ് വളപട്ടണം. ടിപ്പുവിന്റെ മൈസൂർ സൈന്യത്തിനെതിരെ നായർ പടയാളികൾക്ക് നേതൃത്വം നൽകി പോരാടിയ 'വെള്ളവക്കമ്മു' എന്ന മുഹമ്മദ് അയാസ്ഖാനാണ് ഈ പോരാട്ടങ്ങളുടെ ആദ്യ കണ്ണി. ചിറക്കൽ കോലത്തിരിയും അറക്കൽ രാജാവുമൊത്ത് ചേർന്ന് കണ്ണൂർ കോട്ട പിടിച്ചെടുക്കാൻ വളപട്ടണത്തെ മുസ്‌ലിംകൾ നടത്തിയ ധീര സമരത്തെ 'തുഹ്ഫത്തുൽ മുജാഹിദീൻ 'വരച്ചു കാട്ടുന്നുണ്ട്. പിന്നീട് ഡച്ചുകാരുമായും ബ്രിട്ടീഷുകാരുമായും ഈ യുദ്ധം തുടർന്ന് കൊണ്ടേയിരുന്നു. പഴയ ചിറക്കൽ താലൂക്കിൽപ്പെട്ട വളപട്ടണത്ത് സ്വാതന്ത്ര്യസമര പ്രസ്ഥാനം ആരംഭിക്കുന്നത് 1925 -30 കാലഘട്ടത്തിലാണ്. സ്വാതന്ത്ര്യസമരകാലത്ത് ഖിലാഫത്ത് പ്രക്ഷോഭവുമായി സഹകരിച്ച് കൊണ്ട് ഈ നാട് പോരാട്ടം നിലനിർത്തി. ഖിലാഫത്ത് പ്രക്ഷോഭവുമായി ബന്ധപ്പെട്ട് അലി സഹോദരന്മാർ, ഫാത്തിമ ജിന്ന, മിസ്സിസ് ലിയാഖത്ത് അലിഖാൻ, സത്താർ സേട്ട് തുടങ്ങിയവർ വളപട്ടണം പൊക്കിലകത്ത് ഭവനത്തിൽ താമസിച്ചിട്ടുണ്ട്. അന്ന് പൊക്കിലകത്ത് ഭവനമായിരുന്നു ഖിലാഫത്തിന്റെ സിരാകേന്ദ്രം. സയ്യിദന്മാരും സുന്നി പണ്ഡിതന്മാരുമായിരുന്നു സമരത്തിന് നേതൃത്വം നൽകിയത്.

കോൺഗ്രസ് നേതാവ് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പ്രവർത്തനങ്ങളും മുസ്‌ലിം ലീഗിന്റെ വിയോജിപ്പും ഇതിന്റെ തുടർഭാഗങ്ങളാണ്.

### ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭവും പണിക്കറകത്ത് സാലിമൗലവിയും

1942-ലെ ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ട സംഭവം സ്മരി

ക്കപ്പെടേണ്ടതുണ്ട്. സമരത്തെ നേരിടാൻ വളപട്ടണത്ത് അന്ന് ബ്രിട്ടീഷ് പട്ടാളം എല്ലാ സന്നാഹങ്ങളും തയ്യാറാക്കിയിരുന്നു. ക്വിറ്റ് ഇന്ത്യാ പ്രമേയം പാസാക്കുന്നതിനും യോഗം ചേരുന്നതിനും ജാഥ നടത്തുന്നതിനും പട്ടാളത്തിന്റെ വർദ്ധിച്ച സാന്നിദ്ധ്യം കൊണ്ട് കഴിയുമായിരുന്നില്ല.

എന്നാൽ വളപട്ടണത്തെ ധീര ദേശാഭിമാനികൾ പകൽ സമയത്ത് കോഹിനൂർ കമ്പനിയുടെ പരിസരത്ത് ഒളിച്ചിരുന്ന് പാതിരാത്രിയിൽ വലിയൊരു തോണിയിൽ കയറി വളപട്ടണം പഴയപാലത്തിന് എതിർവശത്തുള്ള പാറക്കൂട്ടങ്ങളിൽ ഒളിച്ചിരുന്ന് (ഈപാറ പിന്നീട് 'ക്വിറ്റ് ഇന്ത്യാ പാറ' എന്ന പേരിൽ പ്രസിദ്ധമായി) രാവിലെ കീരിയാട് വയൽ പ്രദേശത്ത് ഇറങ്ങി ഏകദേശം അമ്പതോളം സംഘം കാൽനടയായി ഗൈറ്റിന്റെവിടേക്ക് നടന്നു നീങ്ങുകയും അവിടെ യോഗം ചേർന്ന് ക്വിറ്റ് ഇന്ത്യാ പ്രമേയം പാസ്സാക്കുകയും ചെയ്തു. ഇവിടെ വെച്ച് ബ്രിട്ടീഷ് പട്ടാളം ജാഥയെ തടയുകയും അംഗങ്ങളെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. ഈ സംഭവം എ.കെ.ജി. തന്റെ ആത്മകഥയായ 'എന്റെ ജീവിതം' (പുസ്തകം പേജ് 34)ൽ വിശദീകരിക്കുന്നുണ്ട്. ഇതിന് നേതൃത്വം കൊടുത്ത പണിക്കറകത്ത് സാലി മൗലവി എന്ന സ്വാതന്ത്ര്യ സമരസേനാനിയെ വിചാരണക്കായി ബ്രിട്ടീഷ് കോടതിയിൽ ഹാജരാക്കുകയും പേരും പിതാവിന്റെ പേരും ചോദിച്ചുകഴിഞ്ഞപ്പോൾ 'തൊഴിൽ'എന്താണെന്ന മജിസ്ട്രേട്ടിന്റെ ചോദ്യത്തിന് അദ്ദേഹം നൽകിയ ധീരമായ മറുപടി 'ജന്മനാട്ടിൽനിന്ന് വിദേശീയരെ തുരത്താനുള്ള പ്രയത്നമാണ് എന്റെ തൊഴിൽ' എന്നായിരുന്നു. ഈ മറുപടി ജഡ്ജിയെ അമ്പരപ്പിച്ചു.

തുടർന്നുള്ള വിധി പ്രസ്താവനയിൽ പോലീസിന്റെ കണ്ണ് വെട്ടിച്ച് 600 മൈൽ ദൂരം സഞ്ചരിച്ചിട്ടും സംഭവം അറിയാനൊക്കാത്ത പോലീസിന്റെ വീഴ്ചയെ ജഡ്ജി വിമർശിക്കുകയും ദേശാഭിമാനികളുടെ ധീരതയെ വാഴ്ത്തുകയും എങ്കിലും ബ്രിട്ടീഷ് വൈസ്രോയിയുടെ ഭരണത്തിനെതിരെ സമരം ചെയ്തതിന് സാലി മൗലവിയടക്കമുള്ള സ്വാതന്ത്ര്യസമരസേനാനികൾക്ക് രണ്ട് വർഷം കഠിനതടവ് വിധിക്കുകയും ചെയ്തു.

സ്വാലിഹ് മൗലവി 1943ൽ മരണപെട്ടു. അദ്ദേഹം അൽ അമീൻ മാസികയുടെ പത്രാധിപരായിരുന്നു. ഇദ്ദേഹത്തിന്റെ അനുജൻ വളപട്ടണം അബ്ദുള്ള കോഴിക്കോട് ചിന്തകൻ മാസിക നടത്തുകയും സ്വദേശാഭിമാനിക്ക് മുമ്പ് അത് ബ്രിട്ടീഷുകാർ കണ്ടുകെട്ടുകയും ചെയ്തു.

## ബി.ടി മുഹമ്മദും മമ്മുസാഹിബും


മറ്റൊരു സംഭവം വളപട്ടണം പോലീസ് സ്റ്റേഷന്റെ മുറ്റത്തുള്ള മാവിൽ ഇന്ത്യൻ പതാക ഉയർത്തി അധികാരികളെ ഞെട്ടിച്ച സംഭവമായിരുന്നു. രാത്രിയിൽ പോലീസിന്റെയും പട്ടാളത്തിന്റെയും കണ്ണുവെട്ടിച്ച് മാവിൽ കയറി ഒളിച്ചിരുന്നു. നേരം പുലരും മുമ്പ് മാവിന് മുകളിൽ ദേശീയ പതാക ഉയർത്തി കെട്ടുകയും അധികാരികളുടെ ദൃഷ്ടിയിൽപെടാതെ രക്ഷപ്പെടുകയും ചെയ്തത് 'വയലുമ' എന്ന പേരിൽ അറിയപ്പെടുന്ന ബി.ടി. മുഹമ്മദ് എന്ന സ്വാതന്ത്ര്യസമരസേനാനിയുടെ ധീരകൃത്യമാണ്. സി.കെ. രാജ ഗോ ബാക്ക് എന്ന് എഴുതിവെച്ച അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാൻ പോലീസ് നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെടുകയായിരുന്നു.

സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു വേളാപുരത്ത് മമ്മു

**1946ൽ നടന്ന മദിരാശി അസംബ്ലി പൊതുതെരഞ്ഞെടുപ്പിൽ 'മുസ്ലിം മജ്‌ലിസ്' സ്ഥാനാർത്ഥിയായി വി. മമ്മു സാഹിബ് മത്സരിച്ചു.**



സയ്യിദ് പി.സി. മുത്തുക്കോയ തങ്ങൾ


ബി.കെ. അഹമ്മദ്കുഞ്ഞി

സാഹിബ്. നാടിന്റെ പ്രശ്നങ്ങളിൽ ഇടപെടുകയും ബോധവൽകരണതിന് ചില വെള്ളിയാഴ്ചകളിൽ ജുമുഅക്ക് ശേഷം ജുമാമസ്ജിദിൽ വെച്ച് പ്രസംഗിക്കാറുമുണ്ടായിരുന്നു. 1946 ൽ നടന്ന മദിരാശി അസംബ്ലി പൊതു തെരഞ്ഞെടുപ്പിൽ മുസ്‌ലിം മജ്‌ലിസ് സ്ഥാനാർത്ഥിയായി അദ്ദേഹം മൽസരിച്ചു. മലബാർ ജില്ലാ ബോർഡിലേക്ക് വന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ടിക്കറ്റിൽ അദ്ദേഹം മുസ്ലിംലീഗ്സ്ഥാനാർത്ഥിക്കെതിരെ മൽസരിച്ചു. തന്റെ പാർട്ടിയുൾപ്പടെയുള്ള സപ്ത മുന്നണി കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് എതിരായി ഒരു ദിവസത്തെ കേരള ബന്ദിന് ആഹ്വാനം ചെയ്തപ്പോൾ ബന്ദ് ദേശ വിരുദ്ധമാണെന്നും നേതൃത്വത്തിന്റെ തീരുമാനം പുന:പരിശോധിക്കണമെന്നും ആവശ്യപ്പെട്ട് പ്രമേയം പാസാക്കി ബന്ദിനെതിരെ പ്രതികരിച്ച കേരളത്തിലെ ഏക ഘടകം വളപട്ടണം കോൺഗ്രസ് കമ്മറ്റിയായിരുന്നു. ഇതിൽ മമ്മു സാഹിബ് നേതൃപരമായ പങ്ക് വഹിച്ചു. 1960 ലെ കേരള ബന്ദിൽ നടന്ന പോലീസ് വെടിവെപ്പിലും സാക്ഷിയായിരുന്നു.

വളപട്ടണം മന്ന ഖബർസ്ഥാനിന് മതിൽ കെട്ടേണ്ട ആവശ്യകതയെ പറ്റി ആദ്യമായി പ്രസംഗിച്ചത് അദ്ദേഹമാണ്. തൽഫലമായി യഹ് യ പൂക്കോയ തങ്ങളുടെ നേതൃത്വത്തിൽ കുഞ്ഞി പരീക്ക, മമ്മുസാഹിബ്, പക്കു സാഹിബ് എന്നിവർ ഈ കർമം ചെയ്തു തീർത്തു. ഇദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻ ഒരു സമാരകം പോലും നിലവിൽ ഇല്ല.

ഇതോടൊപ്പം തന്നെ 'ഖിലാഫത്ത സ്കൂൾ' എന്ന പേരിൽ പ്രസിദ്ധമായ മദ്രസ 'മില്ലിയ്യ ഇസ്ലാമിയ്യ' 1921ൽ രാജാജി ഉദ്ഘാടനം ചെയ്ത് ആരംഭിക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം ബഹിഷ്ക്കരിച്ച് അറബിയും ഉറുദുവും പാഠ്യ വിഷയമായി പഠിപ്പിക്കുകയും 'എലിമെന്ററി സ്കൂളിനെ'ബഹിഷ്ക്കരിക്കുകയും ചെയ്തു. ഖിലാഫത്ത് സ്കൂൾ പിന്നീട് 1940-ൽ കക്കുളങ്ങര പള്ളിക്ക് സമീപത്തായി നടത്തുകയും പിന്നീടത് ഇന്നത്തെ സുബുലുസ്സലാം മദ്രസയും സ്കൂളുമായി മാറുകയും ചെയ്തു. 1946-ൽ ലിയാഖത്ത് അലിഖാനാണ് മദ്രസയുടെ ശിലാസ്ഥാപനകർമ്മം നടത്തിയത്.

ഇതോടൊപ്പം തന്നെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് മുമ്പ് മദ്രസയിൽ ചേർന്ന മുസ്ലീംലീഗ് സമ്മേളനവും എടുത്തുപറയേണ്ട സംഭവമാണ്. കോൺഗ്രസ്സിന്റെ സ്വാതന്ത്ര്യ സമര ചരിത്രകാലത്ത് മഹാത്മജി വളപട്ടണത്തു കൂടെ നടന്നുപോയിട്ടുണ്ടായിരുന്നുവെന്നും അന്ന് പാതയുടെ ഇരുവശത്തും മരങ്ങൾ തണൽ വിരിച്ചിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. 1964 ൽ കാമരാജ് വളപട്ടണത്ത് പൊതു പരിപാടിയിൽ പങ്കെടുത്തതും 1960 64 കാലത്ത് ശ്രീ കെ കുഞ്ഞമ്പു പിന്നാക്ക ക്ഷേമ മന്ത്രിയായതും പ്രസ്താവ്യമാണ്.

## സ്വാതന്ത്ര്യ സമര നിരയിലെ ധീരമുഖങ്ങൾ

കൈകൊണ്ട് എഴുതിയുണ്ടാക്കിയ ക്വിറ്റ് ഇന്ത്യാ പോസ്റ്റർ


പൊക്കിലകത്ത് സയ്യിദ് ഭവനം

വളപട്ടണം പോലീസ് സ്റ്റേഷനു മുമ്പിലാണ് സബ് ഇൻസ്പെക്ടരുടെ ശവകുടീരമുള്ളത്. ഇങ്ങനെ ദേശീയ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ഒട്ടേറെ നാഴികക്കല്ലുകൾ നാട്ടി വളപട്ടണം ഇന്നും ദേശ സ്നേഹത്തിന്റെ മകുടോദാഹരണമായി നിലകൊള്ളുന്നു.

പോലീസ് സ്റ്റേഷൻ മതിലിൽ പതിച്ച് വെള്ളക്കാരൻ ഗോബാക്ക് എന്ന് വിളിച്ചതിനാൽ കൊടിയ മർദ്ധനം ഏറ്റുവാങ്ങിയ കിസ്ക്കിയ ഇബ്രാഹീം ധീരതയുടെ പര്യായമാണ്. വിദേശ വസ്ത്ര ബഹിഷ്ക്കരണ ഭാഗമായി സ്വാലിഹ് മൗലവിയോടൊപ്പം ഖദർ വിറ്റു നടന്ന് അറസ്റ്റ് വരിച്ച ബി.കെ അഹ്മദ് കുഞ്ഞി, സ്വാതന്ത്ര്യ സമരത്തിന്റെ സർവ മേഖലയിലും സ്വാലിഹ് മൗലവിയോടൊപ്പം മുന്നിൽ നിന്ന പൊക്കിലകത്ത് സയ്യിദ് മുത്തുക്കോയ തങ്ങൾ പിസി, 1932 ൽ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനോടൊപ്പം ദേശീയ സമരത്തിൽ ത്യാഗം സഹിച്ച ഇ. മൊയ്തു മൗലവിയുടെ സതീർത്ഥ്യൻ കൂടിയായ ബുൾബുൾ തങ്ങളെന്ന വി.കെ കോയമ്മ തങ്ങൾ എന്നിവരെല്ലാം സ്വാതന്ത്ര്യ ബോധത്തിന്റെ തിളങ്ങുന്ന മുസ്ലിം മുഖങ്ങളാണ്. ഇന്നും മുടങ്ങാതെ സ്വാതന്ത്ര്യ ദിനത്തിൽ (ആഗസ്ത് 15) പതാക ഉയർത്തുന്ന തങ്ങൾ ഭവനമാണ് പൊക്കിലകത്ത്. രാഷ്ട്രീയ കോടതി കൂടിയായി പ്രവർത്തിച്ചിരുന്ന ഇവിടം സിംഗിൾ, ഡബ് ൾ (ഡിവിഷൻ) ബെഞ്ചുകൾ കൂടിയുണ്ടായിരുന്നു എന്നത് സ്മരണീയമാണ്..

പ്രൗഢമായ ഈയൊരു സമര ചരിത്രത്തിലേക്ക് ആകർഷിതരായാണ് 1914 കാലത്ത് പോലീസ് അറസ്റ്റ് ഭയന്ന് ഒളിവിൽ പോയ കെ. എം. മൗലവിയെ പോലെയുള്ളവർ മറക്കുപുറത്തിറങ്ങി, വളപട്ടണത്തെത്താൻ കാരണം. ഇസ്സുദ്ധീൻ മൗലവിയുടെ ' മുസ്ലിം മജ്‌ലിസു'മെല്ലാം ഉയിർകൊണ്ടത് വളപട്ടണം ഊർജ്ജം നൽകിയ രാഷ്ട്രീയ അവബോധത്തിൽ നിന്നാണ്.

മഹാത്മാ ഗാന്ധിയുടെ പ്രഥമ പുത്രനായ 'ഹിരാലാൽ ഗാന്ധി' 'അബ്ദുല്ലാ ഗാന്ധി'യായി ഇസ്‌ലാം മതം സ്വീകരിക്കുകയും ശേഷം വളപട്ടണത്ത് എത്തിയ അദ്ദേഹത്തെ വളപട്ടണക്കാർ ഹാർദ്ദവമായി സ്വീകരിക്കുകയും മൂന്ന് ദിവസക്കാലം ഇദ്ദേഹം പൊക്കിലകത്ത് ഭവനത്തിൽ താമസിക്കുകയും ചെയ്തത് പഴയ 'ഇശാഅത്ത് മാസിക'യിൽ വായിക്കാവുന്നതാണ്. ഇ. മൊയ്തു മൗലവിയുടെ പിതാവായ മരക്കാർ മൗലവി വളപട്ടണവുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു. ഇദ്ദേഹമാണ് കക്കുളങ്ങര മാല എന്ന ചരിത്ര കാവ്യം രചിച്ചത്.



പൊക്കിലകത്ത് സയ്യിദ് ഭവനം

കമ്മ്യൂണിസ്റ്റ് നേതാവായ എ.കെ.ജിയുടെയും കേരളീയന്റെയും സഖാവ് കൃഷ്ണപിള്ളയുടെയും കെ. കുഞ്ഞമ്പുവിന്റെയും അഴീക്കോടന്റെയും പ്രവർത്ത്നങ്ങൾക്കും വളപട്ടണം സാക്ഷിയായിട്ടുണ്ട്. സാമുവൽ ആറോൺ സ്ഥാപിച്ച കോട്ടൺമില്ലായിരുന്നു ഇവരുടെ പ്രധാന പ്രവർത്തന കേന്ദ്രം. മൊറാഴയിൽ നടന്ന കമ്മ്യൂണിസ്റ്റ് വിപ്ലവത്തിൽകൊല്ലപ്പെട്ട സബ്ഇൻസ്പെക്ടർ കുട്ടികൃഷ്ണൻ മാരാരും ഒരു പോലീസ്കാരനും വളപട്ടണം പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരായിരുന്നു. വളപട്ടണം പോലീസ് സ്റ്റേഷനു മുമ്പിലാണ് സബ് ഇൻസ്പെക്ടരുടെ ശവകുടീരമുള്ളത്. ഇങ്ങനെ ദേശീയ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ഒട്ടേറെ നാഴികക്കല്ലുകൾ നാട്ടി വളപട്ടണം ഇന്നും ദേശ സ്നേഹത്തിന്റെ മകുടോദാഹരണമായി നിലകൊള്ളുന്നു. ഇപ്പോഴും ജീവിക്കുന്ന സ്വാതന്ത്ര്യസമരസേനാനികളിൽ പ്രമുഖർ പീച്ചാളി ബാലൻ മാസ്റ്റർ, കുഞ്ഞിമൊയ്തീൻക്ക എന്നിവരാണ്.

സയ്യിദ് മശ്ഹൂർ
ഉമ്പിച്ചിക്കോയ തങ്ങൾ സാനി

# മഹത്തായ മശ്ഹൂർ പാരമ്പര്യം

## എന്റെ 6-മത്തെ ബാപ്പ ഹളറമൗത്തിൽ നിന്ന് മുസല്ല വിരിച്ച് കേരളത്തിലേക്ക്

കേരള മുസ്ലിംകൾ സർവാത്മനാ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വളപട്ടണം സയ്യിദ് മശ്ഹൂർ വംശത്തെകുറിച്ച് അറിയപ്പെടുന്ന ചരിത്ര രേഖകൾക്ക് 300 വർഷം പഴക്കമുണ്ട്. യമനിലെ ഹളർമൗത്തിലെ തരിമീൽ നിന്ന് കോഴിക്കോട് ജില്ലയിലെ വടകര തായങ്ങാടി വന്ന് താമസമാക്കിയ ഖുതുബുസമാൻ സയ്യിദ് ശരീഫ് അബ്ദുറഹ്മാൻ മശ്ഹൂർ തങ്ങളാണ് ഇവരിൽ പ്രഥമൻ. മുത്ത്നബിയുടെ 30-ാം വംശപരമ്പരയിൽ പെട്ട ഇദ്ദേഹം വലിയ കറാമത്തിന്റെ ഉടമയും ഖുബുസമാൻ മമ്പുറം സയ്യിദ് അലവി (റ)ന്റെ ശൈഖുമായിരുന്നു. മമ്പുറം തങ്ങൾ ഇദ്ദേഹത്തെ സന്ദർശിക്കാൻ വന്നാൽ ബഹുമാനത്തോടെ തന്റെ ചെരിപ്പുകൾ ദൂരെ അഴിച്ച് വെക്കുമായിരുന്നു.

വഫാത്തിന്റെ സമയത്ത് പ്രവചിച്ച കറാമത്ത് പ്രസിദ്ധമാണ്. ഞാൻ മരിച്ച് കഴിഞ്ഞാൽ കാരക്കാട്ടും വടകരയിലും ഖബർ കുഴിക്കണമെന്നും രണ്ടിടത്തും ഉണ്ടാവുമെന്നും ജനാസ ആർക്കാണ് പൊന്തുന്നത് അവർ എടുത്തു കൊണ്ടുപോകട്ടെ എന്നും വസിയ്യത്ത് ചെയ്തു. അതനുസരിച്ച് ആദ്യം കാരക്കാട്ടുകാരും ശേഷം വടകരക്കാരും ശ്രമിച്ചു. വടകരക്കാർക്കാണിതിന് ഭാഗ്യമുണ്ടായത്. അതിനാൽ താഴത്തങ്ങാടി മഖാമിൽ ഖബറടക്കി.

തന്റെ കാരണവരായി സയ്യിദ് ഹാമിദ് ബാഅലവി എന്ന ചെറുസീതി തങ്ങളുടെ ഏകമകൾ ഖദീജ ബീവിയെയാണ് മഹാൻ വിവാഹം കഴിച്ചത്. കല്ല്യാണം വടകരയിൽ നടന്നെങ്കിലും

നിശ്ചയിച്ചിരുന്നത് ഹളറമൗത്തിൽ വെച്ചായിരുന്നു. കാരണവരായ ചെറുസീതി തങ്ങളുടെ കൂടെ കേരളത്തിലേക്ക് സയ്യിദ് അബ്ദുറഹിമാൻ മശ്ഹൂർ തങ്ങൾക്ക് വരാൻ സാധിച്ചിരുന്നില്ല.എങ്കിലും ചെറുസീതി തങ്ങൾ മുൻനിശ്ചയിച്ച പ്രകാരം നാട്ടുകാരെ വിവാഹത്തിന് ക്ഷണിച്ചു. ഒരുക്കങ്ങൾ പൂർണ്ണമായി. പുതിയാപ്പിള മാത്രം എത്തിയില്ല. ഉടനെ ചെറുസീതി തങ്ങൾ ജനങ്ങളെ കടപ്പുറത്തേക്ക് ക്ഷണിച്ചു. അതാ തൂവെള്ള വസ്ത്രവും ഹള്റമീ തലപ്പാവുമണിഞ്ഞ ഒരാൾ മുസല്ലയിൽ ഇരുന്ന് ഓളപ്പരപ്പിലൂടെ കടന്നുവരുന്നു. ജനങ്ങൾ തക്ബീർ ധ്വനികളാലെ മഹാനെ സ്വീകരിച്ചു. കല്ല്യാണം കെങ്കേമമായി നടന്നു. അദ്ദേഹത്തിന്റെ മകനാണ് സയ്യിദ് മുഹമ്മദ് മശ്ഹൂർ. ഇവരുടെ മകനാണ് സയ്യിദ് ശരീഫ് അബ്ദില്ലാഹിൽ മശ്ഹൂർ ഇദ്ദേഹം വിവാഹം ചെയ്തത് വളപട്ടണത്താണ്. ഇവരുടെ മകനാണ് അൽവലിയ്യുൽ മശ്ഹൂർ അഅ്ളം സയ്യിദ് അലി എന്ന സയ്യിദാലി തങ്ങൾ.

സയ്യിദാലി തങ്ങളുടെ ശൈഖായ മമ്പുറം തങ്ങളിൽ നിന്ന് ചികിത്സയുടെ ഇജാസത്തും വസൂരി, പ്ലേഗ് തുടങ്ങി മാറാവ്യാധികൾ ചികിത്സിക്കാൻ സമ്മതം വാങ്ങുകയും ഒരുപച്ചഷാൾ തല



യിൽ അണിയിക്കുകയും ചെയ്തു. അദ്ദേഹത്തിന് ധാരാളം മുരീദുമാരുണ്ടായിരുന്നു. സയ്യിദാലി തങ്ങൾപള്ളിയെന്നറിയപ്പെടുന്ന കണ്ണൂരിലെ അത്താഴക്കുന്ന് ജുമാമസ്ജിദ് സ്ഥാപിച്ചത് ഇദ്ദേഹമാണ്. ഈ അടുത്തകാലം വരെ അദ്ദേഹത്തിന്റെ മക്കളെ റമളാനിലെ ഒരു വെള്ളിയാഴ്ച കൂട്ടികൊണ്ടുവന്ന് ആദരിക്കുന്ന പതിവുണ്ടായിരുന്നു. പൊക്കിലകത്ത് മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഇദ്ദേഹത്തിന്റെ മകനാണ് ആരിഫ് ബില്ലാഹി സയ്യിദ് അലവി എന്ന വലിയ ഉമ്പിച്ചിക്കോയ തങ്ങൾ.


## വലിയ ഉമ്പിച്ചി തങ്ങൾ: അദ്ധ്യാത്മിക ലോകത്തെ വെള്ളിനക്ഷത്രം

വലിയ കറാമത്തിന്റെ ഉടമയാണ് വലിയ ഉമ്പിച്ചിക്കോയ തങ്ങൾ, കാഞ്ഞങ്ങാട് അതിഞ്ഞാൽ ജുമാമസ്ജിദിൽ കാകുമ എന്ന സ്ത്രീയുടെ മയ്യിത്ത് നിസ്കരിക്കാൻ വെച്ചപ്പോൾ, മരിച്ചിട്ടില്ല; കഫൻ പുടവ മാറ്റുക എന്ന് തങ്ങൾ പറഞ്ഞു. ശേഷം വെള്ളം തെളിച്ചപ്പോൾ മരിച്ചെന്നു കരുതിയ മയ്യിത്ത് എഴുന്നേറ്റതിന് ആ നാട്ടുകാർ ദൃക്സാക്ഷികളാണ്. കൂത്തുപറമ്പ് മറോളി കുഞ്ഞിക്കണ്ണൻ എന്ന പ്രമുഖന്റെ അസുഖം മന്ത്രിച്ചൂതി സുഖപ്പെടുത്തിയതിന്റെ പ്രതിഫലമായി കൂത്തുപറമ്പ് ജുമാമസ്ജിദിൽ ഒരു കുളവും പൊതുജനങ്ങൾക്ക് മാറോളി കുളവും നിർമ്മിച്ചുനൽകി.

സ്വദേശത്തും വിദേശത്തുമായി പതിനായിരക്കണക്കിന് ശിഷ്യഗണങ്ങൾ തങ്ങൾക്കുണ്ട്. തങ്ങളുടെ ശൈഖും മക്കയിലെ വിശ്രുത പണ്ഡിതനുമായ ശൈഖ് സൈനി ദഹ്‌ലാൻ (റ) തന്റെ കിതാബിൽ വലിയ ഉമ്പിച്ചിക്കോയ തങ്ങളെക്കറിച്ച് ഇങ്ങനെ എഴുതി. എന്റെ ഏറ്റവും വലിയ ഭാഗ്യമാണ് ഈ ശിഷ്യനെ കിട്ടിയത്. മെരുവമ്പായി മുഹ്യിദ്ദീൻ പള്ളി (താഴെപള്ളി) ശിവപുരം ജുമാമസ്ജിദ്, കൂത്തുപറമ്പ് ജുമാമസ്ജിദ്, നാദാപുരം ജുമാമസ്ജിദ് തുടങ്ങി ഒട്ടേറെ പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്.

നാദാപുരം പള്ളി പണിയാൻ ആവശ്യത്തിന് മരം ഉണ്ടായിരുന്നില്ല. ആർക്കും വഴങ്ങാത്ത പ്രകൃതക്കാരനായ കുറ്റ്യാടി തമ്പുരാന്റെ അടുക്കൽ ചെല്ലാൻ നാട്ടുകാർ തങ്ങളോട് പറഞ്ഞു. കുതിപ്പുറത്തേറി ചെന്ന തങ്ങളെ തമ്പുരാൻ തിരസ്കരിച്ചു. തമ്പുരാന്റെ ഇരിപ്പിടം വലയം ചെയ്യാൻ കുതിരയോട് ആജ്ഞാപിച്ചപ്പോൾ കൂട്ടത്തിൽ ഇരിപ്പിടവും കറങ്ങാൻ തുടങ്ങി. അത്ഭുതം പൂണ്ട തമ്പുരാൻ പള്ളിക്ക് വേണ്ടിയുള്ള മുഴുവൻ സൗകര്യവും ചെയ്തുകൊടുത്തു. തങ്ങളുടെ ഉമ്മ സയ്യിദത് സകീന ബീവിയുടെ ബാപ്പസയ്യിദ് അഫീഫുദ്ദീൻ അബ്ദുല്ലാ ഹൈദ്രോസ് തങ്ങൾ യമനിൽ നിന്ന് കേരളത്തിലെക്ക് ഹദ്ദാദ്ദീന്റെ ഇജാസത്ത് കൊണ്ടുവന്ന മഹാന്മാരിൽ പെട്ടവരാണ്. ഇപ്പോൾ പുതുക്കി പണിത വളപട്ടണം ഹൈദ്രോസ് പള്ളി പണിതത് ഇദ്ദേഹമാണ്. (അധികവായനക്ക് പൊക്കലകത്ത് മസ്ജിദ് അദ്ധ്യായം കാണുക.)

മമ്പുറം തങ്ങളെപോലെ മലബാർ കലാപങ്ങളുടെ കാലത്ത് ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങൾക്ക് വലിയഉമ്പിച്ചിതങ്ങൾ ആത്മീയ നേതൃത്വം നൽകിയിരുന്നു. സ്വാതന്ത്ര്യസമര സേനാനികളായ മരക്കാർ മൗലവി, അബ്ദുറഹിമാൻ സാഹിബ് തുടങ്ങിയവരുമായി സഹകരിച്ചു. പൊക്കിലകത്ത് മഖാമിന് പിന്നിലെ റൂം അവർക്ക് കോൺഗ്രസ് ഭവനമായിരുന്നു. മാതൃപിതൃപരമ്പരവഴി ഹസനിയും ഹുസൈനിയും ആയ തങ്ങൾക്ക് ഖുതുബി തങ്ങൾ, ചാലിൽ കുഞ്ഞഹമ്മദ് മുസ്ലിയാർ, വിലയുല്ലാഹ് സുലൈമാൻ മുസ് ലിയാർ




(സോപ്പ്), സയ്യിദ് അഹ്മദ് ആറ്റക്കോയ തങ്ങൾ (മാട്ടൂൽ ഖാസി), തുടങ്ങി നിരവധി പ്രഗത്ഭരായ ശിഷ്യരുണ്ടായിരുന്നു. അദ്ദേഹം പൊക്കിലകത്ത് സ്ഥാപിച്ച ഖുതുബ്ഖാനയെ കുറിച്ച് ശൈഖ് ഹസൻ ഹസ്റത്ത് പറഞ്ഞത് ഞാൻ വെല്ലൂരിൽ പൊലും കാണാത്ത അമൂല്യഗ്രന്ഥങ്ങൾ ഇവിടെകണ്ടു എന്നാണ്. ഇവിടെ ചാലികത്ത് കുഞ്ഞഹമ്മദാജി ദർസ് നടത്തുകയും മൗലാനാ ഖുതുബി തങ്ങൾ റമളാനിൽ ഇമാം, നിൽക്കുകയും ചെയ്തത് പ്രത്യേകം സ്മരണീയമാണ്. ഹിജ്റ 1337 ശഅ്ബാൻ 16 ന് മഹാനുഭവാൻ വഫാത്തായി. 17ന് ളുഹ്റിന് പൊക്കിലകത്ത് മഖാമിൽ ഖബറടക്കി. വളപട്ടണത്ത് ജനിച്ച സയ്യിദുമാരിൽ ഇദ്ദേഹത്തിന്റെ പേരിൽ മാത്രമേ മൗലിദ് രചിക്കപ്പെട്ടിട്ടുള്ളൂ.

അദ്ദേഹത്തിന്റെ അനുജന്മാരാണ് സയ്യിദ് യഹ്യ മശ്ഹൂർ പൂക്കോയ തങ്ങളും സയ്യിദ് മുഹമ്മദ് കുഞ്ഞിസീതി തങ്ങളും. പൂക്കോയ തങ്ങൾ മാനന്തവാടിക്കടുത്ത ഉള്ളിശേരിയിലേക്ക് പോകുകയും അവിടെ ഇബാദത്തിലായി കൂടുകയും ചെയ്തു. വയനാട്ടിലെ ലക്കിടിയിൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ച ശൈത്താനെ തുരത്തിയ ചരിത്രം അവിടെ പ്രസിദ്ധമാണ്. അദ്ദേഹം മാതാവ് വഴി ഹസൻ (റ), പിതാവ് വഴി ഹുസൈൻ (റ) ന്റെയും പരമ്പരയാണ്.

## സൽഗുണ സമ്പന്നനായ പിതാവ്:

മേൽ പറഞ്ഞ വലിയ ഉമ്പിച്ചിക്കോയ തങ്ങളുടെ മകനാണ്



മതസൗഹാർദത്തിന്റെ ബ്രാന്റ് അമ്പാസിഡർ സയ്യിദ് കോയക്കുട്ടിതങ്ങൾ ചിറക്കൽ കോവിലകം മുറ്റത്ത് (1964) ഏകമകൻ ഉമ്പിച്ചി തങ്ങൾ സമീപം

എന്റെ ബാപ്പ, ഖാസി സയ്യിദ് മശ്ഹൂർ കോയക്കുട്ടി തങ്ങൾ. വളപട്ടണം ജുമാ മസ്ജിദ്, കണ്ണോത്ത് ജുമാമസ്ജിദ് എന്നിവിടങ്ങളിലാണ് മതപഠനം, അന്നത്തെ എസ് എസ് എൽ സി പാസായ ബാപ്പ അറബി, ഇംഗ്ലീഷ്, ഉറുദു, ഭാഷകളിൽ സംസാരിക്കുമായിരുന്നു. പുല്ലൂപ്പി ജുമാമസ്ജിദ് ഉൽഘാടന പൊതുസമ്മേളനത്തിൽ ഇംഗ്ലീഷ് പ്രസംഗിച്ചപ്പോൾ സ്റ്റേജിലുണ്ടായിരുന്ന സി.എച്ച് അഭിനന്ദിക്കുകയുണ്ടായി. മത-സാമൂഹ്യ സാംസ്കാരിക മേഖലകളിൽ നിറഞ്ഞുനിന്ന പിതാവ് വളപട്ടണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചിരുന്നു. തികഞ്ഞ ഭക്തനും രാഷ്ട്രീയ തന്ത്രജ്ഞനും, സിദ്ധവൈദ്യനും, കൂടിയായിരുന്നു ബാപ്പ. അദ്ദേഹത്തിന്റെ ശ്രമഫലമായി പണിത കാഞ്ഞിലേരി ജുമാമസ്ജിദ് മുതവല്ലി സ്ഥാനം ഈ എളിയവനിൽ എത്തിനിൽക്കുന്നു.

1966 ൽ കാലത്ത് കർണാടകയിലെ മാങ്കൂട്ടം വസൂരി പടർന്ന് പിടിച്ച് ഒറ്റ ദിവസം 16 പേർ മരണപ്പെട്ട സംഭവമുണ്ടായി. പാണക്കാട് പൂക്കോയ തങ്ങളെ സമീപിച്ചപ്പോൾ കോയക്കുട്ടി തങ്ങളുടെ ചികിത്സ തേടാനായിരുന്നു നിർദ്ദേശം. കുഷ്ഠരോഗികളുടെ കൂടെ തുമസിച്ച് ഭക്ഷണം കഴിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്ത് പടർന്ന് പിടിച്ച മാറാവ്യാധി സുഖപ്പെടുത്തി. ഈ സംഭവത്തിനുശേഷം പൂക്കോയ തങ്ങൾ വളപട്ടണത്ത് വന്ന് കോക്കുട്ടി തങ്ങളെ കണ്ട് ദുആ ചെയ്യിച്ചാണ് തിരിച്ചുപോയത്. സൂഫിവര്യൻ വടകര മമ്മദാജി തങ്ങളടക്കം നിരവധി സാത്വികരായ പണ്ഡതർ തങ്ങളെ കാണാൻ വരാറുണ്ടായിരുന്നു.

മലബാറിലെ ഖാളി പദവി അലങ്കരിച്ചിരുന്നത് വളപട്ടണം സയ്യിദുമാരായിരുന്നു. ബാപ്പ 36-ാം ഖാസിയായി സ്ഥാനാരോഹണം ചെയ്യുന്ന വേളയിൽ ചിറക്കൽ തമ്പുരാൻ തലപ്പാവ് അണിയിക്കുകയും മലബാറിലെ ഹൈന്ദവ-മുസ്ലീം

**വേർപിരിയാത്ത ബന്ധം...**
**ചിറക്കൽ തമ്പുരാന്റെ കൂടെ**



പാരമ്പര്യ കലകളോടെ ആനയിക്കുകയും ചെയ്തിരുന്നു. പാരമ്പര്യ സൗഹാർദ്ദ സ്മരണകൾ പിന്നീട് ചരിതം മാത്രമായി. ചിറക്കൽ വലിയതമ്പുരാൻ വിടപറഞ്ഞപ്പോൾ ഞാൻ അവിടെ പോകുകയും പിന്നീട് എന്റെ മകളുടെ കല്ല്യാണത്തിന് രാജകുടുംബാംഗങ്ങൾ പങ്കെടുക്കുകയും ചെയ്തതിന്റെഫലമായി നിലച്ചുപോയ അറക്കൽ-ചിറക്കൽ രാജകുടുംബവുമായുള്ള ബന്ധം വീണ്ടും സുദൃഢമായി.

മരിക്കുന്നതിന് തലേന്ന് ചൊവ്വാഴ്ച വൈകുന്നേരം മുരീദായ അബൂബക്കർ ഹാജിയും (ലതീഫ് സഅദി പഴശിയുടെ പിതാവ്) പഴശി ഖാസി ഹുസൈൻ ഹാജിയും ബാപ്പയുടെ സമീപമുണ്ടായിരുന്നു. ബാപ്പ മൂന്ന് പ്രാവശ്യം ആവർത്തിച്ച് പറഞ്ഞു: അബൂബക്കറെ നാളെ ഒരു യാത്രയുണ്ട്. നിനക്ക് നാളെ വന്നുകൂടെത്സത ബാപ്പ പ്രവചിച്ചത് പോലെ പിറ്റേന്ന് ബാപ്പ വഫാത്തായി.

സഹജീവിളോട് ബാപ്പ കാരുണ്യംകാണിച്ചിരുന്നു. മിക്കപ്പോഴും ഭക്ഷണതളികക്ക് ചുറ്റും 11 പൂച്ചകൾ ബാപ്പയുടെ കൂടെയുണ്ടാകും.

തെരഞ്ഞെടുപ്പിൽ അന്നത്തെ കക്കുളങ്കര വാർഡിലാണ് ബാപ്പ മൽസരിച്ചത്. സ്കൂൾ കൊമ്പൗണ്ടിലെ കിണർ കുഴിച്ചതും ആ ഏരിയ സ്കൂളിന് നൽകിയതും ബാപ്പയാണ്.

## പൈതൃക വിശുദ്ധിയുടെ ഹളറമൗത്ത് പാരമ്പര്യം

സൂഫി ചക്രവാളത്തിലെ സൂര്യതേജസായ വലിയുല്ലാഹി ഉമ്പിച്ചിക്കോയ തങ്ങളുടെ മകനായ കോയക്കുട്ടി തങ്ങളുടെ ഏക മകനായി ജനിച്ചതിൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. ബാപ്പ കാണിച്ച ജീവിത മാതൃക മുറുകെപിടിച്ച് ആ പാതയിൽ അടിയുറച്ച് നിൽക്കാനായത് എന്റെ ഭാഗ്യമായി ഞാൻ കാണുന്നു. എന്റെ 12-ാം വയസിലാണ് ഹദ്ദാദ് റാത്തിബിന്റെ ഇജാസത്ബാപ്പ നൽകുന്നത്. മക്കയിലെ വിശ്രുത പണ്ഡിതൻ മർഹും സയ്യിദ്. അബ്ബാസ് മാലികിയിൽ നിന്ന് ഇജാസത്ത് സ്വീകരിക്കുകയും എനിക്ക് തലപ്പാവ് അണിയിക്കുകയും ചെയ്തു. 1983 കാലയളവിൽ ഗൾഫിലേക്കും പോകാൻ ഒരുങ്ങിയ എന്നോട് സി.എം.വലിയുല്ലാഹി പറഞ്ഞത്, തങ്ങൾ അവിടെ തന്നെ ഇരിക്കുക, സേവനം ചെയ്യുക എന്നാണ്.

1986ൽ അജ്മീറിൽ ചെന്നപ്പോൾ പ്രത്യേക ദിക്റുകൾ ചൊല്ലാൻ സ്വപ്നദർശനമുണ്ടാവുകയും ശൈഖ് ഹുസൈൻ ചിഷ്ത്തിയിൽ നിന്ന് ചിഷ്ത്തി ത്വരീഖത്ത് സ്വീകരിക്കുകയും ചെയ്തു. മഹാനായ ശൈശേഖ് തങ്ങളിൽ നിന്ന് ഖാദിരിയ്യത്വരിഖതും കക്കിടിപ്പുറം തങ്ങളിൽ നിന്ന് നാരിയത് സ്വലാത്തിന്റെ ഇജാസത്തും വാങ്ങിയിട്ടുണ്ട്. ബഹ്റൈനിലെ ശൈഖ് മുഹമ്മദ് യാക്കൂബുൽ ഇജാസി, വടകര മമ്മദ്ഹാജി തങ്ങൾ താജുൽ ഉലമ ഉള്ളാൾ തങ്ങൾ, നൂറുൽ ഉലമ എം.എ. ഉസ്താദ്, എന്നിവർ തബറുകിന്റെ ശൈഖുമാരാണ്. ബഗ്ദാദ്, ഈജിപ്ത്, പലസ്തീൻ,ജോർദ്ദാൻ,ഇസ്രയേൽ,സൗദി എന്നിരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. കേരളത്തിലുടനീളം നിരവധി ആത്മീയ മജ്ലിസ്സുകൾക്ക് നേതൃത്വം നൽകിവരുന്നു.

*മശ്ഹൂർ മുല്ലക്കോയതങ്ങൾ, ആറ്റക്കോയ തങ്ങൾ എന്നിവർ മുഖേന കൈമാറി വന്ന പാരമ്പര്യ ഇസ്ലാമിക ചികിത്സക്ക് 536 വർഷത്തോളം പമക്കമുണ്ട്. പഴയ കൈയ്യെഴുത്ത് കിതാബുകളാണ് ചികിത്സക്ക് ആധാരമാക്കുന്നത്. ബാപ്പന്റെ കസേരയിൽ ഇരുന്നാണ് കഴിഞ്ഞ 43 വർഷമായി ചികിത്സനടത്തുന്നത്. അദ്ദേഹത്തിന്റെ തലപ്പാവും തിരുശേഷിപ്പുകളും ഇന്നും നിധിപോലെ സൂക്ഷിക്കുന്നു*

*വീടുകളുടേയും കിണറുകളുടേയും സ്ഥാനം നിർണയിക്കുന്നതിൽ തങ്ങൾക്കുള്ള കഴിവ് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. രാവിലെ 11 നും വൈകുന്നേരം 5 നുമിടയിൽ തങ്ങളെ കാണാൻ വരുന്ന വിശ്വാസികൾക്ക് ബൈതുൽ മുഹമ്മദിയ്യ ഒരു അഭയകേന്ദ്രമാണ്.*

# വളപട്ടണത്തു ജനിച്ച മഹാന്മാർ

## സയ്യിദ് അബ്ദുൽ ഖാദിർ സാനി ബലാഫത്തനി (റ) യെന്ന ആത്മീയ ജ്യോതിസ്

**കേ**രളത്തിലെ പുരാതന പട്ടണമായ വളപട്ടണത്താണ് അശ്ശൈഖ് അബ്ദുൽ ഖാദിർ സാനി (റ) ജനിച്ചത്. സൂഫിവര്യനും ഹമദാനി ത്വരീഖത്തിന്റെ ശൈഖും ഹമദാൻ ദേശത്തിന്റെ ഭരണാധിപനുമായിരുന്ന ശൈഖ് ഉസ്മാൻ (റ) ആണ് പിതാവ്. മാതാവ് വഴിക്ക് ഖലീഫ അബൂബക്കർ സിദ്ദീഖ് (റ) ലും പിതാവ് വഴിക്ക് അബൂ ഉബൈദ (റ) ന്റെ പരമ്പരയിലുമാണ് ശൈഖിന്റെ സിൽസില ചെന്നെത്തുന്നത്.

ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ)ക്ക് ശേഷം അബ്ദുൽ ഖാദിർ എന്ന പേരിൽ 'ഗൗസുൽ അഅ്ളം' എന്ന അത്യുന്നത പദവിയിൽ ലോകത്ത് പ്രസിദ്ധനായത് ശൈഖവർകൾ ആയതിനാൽ സാനി (രണ്ടാമൻ) എന്ന പേരിൽ അറിയപ്പെടുന്നു. ശൈഖ് ജിലാനി (റ)യെ പോലെ ശൈഖ് സാനി (റ) കാമിലും മുകമ്മിലുമായ മുറബ്ബിയാണ്. ശരീഅത്തിന്റെയും ഹഖീഖത്തിന്റെയും മഹാസമുദ്രമായിരുന്ന അദ്ദേഹം സുഹ്റവർദീ ത്വരീഖത്താണ് സ്വീകരിച്ചിരുന്നത്. ജീവിതകാലത്ത് എന്നപോലെ വഫാത്തിനുശേഷവും ശൈഖവർകൾ തർബിയത്ത് ചെയ്തുകൊണ്ടിരുന്നു. പൊന്നാനിയിലെ മഖ്ദൂം അശ്ശൈഖ് അബ്ദുറഹ്മാനുൽ ഉമ്മാനി (റ), ശൈഖ് ഉസ്മാനുൽ മാറാഈ (റ), റളിയുദ്ധീനുൽ ബലാഫതനി (റ), ശൈഖ് മുഹമ്മദ് ത്വബീബ് (റ), ശൈഖ് അലി (റ), അശ്ശൈഖ് കമാലുദ്ധീൻ (റ) തുടങ്ങിയ മഹാന്മാർ ശൈഖവർകളുടെ തർബിയത്ത് കൊണ്ടാണ് ഉന്നതമായ ആത്മീയ നേതൃത്വം നേടിയത്.

> മാതാവ് വഴിക്ക് ഖലീഫ അബൂബക്കർ സിദ്ദീഖ് (റ) ലും പിതാവ് വഴിക്ക് അബൂ ഉബൈദ (റ) ന്റെ പരമ്പരയിലുമാണ് ശൈഖിന്റെ സിൽസില ചെന്നെത്തുന്നത്.

ഇറാഖിലെ ഹമദാൻ നാട്ടിന്റെ ഭരണാധികാരിയായിരുന്ന ഉസ്മാനുൽ ഹമദാനീ (റ) തന്റെ ഭൗതിക സ്ഥാനമാനങ്ങൾകൊണ്ട് മനസ്സിൽ നാമ്പിട്ടിരിക്കുന്ന ആത്മീയ ദാഹം ശമിപ്പിക്കാൻ സാധ്യമല്ലെന്നു മനസ്സിലാക്കിയപ്പോൾ, ഭരണാധികാരം വിട്ടൊഴിഞ്ഞു അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ദേശാടനം ചെയ്യാനിറങ്ങി. വിവിധ നാടുകളിലെ മഹാന്മാരുടെ അനുഗ്രഹവും വാങ്ങി അദ്ദേഹം വളപട്ടണത്തെത്തി. സയ്യിദ് ഇസ്മാഈൽ ബുഖാരി തങ്ങളുടെ കാലത്തായിരുന്നു ഇത്. ഇസ്മാഈൽ ബുഖാരി (റ) തന്റെ കാരണവരായ സീതി ഇബ്രാഹിം (റ)വിന്റെ ഭക്തയും കുലീനയുമായ മകളെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു. ഭാര്യ ഗർഭിണിയായതിനുശേഷം അദ്ദേഹം സയ്യിദ് ഇസമാഈൽ അക്ബർ (റ)നോട് ഭാര്യക്ക് പ്രസവസമയത്തുള്ള ചെലവിനും കുട്ടിക്ക് അബ്ദുൽ ഖാദിർ എന്ന പേര് നൽകണമെന്ന വസിയ്യത്തും ചെയ്ത് തന്റെ ദേശാടനയാത്ര തുടർന്നു. അങ്ങിനെ വിശ്വവിഖ്യാതനായ അബ്ദുൽ ഖാദിർ സാനി (റ) വളപട്ടണത്ത് ജനിച്ചു. സാനി

(റ) ന്റെ ജനനദിവസം ചിറക്കൽ കൊട്ടാരത്തിലെ ജ്യോതിഷികൾ കുട്ടിയുടെ ജീവിതാനുഭവങ്ങളുടെ സുവർണ സൂചനകൾ കണ്ട് കുട്ടി അസാധാരണനായ ഒരു വ്യക്തിയായി വളരുമെന്ന് പ്രവചിച്ചു.

സന്തുഷ്ടനായ കോലത്തിരി തമ്പുരാൻ കുട്ടിയുടെ സംരക്ഷണച്ചുമതല ഏൽക്കുകയും അതിനാവശ്യമായ ദ്രവ്യമത്രയും യഥാകാലം കൊട്ടാരം ഖജനാവിൽ നിന്ന് മാതാവിന് നൽകാൻ ഉത്തരവിടുകയും ചെയ്തു. രാജപരിചരണത്തിൽ ചിറക്കൽ കൊട്ടാരത്തിൽ മഹാൻ വളർന്നു. അബ്ദുൽ ഖാദറിന്റെ അന്തഃസൗഭാഗ്യം ബോധ്യപ്പെട്ട തമ്പുരാൻ അദ്ദേഹത്തിന് പ്രായപൂർത്തിയാകുന്നതിനുമുമ്പ് തന്റെ മന്ത്രിമാരിലൊരാളാക്കി ആദരിക്കുകയുണ്ടായി. പിതാവിനെ പോലെ രാജകൊട്ടാരത്തിലെ സുഖസൗകര്യങ്ങളിൽ സംതൃപ്തനായിരുന്നില്ല ശൈഖ് അവർകളും. ശൈഖ് സാനി (റ) തങ്ങളുടെ ശൈഖുമാരുടെ പരമ്പരയിലെ എട്ടാമത്തെ ശൈഖായ അൽഖുതുബു റബ്ബാനി അസ്സയ്യിദ് അലിയ്യ്ബ്നുൽ ഹമദാനി (റ) തങ്ങൾ തലമുറയായി കൈമാറിവന്ന വസിയ്യത്ത് പ്രകാരം ശൈഖ് സാനി (റ) വിന് ഇജാസത്ത് നൽകാൻ അശ്ശൈഖ് മഹ്മൂദുൽ ഖബുശാനി (റ) മലബാറിലെത്തി. ചിറക്കൽ കൊട്ടാരം വിട്ട് ആത്മീയ ഗുരുവിനെ തേടി യാത്ര തിരിച്ച് ശൈഖ് സാനി (റ) 'ബഡ്കൽ' എന്ന സ്ഥലത്ത് വെച്ച് തന്റെ പതിനാറാമത്തെ വയസ്സിൽ മഹ്മൂദുൽ ഖബൂശാനി (റ)വുമായി കണ്ടുമുട്ടി. തുടർന്ന് ഇജാസത്തും സ്ഥാനവസ്ത്രവും നൽകി ഗുണത്തിനും ബർക്കത്തിനുമായി ദുആ ചെയ്തു. തന്റെ മരണാനന്തര ക്രിയകൾ നിർവ്വഹിക്കാൻ ശൈഖ് സാനി (റ)വിനോട് വസിയ്യത്ത് ചെയ്തു അവർ പിരിഞ്ഞു.

തുടർന്ന് വളപട്ടണത്ത് തിരിച്ചെത്തിയ അദ്ദേഹം ഫഖീർകുന്ന് മഖാമിന് അടുത്തുള്ള സ്ഥലത്ത് തന്റെ ആത്മീയ രിയാള വീട്ടുകയും തുടർന്ന് കുണ്ട്ലകത്ത് ഭവനത്തിൽ താമസമാക്കി അവിടെ സുഹ്റവർദ്ദി ത്വരീഖത്തിന്റെ ദിക്റ് മജ്ലിസ് സ്ഥാപിക്കുകയും ചെയ്തു. പ്രസിദ്ധമായ ഈ മജ്ലിസിൽ പങ്കെടുക്കാനായി കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള പണ്ഡിതന്മാർ വീട്ടിൽ തടിച്ചുകൂടിയിരുന്നു. ഇവർക്കിരിക്കാൻവേണ്ടി ഭവനത്തിനുമേൽ തട്ടിൽ സ്ഥാപിച്ച ഇരിപ്പിടം ഇന്നും നിലനിൽക്കുന്നുണ്ട്. ഈ ഭവനത്തിനകത്ത് മഹാനവർകൾ ഇബാദത്തിൽ ഇരുന്നിരുന്ന അറ പകൽ സമയത്ത്പോലും വെളിച്ചം കടക്കാതെ ഇരുട്ടായതിനാൽ 'ഇരുട്ടറ'യെന്ന് വിളിക്കപ്പെടുന്നു. ഇതിനുമുമ്പ് മഹാനവർകളും മാതാവും വളപട്ടണത്തെ 'ബൈത്താങ്കലത്ത്' (ലാമ്പേത്ത് എന്നും അഭിപ്രായമുണ്ട്.) എന്ന ഭവനത്തിലാണ് താമസിച്ചിരുന്നത്.

**കോലത്തിരിയുടെ ക്ഷണപ്രകാരം കൊട്ടാരത്തിലേക്ക് തിരിച്ചെത്തിയ അബ്ദുൽ ഖാദിർ സാനി(റ)യെ കണ്ട് സംപ്രീതനായ കോലത്തിരി തമ്പുരാനോട് തനിക്ക് താമസിക്കാനും ആരാധനാകർമ്മങ്ങൾക്കുമായി ഒരു സ്ഥലം ആവശ്യപ്പെട്ടു.**

കോലത്തിരിയുടെ ക്ഷണപ്രകാരം കൊട്ടാരത്തിലേക്ക് തിരിച്ചെത്തിയ അബ്ദുൽ ഖാദിർ സാനി (റ)നെ കണ്ട് സംപ്രീതനായ കോലത്തിരി തമ്പുരാനോട് തനിക്ക് താമസിക്കാനും ആരാധനാകർമ്മങ്ങൾക്കുമായി ഒരു സ്ഥലം ആവശ്യപ്പെട്ടു. ഇതനുസരിച്ച് ലഭിച്ച പുറത്തീൽ എന്ന പ്രദേശത്ത് അദ്ദേഹം പള്ളി പണിയുകയും സ്ഥിരതാമസമാക്കുകയും വിവാഹം ചെയ്യുകയും തന്റെ ആത്മീയ ദിവ്യപ്രകാശം അതിരുകൾക്കപ്പുറത്തേക്ക് ചൊരിയുകയും ചെയ്തു.

അവസാനകാലത്ത് ശൈഖ് അവർകൾ രോഗബാധിതനായപ്പോൾ തന്റ പ്രധാന മുരീദും ആരിഫുമായ മഖ്ദൂം അബ്ദുറഹ്മാനുൽ ഉമ്മാനി (റ) രോഗവിവരം അന്വേഷിച്ചെത്തി. തന്റെ പ്രതിനിധിയായി പുറത്തീലിൽ നിൽക്കുവാനും മകൻ കമാലുദ്ദീ(റ)നെ വിലായത്തിന്റെ മർത്തബ നൽകി ഖലീഫയാക്കി നിയമിക്കാനും അദ്ദേഹത്തോട് വസിയത്ത് ചെയ്തു. ശൈഖ് സാനി (റ)ന്റെ വഫാത്തിന്ന് മുന്നോടിയായിരുന്നു ഈ വസിയത്ത്. ആദർശനിഷ്ഠവും ത്യാഗപൂർണ്ണവുമായ ജീവിതം നയിച്ച ശൈഖവറുകൾ ഹിജ്റ 983 ദുൽഖഅദ് 16 വെള്ളിയാഴ്ച രാത്രി വഫാത്തായി. പുറത്തീലിൽ തന്നെയാണ് മഹാനവർകളുടെ മഖാം സ്ഥിതിചെയ്യുന്നത്. ശൈഖ് കമാലുദ്ദീൻ (റ) മകൻ ശൈഖ് നൂറുദ്ദീൻ (റ) ന്റെ പരമ്പരയിലാണ് അഹ്മദ് ഗുരുക്കളുടെ പരമ്പര വരുന്നത്. ഗുരുക്കൾ പരമ്പര മാതാവ് വഴി സിദ്ദീഖ് (റ) ന്റെ പരമ്പരയിൽ ചെന്നെത്തുന്നു.

***വളപട്ടണം ജന്മം നൽകുകയും മറ്റ് പ്രദേശങ്ങളിൽ താമസമാക്കി ദീനി പ്രബോധനത്തിന് നേതൃത്വം നൽകുകയും ചെയ്ത നിരവധി മഹാന്മാരുണ്ട്. അറിഞ്ഞിടത്തോളം ചിലരെ സംബന്ധിച്ചിട്ടുള്ള ഒരോട്ട പ്രദക്ഷിണമാണ് തൊട്ടടുത്ത പേജുകളിൽ.***

### ശൈഖ് സയ്യിദ് ഇസ്മാഈൽ ബുഖാരി (റ) (ഇസ്മാഈൽ അക്ബർ)

വളപട്ടണം കക്കുളങ്ങരപ്പള്ളിയിലെ സയ്യിദ് ജലാലുദ്ധീൻ ബുഖാരി തങ്ങളുടെ ഏക പുത്രനായ 'ഇസ്മാഈൽ അക്ബർ' എന്ന പേരിലറിയപ്പെടുന്ന ഇദ്ദേഹം ജനിച്ചത് വളപട്ടണം 'സയ്യിദിന്റ കത്ത്' ഭവനത്തിലാണ്. വിവാഹം ചെയ്തതും വളപട്ടണത്ത് നിന്നു തന്നെയാണ്. പൊന്നാനി മഖ്ദൂം അല്ലാമാ ശൈഖ് സൈനുദ്ധീനുൽ മഅ്ബരി (റ) ന്റെ ആത്മീയ ഗുരുവായിരുന്നു തങ്ങൾ. ഇദ്ദേഹം വളപട്ടണത്ത് നിന്ന് മത പ്രബോധനത്തിനായി കൊച്ചിയിലേക്ക് പോവുകയും അവിടെ വെച്ച് വഫാത്താവുകയും ചെയ്തു. ഇദ്ദേഹം പടുത്തുയർത്തിയ കൊച്ചിയിലെ വിഖ്യാതമായ 'ചെമ്പിട്ടപള്ളി'യുടെ വടക്കു വശത്ത് സ്ഥിതി ചെയ്യുന്ന മഖാമിലാണ് അന്ത്യ വിശ്രമം കൊള്ളുന്നത്.

### സയ്യിദ് അഹമ്മദ് ബുഖാരി (റ)

മഹാനായസയ്യിദ് ഇസ്മാഈൽ ബുഖാരി (റ)വിന് വളപട്ടണം ഭാര്യയിൽ ജനിച്ച പുത്രന്മാരിൽ ഒന്നാമനായ ഇദ്ദേഹം വിവാഹം ചെയ്തത് വളപട്ടണത്ത് തന്നെയാണ്. ഏതാനും വർഷക്കാലത്തോളം വളപട്ടണത്ത് താമസമാക്കിയതിന് ശേഷം പിതാവിന്റെ ഖബർ സന്ദർശനത്തിനായി കൊച്ചിയിലേക്ക് പോയ ഇദ്ദേഹം അവസാന ഘട്ടത്തിൽ കണ്ണൂർ ജില്ലയിൽപെട്ട കുഞ്ഞിമംഗലം എന്ന പ്രദേശത്ത് താമസിക്കുകയും അവിടെവെച്ച് വഫാത്താവുകയും ചെയ്തു.

### സയ്യിദ് മുഹമ്മദ് ബുഖാരി (റ)

സയ്യിദ് ഇസ്മാഈൽ അക്ബർ (റ) ന്റെ രണ്ടാമത്തെ പുത്രനായ ഇദ്ദേഹം വളപട്ടണത്ത് നിന്നും വിവാഹം ചെയ്യുകയും പിന്നീട് മലപ്പുറം ജില്ലയിൽ പെട്ട 'പറവണ്ണയിൽ' സ്ഥിര താമസമാക്കി ദീനി പ്രബോധനം നടത്തുകയും ചെയ്തു. പറവണ്ണ ജുമുഅത്ത് പള്ളിയുടെ സമീപത്താണ് ഇദ്ദേഹത്തിന്റെ മഖാം.

### സയ്യിദ് ബാഫക്കറുദ്ദീൻ (റ)

സയ്യിദ് ഇസ്മാഈൽ അക്ബർ (റ)ന്റെ മൂന്നാമത്തെ പുത്രനായ ഇദ്ദേഹം സ്വദേശമായ വളപട്ടണത്തുനിന്നും പൊന്നാനിയിലേക്ക് പോയി സ്ഥിരതാമസമാക്കി. അവിടുത്തെ മഖ്ദൂം കുടുംബത്തിൽനിന്ന് വിവാഹം ചെയ്തു. പൊന്നാനി വലിയ ജുമുഅത്ത് പള്ളിയുടെ വടക്ക് വശത്താണ് ഇദ്ദേഹത്തിന്റെ ഖബർ.

പൊന്നാനി വലിയ ജുമുഅത്ത് പള്ളിയുടെ വടക്ക് വശത്താണ് ഇദ്ദേഹത്തിന്റെ ഖബർ.

### സയ്യിദ് ഇസ്മാഈൽ ബുഖാരി (റ) (ഇസ്മാഈൽ അസ്ഗർ)

സയ്യിദ് അഹ്മദ് (റ)ന് വളപട്ടണത്ത് ജനിച്ച 'ഇസ്മാഈൽ അസ്ഗർ' എന്ന പേരിൽ പ്രസിദ്ധനായ ഇദ്ദേഹം പിതാവിനെ പോലെ കൊച്ചിയിലേക്ക് പോയി കൊച്ചി കേന്ദ്രമാക്കി മതപ്രബോധനം നടത്തുകയും അവിടെവെച്ച് വഫാത്താവുകയും പിതാമഹനായ സയ്യിദ് ഇസ്മാഈൽ അക്ബർ (റ)വിന്റെ ഖബറിനടുത്ത് തന്നെ മറയടക്കപ്പെടുകയും ചെയ്തു.

### സയ്യിദ് ഇസ്മഈൽ ബുഖാരി (റ)

സയ്യിദ് മുഹമ്മദ് (റ)ന് വളപട്ടണത്ത് ജനിച്ച പുത്രന്മാരിൽ രണ്ടാമനായ ഇദ്ദേഹം വളപട്ടണത്ത് നിന്ന് പിതാവിന്റെ ഖബർ സന്ദർശനത്തിനായി 'പറവണ്ണയി'ലേക്ക് പോയി. കുറച്ചു കാലത്തെ താമസത്തിനു ശേഷം പൊന്നാനിയിലേക്ക് പോയി മഖ്ദും കുടുംബത്തിലെ ഒരു വനിതയെ വിവാഹം ചെയ്തു. പൊന്നാനി വലിയ ജുമുഅത്ത് പള്ളിയുടെ മുൻവശത്താണ് ഇദ്ദേഹത്തിന്റെ മഖാം.

### സയ്യിദ് മുഹമ്മദ് കൊച്ചുകോയ തങ്ങൾ

കൊച്ചിയിലെ ഖാളിയും മഹാപണ്ഡിതനുമായ ഇദ്ദേഹം ജനിച്ചത് വളപട്ടണത്താണ്. ഇവിടെ നിന്നുള്ള പ്രാഥമിക പഠനത്തിന് ശേഷം നെട്ടൂരിലേക്ക് പോയി. വെളിയങ്കോട് ഉമർ ഖാളി (റ), പരപ്പനങ്ങാടി ഔക്കോയ മുസ്ല്യാർ (ന:മ:) മുതലായ പണ്ഡിതന്മാരുടെ സമകാലീനനായിരുന്ന ഇദ്ദേഹം നിരവധി പദ്യ ഗദ്യ കൃതികൾ രചിച്ചിട്ടുണ്ട്. കല്ല്യാണ സദസ്സുകളിൽ പാടാറുള്ള 'ഒപ്പന' രീതിയിലുള്ള കവിത 'ഹംസിയ്യ, വിത്റിയ്യ' കാവ്യങ്ങൾക്ക് രചിച്ച മുഖമ്മസ് എന്നിവ പ്രസിദ്ധങ്ങളാണ്. ഹിജ്റ 1270 ദുൽഖഅദ് 16ന് ഞായറാഴ്ച രാത്രി വഫാത്തായ ഇദ്ദേഹം കൊച്ചങ്ങാടി ജുമുഅത്ത് പള്ളിയുടെ മുൻവശത്ത് സജ്ജമാക്കിയ മഖാമിൽ അന്ത്യ വിശ്രമം കൊള്ളുന്നു.

### സയ്യിദ് ഇബ്രാഹിം തങ്ങൾ (റ)

സയ്യിദ് അഹ്മദ് ബുഖാരി തങ്ങളുടെ പൗത്രിയുടെ ഭർത്താവ് സയ്യിദ് മുഹമ്മദ് കൊച്ചുക്കോയ തങ്ങളുടെ ജ്യേഷ്ഠ സഹോദരനുമായിരുന്ന സയ്യിദ് ഇബ്രാഹിം തങ്ങൾ ജനിച്ചതും വളർന്നതുമെല്ലാം വളപട്ടണത്താണ്. പൊന്നാനിയിൽ നിന്ന് ഇസ്ലാമിക വിജ്ഞാനം നേടിയ ശേഷവും എറണാകുളം ജില്ലയിൽപെട്ട 'നെട്ടൂരി'ൽ താമസമാക്കി. അവിടെ വെച്ച് വിവാഹം ചെയ്ത അദ്ദേഹം പുതിയകാവിലേക്കും പിന്നീട് പാടൂരിലേക്കും പോയി. പാടൂരിലെ 'മസ്ജിദുൽ ഹംസിയ്യ'പള്ളിയുടെ പടിഞ്ഞാറെ ചെരുവിലാണ് ഇദ്ദേഹത്തിന്റെ ഖബർ. ഹിജ്റ

1272-ൽ വഫാത്തായ ഇദ്ദേഹം വലിയ ഭക്തനും നിഷ്ക്കളങ്കനും പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചിരുന്ന അപൂർവ്വം വ്യക്തികളിൽ ഒരാളു മായിരുന്നു.

### സയ്യിദ് ഹാമിദുൽ ബുഖാരി എന്ന കോയക്കുട്ടി തങ്ങൾ

സയ്യിദ് അഹ്മദുൽ ഉദ്ദാരമി യുടെ ജാമാതാവായ ഇദ്ദേഹം ജനി ച്ചതും വളർന്നതും വിദ്യാഭ്യാസം നേടിയതുമെല്ലാം വളപട്ടണത്ത് നിന്നാണ്. പിന്നീട് അദ്ദേഹം തൃശ്ശൂർ ജില്ലയിലെ 'കടപ്പുറം' എന്ന സ്ഥലത്തെത്തി. നല്ലൊരു പണ്ഡിതനായിരുന്ന ഇദ്ദേഹം 'ഇൽമു തൽസമാത്തിൽ' അഗാധ വിജ്ഞാനം നേടിയിരുന്നു. സയ്യിദ് അഹ്മദ് ബുഖാരി (റ)ന്റെ പുത്ര നായ ബാഫക്ക്റുദ്ധീൻ കോയ ക്കുട്ടി തങ്ങളുടെ മഖ്ബറക്ക് തൊട്ട് പടിഞ്ഞാറ് വശത്താണ് ഇദ്ദേഹ ത്തിന്റെ മഖ്ബറ. ഇദ്ദേഹത്തിന്റെ പുത്രനായ സയ്യിദ് ഇസ്മാഈൽ ഇമ്പിച്ചിക്കോയ തങ്ങൾ മത്വാലി ഇന്റെ കർത്താവായ സയ്യിദ് ഹാമി ദ്ക്കോയ തങ്ങളുടെ ഗുരുവര്യനാ ണ്.

### സയ്യിദ് ഇസ്മാഈൽ ബുഖാരി മഞ്ചനാടി.

200 ൽ പരം വർഷങ്ങൾക്ക് മുമ്പ് വളപട്ടണം പുതിയകം തറവാട്ടിൽ ജനിച്ച് സ്വകുടുംബം മഞ്ചേശ്വരത്തിന് അപ്പുറം മഞ്ച നാടി എന്ന സ്ഥലത്ത് സ്ഥിര താമസമാക്കുകയും ജനങ്ങളെ നേ ർവഴിയിൽ നയിക്കുകയും കറാമ ത്തുകൾ മുഖേന രോഗ ശമനം ന ടത്തുകയും ചെയ്തതിന്റെ ഫല മായി ആ പ്രദേശത്തെ മുഴുവ ൻ ആളുകളും ഇസ്ലാം സ്വീകരിച്ചു.. വലിയ ജുമാമസ്ജിദിൽ ദീർ ഘകാലം ദർസ് നടത്തിയിട്ടുണ്ട്. പള്ളിക്ക് തൊട്ടടുത്ത മഖാമിൽ അന്ത്യ വിശ്രമം കൊള്ളുന്നു. ഉത്തര കേരളത്തിൽ നിന്നും ദക്ഷിണ കന്നടയിൽ നിന്നും നിരവധി പേ ർ സിയാറത്തിന് എത്തുന്നുണ്ട്. മൂന്ന് വർഷത്തിലൊരിക്കലാണ് ഉറൂസ് നടത്തിവരുന്നത്..

മഖാമിലേക്കുള്ള വഴി: 1. മഞ്ചേശ്വരം റെയിൽവേ സ്റ്റേഷൻ > ബസ് സ്റ്റാന്റ് > മഞ്ചനാടി മിനി ബസ്.

മംഗലാപുരം റെയിൽവേ സ്റ്റേഷൻ > ദേറലക്കാട്ട് വഴി മഞ്ചനാടി

***ഇവരെ കൂടാതെ മറ്റനേകം ബുഖാരി സദാത്തീങ്ങൾ വളപ ട്ടണത്ത് ജനിച്ച് മറ്റ് പ്രദേശങ്ങളി ലേക്ക് പോയവരും മറ്റ് പ്രദേശങ്ങ ളിൽ ജനിച്ച് പ്രപിതാക്കന്മാരുടെ സഹവാസത്തിനയി വളപട്ടണത്ത് വന്ന് സ്ഥിര താമസമാക്കിയവരുമു ണ്ട്. സ്ഥല ദൈർഘ്യത്താൽ മുഴു വൻ രേഖപ്പെടുത്താൻ സാധിച്ചി ട്ടില്ല.***

### സയ്യിദ് യഹ്യൽ അഹ്ദൽ (റ)

കാസർഗോഡ് ആദൂർ മഖാ മിൽ അന്ത്യ വിശ്രമം കൊള്ളുന്ന സയ്യിദ് ഹുസൈൻ അഹ്ദൽ തങ്ങ ളുടെ പ്രപിതാമഹൻ സയ്യിദ് യഹി യൽ അഹ്ദൽ തങ്ങൾ അന്ത്യ വിശ്രമം കൊള്ളുന്നത് വളപട്ടണം കക്കുളങ്കര പള്ളിയുടെ തെക്ക് പടി ഞ്ഞാറെ മൂലയിലാണ്. ടിപ്പുവിന്റെ കാലത്ത് ഇദ്ദേഹം വളപട്ടണത്ത് എത്തുകയും പണിക്കറകത്ത് ഭവനത്തിൽ വിവാഹം ചെയ്ത് അവിടെ താമസമാക്കുകയും ചെയ്തു. ഇദ്ദേഹത്തിന് പിറന്ന അബ്ദുല്ല അഹ്ദൽ തങ്ങളുടെ പരമ്പരയാണ് കേരളത്തിലെ അഹ്ദൽ തങ്ങൻമാർ.

### ബീരിച്ചേരി ശുഹദാക്കൾ

മാന്ത്രികനായ മായിമൂപ്പ നോട് യുദ്ധം ചെയ്ത് മരിച്ച നാല് മുസ്ലിം യോദ്ധാക്കളുടെ ഖബറു കളാണ് ബീരിച്ചേരി ജുമാമസ്ജി ദിലുള്ളത്. ഇതിൽ മൂന്ന് പേർ തൃക്കരിപ്പൂരിലെ ചെറുപ്പക്കാരും ഒരാൾ വളപട്ടണത്തെ യുവാവു മാണെന്നാണ് ഐതിഹ്യം. യുദ്ധ ത്തിന്റെ സാക്ഷിയായി ബീരിച്ചേരി ജുമാമസ്ജിദിൽ രണ്ട് നൂറ്റാണ്ട് പ ഴക്കമുള്ള ഒരു വാൾ സൂക്ഷിച്ചിട്ടു ണ്ട്.

### മാട്ടൂൽ കുട്ട്യാലി ശൈഖ്

മാട്ടൂൽ പള്ളിക്ക് വശത്തായി വരാന്തയിൽ അന്തിയുറങ്ങുന്ന ഇദ്ദേഹം വളപട്ടണത്തെ അതി പുരാതന തറവാടുകളിൽ ഒന്നായ കച്ചായി തറവാട്ടിലാണ് ജനിച്ചത്. ശൈഖ് അബ്ദുൽ ഖാദിർ സാനി (റ)ന്റെ മകനായ കമാലുദ്ധീൻ ശൈഖി(റ)ന്റെ മകനായ നൂറുദ്ദീൻ ശൈഖ് (റ)ന്റെ മുരീദായിരുന്നു മഹാനവർകൾ. നൂഞ്ഞേരി മഖാ മിലെ മൗലിദിൽ വളപട്ടണത്തു കാരായ രണ്ട് പേർ ശൈഖിനെ തേടി നടന്ന ഒരു കഥ പറയുന്നു ണ്ട്. ഇവരിൽ ഒരാൾ ഇദ്ദേഹമാ ണെന്ന് വിശ്വസിക്കപ്പെടുന്നു.

### സയ്യിദ് ശരീഫുൽ ഹൈദർ അലിയ്യ് എന്ന സൈതാലിക്കോയ തങ്ങൾ

വളപട്ടണം പൊക്കിലകത്ത് പള്ളിയിൽ മറപ്പെട്ട് കിടക്കുന്ന 'മിസ്ബാഹുൽ ബലാഫത്തനി' (വളപട്ടണത്തിന്റെ വിളക്കുമാ ടം) എന്ന പേരിൽ പ്രസിദ്ധനായ സയ്യിദ് അലിയ്യുബ്നു അബ്ദുല്ലാ ഹിൽ മശ്ഹൂർ (റ)ന്റെ പിതാവായ ഇദ്ദേഹത്തിന്റെ പൂർണ്ണനാമം അസ്സ യ്യിദ് ശരീഫുൽ ഹൈദർ അലിയ്യ് എന്ന സൈതാലിക്കോയ തങ്ങൾ ബലാഫത്തനി ഇബ്നു അബ്ദു ല്ലാഹിൽ ബരിറത്തിബ്നു അബ്ദുറ ഹിമാൻ ബരിയിറത്തിബ്നു സൂഫി ഖുത്ബുൽ മശ്ഹൂർ അൽഹാശി മിയ്യ് വൽ ഖാദിരി (റ) എന്നാണ്. വളപട്ടണത്ത് ജനിച്ച വലിയ്യായ ഇദ്ദേഹം ഹളറ മൗത്തിലെ ബരീ ഇറത്ത് ദർഗാശരീഫിൽ അന്ത്യവി ശ്രമം കൊള്ളുന്നു.

**സയ്യിദ് ശരീഫുൽ യഹ്‌യൽ മശ്ഹൂർ എന്ന പൂക്കോയ തങ്ങൾ**

നബി (സ)യുടെ 34-ാം മത്തെ പൗത്രനായ 'മിസ്ബാഹുൽ ഉള്ളിശ്ശേരി' എന്ന പേരിൽ പ്രസിദ്ധനായ വലിയുല്ലാഹി സൂഫി മൗലാന ശൈഖുനാ അസ്സയ്യിദ് ശരീഫുൽ യഹ്‌യൽ മശ്ഹൂർ അൽ ഹാശിമിയ്യ് എന്ന പൂക്കോയ തങ്ങൾ ബലാഫത്തനി (റ) (അസ്സയ്യിദ് ശൈഖ് ജമലുല്ലൈലി) ജനിച്ചത് വളപട്ടണത്താണ്. 'ഉള്ളിശ്ശേരി വലിയുല്ലാഹി' എന്ന പേരിൽ പ്രസിദ്ധനായ ഇദ്ദേഹത്തിന്റെ മഖാം സ്ഥിതി ചെയ്യുന്നത് അവിടെ തന്നെയാണ്.

**സയ്യിദ് അബ്ദുറഹിമാൻ മശ്ഹൂർ (റ)**

ഇദ്ദേഹം വളപട്ടണം ഖാസി കോയക്കുട്ടി തങ്ങളുടെ അഞ്ചാം പിതാവാണ്. വാഗ്മിയും പണ്ഡിതനുമാണ്. വടകര ദാറുൽവസീലയിൽ അന്ത്യവിശ്രമംകൊള്ളുന്നു.

**സയ്യിദ് ശൈഷേഖ് തങ്ങൾ അൽ ഖാദിരി (റ)**

ഖാദിരി ത്വരീഖത്തിന്റെ ശൈഖും നിരവധി മുരിദുമാരുടെ ഉസ്താദുമായ ഇദ്ദേഹം ജനിച്ചത് വളപട്ടണം 'കണ്ണന്റവിട എന്ന സയ്യിദ് ഭവനത്തി'ലാണ്. തലശ്ശേരിയിൽ വിവാഹം ചെയ്ത ഇദ്ദേഹം അവിടെ സ്ഥിരതാമസമാക്കി. സൈതാർ പള്ളിക്ക് കിഴക്ക് വശത്തുള്ള കബറിടത്തിൽ അന്ത്യ വിശ്രമം കൊള്ളുന്നു. *(ചെറുകുന്നിലെ ഒളിയങ്കര മഖാം കണ്ടെത്തിയ കാലത്ത് പരിപാലനത്തിനായി മുസ്ലിംകൾ അവിടെയില്ലാതിരുന്നതിനാൽ വളപട്ടണത്തുനിന്ന് വളപ്പിൽ പീടിക എന്ന ഒരു മുസ്ലീം കുടുംബത്തെ ഈ ആവശ്യത്തിനായി കോലത്തിരി രാജാവ് ചെറുകുന്നിലേക്ക് മാറ്റി പാർപ്പിച്ചു. ഇപ്രകാരം തന്നെ 'പാമ്പുരുത്തി' ദ്വീപിലെ ആദ്യ താമസക്കാരും മഖാം പരിപാലകരും വളപട്ടണത്തെ പുരാതന തറവാട്ടുകാർ തന്നെ. ഇതൊക്കെയും തെളിയിക്കുന്നത് വളപട്ടണത്തെ മുസ്ലിംകൾ അതിപുരാതനകാലം മുതൽക്ക് തന്നെ ഒലിയാക്കന്മാരുമായി സഹവസിക്കുന്നവരും അവരുടെ മഖാമുകൾ പരിപാലിക്കുന്നതിൽ ഒത്സുക്യം പുലർത്തുന്നതുമായ പരമ്പരാഗത സുന്നി ആദർശത്തിന്റെയും സൂഫി ഇസ്ലാമിന്റെയും യഥാർത്ഥ വക്താക്കളായിരുന്നു എന്ന യാഥാർത്ഥ്യമാണ്.)*

ചെറുകുന്നിലെ ഒളിയങ്കര മഖാം കണ്ടെത്തിയ കാലത്ത് പരിപാലനത്തിനായി മുസ്ലിംകൾ അവിടെയില്ലാതിരുന്നതിനാൽ വളപട്ടണത്തുനിന്ന് വളപ്പിൽ പീടിക എന്ന ഒരു മുസ്ലീം കുടുംബത്തെ ഈ ആവശ്യത്തിനായി കോലത്തിരി രാജാവ് ചെറുകുന്നിലേക്ക് മാറ്റി പാർപ്പിച്ചു.

വളപട്ടണം ബൈത്താങ്കലത്ത് തറവാട്ടിലെ അബ്ദുറഹ്മാൻ ശൈഖിന്റെ മഖാം പുറത്തീൽ വലിയ മഖാമിനു പുറത്തുണ്ട്. സുഹ്റവർദി ത്വരീഖത്തിലാണ് അദ്ദേഹം. കണ്ണാടിപ്പറമ്പ് ആറാംകോട്ട് ഖബർസ്ഥാനിൽ എ.ടി. മുഹമ്മദ് മുസ്ല്യാരുടെ സമീപത്ത് കാണുന്ന മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്നത് മമ്മദ് മൂപ്പന്റെ ഭാര്യ തോട്ടിലകത്ത് തറവാട്ടിലെ റാബീത്ത ഉമ്മയുടെ വലിയ കാരണവരായ മഹാനാണ്. പാമ്പു കടിയേറ്റ് മരിച്ചുകിടന്ന ഒരാൾക്ക് വിഷം ഇറക്കി തിരികെ കൊണ്ടുവന്ന ഒരു മഹാ സംഭവം ഇദ്ദേഹത്തിന്റെ കറാമത്തായി പറഞ്ഞു കേൾക്കുന്നുണ്ട്.

**സയ്യിദ് യഹ്‌യ പൂക്കോയ തങ്ങൾ**

മഹാ പണ്ഡിതനും ദീർഘദർശിയുമായിരുന്നു ഖാസി പരമ്പരയിലെ 34-ാം കണ്ണിയായ സയ്യിദ് യഹ്‌യ പൂക്കോയ തങ്ങൾ. വളപട്ടണത്ത് ഇസ്ലാമിക ജാഗരണത്തിനും നവോത്ഥാനത്തിനും പുരോഗമനാത്മക പ്രവർത്തനത്തിനും മുന്നിൽ നിന്ന് നയിച്ച പൂക്കോയ തങ്ങൾ കക്കുളങ്ങരപ്പള്ളിക്ക് സമീപത്തുള്ള 'വാഴവളപ്പിൽ' എന്ന സയ്യിദ് ഭവനത്തിലായിരുന്നു താമസിച്ചിരുന്നത്.

വളപട്ടണത്തെ 32-ാം ഖാസി സയ്യിദ് ഇബ്രാഹിം കോയ തങ്ങൾ വിവാഹം ചെയ്തത് തന്റെ കാരണവരായ 31-ാം ഖാസി സയ്യിദ് മുഹമ്മദ് തങ്ങളുടെ മകൾ ഫാത്തിമബിയെയാണ്. ഇവരുടെ മക്കളാണ് 33-ാം ഖാസി സയ്യിദ് ഹബീബ് തങ്ങളും അനുജൻ കോയമ്മ തങ്ങളും, കുഞ്ഞി സീതി തങ്ങളും 34-ാം ഖാസി സ്മര്യ പുരുഷനായ സയ്യിദ് യഹിയ പൂക്കോയ തങ്ങളും. (കോയമ്മ തങ്ങൾ പ്രമുഖ പണ്ഡിതനും അറബി കവിയുമാണ്. ഇദ്ദേഹം അബ്ദുൽ ഖാദിർ ജിലാനി (റ)വിനെ പറ്റി മഹത്തായ ഒരു കവിത രചിച്ചിട്ടുണ്ട്. ബാഗ്ദാദിൽ വെച്ച് മരണപ്പെട്ടു). ഇദ്ദേഹം വിവാഹം ചെയ്തത് കണ്ണൂർ മുക്രിക്കാരന്റകത്തെ ആറ്റക്കോയ തങ്ങളുടെ മരുമകളെയാണ്. പൂക്കോയ തങ്ങളടക്കം സഹോദരി സഹോദരന്മാർ മുഴുവൻ താമസിച്ചിരുന്നത് വലിയ കീപ്പാട്ട് എന്ന ഭവനത്തിലാണ്. എങ്കിലും പിതാവ് ഇവരെ പഴയകത്ത് തറവാട്ടിലേക്ക് ദത്തെടുത്തുകൊണ്ട് ഇവരുടെ വീട്ട് പേര് കക്കുളങ്ങര പഴയകത്ത് എന്നു വിളിച്ചുവരുന്നു. ഈ ദത്തു

കൊണ്ട് ഇവർക്ക് മുൻ തറവാട് കീപ്പാട്ട് എന്ന പുരയുടെയും പറമ്പിന്റെയും അവകാശം നഷ്ടപ്പെട്ടുവെന്ന് തലശ്ശേരി സിവിൽ ജഡ്ജി വിധി പറഞ്ഞിട്ടുണ്ട്.

'പോക്കർ ഐശുമ്മാ' ബീവിയുടെ അല്ലാഹുവിന്റെ പുണ്യം കാംക്ഷിച്ചുള്ള ആത്മാർത്ഥമായ തന്ത്രവും, 'വലിയഖാസി' എന്ന പേരിൽ പ്രസിദ്ധനായ സയ്യിദ് സീതി ഇബ്രാഹിം തങ്ങളുടെ ആത്മീയതയിലധിഷ്ടിതമായ സാന്നിധ്യവും ഒത്തു ചേർന്നതിന്റെ ഫലമായിരുന്നു ചിറക്കൽ തമ്പുരാനിൽ നിന്ന് മന്ന ഖബർസ്ഥാൻ മുസ്‌ലിംകൾക്ക് ലഭിച്ചത്. വളപട്ടണം മന്ന മുതൽ ഇപ്പോഴത്തെ സ്കൂൾ, ഫൈബർ ഫോം ഉൾക്കൊള്ളുന്ന വിശാലമായ സ്ഥലമായിരുന്നു ലഭിച്ചതെങ്കിലും ഇതിൽ ഏറിയ ഭാഗവും പിന്നീട് അന്യാധീനപ്പെട്ടുപോയി. ഈ നില തുടർന്നാൽ മസ്‌ലിംകളുടെ ഖബർസ്ഥാൻ നഷ്ടപ്പെട്ട് പോകുമെന്ന് മനസ്സിലാക്കിയ വലിയ ഖാസി പൂക്കോയതങ്ങൾ അന്ന് വളപട്ടണത്ത് അറിയപ്പെടുന്ന 'പക്കുസാഹിബിനെ' പോലെയുള്ളവരെ കൊണ്ട് മന്ന ഖബർസ്ഥാനിന് ചുറ്റും മതിൽ കെട്ടുകയായിരുന്നു. മതിൽ കെട്ടുമ്പോൾ ഭാവിയിലെ താമസസൗകര്യം മുന്നിൽ കണ്ട ദീർഘദർശിയായ ആ മഹാൻ മതിൽ കെട്ടാതെ ഒഴിച്ചു നിർത്തിയ വഴി 'സയ്യിദ് യഹ്‌യ പൂക്കോയ തങ്ങൾ റോഡ്' എന്ന പേരിൽ അറിയപ്പെടുന്നു. വളപട്ടണം മന്ന പറമ്പിന് പിന്നിൽ താമസിക്കുന്ന വീടുകളിലേക്ക് ഏക പ്രവേശന മാർഗ്ഗം അന്ന് തങ്ങളവർകൾ മതിൽകെട്ടാതെ ഒഴിച്ചുവെച്ച വളപട്ടണം പോലീസ് സ്റ്റേഷന് സമീപമുള്ള ഈ വഴിയാണെന്ന് മനസ്സിലാക്കുമ്പോഴാണ് പൂക്കോയ തങ്ങളുടെ ദീർഘദർശനം എത്രമാത്രം വലുതായിരുന്നതെന്ന് മനസ്സിലാകുന്നത്.

ഈ നില തുടർന്നാൽ മുസ്‌ലിംകളുടെ ഖബർസ്ഥാൻ നഷ്ടപ്പെട്ട് പോകുമെന്ന് മനസ്സിലാക്കിയ വലിയ ഖാസി പൂക്കോയതങ്ങൾ അന്ന് വളപട്ടണത്ത് അറിയപ്പെടുന്ന 'പക്കു സാഹിബിനെ' പോലെയുള്ളവരെ കൊണ്ട് മന്ന ഖബർസ്ഥാനിന് ചുറ്റും മതിൽ കെട്ടുകയായിരുന്നു.

വളപട്ടണത്തെയും സമീപപ്രദേശങ്ങളിലെയും മുഴുവൻ മുസ്‌ലിംകളുടെയും ആത്മീയതേജസ്സായ ഇദ്ദേഹം കക്കുളങ്ങര പള്ളിക്ക് വടക്ക് വശത്തുള്ള പുതിയ ഹൗളിനോട് തൊട്ടടുത്ത കെട്ടിൽ സയ്യിദലി ശിഹാബുദ്ധീൻ തങ്ങളുടെ ഖബറിനടുത്തായി അന്ത്യവിശ്രമം കൊള്ളുന്നു.
വളപട്ടണത്തെ 34-ാം ഖാസി സയ്യിദ് യഹ്‌യ പൂക്കോയ തങ്ങൾ ബുഖാരി 1952 വെള്ളിയാഴ്ച ജുമുഅക്ക് മുമ്പ് (മുഹറം 12ന്) വഫാത്തായി. ശാദുലി ത്വരീഖത്തിലായിരുന്നു മഹാനവർകൾ.

## സയ്യിദ് കോയക്കുട്ടി തങ്ങൾ

വളപട്ടണത്ത് 32-ാം ഖാസി സയ്യിദ് ഇബ്രാഹിം തങ്ങളുടെ രണ്ടാമത്തെ പുത്രി ബീക്കുഞ്ഞിയുടെ മക്കളാണ് ഖതീബ് കുഞ്ഞിക്കോയ തങ്ങൾ, അനുജൻ കോയക്കുട്ടി തങ്ങൾ എന്നിവർ. കോയക്കുട്ടി തങ്ങളുടെ വിവാഹം പണിക്കറകത്ത് മുത്തുബീവിയുടെ മകൾ ഫാത്തിമ ശരീഫ ബീയെയാണ്.(ഇവരുടെ പിതാവ് സയ്യിദ് മുഹമ്മദ് അലി മശ്ഹൂർ എന്ന ഹബീബ് കോയ തങ്ങളാണ്). (സിദ്ദീഖ് (റ)ന്റെ മക്കളുടെ ഖബറിനു താഴെ)

1953 മുതൽ 1964 വരെ നായിബ് ഖാസിയായും 1964 മുതൽ 1970 വരെ ഖാസിയായും 1938 മുതൽ 1950 വരെ വളപട്ടണം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട്, പ്രസിഡണ്ട് എന്നീ നിലകളിലും 1950 മുതൽ 1952 വരെ മുസ്ലീം ലീഗ് വൈസ് പ്രസിഡണ്ടായും 1954 മുതൽ 1970 വരെ കക്കുളങ്ങരപ്പള്ളി മഖാം മുതവല്ലിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1964-ൽ ഹജ്ജ് കർമ്മം പൂർത്തിയാക്കി. ഹിജ്റ 1390 സഫർ 22ന് (1970 ഏപ്രിൽ 29ന് ബുധനാഴ്ച) രാവിലെ 8.30ന് വഫാത്തായി. വളപട്ടണം കമ്മക്കോത്ത് ഭവനത്തിലെ ഖബറിടത്തിൽ അന്ത്യ വിശ്രമം കൊള്ളുന്നു. വളപട്ടണത്തേയും പരിസരപ്രദേശങ്ങളടക്കം നിരവധി മഹല്ലുകളിലേയും ഖാസിയായിരുന്നു അദ്ദേഹം. കോയക്കുട്ടി തങ്ങളുടെ പ്രധാന മുരീദുമാർ മമ്മിസീതി (ശിവപുരം ഖാളി), കീഴന ഉസ്താദിന്റെ അനുജൻ കീഴന അബ്ദുറഹിമാൻ മുസ്ല്യാർ (കൂത്തുപറമ്പ്), കണ്ണിയത്ത് ഉസ്താദിന്റെ അനുജൻ ബീരാൻ മുസ്ല്യാർ എന്നിവരാണ്.

സയ്യിദ് കോയക്കുട്ടിതങ്ങൾ തന്റെ പിതാക്കന്മാരിൽ നിന്നു ലഭിച്ച ഇജാസത്ത് പ്രകാരം ചികിത്സ നടത്തിയിരുന്നു. സയ്യിദ് ഉമ്പിച്ചി തങ്ങൾക്ക് തന്റെ പന്ത്രണ്ടാം വയസ്സിൽ ഹദ്ദാദിന്റെ ഇജാസത്തുമുണ്ടായിരുന്നു. മഹാനായ പാണക്കാട്ടു പൂക്കോയ തങ്ങൾ അദ്ദേഹത്തിന്റെ ചികിത്സ അംഗീകരിച്ചിരുന്നു. വലിയ്യുല്ലാഹി സി. എം. മടവൂർ ഉസ്താദിന്റെ അനുഗ്രഹവുമുണ്ടായിരുന്നു. തന്റെ പിതാമഹനായ വലിയ കീപ്പാട്ട് സെയ്താലി തങ്ങൾക്ക് മമ്പുറം തങ്ങൾ ചികിത്സക്കു ഇജാസത്ത് നൽകുകയും ഒരു പച്ച

ഷാൾ അതിനായി സമ്മാനിക്കുകയും ചെയ്തിരുന്നു. ഈ ഇജാസത്ത് പ്രകാരമാണ് ചികിത്സ അനന്തരമായി കോയക്കുട്ടി തങ്ങളും സ്വീകരിച്ചത്.

### ഇസ്മാഈൽ കോയമ്മ തങ്ങൾ

വളപട്ടണത്തെ 32-ാം ഖാസി സയ്യിദ് ഇബ്രാഹിം കോയക്കുട്ടി തങ്ങളുടെ മൂന്നാമത്തെ മകൾ ഹലീമ എന്ന കുഞ്ഞാറ്റബിയെ വിവാഹം ചെയ്തത് മാട്ടൂൽ വേലിക്കകത്ത് ഉമ്പിച്ചിക്കോയ തങ്ങളാണ് (ഇദ്ദേഹത്തിന്റെ ഖബർ കക്കുളങ്കര ജലാലുദ്ധീൻ ബുഖാരി (റ)ന്റെ തൊട്ട് മുന്നിലെ കെട്ടിലാണ്) ഇവരുടെ മകനാണ് വളപട്ടണത്തെ ഖത്തീബും നായിബ് ഖാസിയും പിന്നീട് 36-ാം ഖാസിയുമായ കോയമ്മ തങ്ങൾ. കോയമ്മ തങ്ങളുടെ വിവാഹം തലശ്ശേരി കെ. പി. പൂക്കോയ തങ്ങളുടെ മകൾ പുതിയ വീട്ടിൽ റുഖിയാബീവിയെയാണ്. ഉമ്പിച്ചിക്കോയ, അസ്മാബി എന്നീ രണ്ട് മക്കൾ ഈ ബന്ധത്തിൽ തങ്ങൾക്ക് ജനിച്ചു. കോയക്കുട്ടി തങ്ങൾ ഹജ്ജിന് പോകുമ്പോഴാണ് 1964-ൽ നായിബ് ഖാസിയായി കെ.പി.എസ്. കോയമ്മ തങ്ങൾ അവരോധിതനായത്. കക്കുളങ്കര പള്ളിയിൽ പിതാവിനോടടുത്തായി അന്ത്യ വിശ്രമം കൊള്ളുന്നു. 1990 കാലഘട്ടത്തോടുകൂടിയാണ് ഖാളിയായി സ്ഥാനാരോഹണം ചെയ്തത്. 2006 മെയ് 25ന് വഫാത്തായി.

### സയ്യിദ് ആറ്റക്കോയ തങ്ങൾ

ആത്മീയ മണ്ഡലത്തിലെ വർണ്ണപൊലിമ സയ്യിദ് ആറ്റക്കോയ തങ്ങൾ വളപട്ടണത്തെ പുരാതനമായ പണിക്കറകത്ത് എന്ന സയ്യിദ് കുടുംബത്തിലാണ് ജനിച്ചത്. വളപട്ടണത്ത് നിന്നും പിന്നീട് പൊന്നാനി ജുമാഅത്ത് പള്ളി ദർസിൽനിന്നും മത വിദ്യാഭ്യാസം നേടിയ ശൈഖ് വിജ്ഞാന സമ്പാദനത്തിന്റെ കാര്യത്തിൽ അതീവ തല്പരനായിരുന്നു. ജീവിതത്തിന്റെ അന്ത്യയാമങ്ങളിൽ അവശനായി കഴിയുന്ന ഘട്ടത്തിൽപോലും തങ്ങളെ ആത്മീയ ചൈതന്യ സ്ഫുരിതമായല്ലാതെ ദർശിക്കാനായില്ല.

ദീനിസംബന്ധമായ സംശയങ്ങളും മതവിധികളും കൈകാര്യം ചെയ്യുന്നതിലും ഉത്തരങ്ങൾ നൽകുന്നതിലും അദ്ദേഹത്തിനുള്ള പാണ്ഡിത്യം പ്രശംസനീയമായിരുന്നു. അതി പ്രസിദ്ധമായ പൊന്നാനിയിലെ വിളക്കത്തിരിക്കലിൽ കൂടിയാണ് അദ്ദേഹം വിജ്ഞാന രംഗത്ത് കടന്നുവരുന്നത്.

മതവിജ്ഞാനരംഗത്ത് മാത്രമല്ല ചികിത്സാ മേഖലയിലും മഹാനവർകൾ അഗ്രഗണ്യനായിരുന്നു. ഇതു സംബന്ധമായി സിങ്കപ്പൂർ, മലയ, സിലോൺ തുടങ്ങി ധാരാളം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. മാത്രമല്ല മദ്രാസ്, മുള്ളൂർക്കാട്, കാരയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ ''ത്വരീഖത്തുഖാദിരിയ്യ ശൈഖ് '' എന്ന നിലയിൽ തങ്ങൾക്ക് 5000ത്തിലേറെ മുരിദന്മാരുമുണ്ടത്രെ. പുളിങ്ങോം ഖാസിയായിരുന്നു.

തലശ്ശേരിയിലെ വാണിയമ്പലം സയ്യിദ് ഹുസൈൻ കോയമ്മ തങ്ങളുടെ പുത്രനായ ആറ്റക്കോയ തങ്ങൾ വിവാഹം ചെയ്തത് പനോളി മുക്രിയിലാണ്. രണ്ട് പുത്രിമാരും മർഹും പി. എം. സയ്യിദ് പൂകോയ തങ്ങൾ ഏക പുത്രനുമാണ്. ജാതിമതഭേദമന്യേ സർവ്വരാലും തങ്ങളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. മരണം വരെയും ഒരു സാത്വികനെ പോലെയായിരുന്നു പെരുമാറ്റം. അഥിതികളെ സൽക്കരിക്കുന്ന കാര്യത്തിലും പാവപ്പെട്ടവരുടെ വിശപ്പടക്കുന്ന വിഷയത്തിലും പാവങ്ങളെ സഹായിക്കുന്ന വിഷയത്തിലും തങ്ങൾ എന്നും ശ്രദ്ധാലുവുമായിരുന്നു. സാത്വികനും പണ്ഡിതനുമായ തങ്ങളവർകൾ തലശ്ശേരി ചാലിൽ പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

> കോയക്കുട്ടി തങ്ങൾ ഹജ്ജിന് പോകുമ്പോഴാണ് 1964-ൽ നായിബ് ഖാസിയായി കെ.പി.എസ്. കോയമ്മ തങ്ങൾ അവരോധിതനായത്.

### സയ്യിദ് അബ്ദുറഹ്മാൻ ജിഫ്രി തങ്ങൾ

ഖാദിരിയ്യ ത്വരീഖത്തിന്റെ ശൈഖും പണ്ഡിതനുമായ സയ്യിദ് അബ്ദുറഹിമാൻ ജിഫ്രി തങ്ങൾ വളപട്ടണത്തെ സയ്യിദ് ഭവനമായ കീപ്പാട്ട് ഭവനത്തിലാണ് ജനിക്കുന്നത്. (ജനനം 25-5-1949ൽ, മരണം 11-9-2005ൽ) സയ്യിദ് അബ്ദുറഹ്മാൻ ബ്ൻ സയ്യിദ് ഫസൽ ജിഫ്രി തങ്ങൾ എന്ന് പൂർണ്ണ നാമം. സൂഫി വര്യൻ, മത പണ്ഡിതൻ എന്നീ നിലകളിൽ അറിയപ്പെട്ടിരുന്ന ജിഫ്രി തങ്ങളുടെ പ്രവർത്തനകേന്ദ്രം പ്രധാനമായും ശ്രീലങ്കയായിരുന്നു.

പിതാവായ സയ്യിദ് ഫസൽ ജിഫ്രി തങ്ങളുടെ പിന്തുടർച്ചയായി 1980-ലാണ് തങ്ങൾ ശ്രീലങ്കയിലെത്തുന്നത്. അവിടെ മതസ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിച്ച് തങ്ങൾ മുസ്‌ലിം സമുദായത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചു. 1991-ൽ നടന്ന ശ്രിലങ്കൻ സമാധാന ചർച്ചയിൽ ജിഫ്രി തങ്ങൾ വഹിച്ച പങ്ക് ഏറെ പ്രകീർത്തിക്ക

പ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ ഭരണാധികാരികളും ജനങ്ങളും തങ്ങളവർകളെ വളരെ ബഹുമാനത്തോടും ആദരവോടുമാണ് കണ്ടിരുന്നത്.

തന്റെ പ്രവർത്തനം ശ്രീലങ്കയിൽ മാത്രം ഒതുക്കി നിർത്താതെ ജപ്പാൻ, ബ്രൂണെ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലും വ്യാപിപ്പിച്ചിട്ടുണ്ട്. ജിഫ്രി തങ്ങൾക്ക് രണ്ട് പുത്രിമാരും സയ്യിദ് അസ്‌ലം തങ്ങൾ എന്ന ഏക പുത്രനുമുണ്ട്. അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമയുടെയും പോഷക സംഘടനയുടെയും ഉപദേഷ്ടാവും പെരളശ്ശേരി യതീംഖാനയുടെ സ്ഥാപക പ്രസിഡണ്ടുമായ മഹാനവർകൾ 2005 സപ്തംബർ 11-ാം തീയതി ഞായറാഴ്ച ഇഹലോകവാസം വെടിഞ്ഞു. വളപട്ടണത്തെ കക്കുളങ്കര ഖബർസ്ഥാനിൽ തങ്ങൾ അന്ത്യവിശ്രമംകൊള്ളുന്നു. ഇപ്പോൾ ശ്രീലങ്കയിൽ പിതാവിന്റെ സ്ഥാനം അലങ്കരിക്കുന്നത് മകൻ അസ്ലം ജിഫിരി ആണ്.

## ചേപ്പിലാട്ട് അബ്ദുല്ല മുസ്ല്യാർ

പ്രമുഖ പണ്ഡിതനും ഖാസിയുമായ യഹ്‌യ പൂക്കോയ തങ്ങളുടെ കാലത്ത് ചേപ്പിലാട്ട് എന്ന പുരാതന തറവാട്ടിലാണ് ചേപ്പിലാട്ട് അബ്ദുല്ല മുസ്ല്യാർ ജനിച്ചത്. വളപട്ടണം സിറായി പള്ളിക്ക് മുമ്പിലുള്ള വി.കെ.സി. വീടായിരുന്നു ഭാര്യയുടെ ഭവനം. ചെറിയ മൂപ്പന്റ വിട എന്നാണ് വീട്ടുപേര്. മന്ന പറമ്പിന് പിന്നിലെ ചേപ്പിലാട്ടേക്ക് താമസം മാറ്റിയതിനുശേഷം നിരവധി കിതാബുകളുമായി അവിടെ കഴിഞ്ഞുകൂടി. ഭാര്യയുടെ വീട്ടുപേരായ ചേപ്പിലാട്ട് എന്ന പേര് ചേർത്താണ് അറിയപ്പെടുന്നത്. മഹാനവർകൾക്ക് 3 സന്താനങ്ങൾ ഉണ്ടായിരുന്നു.

നാല് മദ്ഹബിലും ഒരേ സമയം ഫത്‌വ നൽകിയിരുന്ന അഗാധ പണ്ഡിതനായിരുന്നു ഇദ്ദേഹം. മുസ്ഹഫ് കെട്ടിയായിരുന്നു ഉപജീവനം നടത്തിയിരുന്നത്. ഖാസി പൂക്കോയ തങ്ങളുടെ മുഫ്ത്തിയും ഇദ്ദേഹം തന്നെയായിരുന്നു. വളപട്ടണം തട്ടാളങ്കര പള്ളിയിൽ ഇമാം നിൽക്കുകയും, ദർസ് നടത്തുകയും ചെയ്തിട്ടുണ്ട്. ചേപ്പിലാട്ട് ആമദ് മുസ്ല്യാർ, ചേപ്പിലാട്ട് മൂസ മുസ്ല്യാർ എന്നീ സഹോദരങ്ങളും പണ്ഡിതന്മരായിരുന്നു. വളപട്ടണം മന്ന ഖബർസ്ഥാനിൽ ഈ മഹാൻ അന്ത്യവിശ്രമം കൊള്ളുന്നു.

## മംഗല ഈസ്സ വൈദ്യർ

വെള്ള വസ്ത്രം ധരിച്ച് ഞെരിയാണിക്കു മേൽ കണങ്കാലോളം തുണിയുടുത്ത് ഇഹ്റാം കെട്ടി നരച്ച താടിയോടെ വളപട്ടണത്തു കൂടെ നടന്ന ആ കുറിയ മനുഷ്യനെ വളപട്ടണത്തുകാർ മറന്നു കാണാനിടയില്ല. ഈസ്സാക്കുരിക്കൾ എന്നു വിളിച്ചുവരുന്ന അദ്ദേഹം മംഗല തറവാട്ടിലാണ് ജനിച്ചത്. നല്ലൊരു ചികിത്സകനായിരുന്ന അദ്ദേഹം, കുരിപ്പിനായിരുന്നു പ്രധാനമായും ചികിത്സിച്ചിരുന്നത്. 1942-43 കാലത്ത് പടർന്നു പിടിച്ച കോളറ എന്ന രോഗത്തെ പ്രതിരോധിക്കുന്നതിൽ മുന്നിട്ടിറങ്ങിയവരിൽ ഒരാൾ ഇദ്ദേഹമായിരുന്നു. 1950 കാലഘട്ടങ്ങളിൽ വസൂരി പടർന്നു പിടിച്ചപ്പോൾ രോഗം പിടിപെട്ടവരെ മാറ്റിപ്പാർപ്പിച്ച് മറ്റുള്ളവർക്ക് സംരക്ഷണം നൽകാൻ മുന്നിട്ടിറങ്ങിയതും ചികിത്സിച്ചിരുന്നതും മംഗല ഈസ്സവൈദ്യരും അദ്ദേഹത്തിന്റെ ഗുരു കുഞ്ഞിമൊയ്തീൻ വൈദ്യരുമായിരുന്നു. ഈ രോഗങ്ങൾക്കെല്ലാം അന്ന് നാടൻ മരുന്നുകളും പ്രകൃതിചികിത്സയുമായിരുന്നു സ്വീകരിച്ചിരുന്നത്.

> ചേപ്പിലാട്ട് എന്ന പുരാതന തറവാട്ടിലാണ് ചേപ്പിലാട്ട് അബ്ദുല്ല മുസ്ല്യാർ ജനിച്ചത്. നാല് മദ്ഹബിലും ഒരേ സമയം ഫത്‌വ നൽകിയിരുന്ന അഗാധ പണ്ഡിതനായിരുന്നു ഇദ്ദേഹം. മുസ്ഹഫ് കെട്ടിയായിരുന്നു ഉപജീവനം നടത്തിയിരുന്നത്.

ചികിത്സയോടൊപ്പം ദിക്റുകളും ഇജാസത്തുകളും ത്വരീഖത്തും കൊണ്ടുനടന്ന ഈസ്സക്ക തികഞ്ഞൊരു സുന്നിയായിരുന്നു. പാലോട്ട് വയൽ പള്ളിക്ക് സ്ഥലം നൽകിയത് ഇദ്ദേഹമാണ്. മരണം വരെ ഫകീർ കുന്ന് മഖാമുമായുള്ള ആത്മീയ ബന്ധം പുലർത്തിയിരുന്ന അദ്ദേഹമാണ് ആദ്യമായി ഫഖീർ കുന്ന് മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്ന മഹാന്റെ നാമം സയ്യിദ് മുഹമ്മദ് ഹൈദ്രൂസിൽ മദനിയാണെന്നും വ്യക്തമാക്കിയത്. മരണത്തിനു അൽപ്പം ചില വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തെ സമീപിച്ചിരുന്ന ഞങ്ങൾക്ക് ചരിത്ര ക്രോഡീകരണ സംരംഭങ്ങൾക്ക്(സംസ്കൃതി 2008) സർവ്വ പ്രോത്സാഹനം നൽകിയതും, എളുപ്പത്തിനായി പ്രാർത്ഥിച്ചതും, അനുഗ്രഹിച്ചതും അദ്ദേഹമായിരുന്നു. പരേതന് അല്ലാഹു മഗ്ഫിറത്ത് പ്രദാനം ചെയ്യുമാറാവട്ടെ. വളപട്ടണം മന്ന മഖാമിൽ അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്നു.

## സി.സി. മമ്മു സാഹിബ്

വളപട്ടണത്തുകാർക്ക് മറക്കാനാവാത്ത അപൂർവ്വ വ്യക്തിത്വങ്ങളിൽ ഒരാളാണ് സി. സി. മുഹമ്മദ് എന്ന മമ്മു സാഹിബ്. വളപട്ടണത്തെ പ്രമുഖ മലഞ്ചരക്ക്

വ്യാപാരിയായിരുന്നെങ്കിലും മത-സാമൂഹ്യ രംഗങ്ങളിലെ നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു അദ്ദേഹം. നാട്ടിൽ ഉടലെടുക്കുന്ന കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഇദ്ദേഹം നടത്തിയ പരിശ്രമങ്ങൾ നിരവധിയാണ്. നാടിന്റെ ആദരവ് ഈ വ്യക്തിത്വത്തിനുള്ള സർവ്വാത്മനാ അംഗീകാരമാണ്.

### എ. മഹമൂദ്

ജീവിച്ചു തീർത്ത ഹ്രസ്വകാലത്തിനിടയിൽ പകുതിയിലധികം കാലവും രാഷ്ട്രീയ-സാമൂഹ്യ-സാഹിത്യ മേഖലയിലെ നിറഞ്ഞ സാന്നിദ്ധ്യമായി നിന്ന് നിസ്തുലമായ സേവനം അനുഷ്ടിച്ച വ്യക്തിയാണ് എ. മഹമൂദ്.

എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ സാഹിത്യരംഗങ്ങളിൽ സംസ്ഥാനതലത്തിലുള്ള അംഗീകാരം നേടി. പിന്നീട് മാതൃഭൂമി സ്റ്റഡി സർക്കിളിന്റെ ജില്ലാ പ്രസിഡണ്ട്, രക്ഷാധികാരി, കൂടാതെ 1976ൽ കേരള സാഹിത്യ അക്കാദമി നടത്തിയ സാഹിത്യ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലരിലൊരാളായി. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ചെറുകഥകൾ എഴുതി ശോഭിച്ചുകൊണ്ടിരുന്ന അദ്ദേഹം 'നവരശ്മി' എന്ന കയ്യെഴുത്ത് മാസിക നടത്തുകയും പിന്നീടതിന്റെ വാർഷിക പതിപ്പ് അടിച്ചിറക്കുകയും ചെയ്തു.

വളപട്ടണം ഗവൺമെന്റ് ഹൈസ്കൂളിൽ കെ.എസ്. യു. സ്ഥാപിച്ച് സാഹിത്യത്തോട് തൽക്കാലം വിടചൊല്ലി രാഷ്ട്രീയക്കാരനായി മാറി. യൂത്ത് കോൺഗ്രസ്സിലൂടെ ജില്ലാ നേതൃത്വം വരെ എത്തിയ മഹമൂദ് രണ്ടുതവണ വളപട്ടണം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. വളപട്ടണത്ത് തന്നെ തന്റെ പ്രവർത്തനം ഒതുക്കി നിർത്തുകയായിരുന്നു. പ്രവർത്തനരംഗത്ത് തികഞ്ഞ ആത്മാർത്ഥത കാണിക്കുക എന്നതാണ് അദ്ദേഹത്തിന്റെ മുഖമുദ്ര.

1952ൽ ജനിച്ച മഹ്മൂദ് 2004ൽ ലോകത്തോട് വിടപറഞ്ഞു.

### എ. കെ. ഖാദർക്കുട്ടി സാഹിബ്

വ്യവസായിക ചരിത്രത്തിൽ വിസ്മരിക്കാൻ കഴിയാത്ത വ്യക്തിത്വമാണ് അറിഞ്ഞാൽ കരുവാന്റെ വളപ്പിൽ ഖാദർകുട്ടി എന്ന എ. കെ. ഖാദർക്കുട്ടി. ഇരിട്ടിക്കടുത്ത ഉളിയിൽ പുന്നാടാണ് സാഹിബിന്റെ ജനനം. ഇന്നത്തെ ആറളം ഫാം, വയനാടൻ മലകളുൾപ്പെടെ ആയിരക്കണക്കിന് വനഭൂമി ഉടമസ്ഥതയിലുള്ള കുടുംബം. വനദേശസാൽക്കരണം വന്നതോടെ പുതിയ മേച്ചിൽ പുറങ്ങൾ തേടുകയായിരുന്നു.

ബനാറസ് ഹിന്ദു സർവ്വകലാശാലയിൽ വുഡ് ടെക്നോളജിയിൽ എൻജിനീയറിംഗ് പഠിക്കുന്നതിനിടയിൽ അമ്മാവനായ കുഞ്ഞിമായൻ ഹാജിയാണ് അദ്ദേഹത്തെ മരവ്യവസായത്തിലേക്ക് കൊണ്ട്വന്നത്. വളപട്ടണം പുഴയും ചുറ്റുവട്ട പ്രദേശങ്ങളും മരവ്യവസായത്തിന് പറ്റിയതാണെന്ന ദീർഘ ദർശിത്വം കൊണ്ട് അദ്ദേഹം 1945ൽ എളിയ നിലയിൽ നിർമ്മിച്ച കോഹിന്നൂർ സോമിൽ ആണ് വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് എന്ന പേരിൽ പിൽക്കാലത്ത് ഏഷ്യയിൽ തന്നെ ഏറ്റവും വലിയ പ്ലൈവുഡ്സായി മാറിയത്. മരം കൂട്ടിപ്പിടിച്ചാൽ റെയിൽപ്പാളത്തിന്റെ അടിത്തറ്ക്ക് ഉറപ്പാണെന്നു കണ്ടെത്തിയ ശാസ്ത്രജ്ഞനായ വ്യവസായിയായിരുന്നു അദ്ദേഹം.

> ഈസ വൈദ്യർ,
> വെള്ള വസ്ത്രം ധരിച്ച്
> ഞെരിയാണിക്കു മേൽ
> കണങ്കാലോളം തുണി
> യുടുത്ത് ഇഹ്റാം
> കെട്ടി നരച്ച താടി
> യോടെ വളപട്ടണത്തു
> കൂടെ നടന്ന ആ
> കുറിയ മനുഷ്യനെ
> വളപട്ടണത്തുകാർ
> മറന്നു കാണാനിടയില്ല.

മരം അടിസ്ഥാനമാക്കിയുള്ള വ്യവസായമാണെങ്കിലും വനസംരക്ഷണം ഉറപ്പുവരുത്താനും അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വനങ്ങൾ വെച്ച് പിടിപ്പിക്കാനും അദ്ദേഹം പ്രത്യേക താൽപ്പര്യം കാണിച്ചിരുന്നു. മരണപ്പെടുന്നത് വരെ മരവ്യവസായം കൂടാതെ ടെക്സ്റ്റൈൽ, ഹോംസിയറി, സ്റ്റീൽ തുടങ്ങിയ ഇരുപതോളം സ്ഥാപനങ്ങളിൽ ഒരേ സമയം പ്രവർത്തിക്കുകയായിരുന്നു.

### സി.എൻ. കുഞ്ഞഹമ്മദ് ഹാജി (സി.എൻ.കെ.)

ദീർഘകാലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം അലങ്കരിച്ചിരുന്നു. പൊതുപ്രവർത്തനങ്ങളിൽ രാഷ്ട്രീയ ലാഭം കൊതിക്കാത്ത സാമൂഹ്യ പ്രവർത്തകനായിരുന്നു. വളപട്ടണം ഗവൺമെന്റ് ഹൈസ്കൂൾ, ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങൾ പൂർത്തീകരിക്കുന്നതിലും പരമാവധി അദ്ദേഹം പ്രവർത്തിച്ചു. 1957ൽ പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എ. കെ.ജി.യെ അനുമോദിക്കുന്ന ചടങ്ങിൽവെച്ച് വളപട്ടണത്ത് ഒരു ഹൈസ്കൂൾ വേണമെന്ന് ആവശ്യം നിവേദനമായി നൽകിയെങ്കിലും സാങ്കേതികത്വം പറഞ്ഞ് എ.കെ.ജി. ഒഴിഞ്ഞെങ്കിലും നിരാശനാവാതെ സി.എൻ.കെ. നിരന്തരമായ സമ്മർദ്ദങ്ങളിലൂടെയും മറ്റും നിലവിലുള്ള സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിൽ തീവ്രശ്രമം നടത്തുകയും അതിൽ വിജയിക്കുകയും ചെയ്തു. ഹൈസ്കൂൾ കെട്ടിടോദ്ഘാടനസമയത്ത് ഉണ്ടായ വിവാദം പോലും അവഗണിച്ച്

അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ആർ.ശങ്കറിനെ കൊണ്ടുതന്നെ ഉദ്ഘാടനം ചെയ്യിപ്പിച്ച് സി.എൻ.കെയുടെ താത്പര്യം വിജയിക്കുന്നതായാണ് കണ്ടത്.

വളപട്ടണത്ത് ഒരാശുപത്രിയുടെ അഭാവം, ചികിത്സതേടി കണ്ണൂർ ആശുപത്രിയിലേക്ക് പോകുന്ന ദുരവസ്ഥ മുന്നിൽ കണ്ട് സി.എൻ.കെ. പ്രസിഡണ്ടായ വെൽഫെയർ കമ്മിറ്റി ഒരാശുപത്രിയുടെ ആവശ്യകത സർക്കാറിനെ ബോധ്യപ്പെടുത്തി. പക്ഷേ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നൽകണം എന്ന നിലപാട് സർക്കാർ സ്വീകരിച്ചപ്പോഴും പതറാതെ കെട്ടിട നിർമ്മാണത്തിന് വേണ്ടി രംഗത്തിറങ്ങുകയും കുറഞ്ഞ നാളുകൾ കൊണ്ടുതന്നെ വളപട്ടണത്തിനൊരാശുപത്രി എന്ന സി.എൻ.കെയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുകയും ചെയ്തു. സാമൂഹ്യ-സാംസ്കാരിക രംഗത്ത് സി.എൻ.കെയുടെ പ്രവർത്തനങ്ങൾ സ്തുത്യർഹമായിരുന്നുവെങ്കിലും 1960 കാലയളവിലുണ്ടായ ബദർപള്ളി പ്രശ്നത്തിൽ അദ്ദേഹം കൈകൊണ്ട നിലപാട് പരക്കെ പ്രതിഷേധത്തിനിടയാക്കിയിരുന്നു. ഈ നിലപാടുകൾ അതുവരെയുണ്ടായിരുന്ന അദ്ദേഹത്തിന്റെ പ്രശസ്തിക്ക് മങ്ങലേൽപ്പിച്ചിരുന്നു. ദീർഘകാലത്തെ പ്രവർത്തനങ്ങൾക്കിടയിൽ സഹപ്രവർത്തകരിൽ നിന്നുപോലും അനാവശ്യമായ വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന അദ്ദേഹം ആരോഗ്യപരമായ കാരണങ്ങളാൽ എല്ലാ രംഗത്ത് നിന്നും അകന്ന് 1993 ആഗസ്ത് 20ന് വെള്ളിയാഴ്ച അദ്ദേഹം ഈ ലോകത്തോട് പറഞ്ഞു.

**കെ.പി.ബി. ജാഫർ**

വളപട്ടണത്തെ സുന്നി സംഘ കുടുംബത്തിന് മറക്കാൻ പറ്റാത്ത നാമമാണ് കെ.പി.ബി. ജാഫർ. പ്രതിസന്ധികൾ കുമിഞ്ഞ് കൂടിയ നേരത്തും സുന്നി ആദർശത്തിനുവേണ്ടി ഒരു പുരുഷായുസ്സ് ജീവിച്ച് വിടപറഞ്ഞ യുവാവ്. സുന്നി വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതോടൊപ്പം സീനത്തുത്വലബ ദർസ് സമാജത്തിന്റെ സജീവ സാന്നിദ്ധ്യവുമായിരുന്നു. പിതാവിന്റെ വഴിയേ മികച്ച സംഘാടകനും ആദർശ നിഷ്ഠയുള്ള വ്യക്തിത്വവുമായിരുന്നു. പ്രിയപ്പെട്ട കൂട്ടുകാരൻ ബാക്കിവെച്ച ആവേശവും ഓർമ്മകളും ഇന്നും നിലനിൽക്കുന്നുണ്ട്. ഉംറയും മദീന സിയാറത്തും ഉദ്ദേശിച്ചുള്ള പുണ്യ യാത്രയിൽ ഇഹ്റാമിലായിരുന്നു മടക്കയാത്ര. എല്ലാ വർഷവും ജമാദുൽ ആഖിറിൽ കെ.പി.ബി. ജാഫർ അനുസ്മരണം വിപുലമായിതന്നെ നടന്നുവരുന്നു. മജ്ലിസിന് ജില്ലാ-സംസ്ഥാന പ്രസ്ഥാന നേതാക്കൾ നേതൃത്വം നൽകിവരുന്നു.

**അബ്ദുൽ ഖാദർ ഗുരുക്കൾ.**

ഞണ്ടാടി ശൈഖിന്റെ മുരീദും ഖാദിരിയ്യ ത്വരീഖത്തിലെ അംഗവും അറിയപ്പെടുന്ന കളരി ഗുരുക്കളും മർമ ചികിൽസ വിദഗ്ദ്ധനുമാണ് ഇദ്ധേഹം. അമ്പലത്തിലകത്ത് തറവാട്ടിലും ശേഷം അദ്ദേഹം പുതുതായി നിർമിച്ച രണ്ടാം വാർഡിലെ ഭവനത്തിലും ആഴ്ച തോറും അദ്ദേഹത്തിന്റെ മരണം വരെ ജലാലിയ്യ റാത്തീബ് സംഘടിപ്പിച്ചിരുന്നു. ഇത് മക്കളും ജാമാതാക്കളും മുടങ്ങാതെ എല്ലാ വെള്ളിയാഴ്ച രാവും നടത്തി വരുന്നു. വീടിനടുത്തെ കെട്ടിൽ നേരത്തെ തന്റെ ഖബർ തയ്യാറാക്കുകയും അവിടെ തന്നെയാണ് അദ്ദേഹത്തെ മറമാടുകയും ചെയ്തത്..

> വളപട്ടണത്തെ സുന്നി സംഘ കുടുംബത്തിന് മറക്കാൻ പറ്റാത്ത നാമമാണ് കെ.പി.ബി. ജാഫർ. ഉംറയും മദീന സിയാറത്തും ഉദ്ദേശിച്ചുള്ള പുണ്യ യാത്രയിൽ ഇഹ്റാമിലായിരുന്നു മടക്കയാത്ര.

**കോയക്കുട്ടി തങ്ങൾ, ശൈശേഖ് തങ്ങൾ, കുഞ്ഞിസീതി തങ്ങൾ, കെ. എൽ അബു ഹാജി, മക്കി സാഹിബ്, പി. വി അബ്ദുൽ കരീം ഹാജി, കലന്തറകത്ത് ശാദുലി, ഉമർ മൗലവി (വിറക്), പള്ളിക്കലകത്ത് മൈറ്റീക്ക, കെ മഹ്മൂദ് ഹാജി, കെ. എൽ അബ്ദുൽ സലാം (ശാദുലി മുഖദ്ദിം), സൂപ്പിക്കുട്ടി മൗലവി, കെ മുഹമ്മദ് മുക്രി, ഹാജി മമ്മദ്......**

വളപട്ടണത്തെ സുന്നി ജാഗരണ മേഖലയിലും മത സാമൂഹ്യ രംഗത്തും നേതൃത്വം നൽകിയ വ്യക്തിത്വങ്ങളാണിവർ. ആദർശവും വ്യക്തി ശുദ്ധിയും ചിട്ടയും കൈമുതലാക്കിയ ഇവർ അത് മറ്റുള്ളവർക്ക് പകർന്ന് നൽകുകയും ചെയ്തു. ഓരോരുത്തരുടേയും സ്വഭാവ ഗുണങ്ങളും നേതൃ സവിശേഷതകളും ദൈർഘ്യം ഭയന്നാണ് ചുരുക്കുന്നത്. അടുത്ത തലമുറ സ്മരിക്കും വിധം ജീവിത മാതൃകകൾ കൈമാറ്റം ചെയ്താണ് അവരൊക്കെ യാത്രയായത്. നാഥൻ ഏവർക്കും സ്വർഗം നൽകി അനുഗ്രഹിക്കട്ടെ..ആമീൻ.

**കെ പി ഹബീബ് തങ്ങൾ.**
**അനുസ്മരിക്കുന്നത്:**
**ടി ഹംസക്കുട്ടി.**

വളപട്ടണത്തെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വമാണ് മർഹൂം ഹബീബ് തങ്ങൾ. സാമൂഹ്യ പ്രവർത്തനങ്ങളിൽ അദ്ദേഹവുമായി ഇടപഴകിയ വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിന്റെ നിസ്വാർത്ഥ പ്രവർത്തനങ്ങളിൽ ചിലത് ഉണർത്താനാഗ്രഹിക്കുന്നു.

അദ്ദേഹം അഖിലേന്ത്യാ മുസ്ലിം ലീഗിൽ പ്രവർത്തിക്കുന്ന കാലം മുതൽ മരണം വരെയും രാഷ്ട്രീയത്തിൽ ഞാനുമായി രണ്ട് ചേരിയിലാണെങ്കിൽ പോലും നല്ല സൗഹൃദ് ബന്ധം നിലനിർത്തിയ വ്യക്തിയെന്ന നിലയിലാണ് ഈ കുറിപ്പ്.

റെയിൽവേ ഇരട്ടപ്പാതയുമായി ബന്ധപ്പെട്ട ആദ്യഘട്ട സർവെയിൽ പഞ്ചായത്ത് മൈതാനം കൂടുതൽ നഷ്ടപ്പെടുമായിരുന്നു. അതിനാൽ ഈയുള്ളവൻ റെയിൽവേ അധികൃതരുമായി സംസാരിക്കുകയും ഉന്നതാധികാരികൾ വരുന്നതുമായി ബന്ധപ്പെട്ട് നാട്ടിലെ സർവ കക്ഷി നേതാക്കളെ നേരിൽ കണ്ട് ക്ഷണിച്ചിട്ടും ആരും സഹകരിച്ചില്ല. ആ ഘട്ടത്തിൽ പോലും രാവിലെ മുതൽ പൊരിവെയിലത്ത് കാത്തുനിൽക്കാനുള്ള ആത്മാർത്ഥത ഹബീബ് തങ്ങൾ മാത്രമാണ് കാണിച്ചത്. അവസാനം മേൽ ദൗത്യത്തിൽ പി എം നാസിമുദ്ദീൻ (റഫറി) കൂടി എത്തിപ്പെടുകയും ഉദ്യോഗസ്ഥരുമായി സംസാരിച്ച് പഞ്ചായത്ത് ഓഫീസിൽ ചായ സൽക്കാരം നൽകുകയും ചെയ്തു. തുടർന്ന് നടന്ന സർവ കക്ഷി യോഗ തീരുമാന പ്രകാരം കണ്ണൂരിലെത്തിയ ഡിവിഷണൽ മാനേജർക്ക് മുമ്പാകെ നിവേദനം സമർപ്പിച്ചതിന്റെ ഫലമാണ് ഗ്രൗണ്ട് ഈ രീതിയിലെങ്കിലും സംരക്ഷിക്കപ്പെട്ടത്.

തങ്ങൾ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന കാലത്ത് പഞ്ചായത്ത് ബസ് സ്റ്റാന്റിനകത്ത് വലിയൊരു കുഴിയെടുത്ത് ജൈവ മാലിന്യ സംസ്ക്കരണ പ്ലാന്റ് ആരോഗ്യ വകുപ്പുമായി ചേർന്ന് നടപ്പിലാക്കാനുള്ള ശ്രമം നടന്നിരുന്നു. അതിനെതിരെ ഈയുള്ളവർ രണ്ടാം വാർഡിലെ മുഴുവൻ ആളുകളെയും സംഘടിപ്പിക്കുകയും തങ്ങളുടെ അദ്ധ്യക്ഷതയിൽ വാർഡ് നിവാസികളുടെ യോഗത്തിൽ മേൽ പദ്ധതി മൂലം ഉണ്ടായേക്കാവുന്ന ദുരിതങ്ങൾ മനസിലാക്കി പിന്മാറിയതും ഓർക്കുകയാണ്.

നബിദിന ഘോഷയാത്രയിൽ പെൺകുട്ടികളെ പങ്കെടുപ്പിക്കരുതെന്ന സമസ്തയുടെ നിർദേശത്തെ മാനിക്കുന്ന കാര്യത്തിൽ അദ്ദേഹം കാണിച്ച മാതൃകാപരമായ സമീപനം സ്മരണീയമാണ്. ദേശീയ ഗെയിംസ് കേരളത്തിന് അനുവദിച്ച് കിട്ടിയപ്പോൾ ബോബി ചെമ്മണൂർ നടത്തിയ റൺ കേരള റൺ എന്ന പരിപാടിയോട് അനുഭാവം പ്രകടിപ്പിച്ച് മിക്ക വിദ്യാലയങ്ങളും കൂട്ടയോട്ടം നടത്തിയിരുന്നു. അതിന്റെ ഭാഗമായി മുസ്ലിം മാനേജ്മെന്റ് സ്കൂളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികളും അദ്ധ്യാപക അദ്ധ്യാപികമാരും അടക്കം വളപട്ടണം അങ്ങാടിയിൽ കൂടി നടന്ന കൂട്ടയോട്ടത്തിൽ മതവിദ്യാഭ്യാസ സ്ഥാപനത്തിലെ പ്രധാനാദ്ധ്യാപകൻ പോലും കൂട്ടത്തിൽ ഓടിയത് നാട്ടുകാരിൽ അറപ്പും അൽഭുതവും ഉളവാക്കിയിരുന്നു. എന്നാൽ മാനേജ്മെന്റ് അംഗം കൂടിയായ ഹബീബ് തങ്ങൾ തന്റെ ദീനിചിട്ടക്ക് നിരക്കാത്തതാണ് മേൽ പരിപാടിയെന്ന് മനസിലാക്കി സ്വയം മാറിനിന്ന് മാതൃക കാണിച്ചു. മാത്രവുമല്ല പരേതനായ മുൻ രാഷ്ട്രപതി എപിജെ അബ്ദുൽ കലാമിന്റെ ഫോട്ടോ വെച്ച് പുഷ്പാർച്ചന പരിപാടി നടന്നപ്പോൾ സമുദായത്തിന് നേതൃത്വം നൽകുന്ന പലരും അതിൽ പങ്കെടുത്തതായി പത്രമാധ്യമങ്ങളിൽ നിന്ന് ഫോട്ടോ സഹിതം കാണാൻ സാധിച്ചു. ഇത് ദീനിചര്യക്ക് യോജിച്ചതല്ലെന്ന് മനസിലാക്കി മാറി നിന്ന ഹബീബ് തങ്ങളെ കുറിച്ച് ദീനി കാര്യങ്ങളിൽ എക്കാലവും മായാതെ മറയാതെ സ്മരിക്കപ്പെടേണ്ട വസ്തുതയാണ്. ജുമാ മസ്ജിദിൽ ശറഇന് വിരുദ്ധമായ ഖുതുബക്ക് മുമ്പുള്ള തറ പ്രസംഗം യോഗ അജണ്ടയായി ചർച്ചയ്ക്ക് വെച്ചപ്പോൾ നാട്ടിൽ ഐക്യം ഇല്ലാതാക്കുന്ന ഈ പരിപാടി അജണ്ടയിൽ നിന്ന് തന്നെ നീക്കണമെന്നും അത്തരമൊരു ചർച്ച വേണ്ടെന്നും ശബ്ദിച്ച ഹബീബ് തങ്ങൾ മാതൃകയാണ്.

വളപട്ടണത്തെ
സാമൂഹ്യ
സാംസ്കാരിക
മണ്ഡലങ്ങളിൽ
വ്യക്തിമുദ്ര പതിപ്പിച്ച
വ്യക്തിത്വ
മാണ് മർഹൂം
ഹബീബ് തങ്ങൾ.

ഇതുപോലെ അദ്ദേഹവുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങൾ എഴുതാനും പറയാനുമുണ്ടെങ്കിലും സ്ഥലപരിമിതി കണക്കിലെടുത്ത് ചുരുക്കുകയാണ്. മേൽ കാര്യങ്ങൾ എഴുതിയത് ആരെയും വിമർശിക്കാനോ പ്രകോപിപ്പിക്കാനോ അല്ലെന്നും സത്യം സത്യമായി എല്ലാവരും എന്നെന്നും മനസിലാക്കുന്നതിന് വേണ്ടി മാത്രമാണെന്നും ഉണർത്തിക്കൊണ്ട് മർഹൂം ഹബീബ് തങ്ങളുടെ ആഖിറം അല്ലാഹു വെളിച്ചമാക്കട്ടെയെന്ന പ്രാർത്ഥനയോടെ ചുരുക്കുന്നു.

## കേരള മുസ്‌ലിം ജമാഅത്ത്: വളപട്ടണം സർക്കിൾ


ടി.ബി.മുഹമ്മദ്കുഞ്ഞി
(പ്രസിഡണ്ട്)


ഇ.എം.അബ്ദുൽസത്താർ
(ജന.സെക്രട്ടറി)


കെ.പി.അബ്ദുൽജലീൽ ഹാജി
(ഫിനാ.സെക്രട്ടറി)


സി. അശ്രഫ് ഹാജി


ടി.ബി.മുസ്തഫ ഹാജി

## കേരള മുസ്‌ലിം ജമാഅത്ത്: വളപട്ടണം യൂണിറ്റ്


സയ്യിദ് സഅദുദ്ദീൻ തങ്ങൾ
(പ്രസിഡണ്ട്)


കെ.പി.അബ്ദുൽജലീൽ ഹാജി
(ജന.സെക്രട്ടറി)


സയ്യിദ് മശ്ഹൂർ ഉമ്പിച്ചി തങ്ങൾ
(ഫിനാ.സെക്രട്ടറി)


കെ.എൽ.പി.ഇബ്രാഹിംകുട്ടി ഹാജി
(വൈസ്.പ്രസിഡണ്ട്)


വി. ശംസുദ്ദീൻ
(വൈസ്.പ്രസിഡണ്ട്)


ഖലീൽ.സി.സി
(വൈസ്.പ്രസിഡണ്ട്)


കെ.വി.സജ്ജാദ് മൗലവി
(ജോ.സെക്രട്ടറി)


ടി. ഹംസക്കുട്ടി
(ജോ.സെക്രട്ടറി)


കളത്തിൽ ഫൈസൽ
(ജോ.സെക്രട്ടറി)

## എസ്.വൈ.എസ് വളപട്ടണം സർക്കിൾ


ഐ.പി.യൂസുഫ്
(പ്രസിഡണ്ട്)


എ.പി.അബ്ദുൽ സത്താർ
(ജന.സെക്രട്ടറി)


ജംഷീദ് തോട്ടോൻ
(ഫിനാ.സെക്രട്ടറി)


നിസാർ.കെ
(മുതവല്ലി, ജുമാമസ്ജിദ് വളപട്ടണം)

## എസ്.വൈ.എസ് വളപട്ടണം യൂണിറ്റ്


ഫഹദ്. എം
(പ്രസിഡണ്ട്)


ഐ.പി.ജലാലുദ്ദീൻ
(ജന.സെക്രട്ടറി)


സയ്യിദ് ശിഹാബ് തങ്ങൾ
(ഫിനാ.സെക്രട്ടറി)


സയ്യിദ് ഉബൈദ് തങ്ങൾ
(വൈസ്.പ്രസിഡണ്ട്)


കെ.എം.നൗഷാദ്
(വൈസ്.പ്രസിഡണ്ട്)


മുഹമ്മദലി.ടി.എം
(ജോ.സെക്രട്ടറി)


മുഹമ്മദ് റംഷീദ്.കെ
(ജോ.സെക്രട്ടറി)

## SYS സാന്ത്വനം വളപട്ടണം

| | |
|---|---|
| ചെയർമാൻ | : ടി.ഹംസകുട്ടി |
| കൺവീനർ | : ഫഹദ് എം |
| ട്രഷറർ | : നൗഷാദ് വി.പി |
| വൈസ്ചെയർമാൻ | : നിസാർ.കെ |
| | ശഹീർ.കെ.സി |
| | സഫ് വാൻ കെ.പി |
| ജോ.കൺവീനർ | : ഐ.പി ജലാലുദ്ദീൻ |
| | സനീർ കെ.പി |
| | റിശാൽ കെ |

## ............... SSF വളപട്ടണം സെക്ടർ ...............



സയ്യിദ് ഹദ്ദാദ് തങ്ങൾ
(പ്രസിഡണ്ട്)



കെ.പി. സഫ്‌വാൻ
(ജന.സെക്രട്ടറി)



മുനീർ. വി.കെ
(ഫിനാ.സെക്രട്ടറി)



മുർഷിദ്.വി.എൻ
(വൈസ്.പ്രസിഡണ്ട്)



സനൂദ്
(വൈസ്.പ്രസിഡണ്ട്)



അശ്രഫ്. ടി.കെ
(ജോ.സെക്രട്ടറി)



ടി. ത്വാഹ മുഹമ്മദ്
(ജോ.സെക്രട്ടറി)

## SSF വളപട്ടണം യൂണിറ്റ്



സയ്യിദ് സിനാൻ തങ്ങൾ
(പ്രസിഡണ്ട്)



ജസ്സാർ
(ജന.സെക്രട്ടറി)



മുസമ്മിൽ. ഒ
(ഫിനാ.സെക്രട്ടറി)

## SSF കടവ് യൂണിറ്റ്



സിനാൻ. സി.സി
(പ്രസിഡണ്ട്)



ഹിറാഷ്. ബി.പി
(ജന.സെക്രട്ടറി)



യഹിയ
(ഫിനാ.സെക്രട്ടറി)

## SBS വളപട്ടണം യൂണിറ്റ്



സയ്യിദ് ഷഫാഫ് തങ്ങൾ



ഹിഷാം. എം.വി



സയ്യിദ് ഫർസീൻ തങ്ങൾ

## SBS കടവ് യൂണിറ്റ്



അഹനസ്. ബി.പി



ആദിൽ ബിശർ



ലഹൽ

## വളപട്ടണം പെരുമ: അണിയറയിൽ



കെ.സി.കെ.നൂറാനി
(ചീഫ് എഡിറ്റർ)



ഫഹദ്. എം



ഐ.പി. ജലാലുദ്ദീൻ



അബ്ദുറഹ്മാൻ.കെ.സി.കെ



സഫ്‌വാൻ.കെ.പി



മുഹമ്മദ് റംഷീദ്. കെ



സനീർ. കെ.പി



മുഹമ്മദലി. പി.വി
(ചരിത്ര സഹായം)



സയ്യിദ് ഇബ്രാഹിം മശ്ഹൂർ സഅദി | ഫൈസൽ തങ്ങൾ | ഹബീബ് തങ്ങൾ | സ്വഫ്‌വാൻ തങ്ങൾ | ഫത്താഹുള്ള തങ്ങൾ | നിസാർ സഖാഫി



ആബിദ് മൗലവി | അബൂബക്കർ മൗലവി | ഹാരിസ് മൗലവി | നൗഷാദ് വി.പി | യൂസഫ്. എ.പി | അബ്ദുറഹിമാൻ



ഹസ്സൻ. വി | ഉസ്മാൻ. പി | നൗഷാദ്. എ | ജാബിർ ഹാജി. കെ.പി | ശുക്കൂർ. ബി.വി | മഹ്റൂഫ്. എം.എ



ഫൈസൽ. എം | അശ്റഫ്കെ.പി | ഫൈസൽ.കെ.എം | ജലാൽ. എ | ജബ്ബാർ. ബി.പി | അബ്ദുറഹ്മാൻ.കെ.സി.കെ



സലീം.കെ.സി.കെ | നബീൽ. ടി.ബി | മുസ്തഫ. ടി.എം | ശമീർ. കെ.പി | സലീം. എ.പി | അബ്ദുറഹിമാൻ പരിയാരം



കുഞ്ഞഹമദ് | ഇബ്രാഹിം. പി.സി | ഫഹദ്. കെ.വി | മഹമൂദ് ഹാജി | വാസിദ്. പി.വി | അശ്റഫ്. ടി.പി



സിയാദ്. കെ.സി.കെ | അശിർ. ബി | ഷബിർ. കെ.പി | അശ്ക്കർ. പി.എം | റാഷിദ്. കെ.വി | റബീഹ് അലി. ബി.പി

ആശംസകളോടെ......

ആശംസകളോടെ......



സവാദ് തങ്ങൾ | നുഫ്മാൻ തങ്ങൾ | ജൗഹർ തങ്ങൾ | ജുറൈജ്. വി.കെ | സയ്യിദ് സുഫിയാൻ | തമീം. ടി.ബി



സുഹൈൽ. കെ.വി | ഫഹദ്. കെ.പി | നൂറുദ്ദീൻ. കെ.സി.കെ | റശാദ്. കെ | ത്വാഹ | മുസ്തഫ



മുഹമ്മദലി | ബാസിൽ. എം | സുഫിയാൻ. കെ.പി | ബാദുഷ. എം | ഫാറൂഖ്. പി.വി | നിശാൽ



ബശീർ. സി.വി | റാഹിബ്. കെ | ഇർഷാദ്. പി.എം | ഫർഹാൻ. കെ.വി | സൽമാൻ. ഒ | ഷഹ്സാദ്



ഷമൽ. ടി.ബി | നദീർ. സി.വി | നുസൈഫ് | വാജിദ്. ടി | മുഹമ്മദ്. ടി.ബി | സഅദ്. ടി.ബി




ബിലാൽ. ടി.ബി | സിനാസ് | സിനാൻ | ശമീസ്. കെ.പി | റിയാസ്. കെ | റിസ്‌വാൻ. കെ



സഫ്‌വാൻ. എ.ടി | നാസിഫ് | ഇല്യാസ്. കെ.പി | കെ.സി.കെ. ജാസിം | സയ്യിദ് ഷഫാഫ് | മുഹമ്മദ് ഷസിൻ. കെ.പി

ആശംസകളോടെ......


റഹീം


മുഹമ്മദ് ഫാസി


മുഹമ്മദ് ഫവാസ്. സി.സി


മുഹമ്മദ് അജീർ. കെ


ശംസുദ്ദീൻ മൗലവി


സർഫറാസ്. എ.പി


ഷമീം. കെ.എം


താഹിർ ഒ.സി


അബ്ദുൾ ഗഫൂർ


ജാബിർ തോട്ടോൻ


ശഹീർ കെ.സി


ബിശർ പി.ടി.പി


ഫസീഹ് ഫാറൂഖ്


മൻഹ ഉസ്മാൻ


ആയിശ നാജിയ്യ


സയാൻ ജബ്ബാർ


മുഹമ്മദ് മിൻഹാജ്



ഹാഫിസ് ഇബ്രാഹിം ബാദുഷ


മിസ്‌രിയ്യ. എ.പി


സയ്യിദ് ജുബൈർ


സുഫിയാൻ ജബ്ബാർ


യൂസഫ് അലി


മുഹമ്മദ് റൈഹാൻ


മുഹമ്മദ് .കെ.വി




iNSPACE
SOLUTIONS

www.inspacesolutions.com
@inspacesolution

ERAYI COMPLEX NEAR KRISHNA JWELS
THAVAKKARA-KANNUR
Email:inspacesolution.int@gmail.com


Ph: 7736 550 550, 7736 110 110
7736 330 330

MOB: 9895149718
9605121511

SR
Constructions
Engineers & Contractors

ZURAS COMPLEX, PUTHIYATHERU
KANNUR-670011
OLD BUS STAND, VALAPATTANAM

PLAN | ESTIMATE | SUPERVISION
CONTRACT | 3D MODELING | INTERIOR




Fathima GOLD™
SO PURE SO PRECIOUS

**KANNUR** T: +91 497 276 44 22 | **KAMBIL** T: +91 460 224 29 16 | **MATTANNUR** T: +91 490 247 36 22

info@fathimagold www.fathimagold.com fathimagold

OPEN ON ALL SUNDAYS

## സുന്നി പ്രസ്ഥാനം :

# കേരള മുസ്ലിം പൈതൃകത്തിന്റെ നേർ അവകാശികൾ

തിരുനബി (സ)യിൽ നിന്ന് നേരിട്ട് മതം പഠിച്ചവരാണല്ലോ സ്വഹാബികൾ. സ്വഹാബിയാണെന്ന് ഗണിക്കപ്പെടുന്ന ഹസ്റത്ത് റമളാൻ (റ) വളപട്ടണത്ത് ദീർഘകാലം പ്രബോധനം നടത്തിയിട്ടുണ്ട്. ശേഷം ത്വാബിഉകളിൽ മുഖ്യ സ്ഥാനമുള്ള ഹസ്റത്ത് മുഹമ്മദ് (റ) (ഖലീഫ അബൂബക്കർ സിദ്ധീഖ് (റ) ന്റെ മൂന്നാമത്തെ പൗത്രൻ) മുതൽ 21 സിദ്ധീഖി ഖാസിമാരും ബുഖാറയിൽ നിന്നെത്തിയ 22-ാം ഖാസിയായി ചുമതലയേറ്റ സയ്യിദ് അഹമ്മദ് ജലാലുദ്ധീൻ ബുഖാരി (റ) മുതൽ ഇപ്പോഴത്തെ 37-ാം ഖാസിയായ സയ്യിദ് ജലാലുദ്ധീൻ തങ്ങൾ സഖാഫിയും അടങ്ങുന്ന സയ്യിദ് വംശ ഖാസിമാരും യമനിൽ നിന്നും മറ്റുമായി പലഘട്ടങ്ങളിൽ വളപട്ടണത്തെത്തിയ സാദാത്തുക്കളും സൂഫികളും അടങ്ങുന്ന ബൃഹത്തായ പൈതൃക പാരമ്പര്യമാണ് സുന്നികളുടേത്.

ഈ നാട്ടിലെ ഇസ്ലാമിക ചൈതന്യത്തിന് നിറം നൽകിയവരാണവർ. തെക്യാവുകളും പള്ളികളും കേന്ദ്രീകരിച്ച് വിവിധ ത്വരീഖത്തുകളും ഹളറകളും സൂഫി ഹൽഖ



കളും ഈ പുണ്യപുരുഷന്മാരാണ് തുടങ്ങിവെച്ചത്. ഈയൊരു പാരമ്പര്യത്തെയാണ് സുന്നി അനുധാവനം ചെയ്യുന്നത്.

ഇതു കേവലം വളപട്ടണത്തിന്റെ ചരിത്രം മാത്രമല്ല. മാലിക്ബ്നു ദീനാർ (റ) ൽ നിന്ന് തുടങ്ങി സാത്വികരായ മഖ്ദൂം പണ്ഡിതന്മാരും ഉമർ ഖാസിയും മമ്പുറം തങ്ങന്മാരും ഖാസി മുഹമ്മദ് (റ) മൊക്കെ രചിച്ച ഉദാത്തമായ നവോത്ഥാന വിപ്ലവങ്ങൾ ഉൾക്കൊള്ളുന്ന കേരള മുസ്ലിം ചരിത്രം തന്നെ സുന്നികളുടേതാണ്. ഈ ചരിത്രത്തിന് പതിനാലു നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ചെന്നു ചേരുന്നത് താബിഉകൾ മുഖേന സഹാബികൾ വഴി തിരുനബിയിലേക്കാണ്.

**പ്രഥമ സ്വാതന്ത്ര്യ സമര പോരാളികൾ**

ഇന്ത്യയുടെ ആദ്യത്തെ സ്വാതന്ത്ര്യപോരാളികളെന്ന് വിളിക്കപ്പെടേണ്ട രണ്ട് ചരിത്ര പുരുഷന്മാരുണ്ട് കേരളത്തിലെ മതപണ്ഡിത ചരിത്രത്തിൽ. ഒരു പിതാമഹനും ഒരു പൗത്രനും. ഇരുവരും ശൈഖ് സൈനുദ്ദീൻ മഖ്ദൂം എന്നറിയപ്പെടുന്നു. ചരിത്രത്തിന്റെ സാങ്കേതിക രീതി അനുസരിച്ച് മഖ്ദൂം ഒന്നാമനും രണ്ടാമനും. പൊന്നാനി വലിയ ജുമാമസ്ജിദ് സ്ഥാപകനാണ് ഒന്നാമൻ. അവിടെ 36കൊല്ലം അദ്ധ്യാപകനാണ് മഖ്ദൂം രണ്ടാമൻ. കോഴിക്കോട്ടണഞ്ഞ പോർച്ചുഗീസ് കപ്പലുകൾ കണ്ണുവെച്ചതെവിടെയാണെന്ന് മലയാളിക്ക് മനസ്സിലായിട്ടില്ലാത്ത കാലത്ത് വാസ്ഗോഡ ഗാമ കോഴിക്കോട് കപ്പലിറങ്ങിയ നാൾ പൊന്നാനി പള്ളിയിൽ നിന്ന് മഖ്ദൂം ഒന്നാമൻ വിളിച്ചുപറഞ്ഞു ' അവനെ സൂക്ഷിക്കുക'. അറബിയിൽ ഉജ്ജ്വലമായൊരു വിപ്ലവകാവ്യം 'തഹ്‌രീള്' രചിച്ച് പറങ്കികൾക്കെതിരെ പട പൊരുതാൻ മുസ്ലിംങ്ങളോടാഹ്വാനം ചെയ്തു.

**ഈ ചരിത്രത്തിന് പതിനാലു നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ചെന്നു ചേരുന്നത് താബിഉകൾ മുഖേന സഹാബികൾ വഴി തിരുനബിയിലേക്കാണ്.**

കേരളത്തിലെ ആദ്യത്തെ ചരിത്രഗ്രന്ഥം സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ 'തുഹ്ഫതുൽ മുജാഹിദീൻ' ആണ്. 15ഉം 16ഉം നൂറ്റാണ്ടിലെ കേരളം ആ സാക്ഷ്യമൊഴികളിൽ നമുക്ക് അനുഭവിക്കാം. പറങ്കികൾക്കെതിരെ ലോകാടിസ്ഥാനത്തിൽ തന്നെ ആദ്യത്തെ വിപ്ലവ ഗ്രന്ഥമാണിത്. ഇന്ന് 45ഓളം ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പറങ്കികളുടെ പടയോട്ടവും കേരളത്തിന്റെ പോരാട്ടവും കത്തിനിൽക്കുമ്പോഴാണ് 1522ൽ മഖ്ദൂം ഒന്നാമൻ വിടപറയുന്നത്. ഇസ് ലാമിക വിജ്ഞാന ശാഖക്ക് 17 കൃതികൾ അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്. രണ്ടു പുത്രന്മാരിൽ മൂത്ത മകൻ ശൈഖ് അബ്ദുൽ അസീസ് മഖ്ദൂം മതപണ്ഡിതനും 1571ൽ ചാലിയത്തെ പറങ്കികോട്ട പിടിച്ചെടുക്കുന്നതിൽ സാമൂതിരിയുടെ സൈന്യത്തെ നയിക്കുകയും ചെയ്തു. ഈ വിജയഗാഥയുടെ അറബിപടപാട്ടാണ് ഖാസി മുഹമ്മദിന്റെ 'ഫത്ഹുൽ മുബീൻ''.

മുസ്ലിം രാജ്യങ്ങളിലേക്ക് സാമൂതിരി രാജാവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടതും പോർച്ചുഗീസുകാർക്കെതിരെ സൈനിക സഹായത്തിന് ഈജിപ്ത്, തുർക്കി, ബീജാപൂർ സുൽത്താൻമാരുമായും കത്തിടപാടുകൾ നടത്തിയതും മഖ്ദൂം രണ്ടാമനാണ്. നിരവധി ഗ്രന്ഥങ്ങൾ രചിച്ചവയിൽ ഫത്ഹുൽ മുഈൻ എന്ന കർമ്മശാസ്ത്ര ഗ്രന്ഥം ലോകരാജ്യങ്ങളിൽ പ്രചുരപ്രചാരം നേടി.

കേരളത്തിലെ ആദ്യത്തെ ചരിത്രഗ്രന്ഥമായ 'തുഹ്ഫത്തുൽ മുജാഹിദീൻ' 1583ലാണ് അദ്ദേഹം രചിക്കുന്നത്. ഇത് മുസ് ലിംങ്ങൾക്ക് പറങ്കികൾക്കെതിരെ പോരാടാൻ സമരാവേശം നൽകി. സാമൂതിരി ദേശത്തിന്റ സംരക്ഷണത്തിന് കുഞ്ഞാലിമാർ സൈന്യാധിപസ്ഥാനം ഏറ്റെടുത്തു. 1572ൽ രോഗബാധിതനായ കുഞ്ഞാലിമരക്കാറെ സന്ദർശിക്കാൻ വടകര പുതുപണം കോട്ടയിലെത്തിയ സാമൂതിരിയോട് കുഞ്ഞാലിമരക്കാർ പറഞ്ഞ അന്ത്യമൊഴികൾ പിൽകാലത്ത് കെ.പി.കേശവമേനോൻ ഇങ്ങനെ രേഖപ്പെടുത്തുന്നു ' നമ്മുടെ വിജയത്തിനുകാരണം പടകോപ്പുകളല്ല, ഐക്യമാണ്'. ജാതിയും മതവും ശത്രുവിനെ നേരിടുന്നതിന് തടസ്സമായില്ല. ഈ യോജിപ്പ് വളർത്തണം. പടച്ചവൻ സഹായിക്കട്ടെ (ദാന ഭൂമി-കെ.പി.കേശവമേനോൻ).

'കോട്ടക്കലോമന കുഞ്ഞാലിക്ക് നായരും തീയരുമൊന്നുപോലെ'. എന്നു തുടങ്ങുന്ന വടക്കൻപാട്ട് കേരളം മൂളി തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. 26യുദ്ധങ്ങൾ സാമൂതിരിക്ക് വേണ്ടി കുഞ്ഞാലിമാർ ജയിച്ചു കയറിയത് മഖ്ദൂമിൽ നിന്ന് ലഭിച്ച സമരാവേശ ഊർജം കൊണ്ടാണ്.

**ഉമർ ഖാസിയും മമ്പുറം തങ്ങളും**

പോർച്ചുഗീസ് കാലഘട്ടത്തിൽ നിന്ന് ബ്രിട്ടീഷ് കാലഘട്ടത്തിലേക്ക് മലബാറിലെ കോളനിവാഴ്ച മാറിവന്ന കാലത്താണ് വെളിയങ്കോട് ഉമർഖാസി (റ) ജീവിതം തുടങ്ങുന്നത്. നിസ്സഹകരണ പ്രസ്ഥാനം തുടങ്ങുന്നതിന് ഒരു നൂറ്റാണ്ട് മുമ്പ് തന്നെ നികുതി നിഷേധം അദ്ദേഹം മഹല്ല്തോറും നടപ്പിലാക്കി. മമ്പുറം സയ്യിദ് അലവി തങ്ങളുടെ സൈഫുൽ ബത്താർ എന്ന ബ്രിട്ടീഷുകാർക്കെതിരെയുള്ള ഗ്രന്ഥം മഹല്ല്തോറും വിതരണം ചെയ്തു. തൽഫലമായി നിരവധി സ്ഥലങ്ങളിൽ സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. മതപണ്ഡിതന്മാർക്കായിരുന്നു ഈ കലാപങ്ങളിൽ മാപ്പിളമാരുടെ നേതൃത്വം. ചുരുക്ക

ത്തിൽ കൊളോണിയൽ അധിനിവേശ കാലത്ത് മഖ്ദൂം കുടുംബം, ബാ അലവികൾ തുടങ്ങി ഉലമാ നേതൃത്വത്തിന് കീഴിൽ കേരളത്തിന്റെ ഗ്രാമങ്ങളിൽ, മഹല്ലുകളിൽ സേവനമനുഷ്ഠിച്ചിരുന്ന മതപണ്ഡിതന്മാർ ആ പ്രദേശത്തിന്റെ സാമൂഹിക-സാംസ്കാരിക-വൈജ്ഞാനിക മേഖലകളിൽ ഇടപെടുകയും നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്

**മതനവീകരണ പ്രസ്ഥാനങ്ങളുടെ അപചയം**

മത നവീകരണ പ്രസ്ഥാനങ്ങൾക്ക് നജ്ദിലെ മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് വരെയൊ ഈജിപ്തിലെ റഷീദ് രിള വരെയൊ പാക്കിസ്ഥാനിലെ മൗദൂദി സാഹിബ് വരെയൊ പോകാം. ഇവരുടേത് ഭീകരതയും തീവ്രതയും അടങ്ങിയ ആശയങ്ങളാണെന്നും വികല വിശ്വാസമാണ് വെച്ചുപുലർത്തുന്നതെന്നും കേരളത്തിലെ സുന്നി പണ്ഡിതന്മാർ, സലഫികളുടെ കേരളത്തിലേക്കുള്ള രംഗ പ്രവേശന സമയത്ത് തന്നെ വിളിച്ചു പറഞ്ഞിരുന്നു. ഇന്ന് ലോകം അനുഭവിച്ചറിയുന്ന യാഥാർത്ഥ്യമാണല്ലോ ഇത്.

ഇസ്ലാം വിഭാവനം ചെയ്യുന്ന ഭക്തി നിർഭരമായ ജീവിതവും പരമ്പരാഗത വിശ്വാസ ചൈതന്യങ്ങളെയും ഈ വിഭാഗം ചോദ്യം ചെയ്ത് രംഗ പ്രവേശനം ചെയ്തപ്പോഴാണ് മഹാ ഭൂരിപക്ഷം വരുന്ന പാരമ്പര്യ മുസ്ലിം ജനസഞ്ചയത്തെ ബോധവൽക്കരിക്കാൻ 1926-ൽ സമസ്ത രൂപം കൊള്ളുന്നത്. ശേഷം 1954-ൽ എസ്.വൈ.എസും 1973-ൽ എസ്.എസ്.എഫും, 2015-ൽ കേരള മുസ്ലിം ജമാഅത്തും രൂപികൃതമാകുന്നത്. സമസ്തയും കീഴ് ഘടകങ്ങളും ഒരു പ്രതിരോധ സംവിധാനമായിരുന്നു. ഒരു സംഘടനയുടെയും സാന്നിധ്യമില്ലാതെയാണ് അന്നുവരെ കേരളത്തിൽ ഇസ്ലാം പടർന്നു പന്തലിച്ചത്. അവർ മതം പഠിച്ചതും, ശത്രുക്കളെ പ്രതിരോധിച്ചതും, അധിനിവേശങ്ങളെ ചെറുത്തതും, ദീനി സംരംഭങ്ങൾ ആരംഭിച്ചതും ഒരു സംഘടനയുടെയും പിൻബലമില്ലാതെയാണ്. മുസ്ലിം കേരളം പണ്ഡിതന്മാരുടെയും സാദാത്തുക്കളുടെയും പിന്നിൽ അവർ അന്ന് ശക്തരായിരുന്നു. സംഘടിതരായിരുന്നു. ഏകോപിതരായിരുന്നു. മതത്തിൽ അഭിപ്രായ വിത്യാസങ്ങളും തർക്കങ്ങളും ഇല്ലായിരുന്നു.

മുസ്ലീംകളുടെ ഈ ഐക്യത്തിനും കെട്ടുറപ്പിനും കത്തിവെച്ചത് മേൽപറഞ്ഞ സലഫി ചിന്താ ധാരയാണ്. ഇവരഴിച്ചുവിട്ട ഫിത്നയെ ചെറുക്കാനാണ് പണ്ഡിതന്മാർക്ക് സംഘടിക്കേണ്ടി വന്നത്. മുസ്ലീംകളുടെ ഇടയിൽ പ്രമാണ വഴക്കുകൾ കത്തിച്ചു വിട്ടവർ തന്നെയാണ് ഈ സമുദായത്തെ ഭിന്നിപ്പിച്ചത്. ആത്മജ്ഞാനികളായ പുണ്യ പുരുഷന്മാരുടെ കരം ഗ്രഹിച്ച് ഇസ്ലാമിലേക്ക് കടന്നുവന്നത് ലക്ഷക്കണക്കായ ഇതര മതസ്ഥരാണ്. പുത്തൻ തൗഹീദിന്റെ വക്താക്കൾ കാടിളക്കി വന്നപ്പോൾ ചിത്രംമാറി. ഇസ്ലാമിലേക്കുള്ള പ്രയാണം തടയപ്പെടുക മാത്രമല്ല; മതം വ്യാപകമായി തെറ്റിദ്ധരിപ്പിക്കപ്പെടുകയുമുണ്ടായി. ഇസ്ലാമിന് വാളിന്റെയും രാഷ്ട്രീയാധികാരത്തിന്റെയും ചീത്തപ്പേര് വന്നു. വർഗ്ഗീയതയും വംശീയതയും പെരുകാൻ തുടങ്ങി. ഹിന്ദു-മുസ്ലിം സൗഹൃദത്തിന് ഊനം തട്ടിയത് കൊളോണിയൽ വാഴ്ച കാലത്താണെങ്കിലും ഇസ്ലാം ഇവ്വിധം തെറ്റിദ്ധരിക്കപ്പെടാൻ കാരണം മത നവീകരണ പ്രസ്ഥാനങ്ങളാണ്. ഐ.എസിലേക്ക് ചേരാൻ നാടുവിട്ട ചെറുപ്പക്കാർക്ക് മുഴുവൻ പ്രചോദനമായതും സലഫി ആശയമാണ് എന്നത് ഇതിനോട് കൂട്ടി വായിക്കേണ്ടതാണ്. സലഫിസത്തിന്റെ അക്രമോൽസുകതയും മൗദൂദിസത്തിന്റെ മതരാഷ്ട്രവാദവും മുറിവുകളുടെ ആഴം പിന്നെയും കൂട്ടി.

**സുന്നിപ്രസ്ഥാനം സാധിച്ച നവോത്ഥാന മുന്നേറ്റം**

ഈ മുറിവ് ഉണക്കുന്നതിനും ഇസ്ലാമിന്റെ പാരമ്പര്യ - തനത് രൂപം കളങ്കരഹിതമായി കാത്തുസൂക്ഷിക്കുന്നതിനും വേണ്ടിയും സമുദായത്തിന്റെ സർവ്വ പുരോഗതിക്ക് വേണ്ടിയുമാണ് സുന്നി സംഘടനകൾ രൂപികരിച്ച് പ്രവർത്തനങ്ങൾ ഏകോപിച്ച് മുന്നേറിയത്. ഇന്ന് അഖിലേന്ത്യാടിസ്ഥാനത്തിൽ സുന്നി പ്രസ്ഥാനത്തിന്റെ കീഴിൽ എല്ലാ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ കേന്ദ്രങ്ങളും സംഘടന ആസ്ഥാനങ്ങളും ജീവകാരുണ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വെസ്റ്റ് ബംഗാളിൽ മാത്രം ഇരുന്നൂറ് മദ്രസകളും 600 ഓളം പള്ളികളും വിമൻസ് കോളേജ്, ദഅ്വ കോളേജ്, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സ്കൂളുകൾ, ജീവകാരുണ്യ റിലീഫ് പ്രവർത്തനങ്ങൾ, 2600 ഓളം കുടിവെള്ള സംരംഭങ്ങൾ തുടങ്ങി കോടിക്കണക്കിന് രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്. ഇതുപോലെ മററു സംസ്ഥാനങ്ങളിലും ദേശീയാടിസ്ഥാനത്തിൽ നോർത്തേൺ, സതേൺ, വെസ്റ്റേൺ, സെൻട്രൽ, നോർത്ത് ഈസ്റ്റേൺ തുടങ്ങി സംഘടനാ സോൺ ചാനൽ വഴി നടന്നു വരുന്നുണ്ട്. അഖിലേന്ത്യാ സുന്നി വിദ്യാഭ്യാസ ബോർഡിന്റെയും സുന്നി പ്രസ്ഥാനത്തിന്റെയും ആസ്ഥാനം ന്യൂഡൽഹിയിലെ വി.ഐ.പി. ഏരിയയായ ദരിയാഗഞ്ചിൽ ചരിത്ര പ്രസിദ്ധമായ ഘട്ടാ മസ്ജിദിന് സമീപം പ്രവർത്തിക്കുന്നു.

**സുന്നി പ്രസ്ഥാനത്തിന്റെ ആസ്ഥാനം ന്യൂഡൽഹിയിലെ വി.ഐ.പി. ഏരിയയായ ദരിയാഗഞ്ചിൽ ചരിത്ര പ്രസിദ്ധമായ ഘട്ടാ മസ്ജിദിന് സമീപം പ്രവർത്തിക്കുന്നു.**

# വളപട്ടണത്തെ സുന്നിപ്രസ്ഥാന ചലനങ്ങൾ : വാർഷിക കലണ്ടർ

*വാർഷിക പദ്ധതികൾ*
*റംസാൻ കാമ്പയിൻ*
*ജീവകാരുണ്യ -സന്നദ്ധ സേവനങ്ങൾ*
*ആത്മീയം*
*വിദ്യാഭ്യാസം*
*പ്രസിദ്ധീകരണം*
*നാഴികകല്ലുകൾ*




നിരവധി സംഘടനാ സർക്കുലർ പദ്ധതികൾക്ക് പുറമെ വളപട്ടണത്ത് ധാർമികാന്തരീക്ഷം നിലനിർത്താനും ജനങ്ങളെ മതബോധമുള്ളവരായി വളർത്താനും ഉതകുന്ന നിരവധി ആത്മീയ-ഭൗതിക-ജീവകാരുണ്യ പദ്ധതികൾ സുന്നി പ്രസ്ഥാനം കൃത്യമായി നടത്തിപ്പോരുന്നുണ്ട്. വർഷാവർഷം നടന്ന് വരുന്ന ഇത്തരം പരിപാടികളിലൂടെയുള്ള ഒരോട്ട പ്രദക്ഷിണമാണ് ചുവടെ.

## വാർഷിക പദ്ധതികൾ:



ഖാദിസിയ്യ സദസ്

### ഖാദിസിയ്യ :
(സംഘാടനം-കേരള മുസ്ലിം ജമാഅത്ത്)

1994 ൽ ആരംഭിച്ച ഖാദിസിയ്യ വിജ്ഞാനവേദി ഇന്നും വളപട്ടണം മഹല്ലിലെ അറിയപ്പെടുന്ന മതപ്രഭാഷണ സദസാണ്. 1994 മുതൽ എല്ലാ വർഷവും രണ്ടാഴ്ചയിൽ കുറയാത്ത മതപ്രസംഗ പരമ്പരയാണ് ഖാദിസിയ്യയിൽ നടക്കുന്നത്. 2015ൽ 20 ദിവസത്തെ വഅള് പരമ്പരയാണ്




നടന്നത്. കാന്തപുരം ഉസ്താദ്, ചിത്താരി ഉസ്താദ്, പൊന്മള ഉസ്താദ് തുടങ്ങിയ പ്രാസ്ഥാനിക നേതാക്കൾ സംബന്ധിച്ചിട്ടുണ്ട്. 2015 വരെ നടത്തിവന്നത് യൂണിറ്റ് SYS കമ്മറ്റിയാണ്.


ഗുൽഷനെ മദീന സദസ്


ബാഫഖി തങ്ങളെ ആനയിക്കുന്നു

## ഗുൽഷനെ മദീന:
**(സംഘാടനം - SSF വളപട്ടണം സെക്ടർ):**

"തിരുനബി(സ)യുടെ സ്നേഹ പരിസരം" എന്ന ശീർഷകത്തിൽ റബീഉൽ അവ്വലിൽ വിപുലമായി നടത്തിവരുന്ന ഈ പദ്ധതി 2013 ലാണ് ആരംഭിച്ചത്. ജില്ലയിൽ തന്നെ ശ്രദ്ധേയമായ ഈ പരിപാടിയിൽ മദ്ഹുറസൂൽ പ്രഭാഷണം, ഇശൽ വിരുന്ന്, നഅ്ത് ഖാനി, ബുർദ മെഹ്ഫിൽ, ആത്മീയ സമ്മേളനം തുടങ്ങിയ വൈവിധ്യങ്ങളായ പ്രോഗ്രാമുകളാണ് അടങ്ങിയിട്ടുള്ളത്. കേരള ഫോക്‌ലോർ അക്കാദമി അവാർഡ് ജേതാവ് കോയ കാപ്പാട്, സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടെ മകൻ സയ്യിദ് സൈനുൽ ആബിദീൻ തങ്ങൾ മലേഷ്യ, സ്വാദിഖ് ഫാളിലി സിംഗപ്പൂർ തുടങ്ങിയ പ്രമുഖർ സംബന്ധിക്കാറുണ്ട്.

ഇക്കഴിഞ്ഞ ഡിസംബറിൽ നടന്നതാണ് ഗുൽഷനെ മദീനയുടെ ചരിത്രത്തിലെ ഏറ്റവും പ്രൗഢമായ വേദിയും ജനശ്രദ്ധേയമായ പരിപാടിയും നടന്നത്. ബാഫഖി തങ്ങൾക്ക് ഗുൽഷനെ വേദിയിലേക്കുള്ള വളപട്ടണം പൗരാവലിയുടെ സ്വീകരിച്ച് ആനയിക്കലിൽ മുമ്പെങ്ങും ഇല്ലാത്തവിധം ജനാസാഗരം അണിനിരന്നിരുന്നു



കുടിവെള്ള സംഭരണി



എജ്യൂഹെൽപ് & മെറിറ്റ് ഈവനിംഗ്

## മെറ്റിറ്റ് ഈവനിംഗ് & എജ്യു ഹെൽപ് :
**(സംഘാടനം - SSF വളപട്ടണം സെക്ടർ):**

അദ്ധ്യയന വർഷാരംഭം നിർധന വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണ സഹായ വിതരണമാണ് എജ്യു ഹെൽപ്. ഈ വർഷം വളപട്ടണത്തെയും സമീപ പ്രദേശങ്ങളിലെയും 320 വിദ്യാർത്ഥികൾക്ക്



എജ്യൂഹെൽപ് & മെറിറ്റ് ഈവനിംഗ്



സ്നേഹയാത്ര



പൈതൃക യാത്ര





വിഭവ ശേഖരണം

ഇത്തരം സഹായം നൽകാൻ സാധിച്ചു. മദ്രസ പൊതുപരീക്ഷയിലും **SSLC**, +2 തലങ്ങളിലും ഉന്നത വിജയം നേടുന്നവർക്കുള്ള അനുമോദനമാണ് മെറിറ്റ് ഈവനിംഗ്. ഈ രണ്ട് പദ്ധതികളും കഴിഞ്ഞ 20 വർഷത്തോളമായി സ്തുത്യർഹമായി നടന്ന് വരുന്നു. 2014 എജ്യൂ ഹെൽപ് സംസ്ഥാനതല ഉദ്ഘാടനം വളപട്ടണത്താണ് നടന്നത്.

## സംഘടിത ഉള്ഹിയ്യത്ത് :
(സംഘാടനം-കേരള മുസ്ലിം ജമാഅത്ത്)

വളപട്ടണം ജുമാ മസ്ജിദ് കേന്ദ്രീകരിച്ച് വർഷങ്ങളായി നടത്തിവരുന്നു. മഹല്ലിലെ വീടുകളിലേക്ക് ഉള്ഹിയ്യത്ത് വിഹിതം എത്തിക്കാറുണ്ട്. 2015 വരെ SYS ന്റെ കീഴിലായിരുന്നു നടന്ന് വന്നത്.

## സ്നേഹയാത്ര
(സംഘാടനം **SSF** സെക്ടർ കമ്മറ്റി)

സ്കൂൾ അവധികാലത്ത് ആത്മീയവും വിനോദവും ഉൾപ്പെടുത്തി **SBS** വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുന്ന പഠനയാത്രയാണിത്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം തുടങ്ങി മലബാർ മേഖലയിലെ ചരിത്ര പ്രധാന സ്ഥലങ്ങൾ, മസാറുകൾ, മ്യൂസിയങ്ങൾ, പ്ലാനിറ്റോറിയം തുടങ്ങിയ സ്ഥലങ്ങൾ ഇതിനകം സന്ദർശിച്ചിട്ടുണ്ട്. ഈ വർഷത്തെ യാത്രയിൽ കണ്ണൂർ യൂണിവേഴ്സിറ്റി ഫിസിക്കൽ എജുക്കേഷൻ ഫെല്ലോ ഫൈസൽ തിരുവനന്തപുരത്തിന്റെ മുഴുസമയ സേവനമുണ്ടായിരുന്നു.

## കുന്നത്ത്പള്ളി മഖാം ഉറൂസ് :
(സംഘാടനം മഖാം കമ്മറ്റി)

മുഹറം മാസത്തിൽ നാല് ദിവസങ്ങളിലായി വിവിധ ആത്മീയ മജ്സിലുകളാൽ ജനകീയമായി നടത്തിവരുന്നു. ചക്കരച്ചോർ വിതരണമാണ് ഉറൂസിനോടനുബന്ധിച്ച് വീടുകളിലേക്ക് വിതരണം ചെയ്യുന്നത്. പ്രഗത്ഭരായ സയ്യിദുമാരും പണ്ഡിതന്മാരും സംബന്ധിക്കാറുണ്ട്. ഉറൂസിലേക്കുള്ള വിഭവശേഖരണം, ഉറൂസ് വിളംബരം ചെയ്യുന്ന പൈതൃകയാത്ര എന്നിവ ശ്രദ്ധേയമാണ്.

## സാഹിത്യോത്സവ്
(**SSF** യൂണിറ്റ്, സെക്ടർ):

വിദ്യാർത്ഥികളിലെ കലാ-സാഹിത്യ-നൈസർഗിക വാസനകൾ വളർത്തിയെടുക്കുന്നതിന് വേണ്ടി യൂണിറ്റ് തലം മുതൽ സെക്ടർ - ഡിവിഷൻ - ജില്ല - സ്റ്റേറ്റ് തലം വരെ 108 ഇനങ്ങളിലായി വ്യവസ്ഥാപിതമായി നടക്കുന്ന പദ്ധതിയാണിത്. 2013ൽ കണ്ണൂർ ജില്ലാ സാഹിത്യോത്സവ് വളപട്ടണത്ത് ആഘോഷപൂർവ്വം നടന്നിട്ടുണ്ട്. സ്റ്റേറ്റ് തലത്തിൽ മത്സരിച്ച് വളപട്ടണത്തെ അഹ്മദ് ലിനോഫ്, കെ.സി.കെ. നൂറാനി, പി.എം ശാഹിൽ എന്നിവർ ഒന്നാം സ്ഥാനം നേടുകയും ശമിയാസ്, ശഹബാസ് തങ്ങൾ, കെ.സി.കെ. അബ്ദുറഹ്മാൻ, ഇർശാദ് എം, ദാനിഷ്, സനൂദ് എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.

## കെ.പി.ബി. ജാഫർ അനുസ്മരണം
(**SSF** സെക്ടർ കമ്മറ്റി)

ധാർമിക വിപ്ലവ പ്രസ്ഥാനത്തെ നെഞ്ചിലേറ്റി അകാലത്തിൽ നമ്മോട് വിടപറഞ്ഞ പ്രിയങ്കരനായ ജാഫറിന് വേണ്ടി പ്രാർത്ഥനാ സംഗമം സംഘടിപ്പിച്ചുവരുന്നു. മരണപ്പെട്ട പ്രവർത്തകർ, പ്രസ്ഥാന ബന്ധുക്കൾ, പ്രവർത്തകരുടെ മാതാപിതാക്കൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും ഇതോടൊപ്പം നടക്കും. ജില്ലാ - സ്റ്റേറ്റ് തലത്തിലെ നേതാക്കൾ നേതൃത്വം നൽകിവരുന്നു.

## റംസാൻ കാമ്പയിൻ (സംഘാടനം കേരള മുസ്ലിം ജമാഅത്ത്) (ബദ്‌രീങ്ങളുടെ ആണ്ട്, ഇഹ്തികാഫ് ജൽസ, അത്താഴ വിരുന്ന്, ഇഫ്ത്താർ സംഗമം, ഫാമിലി ക്ലാസ്)

വിശ്വാസിയുടെ വിളവെടുപ്പ് കാലമായ വിശുദ്ധ റമളാനിൽ വിവിധ ആത്മീയ-ജീവകാരുണ്യ - പഠന സംരംഭങ്ങൾ നടന്ന് വരുന്നു. റംസാൻ 17ന് നടക്കുന്ന ബദ്‌രീങ്ങളുടെ ആണ്ട് നേർച്ചയുടെ 1600 ഓളം കാർഡുകളാണ് ഈ വർഷം വീടുകളിൽ വിതരണം ചെയ്തത്. ഈ വർഷം മുൻഗണനക്രമത്തിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തി മികച്ച ആസൂത്രണ മികവോടെയാണ് കുടിച്ചോർ വിതരണം നടത്തിയത് ലൈലതുൽ ഖദറിനെ പ്രതീക്ഷിക്കുന്ന അവസാനത്തെ പത്തിൽ

സാഹിത്യോത്സവ്





കെ.പി.ബി ജാഫർ അനുസ്മരണം

ഇഹ്തികാഫ് ജൽസ



ബദരീങ്ങളുടെ ആണ്ട് നേർച്ച





ഗവ. ഹോസ്പിറ്റൽ ശുചീകരണം



ഗവ. ഹോസ്പിറ്റൽ ശുചീകരണം



കുടിവെള്ള വിതരണം




വസ്ത്രശേഖരണം

പ്രഗത്ഭരായ സാദാത്തുക്കളും പണ്ഡിതന്മാരും നേതൃത്വം നൽകുന്ന ഇഹ്തികാഫ് ജൽസയും ശേഷം ഒരുക്കുന്ന അത്താഴ വിരുന്നും ജില്ലയിൽ തന്നെ വ്യവസ്ഥാപിതമായി നടക്കുന്നതിനാൽ ഇതര മഹല്ലുകളിൽ നിന്നും വിശ്വാസികൾ ഇവിടെ സംഗമിക്കാറുണ്ട്. ഈ മൂന്ന് ബൃഹദ് പദ്ധതികളും കേരള മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ ജുമാ മസ്ജിദ് കേന്ദ്രീകരിച്ച് നടത്തിവരുന്നു.

യൂണിറ്റ് SYS ന്റെ കീഴിൽ തങ്ങൾ വയൽ, സുബുലുസ്സലാം, കോട്ടമ്മൽ ഭാഗങ്ങൾ കേന്ദ്രീകരിച്ച് ആഴ്ചയിൽ നാല് ദിവസം നടക്കുന്ന വനിതാക്ലാസ്സും എടുത്ത് പറയേണ്ടവയാണ്.

**ജീവകാരുണ്യ - സന്നദ്ധ സേവനങ്ങൾ :**
(സംഘാടനം - SYS സാന്ത്വനം)
സാന്ത്വനം കേന്ദ്രം, തയ്യൽ മെഷീൻ വിതരണം, തകാഫുൽ, കുടിവെള്ള വിതരണം, സേവന ദിനാചരണം, ഭക്ഷണ കിറ്റ് വിതരണം, പുതു വസ്ത്ര ശേഖരണം, സാമ്പത്തിക സഹായങ്ങൾ, ആരോഗ്യ ബോധവൽക്കരണം മുതലയാവ....

SYS 60-ാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായാണ് സേവന സന്നദ്ധരായ 25000 സ്വഫ്വ വളണ്ടിയർ കോറിനെ കേരളത്തിന് സമർപ്പിക്കുന്നത്. വളപട്ടണം യൂണിറ്റ് SYS ന് കീഴിൽ സാന്ത്വനം ക്ലബ് രൂപീകരിക്കുകയും സുന്നി ആസ്ഥാനത്തിന് താഴെ സാന്ത്വനം കേന്ദ്രം അന്നത്തെ SYS സ്റ്റേറ്റ് പ്രസി. ബഹു. പൊന്മള ഉസ്താദ് ഉൽഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് നിരവധി റിലീഫ് പ്രവർത്തനങ്ങൾ സംഘടനയുടെ കീഴിൽ മാതൃകാപരമായി നടന്നു.

നിർധന കുടുംബങ്ങൾക്കുള്ള തയ്യൽ മെഷീനുകൾ, മാസാന്ത സൗജന്യ റേഷൻ പദ്ധതിയായ തകാഫുൽ, വേനൽകാലത്തെ 3 ലക്ഷം ലിറ്റർ കുടിവെള്ള വിതരണം, കുടിവെള്ള സംഭരണി സമർപ്പണം ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, ആസാം, ത്രിപുര, വെസ്റ്റ് ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ സുന്നി വിദ്യാഭ്യാസ ബോർഡിന് കീഴിലെ 800 ഓളം മദ്രസകളിൽ പഠിക്കുന്ന വിദ്യാർത്ഥി - വിദ്യാർത്ഥിനികൾക്കുള്ള വസ്ത്രശേഖരണം, വളപട്ടണം ബോട്ട്ജെട്ടിക്ക് സമീപവും, മന്ന ഖബർസ്ഥാനും വളപട്ടണം ഗവ: ഹോസ്പിറ്റൽ ശുചീകരണവും നടപ്പാത- വഴിയോരങ്ങളും വൃത്തിയാക്കുന്ന സേവനവാരാചരണം, തുടങ്ങിയ പദ്ധതികൾ കുറ്റമറ്റരീതിയിൽപൂർത്തിയാക്കി. ഹരിതകേരളത്തോടനുബന്ധിച്ച് ഗവൺമെന്റ് ഹോസ്പിറ്റൽ ശുചീകരണം

എറ്റെടുത്ത് നടത്തിയ സ്വാന്ത്വനം കമ്മറ്റിക്ക് മെഡിക്കൽ ഓഫീസർ ഡോ. ഇസ്മയിൽ അനുമോദന പത്രം നൽകുകയുായി

റമളാനിൽ കണ്ണൂർ ജില്ലാ ഹോസ്പിറ്റൽ കേന്ദ്രീകരിച്ച് രോഗിക്കും ആശ്രിതർക്കും നോമ്പുതുറ വേളയിൽ നൽകിവരുന്ന ഭക്ഷണകിറ്റ് വിതരണം, വളപട്ടണം പഞ്ചായത്ത് ഹോസ്പിറ്റലിലേക്കുള്ള വാട്ടർ ടാങ്ക്, കല്യാണം - ഭവന നിർമാണം - ചികിത്സ ആവശ്യങ്ങൾക്കുള്ള സാമ്പത്തിക സഹായം, **SSF** മായി സഹകരിച്ച് 300 ഓളം വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണം, ഫല വൃക്ഷത്തൈ വിതരണം തുടങ്ങി ബൃഹത്തായ കർമ്മപദ്ധതികളാണ് തികഞ്ഞ ആസൂത്രണമികവോടെ നടപ്പിലാക്കിയത്.


സ്നേഹവിരുന്ന്: ജില്ലാ ഹോസ്പിറ്റൽ

## ക്ലാസുകൾ / ക്യാമ്പുകൾ

(സ്കൂൾ ഓഫ് ഖുർആൻ, ആദർശപഠനം, സുഠറ, ഫത്ഹെ മുബാറക്ക്, യാത്രയയപ്പ്, പഠിപ്പുര-പഠനമുറി-പാഠശാല-മുന്നേറ്റം ക്യാമ്പുകൾ.)


സാന്ത്വന കേന്ദ്രം ഉദ്ഘാടനം

വർഷങ്ങളായി സുബുലുസ്സലാം മദ്രസയിൽ നടന്നവരുന്ന **SYS** ദ്വൈവാര സ്കൂൾ ഓഫ് ഖുർആൻ, മുസ്ലിം ജമാഅത്തിന്റെ കീഴിൽ സുന്നി സെന്ററിൽ നടന്ന് വരുന്ന ദ്വൈവാര ആദർശപഠന ക്ലാസുകൾ, ഹാജിമാർക്കുള്ള യാത്രയയപ്പും പഠന ക്ലാസ്സും, പഠിപ്പുര പാഠശാല-മുന്നേറ്റം തുടങ്ങി ഏകദിന ക്യാമ്പുകൾ, തർബിയ്യ - സുഠറ എന്നീ മാസാന്ത ആത്മീയ കൂട്ടായ്മകൾ എന്നിവ വിജ്ഞാന വിരുന്നുകൾ ഒരുക്കുന്നു.


പഠന ക്യാമ്പ്

## ആത്മീയം :

(മഹ്ളറത്തുൽ ബദ്രിയ്യ, ശഹീദെ കർബല, റബീഹ് വിളംബര റാലി, മൗലീദ് മജ്‌ലിസ്, തിദ്കാറെ ജീലാനി, തഹ്ലീൽ മജ്‌ലിസ്, ബദർ മൗലിദ് സദസ്, നാരിയത്ത് സ്വലാത്ത് ഹൽഖ, ശാദുലി ഹളറ)

വിശ്വാസിയുടെ അടിസ്ഥാന ലക്ഷ്യമായ പാരത്രിക മോക്ഷം കരസ്ഥമാക്കാനുതകുന്ന പദ്ധതികൾ സുന്നി പ്രസ്ഥാനം നടപ്പിലാക്കി വരുന്നു. ശൈഖുനാ എ.പി. ഉസ്താദിന്റെ നേരിട്ടുള്ള ഇജാസത്ത് സ്വീകരിച്ച് മഹല്ലുകളിൽ നടക്കുന്ന ആത്മീയ മജ്‌ലിസാണ് മഹ്ളറത്തുൽ ബദ്രിയ്യ. മുഹറം 10ന് സയ്യിദ് ഹുസൈൻ(റ)ന്റെ പേരിൽ നടക്കുന്ന


ആത്മീയ സമ്മേളനം



ശാദുലി ഹളറ



കുന്നത്ത്പള്ളി സ്വലാത്ത്



എക്സലൻസി ടെസ്റ്റ്



നബിദിന റാലി

'ശഹീദെ കർബല മൗലിദ്', വിശ്വാസിയുടെ വസന്തമായ റബീഉൽ അവ്വൽ വിളംബര റാലി, 30 ദിവസം തുടർച്ചയായി ഇശാ-മഗ്രിബിന്റെ ഇടയിൽ സുന്നിസെന്ററിൽ വെച്ച് നടക്കുന്ന മൻഖൂസ് മൗലിദ് സദസും 30ന് വിപുലമായി നടത്തുന്ന മൗലിദ് വയങ്ങലും വർഷങ്ങളോളമായി നടന്ന് വരുന്നു.

റബീഉൽ ആഖിർ 1 മുതൽ 11വരെ സുന്നി സെന്ററിൽ നടക്കുന്ന മുഹ്‌യിദ്ദീൻ മാല ആലാപനവും 11ന് വിപുലമായി സംഘടിപ്പിക്കുന്ന 'തിദ്കാറെ ജീലാനി' അനുസ്മരണ പരിപാടിയും, കുന്നത്ത് പള്ളിയിലെ ദ്വൈമാസ നാരിയത്ത് സ്വലാത്ത്, മഖാമിൽ നടക്കുന്ന മാസാന്ത ബദർ മൗലീദ്, സുന്നി പ്രവർത്തകരുടെ കാർമികത്വത്തിൽ നടക്കുന്ന ശാദുലി ആണ്ടുകളും ഹളറകളും, പ്രവർത്തകരും അവരുടെ ബന്ധുക്കളിൽ നിന്നും മരണപ്പെടുന്നവരുടെ പേരിൽ ഇടയ്ക്കിടെ സംഘടിപ്പിക്കുന്ന 70,000 തഹ്‌ലീൽ ദുആ മജ്‌ലിസ്, തുടങ്ങി ഒട്ടേറെ ആത്മീയ സദസുകൾ സുന്നി പ്രസ്ഥാനത്തിന്റെ കീഴിൽ നടപ്പിലാക്കിവരുന്നു.

## വിദ്യാഭ്യാസം :

(എജ്യുഹെൽപ്, എക്സലൻസി ടെസ്റ്റ്, പഠനയാത്രകൾ, നിശാപഠന ക്യാമ്പ്, വിസ്ഡം ഹബ് ഫോർ കരിയർ ഗൈഡൻസ്)

സമസ്തക്ക് കീഴിൽ കേരള മുസ്‌ലിം ജമാഅത്ത് എന്ന ബഹുജന സംഘടന പിറവി കൊണ്ടതിന് ശേഷം **SSF** കൂടുതൽ ഊന്നൽ നൽകിവരുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. എസ്.എസ്.എൽ.സി., +2 പൊതുപരീക്ഷകൾക്ക് മുന്നോടിയായി സംസ്ഥാനത്തെ 1000 പരീക്ഷാ കേന്ദ്രങ്ങളിൽ അത്രയും തന്നെ ട്രൈനർമാരെ വെച്ചുകൊണ്ടും മുൻകൂട്ടി റജിസ്റ്റർ ചെയ്ത പരീക്ഷാർത്ഥികൾക്ക് ഹാൾടിക്കറ്റ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ടും ഒരേ സമയം മോഡൽ എക്സാം നടത്തുകയും മൂന്നാഴ്ചക്കകം ഓൺലൈൻ വഴി ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു, ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വളപട്ടണം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എന്നിവ സെന്ററുകളാണ്. **SSF** എക്സലൻസി ടെസ്റ്റ് എന്ന പേരിലാണിതറിയപ്പെടുന്നത്. കീരിയാട്, വളപട്ടണം യൂണിറ്റ് ഓഫീസുകൾ വിസ്ഡം ഹബ് കരിയർ ഗൈഡൻസ് കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നു. എജ്യു ഹെൽപ് പ്രോഗ്രാമുകൾ, നിശാപഠന ക്യാമ്പുകൾ, പഠന യാത്രകൾ എന്നിവ നടന്നുവരുന്നു. അൽ മദ്റസതുസുന്നിയ്യ എന്ന കുന്നത്ത്പള്ളി മദ്രസയും പള്ളിദർസും പ്രസ്ഥാനത്തിന് കീഴിൽ നടന്നുവരുന്ന മതപഠന കേന്ദ്രങ്ങളാണ് സുന്നി

പ്രസ്ഥാനത്തിന് കീഴിലെ ക്രസന്റ് ഇംഗ്ലീഷ് സ്കൂൾ കാമ്പസിലാണ് SSF എക്സലൻസി ടെസ്റ്റ് എന്നപേരിൽ SSLC,+2 മോഡൽ എക്സാമുകളും എജ്യു ക്യാമ്പുകളും നടന്നുവരുന്നത്

നിർധനരായ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പഠന-സഹായ സാമഗ്രികൾ വിതരണം അനുമോദനം എന്നിവ വർഷംതോറും സംഘടിപ്പിച്ചു വരുന്നു. പഠന മേഖലയിൽ പിന്നാക്കം നിൽകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി സ്പെഷൽ ട്യൂഷനുകളും നിശാപഠന ക്യാമ്പുകളും മുമ്പ് സംഘടന എറ്റെടുത്ത് നടത്തിയതിന്റെ ഫലമായി ഗവ.ഹൈസ്കൂളിലെ SSLC വിജയശതമാനം ഉയർന്നത് ഇവിടെ സ്മരണീയമാണ്. ശേഷം ഈ സമ്പ്രദായം PTA എറ്റെടുത്ത് നടത്തുകയും ചെയ്തു

+2, ഡിഗ്രി എന്നിവയ്ക്ക് ശേഷം ഇന്ത്യയിലെ ഉന്നത സർവകാലശാലകളിൽ ബിരുദ-ബിരുദാനന്തര പഠനപിന്തുണ നൽകുകയും പ്രവേശനം നേടുന്നവർക്ക് പ്രമുഖ യൂണിവേഴ്സിറ്റികൾക്ക് സമീപവും മെട്രോ നഗരങ്ങളിലും ധാർമിക - ഇസ് ലാമിക ചുറ്റുപാടിൽ ഹോസ്റ്റൽ സൗകര്യം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. ബാംഗ്ലൂർ നഗരത്തിൽ മാത്രം ഇത്തരത്തിൽ 20 ഓളം വിസ്ഡം ഇസ് ലാമിക് ഹോസ്റ്റലുകൾ SSF നാഷണൽ കമ്മിറ്റി നടത്തുന്നുണ്ട്




കൃഷിത്തോട്ടം

## പ്രസിദ്ധീകരണം :

പ്രസിദ്ധീകരണ രംഗത്തും തക്കസമയങ്ങളിൽ യുക്തമായ തീരുമാനങ്ങൾ സംഘടന കൈക്കൊണ്ടിട്ടുണ്ട്. വളപട്ടണത്തിന്റെ ചരിത്രം വികലമാക്കി ചരിത്രരചനയും മറ്റും ഇറങ്ങിയപ്പോൾ വളപട്ടണത്തിന്റെ സമഗ്രചരിത്രം ഉൾക്കൊള്ളിച്ച് 'സംസ്കൃതി' 2008 ൽ പുറത്തിറക്കി. പിന്നീട് വന്നവ അതിന്റെ സംഗ്രഹങ്ങളായിരുന്നു.

കൂടാതെ 1995 കളിൽ പ്രാദേശിക - വികസന മുന്നേറ്റങ്ങളിൽ രചനാപരമായ മുന്നേറ്റം നടത്തിയ 'വെളിച്ചം' കൈയ്യെഴുത്ത് മാസികയും, മതനവീകരണ പ്രസ്ഥാനങ്ങൾ മുസ്‌ലിം നവോത്ഥാനത്തെ സ്വന്തം അക്കൗണ്ടിലേക്ക് വരവ് വെക്കാൻ ശ്രമം നടത്തിയപ്പോൾ 2003ൽ പുറത്തിറക്കിയ 'അഗ്നി പടർത്തിയ മഷിത്തുള്ളികൾ' എന്ന ലഘു പുസ്തകവും, മഹാന്മാരെ സ്മരിക്കൽ ശിർക്കാക്കിയ വഹാബികൾക്ക് മറുപടിയായി 'ഹജ്ജിലെ തൗഹീദ് ' എന്ന ബലിപെരുന്നാൾ പതിപ്പും, ജാലകം, ജുന്നത്ത് തുടങ്ങിയ റംസാൻ പതിപ്പുകളും ഈ വിഭാഗത്തിലെ ചിലതാണ്. 'സംസ്കൃതി' കോപ്പികൾക്ക് ആവശ്യക്കാരേറെ വരികയും നൽകാൻ ഇല്ലാതിരിക്കുകയും ചെയ്ത പശ്ചാത്തലവും മറ്റ് സാഹചര്യങ്ങളും കാരണം പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചതിനാലാണ് ഈ കൃതിയുടെ പിറവി.







# ധർമ്മ വീഥിയിലെ നാഴികക്കല്ലുകൾ

- കുന്നത്ത് പള്ളി മദ്രസ
- ഖാദിസിയ്യ
- സംസ്കൃതി ചരിത്രപുസ്തകം
- അറക്കൽ-ചിറക്കൽ രാജസംഗമം
- പാൻമസാല നിരോധനം
- എജ്യുഹെൽപ്പ് & മെറിറ്റ് ഈവനിംഗ്
- SYS സാന്ത്വനം
- വളപട്ടണം പെരുമ

ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ട നിരവധി മുന്നേറ്റങ്ങൾ നടത്താൻ വളപട്ടണത്തെ സുന്നി പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സംഘടനാ പദ്ധതികൾക്ക് പുറമെ മത-സാമൂഹ്യ-വിദ്യാഭ്യാസ-ജീവകാരുണ്യ-സന്നദ്ധമേഖലകളിൽ കൃത്യമായി മുദ്രപതിപ്പിക്കാൻ സാധിച്ചതിൽ നാഥന് സ്തുതികൾ അർപ്പിക്കട്ടെ.

ഒരു ഘട്ടത്തിൽ പരിപാലിക്കപ്പെടാതെ അവഗണിക്കപ്പെട്ട കുന്നത്തുപള്ളി ഏറ്റെടുക്കുകയും ജീർണാവസ്ഥയിലായ പള്ളി പുതുക്കിപ്പണിത് നിസ്കാരത്തിന് തുറന്നുകൊടുക്കുകയും അവിടെ പള്ളി ദർസ് ആരംഭിക്കുകയും ചെയ്തു. കോമ്പൗണ്ടിനകത്ത് വിശാലമായ ഇരുനില മദ്രസ കെട്ടിടം നിർമിക്കുകയും സുന്നിവിദ്യാഭ്യാസ ബോർഡിന് കീഴിൽ ജനറൽ വെക്കേഷൻ മദ്രസകൾ ഒരു ദശകം കാലമായി നടന്നുവരുന്നു. പഠനക്ലാസുകൾക്കും ക്യാമ്പുകൾക്കും മദ്രസ ഓഡിറ്റോറിയമാണ് ഉപയോഗപ്പെടുത്തുന്നത്. ഇപ്പോൾ മഖാമിന്റെ പണി പുരോഗമിക്കുകയാണ്.




വിശ്വാസികളിൽ മതബോധം വളർത്തിയെടുക്കാനും ഇസ്ലാമിക ആചാര അനുഷ്ഠാനങ്ങൾ പാരമ്പര്യ തനിമയോടെ ആധികാരിക സ്രോതസുകളിൽ നിന്ന് നുകരാനുമുള്ള പഠനവേദിയാണ് ഖാദിസിയ്യ മതപ്രഭാഷണ പരമ്പര. 1994 ലാണ് ഇത് ആരംഭിക്കുന്നത്. മതപ്രഭാഷണത്തിന് പുറമെ മുഖാമുഖം, പാനൽഡിസ്കഷൻ, ചർച്ചാവേദി, ഖണ്ഡനം, കഥാപ്രസംഗം തുടങ്ങി വ്യത്യസ്ഥ ഇനങ്ങൾ ഖാദിസിയ്യയെ പ്രൗഢമാക്കിയിട്ടുണ്ട്. സമസ്തയിലെ സമുന്നതരായ നേതാക്കൾ സംബന്ധിച്ച ഖാദിസിയ്യ കേരളത്തിലെ അറിയപ്പെട്ട വിജ്ഞാനവേദിയാണ്.

വളപട്ടണം ദേശചരിത്രരചനാരംഗത്തെ സമഗ്രമായ ചരിത്രപുസ്തകമാണ് 2008 ൽ SYS മഹല്ല് സമ്മേളനത്തോടനുബന്ധിച്ച് SYS പുറത്തിറക്കിയ സംസ്കൃതി. അതിനുശേഷം ഈ രംഗത്ത് ചില ലഘു ശ്രമങ്ങൾ ഉണ്ടായത് ശ്ലാഘനീയമാണ്. അനുവാചകരുടെ ആവശ്യവും സാഹചര്യവും പരിഗണിച്ച് 2017 ൽ SYS യൂണിറ്റ് കമ്മിറ്റി പുറത്തിറക്കിയ വളപട്ടണം പെരുമ പരിഷ്കരിച്ച പതിപ്പാണ്. SYS മഹല്ല് സമ്മേളനത്തിൽ അറക്കൽ ചിറക്കൽ രാജസംഗമം മത സൗഹാർദ്ദത്തിന്റെ മഹത്തായ ആശയം വിളംബരം ചെയ്യുന്ന പ്രൗഢ സദസായിരുന്നു. വാർത്താമാധ്യമങ്ങൾ ഈ പരിപാടിക്ക് വലിയ വാർത്താ പ്രാധാന്യം നൽകി.

വിദ്യാർത്ഥിത്വത്തെ അപകടകരമാം വിധം ഗ്രസിച്ച പാൻമസാല ലഹരി വസ്തുക്കളുടെ വിപണനത്തിനെതിരെ **SSF** സംസ്ഥാന വ്യാപകമായി നടത്തിയ കാമ്പയിൻ വളപട്ടണത്തും പ്രതിഫലനം സൃഷ്ടിച്ചു. 2004 ൽ പാൻമസാലകൾക്കെതിരെ ജനജാഗ്രത എന്ന പ്രമേയത്തിൽ ധാർമ്മിക വിദ്യാർത്ഥി പ്രസ്ഥാനം നടത്തിയ മുന്നേറ്റം മൂലം ഗ്രാമപഞ്ചായത്ത് പാൻമസാലകൾ നിരോധിക്കുകയും പ്രസ്തുത നിരോധനം ഇന്നും നിലനിൽക്കുന്നു. പാൻമസാലകൾ നിരോധിച്ച പഞ്ചായത്ത് അധികൃതർക്ക്

അഭിവാദ്യം അർപ്പിച്ച് **SSF** നടത്തിയ കൂറ്റൻ റാലി ജനശ്രദ്ധയാകർഷിച്ചിരുന്നു.

അദ്ധ്യായനവർഷാരംഭത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണ സഹായ വിതരണവും പരീക്ഷകളിൽ ഉന്നതമാർക്ക് നേടിയ മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള അനുമോദനവുമാണ് എജ്യൂഹെൽപ്പ് & മെറിറ്റ് ഈവനിംഗ്. 1996 കാലത്ത് കമ്മിറ്റി ആരംഭിച്ച ഈ പദ്ധതി കഴിഞ്ഞ 20 വർഷ കാലമായി തുടർന്നുവരുന്നു. 2016 ൽ 319 വിദ്യാർത്ഥികൾക്കാണ് സഹായ വിതരണം നടത്തിയത്.

ജീവകാരുണ്യ ആതുരസേവന രംഗത്ത് വലിയ മുന്നേറ്റങ്ങൾ SYS സാന്ത്വനം കമ്മിറ്റിയുടെ കീഴിൽ ഇതിനകം നടന്നുകഴിഞ്ഞു. 2014 ൽ അന്നത്തെ സ്റ്റേറ്റ് SYS പ്രസിഡന്റ് പൊന്മള ഉസ്താദ് സാന്ത്വന കേന്ദ്രം ഉൽഘാടനം ചെയ്ത് 10 കുടുംബങ്ങൾക്ക് തയ്യൽമെഷീൻ വിതരണം നടത്തി. തുടർന്ന് 3 ലക്ഷം ലിറ്റർ കുടിവെള്ള വിതരണം, കണ്ണൂർ ഗവ:ഹോസ്പിറ്റൽ കേന്ദ്രീകരിച്ച് സ്നേഹവിരുന്ന് നോമ്പുതുറ കിറ്റ് വിതരണം, നബിദിനത്തിൽ പൊതിച്ചോർ, കുടിവെള്ള സംഭരണി സമർപ്പണം മാസാന്ത തകാഫുൽ റേഷൻ, ഭവന നിർമ്മാണം-ചികിത്സ വിവാഹസഹായങ്ങൾ, ശുചീകരണ യജ്ഞം, മെഡിക്കൽ എയ്ഡ് തുടങ്ങി വ്യത്യസ്ഥ കർമ്മപദ്ധതികളാണ് ആസൂത്രണ മികവോടെ നടപ്പിലാക്കിയത്.

വളപട്ടണം ദേശചരിത്ര രചനരംഗത്തെ വിപ്ലവകരമായ മുന്നേറ്റത്തിന്റെ തുടർച്ചയാണ് വളപട്ടണം പെരുമ. ചരിത്രത്തിന്റെ നിഖില മേഖലകളിലെ സമഗ്രമായ വിവരണമാണ് നീണ്ടകാലത്തെ ഗവേഷണങ്ങൾക്കും ചരിത്ര പര്യവേക്ഷണങ്ങൾക്കും ശേഷം വളപട്ടണം പെരുമ അനുവാചകർക്ക് സമ്മാനിക്കുന്നത്.

കേരള മുസ്ലീം ജമാഅത്ത് **SYS**, **SSF**, **SBS** തുടങ്ങി സംഘശക്തിയുടെ കൂട്ടായ പ്രവർത്തനമാണ് ഇതിനെല്ലാം ഊർജം നൽകിയത്. ഒപ്പം ഇവിടെ പ്രബോധനം നടത്തി അന്ത്യവിശ്രമം കൊള്ളുന്ന സാത്വികരായ സയ്യിദന്മാർ, സൂഫികൾ എന്നിവരുടെ സഹായവും എല്ലാം നിയന്ത്രിക്കുന്ന അല്ലാഹുവിന്റെ തൗഫീഖും കൊണ്ടുമാത്രമാണ്.







**അവലംബം:** ...........................................................................


1. പഞ്ചായത്ത് സമഗ്ര വികസന രേഖ.
2. മുഷികവംശ കാവ്യം.
3. കോലം പിറന്ന നാട്.
4. കേരള ചരിത്ര പാഠങ്ങൾ.
5. കേരള മാഹാത്മ്യം.
6. തെരെഞ്ഞെടുത്ത പ്രബന്ധങ്ങൾ ചിറക്കൽ ടി ബാലകൃഷ്ണൻ നായർ.
7. തുഹ് ഫതുൽ മുജാഹിദീൻ.
8. കേരളത്തിലെ ബുഖാരി സാദാത്തീങ്ങൾ.
9. കേരള മുസ്‌ലിം ചരിത്രം.
10. കേരളത്തിലെ മുസ്‌ലിം പള്ളികൾ.
11. മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം.
12. മതാലിഉൽ ഹുദാ.
13. വടക്കൻ ഐതിഹ്യമാല.
14. കേരള മുസ്ലിംകൾ : ചെറുത്തുനിൽപ്പിന്റെ ചരിത്രം.
15. മുസ്‌ലിം നവോത്ഥാനം: ചില കേരളീയ ചിത്രങ്ങൾ.
16. കേരള മുസ്‌ലിം നവോത്ഥാനം: പുനരന്വേഷണത്തിന്റെ പ്രസക്തി.
17. മാപ്പിള മലബാർ.
18. SYS അറുപതാം വാർഷികോപഹാരം.
19. Arab Geographers-' knowledge of southern India.
20. കേരളീയരുടെ സമുദ്ര പാരമ്പര്യം- കെ.കെ. പിശാരടി
21. മാക്കപ്പോതി തോറ്റം
22. കേരളോൽപ്പത്തി
23. ഏഴിമല ദേശം ചരിത്രം- കെ.കെ അസൈനാർ
24. അറക്കൽ രാജവംശം -ഡോ.കെ.കെ.എൻ കുറുപ്പ്
25. പ്രചീന മലബാർ- ഡോ. ശംസുല്ലാ ഖാദിരി
26. കണ്ണൂർ കാണാൻ അറിയാൻ - സത്യൻ എടക്കാട്
27. Mapila Muslims - Rollend E Miller
28. കേരള മുസ്ലീം നവോത്ഥാനം (ലേഖനങ്ങൾ)

# വിരാമം

ഇനിയും എഴുതപ്പെടാത്ത ചരിതങ്ങളിലേക്ക്
ചലിക്കാൻ മടിച്ച അക്ഷരങ്ങളിൽ നിന്നൊരുമോചനം.
ചരിത്രത്തിന്റെ നടപ്പാതയിലൂടെയുള്ള യാത്ര
അതിസാഹസമായിരുന്നു.
കാലം അടയാളപ്പെടുത്തിയ ഒരു മഹാ
ചരിത്രസാക്ഷ്യത്തിനെക്കുറിച്ചുള്ള
നിതാന്ത ചിന്തയിൽ നിന്നാണ്
ഈ അക്ഷരസാക്ഷ്യം സാഫല്യമായത്.
നിദ്രയുടെ ആലസ്യത്തിലും
ഹൃദയവെളിച്ചം കൊണ്ടാണിതിന്
നിറം പകർന്നത്.
വേവാൻ മടിച്ച അക്ഷരങ്ങളെ
പാകപ്പെടുത്തി,അലകും പിടിയും ചേർത്താണീ പെരുമ
വിളഞ്ഞത്. പഴമയുടെ പെരുമ നിലനിൽക്കട്ടെ. സഹ
കരിച്ചവർ, പിന്തുണച്ചവർ സഹായിച്ചവർ ഒരുപാടുണ്ട്.
എല്ലാവർക്കും അകംനിറഞ്ഞ പ്രാർത്ഥനയോടെ....



കൈത്തറിയുടെ നാടായ
കണ്ണൂരിലേക്ക് വന്നെത്തി

# AJWA DUM BIRIYANI RESTAURANT

CHICKEN BIRIYANI | MUTTON BIRIYANI
FISH BIRIYANI | VEG BIRIYANI | SPRING CHICKEN FRY
CHICKEN FRY-BROILER | SPECIAL CHICKEN BIRIYANI
SPECIAL MUTTON BIRIYANI
LIME TEA | SOFT DRINKS



**ajwa**

*the catering people*

ലക്ഷ്മണൻ കടയ്ക്കു സമീപം, കക്കാട് റോഡ്, കണ്ണൂർ-670002

PH: 0497 2713535, 2713636 MOB: 9447729740, 9847276426




# KANNUR MALL

SN.PARK ROAD
KANNUR 670001

OPENING SOON

CITRUS STAR HOTEL

Design & Printing : Malabar Graphics, knr / 7560998880